കൽക്കട്ടാ തീസിസ് | മുഖംമൂടി വേഷങ്ങൾ | കൈപ്പട | ശാന്തകുമാരന്റെ മുയലുകൾ | വണ്ണക്കരയിലെ വിശുദ്ധർ | എഴുപത്തിയഞ്ചിലെ വീഴ്ച

# മലയാളി.com magazine 2023

JANUARY | VOL.2 | ISSUE 1

## ഇ മലയാളി കഥാമത്സര വിജയികൾ - 2022



# മലയാള കഥയിലെ
# നവീന സ്പന്ദനങ്ങൾ




• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

MALABAR
GOLD & DIAMONDS

NEW JERSEY: **1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916**
CHICAGO: **2652 W DEVON AVENUE, IL 60659, TEL: 773 465 5755**

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA

മലയാളി.com Magazine
DIGITAL MAGAZINE
2023 JANUARY VOL/02 ISSUE/01
Contact: mag@emalayalee.com | www.emalayalee.com

# ചെറുകഥാമത്സരം: വിജയികൾക്ക് അഭിവാദ്യം

വിശ്വവ്യാപകമായ ഒരു ചെറുകഥാമത്സരത്തിന് ഇ-മലയാളി വേദിയൊരുക്കുന്നത് രണ്ടാം തവണയാണ്. കഴിഞ്ഞ വർഷം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങളും ഒപ്പം ചില പ്രോത്സാഹനസമ്മാനങ്ങളുമാണ് നൽകിയത്. ഇത്തവണ ഒരു ഒന്നാം സമ്മാനവും നാല് രണ്ടാം സമ്മാനങ്ങളും ഒരു ജൂറി അവാർഡും നാല് മൂന്നാം സമ്മാനങ്ങളും ഒരു പ്രത്യേക സമ്മാനവും നൽകുന്നു.

ലോകമെമ്പാടുമുള്ള മലയാളി എഴുത്തുകാരെ പങ്കെടുപ്പിച്ചുള്ള മത്സരം മലയാളഭാഷയിൽ കഥയുടെ നിലവാരം എവിടെ എത്തി നിൽക്കുന്നുവെന്ന് അറിയാൻ സാഹചര്യമൊരുക്കുന്നു. മത്സരത്തിൽ പങ്കെടുത്ത എല്ലാ എഴുത്തുകാരെയും അനുമോദിക്കുന്നു. സമ്മാനം ലഭിച്ചില്ലെന്ന് കരുതി മറ്റു കഥകൾ മോശമാണെന്നു അർത്ഥവുമില്ല.

യാതൊരുവിധ പരിഗണനയോ മുൻവിധിയോ ഇല്ലാതെ, സാഹിത്യമേന്മ മാത്രം നോക്കിയാണ് സമ്മാനാർഹരെ നിർണയിച്ചത്. സുതാര്യതയും സത്യസന്ധതയും കൈവിടുന്ന ഒന്നും ഞങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാവില്ല.

വിജയികളുടെ ഫോട്ടോ മുഖചിത്രമായി കൊടുക്കുന്നു. അവരെക്കുറിച്ചുള്ള വിവരങ്ങൾ അടുത്ത താളുകളിൽ വായിക്കാം.

മത്സരത്തിൽ പങ്കെടുത്ത ഒട്ടേറെ കഥകൾ നല്ല നിലവാരം പുലർത്തുന്നവ ആയിരുന്നു. മലയാള ഭാഷയും സാഹിത്യവും ഒന്നിനൊന്നു മികവോടെ മുന്നേറുമെന്നതിന്റെ സൂചനയാണത്. മത്സരത്തിൽ ഇരുനൂറിലേറെ എഴുത്തുകാർ പങ്കെടുത്തു.

ഓരോന്നിനും വ്യത്യസ്തങ്ങളായ പ്രമേയങ്ങൾ. പ്രണയത്തെക്കാൾ കൂടുതൽ കണ്ടത് ഇന്ന് നാട്ടിൽ നടക്കുന്ന, ബലാൽസംഗവും, പ്രണയച്ചതികളും, ഇന്നത്തെ മുഖാവരണ ധാരണവും, പിന്നെ അഗമ്യഗമനവും (incest). ജൂറി നിഷ്പക്ഷമായ പരിശോധന നടത്തിയാണ് ഇരുപത്തിയേഴ് പേരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുത്തത്.

അതുപോലെ ഇ-മലയാളി മാസികയുടെ ഓരോ ലക്കങ്ങളും ഒന്നിനൊന്നു മെച്ചമാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രസിദ്ധീകരണമല്ല ഇത്.

വായനക്കാരുടെ അഭിപ്രായങ്ങൾക്ക് ഇ-മലയാളി എന്നും വിലകല്പിച്ചിട്ടുണ്ട്. അടുത്തലക്കം മുതൽ നമുക്ക് ഒരു പ്രതികരണ കോളം ആരംഭിക്കാം. അതിനു ഒരു നല്ല പേര് നിങ്ങൾക്ക് നിർദേശിക്കാം.

ജീവിതത്തിലെ വെല്ലുവിളികളാണ് നമുക്ക് കരുത്ത് പകരുന്നത്. ഈ പുതുവർഷം ചുറ്റുപാടുമുള്ള വെല്ലുകളെ സമചിത്തതയോടെ നമുക്ക് നേരിടാം. എല്ലാ വായനക്കാർക്കും അനുഗ്രഹപ്രദമായ, ഐശ്വര്യസമ്പന്നമായ പുതുവർഷം നേരുന്നു.




*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 ഒന്നാം സമ്മാനം നേടിയ കഥ
**കൽക്കട്ടാ തീസിസ്**
ജോസഫ് എബ്രഹാം
വര: പി ആർ രാജൻ

15 രണ്ടാം സമ്മാനം കിട്ടിയ കഥകൾ
**മുഖംമൂടിവേഷങ്ങൾ**
എം. പി. പവിത്ര

21 **കൈപ്പട**
സന്ധ്യ ഇ

29 **ശാന്തകുമാരൻറെ മുയലുകൾ**
കെ. എം. റെജി

37 **വണ്ണക്കരയിലെ വിശുദ്ധർ**
ശ്രീനി നിലമ്പൂർ

47 പ്രത്യേക ജൂറി പുരസ്കാരം
**എഴുപത്തിയഞ്ചിലെ വീഴ്ച്ച**
ബാബു ഇരുമല

53 മൂന്നാം സമ്മാനം നേടിയ കഥകൾ
**ഇലയടവീട്**
ധന്യ തെക്കേപ്പാട്ട്

57 **നിറം മങ്ങിയ പതാകകൾ**
സാംജീവ്

62 **ഗുങ്കട്ട്**
ബിന്ദു പുഷ്പൻ

66 **പ്രകാശേട്ടന്റെ മുയലുകൾ**
എ എൻ സാബു

69 പ്രത്യേക സമ്മാനം
**അതിജീവനം**
അഞ്ജു അരുൺ

73 കവിത
**മണം**
സീന ശ്രീവത്സൻ



74 **സന്തോഷവനായ മനുഷ്യൻ**
ബി ഷിഹാബ്
**കൂട്ടത്തിൽക്കൂട്ടാൻ പറ്റാത്തോൻ**
ബക്കർ അബ്ദുള്ള

75 **കോട്ടയം**
പി എസ് ജോസഫ്
പരിഭാഷ: കുര്യൻ കെ തോമസ്

79 രാഷ്ട്രീയ ആക്ഷേപഹാസ്യം
**കേരളരാഷ്ട്രീയം – 2023**
പി ആർ കൃഷ്ണൻകുട്ടി

81 സിനിമ/അഭിമുഖം
**പ്രകാശം പരത്തുന്ന സംവിധായകൻ സത്യൻ അന്തിക്കാട്**
– വിജയ് സി എച്ച്

87 യു. എസ്. പ്രൊഫൈൽ
**മാധ്യമ ശ്രീ, മാറുന്ന മാധ്യമ രംഗം: ഇന്ത്യ പ്രസ് ക്ലബ് സാരഥികൾ മനസ് തുറക്കുന്നു**

ഇ-മലയാളി
# കഥാമത്സരം 2022
ഒന്നാം സമ്മാനം നേടിയ കഥ



ജോസഫ് എബ്രഹാം



വര
പി ആർ രാജൻ

അന്നു വൈകുന്നേരം ആന്ധ്രയിലെ പ്രകാശം ജില്ലയിലുള്ള ഓൻഗോൾ എന്ന ചെറിയ പട്ടണത്തിൽ ട്രെയിനിറങ്ങിയപ്പോൾ, അതു ജീവിതത്തിൽ നിന്നുള്ള ഇറങ്ങിപ്പോകൽ കൂടിയാകുമെന്നു കരുതിയതേയില്ല.

ഒരു ബഹുരാഷ്ട്ര കമ്പനിയുടെ സെയിൽസ് മാനേജരായിരുന്നപ്പോൾ. അത്യുഷ്ണമായിരുന്നതിനാൽ അതിരാവിലെ തുറക്കുകയും ഉച്ചകഴിഞ്ഞു ഒരുമണിയോടെ അടച്ച്, വീണ്ടും സൂര്യാസ്തമയത്തോടെയാണ് കമ്പോളങ്ങൾ സജീവമാവുക. ഒരു ഇടത്തരം ഹോട്ടലിൽ ബുക്ക് ചെയ്തിരുന്ന മുറിയിൽ ചെക്ക്-ഇൻ ചെയ്തു. അത്താഴം കഴിച്ചിട്ട് നേരത്തേ കിടക്കണം. അതിരാവിലെ ജോലിക്കിറങ്ങണം.

കുളിക്കാനായി ബാത്ത്ടൌവൽ ഉടുത്തുനിൽക്കവേ വാതിലിൽ മുട്ടുകേട്ടു. ഒട്ടും മര്യാദയില്ലാത്ത ഉറക്കെയുള്ള തട്ടൽ. റൂംബോയി അല്ലന്നുറപ്പായിരുന്നു. വീണ്ടും മുട്ടൽ കേട്ടു. അധികാരത്തിൻറെ സ്വരത്തിലുള്ള തട്ടൽ. നല്ല ദേഷ്യത്തോടെയാണ് കതകു

തുറന്നത്. ഒരു ചെറുപ്പക്കാരൻ വാതിൽക്കൽ നിൽക്കുന്നതു കണ്ടു. ഉള്ളിൽ തികട്ടിവന്ന ദേഷ്യം അടക്കാനായില്ല, അൽപ്പം പരുഷമായി തന്നെ ചോദിച്ചു പോയി.

'ക്യാ ചാഹിയെ?'

'കോനെ, തും' മറു ചോദ്യം

'തു, കോനെ ?'

പ്രകടമായ അലോസരത്തോടെ തന്നെ തിരിച്ചു ചോദിച്ചു.

'ഞങ്ങൾ പോലീസുകാരാണ്'

അയാളുടെ പിന്നിൽ നിന്നും ആരോ പറഞ്ഞതു കേട്ടപ്പോൾ അയാൾക്കപ്പുറത്തേയ്ക്ക് നോക്കി. പാൻറ്സും ടീ ഷർട്ടുമിട്ട ചെറുപ്പക്കാർ, അവർ നാലഞ്ചു പേരുണ്ട്. കൂടെ പോരാട്ട വേഷമണിഞ്ഞ രണ്ടുപേർ കൂടി, അവരുടെ കയ്യിൽ ഓട്ടോമാറ്റിക് റൈഫിൾ. അവരുടെ ലീഡർ എന്നു തോന്നിച്ച ചെറുപ്പക്കാരൻ ആവശ്യപ്പെട്ട പ്രകാരം ഐഡൻറ്റിറ്റി കാർഡു കാണിച്ചു. അവർ മുറി പരിശോധിക്കാൻ തുടങ്ങി. പെട്ടി തുറന്നു കാണിക്കാൻ പറഞ്ഞു. പെട്ടിക്കുള്ളിൽ വസ്ത്രങ്ങൾക്കൊപ്പം ഒരു പുസ്തകമുണ്ടായിരുന്നു. പുസ്തകം എടുത്തു നോക്കിയ പോലീസുകാരൻ ചോദിച്ചു.

'എന്ത് പുസ്തകമാണിത്?'

'ഇതൊരു നോവലാണ്'

'ഇതൊരു മാവോയിസ്റ്റ് സാഹിത്യമല്ലേ ?'

'അല്ല സർ, വയലാർ അവാർഡു വാങ്ങിയ ഒരു നോവലാണ്'

'സർ....'

ഒരു പോലീസുകാരൻ ഉറക്കെ വിളിച്ചുകൂവി. കിടക്കയുടെ അടിയിൽ ഒളിപ്പിച്ച നിലയിൽ കണ്ട ഒരു റൈഫിൾ അയാൾ ചൂണ്ടിക്കാട്ടി. പോലീസു സ്റ്റേഷനിൽ പാറാവുകാരൻ പിടിച്ചുകൊണ്ട് നിൽക്കുന്ന അത്രയും വലിപ്പമുള്ള ഒന്നായിരുന്നത്.

'യെഹ് കിസ്കാ ?, തേരാ ?'

മറുപടി പറയാൻ വാക്കുകൾ കിട്ടിയില്ല. അല്ലായെന്നു നിഷേധിച്ചു തലയനക്കി. അടുത്ത ക്ഷണം ഇരുചെവികളും പൊത്തിയുള്ള അടിപൊട്ടി. ചെവിയുടെ മൂളലിലും, കണങ്കാലിൽ ബൂട്ടിട്ട കാലിൻറെ ചവിട്ടു കൊള്ളുന്നതും മുഖമടച്ചു വീഴുന്നതും അറിഞ്ഞിരുന്നു.

ഒറ്റനിമിഷം കൊണ്ടയാൾ കീഴ്പ്പെടുത്തി. കൈകൾ പിന്നിലേക്കാക്കി വിലങ്ങുവച്ചുകഴിഞ്ഞു. അയാളുടെ നോട്ടത്തിൽ പരിശീലനം കിട്ടിയ അപകടകാരിയാണ് മുൻപിൽ നിൽക്കുന്നത്. അവരെല്ലാവരും തോക്കുകൾ പുറത്തെടുത്തു. ഹോട്ടൽ ഇടനാഴിയിലൂടെ തിടുക്കപ്പെട്ടു വലിച്ചിഴച്ചവർ കൊണ്ടുപോയപ്പോൾ അരയിൽ ചുറ്റിയ ടവൽ അഴിഞ്ഞുപോയിരുന്നു. പൂർണ്ണനഗ്നനായിട്ടുതന്നെയാണ് പോലീസ് സ്റ്റേഷനിലെത്തിച്ചത്. കൈകൾ ബന്ധനത്തിലായതിനാൽ കണ്ണുകളടച്ചു നഗ്നത മറയ്ക്കാൻ ശ്രമിച്ചു. ഒരു പോലീസുകാരൻ അവൻറെ ലാത്തികൊണ്ട് നഗ്നതയിൽ തട്ടിനോക്കി അശ്ലീലം പറഞ്ഞതുകേട്ടു കൂടെയുള്ളവർ ചിരിച്ചു.ലോക്കപ്പിലടച്ചശേഷം അഴികൾക്കിടയിലൂടെ വസ്ത്രം എറിഞ്ഞു തന്നു.

'നിങ്ങൾ സിലിഗുരിയിൽ പോയിരുന്നോ?'

'പോയിരുന്നു'

'നക്സൽബാരിയിൽ പോയിരുന്നോ?'

'പോയിരുന്നു'

'എന്തിനാണ് കനുസന്യാലിനെ കണ്ടത്?,

'എന്തിനായിരുന്നത് ? ആരൊക്കെ ഉണ്ടായിരുന്നു നിങ്ങൾക്കൊപ്പം?,

'കളവു പറയാൻ നോക്കേണ്ട, നിങ്ങളുടെ കൂടെ മറ്റു നാലുപേർ കൂടി നക്സൽബാരിയിലും, സിലിഗുരിയിലും ഉണ്ടായിരുന്നുവെന്നതിന് സാക്ഷികളുണ്ട്. '

'കാക്കിനടയിൽ വെച്ചാണോ കൊണ്ടപ്പള്ളിയെ കണ്ടത് അല്ലെങ്കിൽ വിജയവാഡയിൽ വച്ചോ?'

'കൊണ്ടപ്പള്ളിയെ ഞാൻ കണ്ടിട്ടില്ല, അദേഹത്തെ പരിചയവുമില്ല'

'അപ്പോൾ എന്തിനാണ് കാക്കിനടയിലും, വിജയവാഡയിലും പോയത്?'

'അതെൻറെ സെയിൽസ് ടെറിട്ടറിയാണ്'

'പിന്നെ എന്തിനാണ് മറ്റു നാലുപേരും, നിങ്ങൾ താമസിച്ച ഹോട്ടലിൽ തന്നെ ഒരേ ദിവസങ്ങളിൽ മുറിയെടുത്തത്?'

'അറിയില്ല സർ. എൻറെ കൂടെ ആരും ഉണ്ടായിരുന്നില്ല, ഹോട്ടൽ അല്ലെ സർ, ആകസ്മികമായി അതൊക്കെ നടക്കാമല്ലോ'

'ഞങ്ങളും അങ്ങിനെ കരുതുമായിരുന്നു, ഇങ്ങിനെ ഒരു റിപ്പോർട്ട് നിങ്ങളുടെ കമ്പനിയിൽ നിന്നും കിട്ടിയില്ലായിരുന്നെങ്കിൽ അയാൾ ട്രാൻസ്ഫർ അപേക്ഷയുടെ കോപ്പി എടുത്തു കാണിച്ചു.

എല്ലാവരും വരാൻ മടിക്കുന്ന, ദുർഘടപാതകളും, അത്യുഷ്ണ പ്രദേശങ്ങൾ നിറഞ്ഞതുമായ റായലസീമ, ശ്രീകാകുളം പോലെയുള്ള ചുവന്നനാടുകളെ ചോദിച്ചു വാങ്ങുകയായിരുന്നു. എന്തിനായിരുന്നുവെന്ന് ചോദിച്ചാൽ പല ഉത്തരങ്ങളുണ്ട് അതൊക്കെ മറ്റാർക്കും മനസ്സിലായെന്നുവരികില്ല. വിപ്ലവകാരികളുടെ തോക്കിൻ നിഴലിൽ ജോലിചെയ്യുന്നതിൻറെ ഒരു രസം അനുഭവിക്കാനായിരുന്നോ?, അല്ലെങ്കിൽ ചെറുപ്പത്തിലെപ്പഴോ മനസ്സിൽൽ കയറിക്കൂടിയ ഒരു കൌതുകം വിട്ടൊഴിയാത്തതോ?, അതോ ഉള്ളിലെ വരൾച്ചയ്ക്ക് ശമനമാകാൻ ഉഷ്ണക്കാറ്റ് തേടിയിറങ്ങിയതോ?

ഇനി അറിയേണ്ടത്, ആരാണ് ഹോട്ടൽ മുറിയിൽ തോക്ക് എത്തിച്ചു തന്നത് എന്ന കാര്യമാണ്?.

'ചെന്നയിൽ നിന്നും നിങ്ങൾ വന്നത് ട്രെയിനി

ലാണ്. ഹോട്ടലിൽ വരുമ്പോഴും നിങ്ങളുടെ കയ്യിൽ അങ്ങിനെ സംശയിക്കത്തക്കതായി ഒന്നുമുണ്ടായിരുന്നില്ല'

'എനിക്കറിയില്ല സർ, അതവിടെ മുന്നേ തന്നെ ഉണ്ടായിരുന്നിരിക്കാം'

'എന്താ, പോലീസുകാരോട് തമാശ പറയുകയാണോ നിങ്ങൾ? വെറുതെ എൻറെ കൈ മെനക്കെടുത്തരുത്.

'തോക്ക് മുന്നേ അവിടെ ഉണ്ടായിരുന്നു പോലും; എന്തായിരുന്നു നിങ്ങളുടെ ആക്ഷൻ പ്ലാൻ?'

'ആക്ഷൻ പ്ലാൻ ? എനിക്കറിയില്ല സർ'

'കേരളക്കാരായ മാവോയിസ്റ്റുകൾ ഇവിടെ ധാരാളമുണ്ടെന്നു ഞങ്ങൾക്കറിയാം'

അയാൾ ഒരു ഓഡിയോ റെക്കോർഡർ എടുത്തു ഓൺ ചെയ്തു മേശമേൽ വച്ചുകൊണ്ട് പറഞ്ഞു

'കൊല്ലടാ, അവനെ വിടരുത്' അങ്ങിനെ മലയാളത്തിൽ പത്തു പ്രാവശ്യം പറയൂ

'സർ അതെന്തിന്, എന്നെ കുടുക്കാനാണോ നിങ്ങൾ നോക്കുന്നത് ?'

'അല്ല, നിങ്ങൾ നിരപരാധിയെങ്കിൽ, ഒരു പക്ഷെ നിങ്ങൾക്കിതു രക്ഷയാകും. വേഗം പറഞ്ഞോളൂ'

തിരികെ സെല്ലിലേക്കു കൊണ്ടുപോയത് മലയാളിയായ പോലീസുകാരനായിരുന്നു.

'നിങ്ങളെന്തിനാണു മാഷെ ഇവിടെ വന്നീപ്പണിയൊക്കെ ചെയ്യുന്നത്. എന്തായാലും ഇതീന്ന് നിങ്ങള ങ്ങനെ എളുപ്പത്തിൽ ഊരിപ്പോവില്ല. എല്ലാ തെളിവും നിങ്ങൾക്കെതിരാണ്'

'സാറെ, എന്താണ് നിങ്ങൾ പറയുന്നത്, അതിനു ഞാനെന്തു തെറ്റാണു ചെയ്തത്?'

'ഓ, അതിനിയും നിങ്ങൾക്കു മനസിലായില്ല?'

'ഇല്ല, ദയവായി പറയൂ'

'ഒന്നാമതായി നിങ്ങളുടെ പക്കൽനിന്നും തോക്ക് പിടിച്ചു. അതാണെങ്കിൽ നോൺ ബെയിലബിൾ കുറ്റമാണ്.'

'രണ്ടാമതായി നിങ്ങളുടെ കൈവശത്തിൽ നിന്നും വിപ്ലവ സാഹിത്യവും പിടികൂടിയിരിക്കുന്നു'

'അതിനത് അവാർഡു കിട്ടിയ നോവലല്ലേ സാർ ?'

'അതൊക്കെ ശരിയായിരിക്കാം, പക്ഷെ അതൊരു മാവോയിസ്റ്റ് സാഹിത്യമാണ്'

'സാർ, മുൻപേ പറക്കുന്ന പക്ഷികളെപ്പോലെ കടന്നുപോയ ചിലർ. അവർ തെറ്റിപ്പോയ സ്വപ്നങ്ങൾ കണ്ടിരിക്കാം പക്ഷെ അവരെക്കുറിച്ചുള്ള ഒരു നോവൽ, അതു കൈവശം വയ്ക്കുന്നത് എങ്ങിനെ കുറ്റമാകും?'

'അതൊന്നും എനിക്കറിയില്ല, സർക്കാർ പറയുന്നത് അതു കുറ്റമാണെന്നാണ്. ബാക്കികൂടി കേട്ടോളൂ. നിങ്ങൾ നക്സൽബാരിയിൽ പോയി, സിലുഗുരിയിൽ ചെന്നു കനുസന്യാലിനെ കണ്ടു. അതും കഴിഞ്ഞു കാക്കിനടയിൽ വച്ചു ഗൂഡാലോചന നടത്തി. ഇതിനിടയിൽ വിജയവാഡയിൽ വന്നു കൊണ്ടപ്പള്ളിലെ കണ്ടു. പിന്നെ ബാക്കി നാലുപേരോടും കൂടി ചേർന്ന് ആക്ഷൻ നടത്തി'

'ആക്ഷനോ, എന്താക്ഷൻ?'

'എന്തായാലും ഇവിടെയിപ്പോൾ തോക്ക് കൊണ്ടുവന്നത് ഏതെങ്കിലും ഒരു ആക്ഷനു വേണ്ടിയാണെന്ന് ഞങ്ങൾ കരുതുന്നില്ല, അതു നിങ്ങളുടെ സഖാക്കൾ നിങ്ങളുടെ രക്ഷയ്ക്ക് വേണ്ടി നൽകിയതാകാം'

'സർ ഞാനെന്ത് ആക്ഷൻ നടത്തി എന്നാണ് പറയുന്നത്?'

'എൻറെ മാഷെ, ഒരു മലയാളി ആയതുകൊണ്ട് പറയുകയാണ്, വെറുതെ ഉരുട്ടലും ഗരുഡൻ തൂക്കലുമൊന്നും ഇരന്നു വാങ്ങാൻ നിൽക്കേണ്ട. എന്നെങ്കിലും ജയിലിൽ നിന്നു ഇറങ്ങിയാലും കൂലിപ്പണി എടുത്തു ജീവിക്കേണ്ടേ?'

'ഞാനതിനു കുറ്റമൊന്നും ചെയ്തിട്ടില്ലല്ലോ?'

'ഇല്ലെങ്കിൽ വേണ്ട. ശെടാ പാടേ... ഞാൻ പറയാനൊള്ളതു പറഞ്ഞു. ഇനിയൊക്കെ തൻറെ ഇഷ്ടം.'

യാത്രകളെന്നും ഇഷ്ടമായിരുന്നു, ഒറ്റയ്ക്കുള്ള യാത്രകൾ ഏറെയിഷ്ട്ടം. വലിയ തയ്യാറെടുപ്പുകളില്ലാതെ കയ്യിൽ കിട്ടുന്നതു ബാഗിൽ കുത്തിനിറച്ചുകൊണ്ടുള്ള യാത്രകൾ.

ജോലിക്കിടയിലെ ഒരു വെക്കേഷൻ നാളുകൾ. കൊൽക്കത്തയിൽ പോകാൻ ഒരു തോന്നൽ. രണ്ടു ദിവസം നഗരത്തിലൂടെ അലച്ചിൽ, മെട്രോയിലൂടെ യാത്ര. കോളേജു സ്ട്രീറ്റിലെ പഴയ പുസ്തക താളുകൾക്കിടയിലൂടെ ഒരുദിനം പരന്നൊഴുകി മാഞ്ഞുപോയി. കുറച്ചു പുസ്തകങ്ങൾ വാങ്ങി, കൂടുതലും മലയാള പുസ്തകങ്ങൾ തന്നെ.

'ഹൌറാ' ഇരുമ്പുപാലത്തിലെ നടപ്പാതയിൽ നിന്നുകൊണ്ട് കുതിച്ചു പായുന്ന ഹൂഗ്ലിയെ നോക്കി വെറുതെനിന്നു.പാലത്തിനുകീഴെ, തോണിക്കാർ,അവർപരസ്പരംവിളിച്ചുകൂവുന്നതിൻ റെ ശബ്ദം കാറ്റിലൂടൊഴുകിവന്നു. കാളിഘട്ടിലെ പടവിലിറങ്ങി, ദേഹശുദ്ധി വരുത്തവേ ഒരുൾവിളിതോന്നി ഡാർജിലിങ്ങു പോകാനായി.

'ബാബുജി' പുറകിൽ നിന്നും ഒരു പെൺശബ്ദം. ഒറ്റക്കു ചുറ്റിത്തിരിയുന്ന യാത്രികനെ കണ്ടപ്പോൾ കൂട്ട് വേണമോന്നവൾ ചോദിച്ചതാണ്.

ഒരു നിമിഷം അവളുടെ മുഖത്തേക്ക് നോക്കി മുപ്പതുകളിലാണവൾ. കാണാൻ നല്ല ശേലുമുണ്ട്.

'നീ പോരുന്നോ ഡാർജിലിങ്ങിലേക്ക്?.'

'ഒന്നുരണ്ടു ദിവസത്തെ യാത്രയാണ്. എനിക്കു ഗ്രാമങ്ങളിലൊക്കെ പോകണം നിനക്ക് ബംഗാളി അറിയാമല്ലോ എനിക്കൊരു സഹായവുമാകും'

അവളുടെ മുഖം മങ്ങി.

'വീട്ടിൽ കുട്ടികൾ ഒറ്റയ്ക്കാവും ബാബുജി.' അവൾ നിരാശയോടെ പറഞ്ഞു.

സൈക്കിളിൽ ചായ വിൽക്കുന്ന ചായവാലയിൽ നിന്നും രണ്ടു 'മട്ക്ക ചായ' വാങ്ങി. ഒരെണ്ണം അവൾക്കും കൊടുത്തു.

ചായ കുടിക്കുമ്പോൾ അവൾ ചോദിച്ചു,

'ബാബുജി, അങ്ങിപ്പോൾ പോവുകയാണോ, അതോ രാത്രിവണ്ടിക്കോ?'

പോക്കറ്റിൽ നിന്നും കുറച്ചു പണമെടുത്തു നീട്ടിയപ്പോൾ വാങ്ങാനവൾ മടിച്ചു.

'വാങ്ങിക്കോളൂ, ഇതു നിൻറെ കുട്ടികൾക്കുള്ള എൻറെ സമ്മാനമാണ്'

അങ്ങിനെ പറഞ്ഞപ്പോൾ അവൾ വാങ്ങി. അവളപ്പോൾ കുഞ്ഞുങ്ങളുടെ വിശന്ന കണ്ണുകൾ ഓർത്തു കാണണം. യാത്ര പറഞ്ഞു നടന്നു നീങ്ങവേ അവൾ പറഞ്ഞു

'ബാബുജി താങ്കളെ, കാളി മാതാവ് അനുഗ്രഹിക്കട്ടെ'

ഡാർജിലിങ്ങിലെത്തി ഒന്നു ചുറ്റിയടിച്ചപ്പോഴാണ് നക്സൽബാരിയെന്ന പേരുകേട്ട ഗ്രാമത്തിലേക്ക് അവിടെനിന്നും അധിക ദൂരമില്ലെന്നറിഞ്ഞത്. അവിടേയ്ക്കു പോകുന്ന വഴിക്ക് ബസിലിരുന്നു കണ്ടതാണ് സിലുഗുരി ഗ്രാമം. കനുസന്യാൽ എന്ന കമ്മ്യൂണിസ്റ്റ് നേതാവിൻറെ നാടും വീടും അവിടെയാണ്.

എന്നും ആദരവായിരുന്നു വിപ്ലവകാരികളോട്, അവരുടെ ശരിയോ, ശരികേടോ വിലയിരുത്താൻ തുനിഞ്ഞിട്ടില്ല. ഒരുജന്മം മറ്റുള്ളവർക്കുവേണ്ടി ബലികഴിക്കുന്ന നിസ്വാർത്ഥ ജീവിതങ്ങളോ ടുള്ള സ്നേഹമായിരിക്കണം അതിനുകാരണം.

നകസൽബാരിയിലിറങ്ങി ചുറ്റിനടന്നു. വളരെ പിന്നോക്കമായ ഒരു ഗ്രാമം. അവിടവിടങ്ങളിലായി പാറികളിക്കുന്നു ചുവന്നകൊടികൾ. വല്ലപ്പോഴും ഒരുപാസഞ്ചർ ട്രെയിൻ വന്നു പോകുന്ന ആളൊഴിഞ്ഞ റെയിൽവേ സ്റ്റേഷനെ കടന്നു ചെല്ലുമ്പോൾ ഗ്രാമത്തിലെ ഒരു മൈതാനത്തിനരികിൽ നിരവധി അർദ്ധകായപ്രതിമകൾ; ലെനിനും, സ്റ്റാലിനും, മാവോയും, ചാരുമജൂൻന്ദാരും, സരോജ് ദത്തയും, പിന്നെ സഹദേബ് മുഖർജിയും.

തിരിച്ചുള്ളയാത്രയിൽ,സിലുഗുരിയിലിറങ്ങി. സൈക്കിൾ റിക്ഷാക്കാരനോട് കോമ്രേഡിൻറെ വീടിനടുത്തായി റിക്ഷ നിർത്തിയാൽ മതിയെന്നാണ് പറഞ്ഞിരുന്നത്. വെറുതെ സ്ഥലമൊക്കെ കണ്ടു പോരാമെന്നാണ് കരുതിയത്. കോമ്രേഡ് കനുസന്യാലിനെ കാണുന്നതിണോ, സംസാരിക്കുന്നതിനോ യാതൊരു തയ്യാറെടുപ്പും ഉണ്ടായിരുന്നില്ല.

ടിൻഷീററുകൾ മേഞ്ഞ ഒരു കെട്ടിടത്തിൻറെ മുൻപിലായി റിക്ഷ നിർത്തി. നിരവധി ചെങ്കൊടികൾ കൊണ്ടലങ്കരിച്ച ആ ചെറിയ കെട്ടിടം 'ദാദാ' എന്നു നാട്ടുകാർ

ആദരവോടെ വിളിക്കുന്ന കോമ്രേഡ് കനുസന്യാലിന്റെ വീടും പാർട്ടി ഓഫീസും ചേർന്നതായിരുന്നു. സൈക്കിൾ റിക്ഷ നിർത്തിയ സമയം മൂന്നാലുപേർ അവിടെ നിന്നും പുറത്തേക്ക് നടന്നു വരുന്നതു കണ്ടു. അവർക്കൊപ്പം പുറത്തേക്ക് വന്ന കൃശഗാത്രന്റെ അടുക്കലേക്കു ഓടിച്ചെന്നു ഭവ്യതയോടെ റിക്ഷാക്കാരൻ അറിയിച്ചു. ദാദാജി, അങ്ങയെ കാണാൻ കേരളത്തിൽ നിന്നും ഒരാൾ വന്നിരിക്കുന്നു.

അദ്ദേഹം റിക്ഷയിലേക്ക് നോക്കി, പിന്നെ കോമ്രേഡിൻറെ അടുക്കലേക്കു ചെല്ലുകയല്ലാതെ തരമില്ലായിരുന്നു. കോമ്രേഡ്, അകത്തേക്കു ക്ഷണിച്ചു.ഒരു,യാത്രികനാണെന്നും, അങ്ങയെക്കുറിച്ച് കേട്ടിട്ടുള്ളതിനാൽ ഇതുവഴി വന്നപ്പോൾ കണ്ടിട്ട് പോകാമെന്ന് വിചാരിച്ചതാണെന്നും പറഞ്ഞു.

അദ്ദേഹം മേശപ്പുറത്തിരുന്ന ഫ്ലാസ്കിൽ നിന്നും ഒരു കപ്പു ചായ പകർന്നു നേരെ നീട്ടി

'നല്ല ഡാർജിലിങ്ങു ചായയാണ് മധുരമിട്ടിട്ടില്ല, താങ്കൾക്കു മധുരം വേണമെങ്കിൽ ചേർക്കാം.' അദ്ദേഹം തന്ന ചായ കുടിച്ചു. പിന്നെ യാത്ര പറഞ്ഞിറങ്ങി. ചോദ്യം ചെയ്യൽ മുറിയിലേക്ക് വീണ്ടും വിളിപ്പിച്ചു. അയാൾ ആമുഖമായി പറഞ്ഞുതുടങ്ങി.

'നിങ്ങൾ സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ, നക്സൽ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. നേരിട്ട് കേസുകളിൽ പെടാത്തതു കൊണ്ടും, ചെറിയ കുട്ടി ആയതുകൊണ്ടും മാത്രം, കേസിൽ നിന്നു ഒഴിവാക്കപ്പെട്ടതെല്ലാം ഞങ്ങൾക്കറിയാം. നിങ്ങൾ നക്സലൈറ്റ് ആയതുകൊണ്ടും വിധ്വംസന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സാധ്യതയുള്ളതും കൊണ്ടും നിങ്ങളെ ജില്ലാ ഭരണകൂടം കരുതൽ തടങ്കലിൽ വച്ച റിപ്പോർട്ടുകളൊക്കെ ഇവിടെ കിട്ടിയിട്ടുണ്ട്.

'ഞാൻ അഞ്ചുമിനുട്ട് കഴിഞ്ഞു വരാം. എല്ലാം ഓർമിച്ചുനോക്കിക്കോളൂ, എന്നിട്ടെല്ലാം തുറന്നു പറയൂ. നമുക്കീകളി ഉടനെ അവസാനിപ്പിക്കേണ്ടതുണ്ട്'

ചോദ്യം ചെയ്യുമ്പോഴൊക്കെ വിരലുകൾക്കിടയിലൂടെ വട്ടം കറക്കാറുള്ള കൂർത്തപെൻസിൽ കണ്ണിനു നേരെ ചൂണ്ടികൊണ്ടായിരുന്നു അയാളതു പറഞ്ഞത്.

നക്സലൈറ്റുകാർ മഠത്തിൽ മത്തച്ചൻ മുതലാളിയെ ഉന്മൂലനം ചെയ്തു. മുതലാളിയുടെ തലവെട്ടിയെടുത്തവർ റോഡരികിൽ നാട്ടി. ഒരു നാടിനെ മൊത്തം ഇളക്കിമറിച്ച ആ വധത്തെക്കുറിച്ചറിഞ്ഞത് സ്കൂളിലെത്തിയപ്പോഴാണ്. ബൂർഷ്വാസിയെന്നു, നീചനെന്നും വിപ്ലവകാരികൾ മുദ്രകുത്തിയ മത്തച്ചൻ മുതലാളിയോടു സഹതപിക്കാൻ നാട്ടുകാരാരും മെനക്കെട്ടുമില്ല.

ഈ സംഭവത്തോടെ കൌമാരക്കാരായ പല വി



ദ്യാർഥികൾക്കുമെന്നപോലെ നക്സലുകളോട് ഒരു തരം വീരാരാധനയും ഇഷ്ടവും തോന്നിതുടങ്ങിയിരുന്നു. സദാനന്ദൻ മാഷ് നക്സലാണെന്നു പറഞ്ഞു കേട്ടിരുന്നു. ക്ലാസെടുക്കുന്നതിനിടയിൽ രസകമായ കഥകളും, രാഷ്ട്രീയവുമൊക്കെ പറഞ്ഞിരുന്ന മാഷിനെ കുട്ടികൾക്ക് വലിയ കാര്യമായിരുന്നു.

'കൊതുക് വന്നു ചോരകുടിക്കുമ്പോൾ നിങ്ങളെന്തു ചെയ്യും?' ഒരു ദിവസം ക്ലാസെടുക്കുന്നതിനിടയിൽ മാഷു ചോദിച്ചു. കൈകൊണ്ടു തച്ചുകൊല്ലുമെന്നു കുട്ടികൾ ഒന്നടങ്കം പറഞ്ഞു.

'അപ്പോൾ മനുഷ്യരുടെ ചോരയൂറ്റിക്കുടിക്കുന്നവരെ തച്ചുകൊല്ലുന്നത് ന്യായമായ സംഗതിയാണോ അല്ലയോ?' സദാനന്ദൻ മാഷിൻറെ ചോദ്യം എല്ലാവർക്കും മനസിലായി പക്ഷെ അതിനുള്ള ഉത്തരം മാഷോ കുട്ടികളോ പറഞ്ഞില്ല. ഉത്തരം പറഞ്ഞത് സുജാതയുടെ അച്ഛൻ കുമാരേട്ടനായിരുന്നു. മരമില്ല് മുതലാളിയും പഞ്ചായത്തു പ്രസിഡണ്ടുമായിരുന്നു കുമാരേട്ടൻ.

വെള്ളിയാഴ്ച സ്കൂൾ കഴിഞ്ഞുപോയ സദാനന്ദൻ മാഷ് പിന്നെ സ്കൂളിൽ വന്നിട്ടില്ല. ആരും മാഷിനെ കണ്ടിട്ടുമില്ല. പോലീസുകാർ മാഷിനെ ഉരുട്ടിക്കൊന്ന് മുത്തങ്ങ കാട്ടിൽ കൊണ്ടുപോയി കത്തിച്ചു കളഞ്ഞുവെന്നു ചിലർ പറഞ്ഞു.

അറിവില്ലായ്മകൊണ്ടു പറ്റിയ തെറ്റോർത്തു സുജാത കരഞ്ഞു. മാഷ് പോലീസിനെ വെട്ടിച്ചു കടന്നുവെന്നും, ചരക്കുമായി ആന്ധ്രയിൽ പോയ ലോറിക്കാരിൽ ചിലർ മാഷിനെ അവിടെ നക്സലൈറ്റുകാരുടെ കൂട്ടത്തിൽ കണ്ടുവെന്നൊക്കെ പറച്ചിലുകളുണ്ടായി. സുജാതയുടെ ഗർഭങ്ങൾ അലസിപ്പോകുന്നതും, ചാപിള്ളകൾ പിറക്കുന്നതുമെല്ലാം മാഷിൻറെ ശാപം കൊണ്ടാകുമെന്നു അന്നത്തെ ചില സഹപാഠികൾ പിന്നീടൊരിക്കൽ പറഞ്ഞതായോർക്കുന്നു. ശ്രീകൃഷ്ണപട്ടയനും, അയാളുടെ തുന്നൽ പീടികയും.

മറക്കാൻ കൊതിക്കുന്ന ഓർമ്മകളാണിതൊക്കെ. പക്ഷെ തുന്നൽ സൂചി കൈവെള്ളയിൽ തറച്ചു കേറുംപോലെ ആരെങ്കിലും ഇങ്ങിനെ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കും.

നമ്പ്യാരുടെ മാളികകെട്ടിടത്തിൻറെ താഴത്തെ നിലയിൽ കുമ്മായം കൊണ്ട് നമ്പരെഴുതിയ നിരപ്പലകയിട്ടൊരു പീടികമുറി, അതായിരുന്നു ശ്രീകൃഷ്ണപട്ടയൻറെ തുന്നൽപീടിക. സ്കൂൾവിട്ടു കഴിഞ്ഞുള്ള വൈകുന്നേരങ്ങളിലും, അവധി ദിവസങ്ങളിലും നേരം പോക്കാൻ പോയിരിക്കുന്ന ഒരിടം. അതേ പീടികമുറിയുടെ മണ്ടയിലെ മുറിയിലാണ് അയാൾ താമസിച്ചിരുന്നതും.

തുന്നൽപ്പണിയേക്കാൾ വർത്താനം പറച്ചിലായിരുന്നു ശ്രീകൃഷ്ണ പട്ടയനു ഏറെയിഷ്ടം. പീടിയ കോലായിലെ ബഞ്ചിൽ പത്രവാരികകൾ നിരത്തിയിട്ടിരുന്നു.

ആളുകളെക്കൊണ്ട് പത്രം വായിപ്പിക്കുക, എന്നിട്ടവരുമായി ചർച്ചയിലും തർക്കങ്ങളിലും ഏർപ്പെടുക എന്നതൊക്കെയായിരുന്നു മൂപ്പർക്കു ഹരം.

രാത്രികാലങ്ങളിൽ ശ്രീകൃഷ്ണപട്ടയന്റെ മുറിയിൽ

ചിലരുടെ വരത്തുപോക്കുകൾ ഉണ്ടായിരുന്നു. ശ്രീകഷ്ണപട്ടയൻ നക്സലൈറ്റാണെന്നുള്ള ആളുകളുടെ പറച്ചിൽ മൂലം അയാളോട് ആദരവ് തോന്നിയിരുന്നു. ചിലപ്പോൾ ഒന്നു രണ്ടു ദിവസത്തേക്ക് തുന്നൽ പീടിക അടഞ്ഞുകിടക്കും. ചോദിച്ചാൽ കുറച്ചകലെയുള്ള അയാളുടെ വീട്ടിൽ പോയതാണെന്നാണ് പറയുക.

അന്നു സ്കൂൾവിട്ടു വന്നശേഷം ഗോതമ്പ് പൊടിപ്പിക്കാൻ പോയതായിരുന്നു. സഞ്ചിയും തലയിലേന്തിയുള്ള നടപ്പിൽ ചൂടുള്ള ഗോതമ്പുപൊടി ശിരസിനെ പൊള്ളിച്ചുകൊണ്ടിരുന്നു. വഴിയിൽ ഇരുട്ട് വീണിരുന്നു. ശ്രീകൃഷ്ണ പട്ടയൻ മുറിയുടെ വാതിൽക്കൽ നിന്നും വിളിച്ചു. കൈയിൽ ഒരു കടലാസ് ചുരുൾ തന്നിട്ട്, ഇതു പാർട്ടി പോസ്റ്ററാണ് ആരും കാണാതെ വായനശാലയുടെ ചുവരിൽ ഒട്ടിച്ചുവരാമോന്നു ശബ്ദം താഴ്ത്തി ചോദിച്ചു.

ഇരുളിലൂടെ അങ്ങാടിയിലേക്ക് ഓടുമ്പോൾ വലിയൊരു ആവേശമായിരുന്നു. എന്തോ വലിയൊരു സംഗതിയിൽ ഭാഗഭാക്കായെന്ന ഒരു തോന്നൽ. അപ്പോഴേക്കും അങ്ങാടിയിൽ ആളൊഴിഞ്ഞിരുന്നു. കുറച്ചാളുകൾ അല്പം മാറിയുള്ള കടയുടെ മുൻപിലെ പെട്രോമാക്സ് വിളക്കിൻറെ വെളിച്ചത്തിൽ വർത്താനം പറഞ്ഞു നിൽക്കുന്നുണ്ട്. വായനശാലയും പരിസരവും ഇരുളിൽ നിശബ്ദമായി മറഞ്ഞിരുന്നു.

പിറ്റെദിവസം, സ്കൂളിലേക്കുള്ള നടപ്പിൽ വായനശാലയുടെ അടുത്തായി ഒരാൾക്കൂട്ടം കണ്ടു. അവർ പോസ്റ്റർ വായിച്ചുള്ള ചർച്ചയിലായിരുന്നു.

'ജനശത്രു മത്തച്ചനെ ഉന്മൂലനം ചെയ്ത, പോരാളികൾക്കഭിവാദ്യങ്ങൾ.'

'വിപ്ലവം തോക്കിൻ കുഴലിലൂടെ, നക്സൽബാരി സിന്ദാബാദ്'.

വെളുത്ത കടലാസിൽ കറുപ്പും ചുവപ്പും മഷികൊണ്ടെഴുതിയ നാലുവരികൾ മാത്രം. പക്ഷെ സംഗതി കുഴപ്പമാകുമെന്ന് ആളുകളുടെ വർത്താനത്തിൽ നിന്നും മനസിലായി. എന്തായാലും ആരും ഒന്നും കണ്ടില്ലന്ന ആശ്വാസത്തിൽ സ്കൂളിലേക്ക് നടന്നു. രാവിലത്തെ ഇടവേള സമയത്താണ് കണ്ടത്, നിക്കറും, കൂമ്പൻ തൊപ്പിയും വച്ച പോലീസുകാർ സ്കൂളിലേക്കുള്ള കുന്നു കയറിവരുന്നു. ക്ലാസിലിരിക്കുമ്പോൾ ഉള്ളാന്തി. ദേഹം വെട്ടി വിയർക്കുകയും, ചങ്കിടിച്ചു വേദനിക്കുകയും ചെയ്തു.

പോലീസുകാർ പൊതുവിൽ കാര്യങ്ങൾ അന്വേഷിക്കാൻ വന്നതായിരിക്കുമെന്ന് ആശ്വസിക്കാൻ ശ്രമിച്ചു. ക്ലാസ് തുടങ്ങി അല്പം കഴിഞ്ഞപ്പോഴേക്കും പ്യൂൺ വന്നു ഹെഡ്മാസ്റ്റർ വിളിക്കുന്നുവെന്നറിയിച്ചു. പെട്ടുപോയെന്നു അപ്പോഴേ മനസ്സിലായി. ഹെഡ്മാസ്റ്ററുടെ മുറിയിൽ രണ്ടു പോലീസുകാർ. അതിലൊരാൾ നാട്ടുകാരനായ ഭാസ്കരൻ പോലീസാണ്.

അപരാധിയെപ്പോലെ കയ്യുംകെട്ടി തലകുനിച്ചുകൊണ്ട് അവർക്കരികിലായി അച്ഛൻ നിൽക്കുന്നുണ്ടായിരുന്നു. ആ മുഖത്തു നോക്കാനുള്ള ധൈര്യമില്ലായിരുന്നു അന്നേരം.

കുന്നിനു താഴെ, റോഡിരികിൽ പോലീസ് ജീപ്പ് കിടപ്പുണ്ടായിരുന്നു. കഴുത്തിനു പിടിച്ചു തള്ളിക്കൊണ്ട് 'ജീപ്പിൽ കയറടാ'ന്നു പറഞ്ഞു ഭാസ്കരൻ പോലീസിൻറെ കൂടെയുള്ള പോലീസുകാരൻ അലറി.

'അയ്യോ, കൊച്ചിനെ ഒന്നും ചെയ്യല്ലേ സാറെ'

നിലവിളിച്ചുകൊണ്ട് ജീപ്പിൽ കയറാൻ തുടങ്ങിയ അച്ഛനെ അവർ കയറ്റിയില്ല.

'നിങ്ങൾ പിന്നെ സ്റ്റേഷനിലേക്ക് വന്നാൽ മതി' ഭാസ്കരൻ പോലീസ് പറഞ്ഞു. ഭാസ്കരൻ പൊലീസിൻറെ മുന്നിൽ അച്ഛൻ ഇരുകൈകളും കൂപ്പി നിന്നു. മകനെ ഉപദ്രവിക്കരുതേ, എന്ന യാചനയായിരുന്നു ആ കണ്ണുകളിലപ്പോൾ. അച്ഛൻറെ ദയനീയമായ നോട്ടവും നിലയും കണ്ടു വണ്ടിയിലിരുന്നു കരഞ്ഞപ്പോൾ ഭാസ്കരൻ പോലീസ് തെറി പറഞ്ഞു

'കരയാണ്ടിരിക്കട ചെക്കാ, ഓരോന്നും ഒപ്പിച്ചിട്ടിരുന്നു മോങ്ങുന്നു, നായിൻറെ മോൻ '

ഓടുന്ന ജീപ്പിലിരുന്നുകൊണ്ട്, ഭാസ്കരൻ പോലീസ് ചോദ്യം ചെയ്യൽ തുടങ്ങി.

'നീയാണോ പോസ്റ്റർ ഒട്ടിച്ചത് ?'

'അതേ'

'അപ്പോൾ അതെഴുതിയതും നീയാണല്ലേ ?'

'ഞാനല്ല , ശ്രീകൃഷ്ണേട്ടൻ തന്നതാണ്'

'ഏതു ശ്രീകൃഷ്ണൻ ?'

'നമ്പ്യാരുടെ മാളിക കെട്ടിടത്തിലെ തുന്നൽ പീടിയക്കാരൻ'

'ഓ, ശ്രീകൃഷ്ണ പട്ടയൻ, അവൻ ഞങ്ങളുടെ നോട്ടപുള്ളിയാണ്'

'നീ അവൻറെ പാർട്ടിക്കാരനാണോ?'

'അറിയില്ല സർ'

'അതെന്താ നിനക്ക് അറിയില്ലാത്തത് ?'

'അല്ല സാറേ, പാർട്ടിക്കാരനല്ല'

'പോസ്റ്റർ തന്നപ്പോൾ അവൻറെ കൂടെ ആരെങ്കിലും ഉണ്ടായിരുന്നോ?'

'ഇല്ല'

'പിന്നെ അവൻ എന്തൊക്കെ പറഞ്ഞു?'

'ആരും കാണാതെ ഒട്ടിക്കണം എന്നു പറഞ്ഞു.'

'ശരി, എസ്. ഐ ചോദിക്കുമ്പോഴും ഇങ്ങനെ തന്നെ പറഞ്ഞാൽ മതി'

പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ ലോക്കപ്പിന് വെളിയിലായി ഒരു മൂലയിയിലാണ് നിർത്തിയത്. ഒരു നക്സലിനെ പിടിച്ചോണ്ട് വന്നെന്നു കേട്ടപ്പോൾ പോലീസുകാർ വന്നു നോക്കി ചിരിച്ചിട്ട് പോയി. മറ്റു ചിലർ 'ഇവനോ നക്സൽ' എന്ന നോട്ടത്തിൽ 'മുട്ട




യിൽ നിന്നു വിരിഞ്ഞില്ലാലോ', എന്നു പരിഹസിച്ചു.

'ചന്തിയിലെ ചോപ്പ് മാഞ്ഞില്ലാന്നു' മറ്റുചിലർ കളിയാക്കി 'നിന്റെ കാര്യം പോക്കാണ് ചെക്കാ' എന്നും പറഞ്ഞു സ്റ്റേഷനിൽ ചായ കൊണ്ടുവരുന്ന ചായക്കടക്കാരനും പേടിപ്പിച്ചു.

വല്ലാതെ കരച്ചിൽ വന്നപ്പോൾ, അവിടെയിരുന്നു ഉറക്കെ കരഞ്ഞു.

'മോങ്ങാണ്ടിരിക്കിനെടാ നായിൻറെ മോനെ'

അകത്തു നിന്നും ഏതോ പോലീസുകാരൻ ദേഷ്യപ്പെട്ടു പറഞ്ഞപ്പോൾ, ശബ്ദമില്ലാതെ കരഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോഴേക്കും ശ്രീകൃഷ്ണപട്ടയനെ കൊണ്ടു വന്നു 'നീ എന്നെ ഒറ്റിയല്ലേ', എന്ന അയാളുടെ നോട്ടത്തിനു മുൻപിൽ തലകുനിച്ചു പോയി.

ശ്രീകൃഷ്ണപട്ടയനെ ചോദ്യം ചെയ്യാനായി എസ്.ഐ യുടെ മുറിയിലേക്ക് കൊണ്ടുപോയി. അവിടെ നിന്നും ഉറക്കെയുള്ള തെറികളും അടിയുടെ ഒച്ചകളും കേട്ടു. തിരികെ ലോക്കപ്പിലേക്കു കൊണ്ടുവന്നപ്പോൾ അയാളുടെ മുഖം വീങ്ങിയിരുന്നു, ചുണ്ടുകൾ പൊട്ടി ചോര ഒലിക്കുന്നുണ്ടായിരുന്നു.

എസ്.ഐ വിളിപ്പിച്ചു. ചോദ്യം ചെയ്തപ്പോൾ ഭാസ്കരൻ പോലീസിനോട് പറഞ്ഞപോലെ തന്നെ പറഞ്ഞു. എസ്.ഐ ചൂരൽ വടികൊണ്ട് ചന്തിക്കും തുടയ്ക്കും അടിച്ചു. തുടകളിൽ ചൂരൽ വണ്ണം തിണർത്തു പൊന്തി. ലോക്കപ്പിനു വെളിയിലെ ചുവരിൽ ചാരി കരഞ്ഞു കൊണ്ടിരിക്കവേ ഭാസ്കരൻ പോലീസ് വന്നു പറഞ്ഞു.

'നിൻറച്ഛൻ പുറത്ത് നിൽപ്പുണ്ട്, സർക്കിളും ഡി വൈ എസ് പി യും വരുമ്പോൾ നിൻറെ കാര്യം തീരുമാനിക്കും.'

പുറത്തു നിൽക്കുന്ന അച്ഛൻ കയറിവരുമോ എന്നതായിരുന്നു അപ്പോഴത്തെ ഏറ്റവും വലിയ ഭയം. അന്നു രാത്രിയാകുന്നതുവരെ സർക്കിളും ഡി.വൈ.എസ്.പിയും വന്നില്ല. ഇതിനിടയിൽ ശ്രീകൃഷ്ണപട്ടയനെ വീണ്ടും ചോദ്യംചെയ്യാൻ കൊണ്ടുപോയി. അയാളുടെ കരച്ചിൽ ഉയർന്നപ്പോഴൊക്കെ സങ്കടത്താലും ഭയത്താലും കരഞ്ഞുകൊണ്ട് കൂനിക്കൂടിയിരുന്നു.

രാത്രിയിൽ ശ്രീകൃഷണപട്ടയനൊപ്പമാണ് ലോക്കപ്പിലിട്ടത്. അയാളുടെ മുഖത്ത് നോക്കാൻ പേടിയേക്കാൾ കൂടുതൽ കുറ്റബോധമായിരുന്നപ്പോൾ. അയാളുടെ മുഖം നീരുവച്ചിരുന്നു, ചുണ്ടുകൾ നീലച്ചും, തടിച്ചുവീങ്ങിയുമിരുന്നു.

'സാരമില്ലെടാ, നീ ചെറിയ ചെക്കനല്ലേ. നിന്നെ വിടും പക്ഷെ എൻറെ കാര്യം പോക്കാണ്'

അയാൾ വേദനയിൽ ഞരങ്ങിക്കൊണ്ട് പറഞ്ഞു. അതുകേട്ടപ്പോൾ വീണ്ടും കരച്ചിൽ വന്നു. പിറ്റേന്ന് ഉച്ചയോടെ, ചൂരൽ കൊണ്ടുള്ള ഒന്നുരണ്ടു അടികൂടി തന്നിട്ട് വിട്ടയച്ചു. അച്ഛന്റെ കൂടെ വീട്ടിലേക്ക് പോകുമ്പോൾ അച്ഛൻ വഴക്കുപറയുമെന്ന ആധിയുണ്ടായിരു

ന്നു. എന്നാൽ അതൊന്നും ഉണ്ടായില്ല.

പുറത്തിറങ്ങിയപ്പോൾ ചായക്കടയിൽ നിന്നു ചായയും ബോണ്ടയും വാങ്ങിച്ചു തന്നു, അച്ഛനും വാങ്ങിക്കഴിച്ചു. അച്ഛൻറെ പരവേശവും വിശപ്പും കണ്ടപ്പോൾ തലേന്നു മുതൽ അച്ഛൻ ഒന്നും കഴിച്ചിട്ടില്ലായിരുന്നുവെന്ന് മനസ്സിലായി.

നടന്ന കാര്യമൊക്കെ മറക്കാൻ ശ്രമിച്ചുനോക്കി, പക്ഷെ കൃത്യാന്തരബാഹുല്യത്തിനിടയിലും പോലീസുകാർ അതൊക്കെ കൃത്യമായി ഓർത്തുവയ്ക്കുകയും നിശ്ചിതഇടവേളകളിൽ, മഫ്ടിയിലുള്ള സ്പെഷ്യൽ ബ്രാഞ്ച് പോലീസുകാർ അന്വേഷണവുമായി വീട്ടിലും കോളേജിലും വന്നു കൊണ്ടിരുന്നു.

അവസാന വർഷ ബിരുദം പഠിക്കുമ്പോളായിരുന്നു ഏറെ വിഷമിപ്പിച്ച ആ സംഗതിയുണ്ടായത്. പ്രാദേശിക തിരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കാനും, അട്ടിമറിക്കാനും ഒരു സംഘടന ആഹ്വാനം ചെയ്തു. അതുമൂലം തിരഞ്ഞെടുപ്പിൻറെ ഒരാഴ്ചക്കാലം നാട്ടുകാർക്ക് പറഞ്ഞു രസിക്കാൻ ഒരു വിഷയമായും, വീട്ടുകാർക്ക് അപമാനവും വേദനയുമായി കോഴിക്കോട് ജില്ലാ ജയിലിൽ, കുറച്ചു ചെറുപ്പക്കാർക്കൊപ്പം കരുതൽ തടങ്കലിൽ കിടക്കേണ്ടി വന്നു. ഇതെല്ലാം കൊണ്ട് സ്വന്തം നാട്ടിൽ നിന്നും മാറിനിൽക്കാൻ ആഗ്രഹിച്ച സമയത്താണ് ചെന്നൈയിൽ ഒരു ജോലി തരപ്പെട്ടത്. പതിയെ, പതിയെ പോലീസുകാരും തേടി വരാതായപ്പോൾ കഴിഞ്ഞകാലത്തിന്റെ കരിനിഴൽ ഭൂതങ്ങൾ വിട്ടൊഴിഞ്ഞെന്നു കരുതിയിരിക്കുകയായിരുന്നു.

'ഇനിയും നിങ്ങൾ നിഷേധിക്കുന്നുവോ, നിങ്ങൾ മാവോയിസ്റ്റു തീവ്രവാദിയാണെന്ന കാര്യം?'

ഓർമ്മകളിൽ നിന്നും ഉണർത്തിക്കൊണ്ടയാൾ ചോദ്യം ചെയ്യൽ വീണ്ടും തുടങ്ങി.

'സാർ, എനിക്കങ്ങിനെ ഒരു രാഷ്ട്രീയവുമില്ല'

'ശരി. എങ്കിൽ പറയൂ, എന്തിനാണ് ചിറ്റൂരിൽ പഞ്ചസാരമില്ലു നടത്തുന്ന നാരായണ റെഡിയെ, നായിഡു പേട്ടയിലുള്ള അയാളുടെ ഫാം ഹൌസിൽ വച്ചു നിങ്ങൾ കൊലപ്പെടുത്തിയത്?'

'അയ്യോ, എന്തായിത് ഞാനാരെയും കൊന്നിട്ടില്ല'

'അങ്ങിനെ പറഞ്ഞാൽ പോരല്ലോ സാ..റെ, സംഭവം നടന്നദിവസം നായിഡുപേട്ടയിലെ ഹോട്ടലിൽ തങ്ങിയതിനും, അന്നു രാത്രി അസമയത്ത് അവിടെ നിന്നു രക്ഷപ്പെട്ടു ചാർമിനാർ എക്സ് പ്രസ്സിൽ കയറി പോയതിനും തെളിവുണ്ട്'

'നായിഡു പേട്ടയിൽ പോയത് എൻറെ ജോലി സംബന്ധമായിട്ടാണ്. പിറ്റേന്ന് രാവിലെ ചെന്നയിൽ എത്തേണ്ട ആവശ്യം വന്നതിനാലാണ് വെളുപ്പിന് രണ്ടുമണിക്ക് വരുന്ന ചാർമിനാർ എക്സ് പ്രസ്സ് ട്രെയിനിൽ തിരികെ പോയത്'

'ശരി, വന്നു പോയി എന്നു സമ്മതിച്ചല്ലോ. പിന്നെ എന്തിനാണു നീ റെഡിയുടെ ഫാംഹൌസിൽ പോയത് ?'

'ഞാൻ എങ്ങും പോയിട്ടില്ല'

'നിനക്കിനി രക്ഷപ്പെടാനാവില്ല.

'കൊല്ലടാ, അവനെ വിടരുത്' എന്നു നീ മലയാളത്തിൽ വിളിച്ചു പറഞ്ഞത് റെഡിയുടെ വേലക്കാരൻ കേട്ടതാണ്. ഇന്നലെ ഞാൻ നിന്നെക്കൊണ്ടു പറയിച്ച ശബ്ദം അയാളെ കേൾപ്പിക്കുകയും അതേ ശബ്ദം തന്നെയാണ് അന്നു കേട്ടതെന്ന കാര്യം അയാൾ തിരിച്ചറിയുകയും ചെയ്തു

എന്താണു പറയേണ്ടതെന്ന് ഒരു പിടിയും കിട്ടിയില്ല. കുരുക്കുകൾ ഒന്നൊന്നായി മുറുകി വരുന്നു.

'സർ എനിക്കെൻറെ കമ്പനിയുമായി ബന്ധപ്പെടണം. ഒരുപക്ഷെ അവർക്കു നിങ്ങളെ സത്യാവസ്ഥ ബോധ്യപ്പെടുത്താൻ കഴിയും'

'നിനക്കിനി അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കമ്പനിയുടെ ഒരു സീനിയർ മാനേജർ എന്നെ വന്നു കണ്ടിരുന്നു, അവർ ഞങ്ങൾക്കെല്ലാ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഒരു കാര്യം മാത്രമാണ് അവർ ആവശ്യപ്പെട്ടത്. അതവർക്കു ചെയ്തുകൊടുക്കാമെന്നു ഞാനുറപ്പും നൽകി'

'എന്ത് കാര്യം സർ ?'

'കമ്പനിയുടെ പേരിക്കാര്യത്തിൽ വലിച്ചിഴയ്ക്കപ്പെടരുതെന്നു. മനസിലായില്ലേ, അവർ നിന്നെ തള്ളിപ്പറഞ്ഞു. നിന്നെപ്പോലെയുള്ള ഒരു തന്തയില്ലാത്തവനെ ജോലിക്കെടുത്തതിൽ അവരിപ്പോൾ ഖേദിക്കുന്നു പോലും'

'എടോ, അർജുൻ. നീ വിദ്യാഭ്യാസവും ലോകവിവരവും നേടിയ ആളാണ്. വിപ്ലവം എന്നൊക്കെ ഓമനപ്പേരിട്ട് വിളിച്ചാലും നീയൊക്കെ ചെയ്യുന്നത് വെറും കൊലപാതകവും കൊള്ളയും മാത്രമാണ്.വെറുതെ ഞങ്ങളെക്കൊണ്ട് മൂന്നാംമുറകൾ എടുപ്പിക്കരുത്. മാത്രവുമല്ല അത്തരം രീതികളോട് എനിക്കെതിർപ്പുമാണ്, അതു ഞങ്ങളുടെ രീതിയുമല്ല.'

അവസാനമായി ഒരു കാര്യം കൂടി. ഈ സംഭവുമായി ബന്ധപ്പെട്ടു നാലുപേരെ അറസ്റ്റുചെയ്തു കഴിഞ്ഞു. അവരിപ്പോൾ ഞങ്ങളുടെ കസ്റ്റഡിയിലുണ്ട്. അവർ കുറ്റം സമ്മതിച്ചുകഴിഞ്ഞു, അവരാണു പറഞ്ഞത് അവരുടെ കൂടെ അഞ്ചാമതായി ഒരാൾ കൂടിയുണ്ടെന്നതു. നിങ്ങൾ യാത്ര ചെയ്ത ദിവസങ്ങളിൽതന്നെ അവരും നക്സൽബാരിയിലും, സിലുഗിരിയിലും പോയിരുന്നു. കാക്കിനടയിൽ നിങ്ങൾ പോയ അതേ ദിവസം തന്നെ ഒരുമിച്ചു കൊണ്ടപ്പള്ളിയെ കാണുകയും അതിനു ശേഷം വിജയവാഡയിൽ ഒരുമിച്ചു കൂടി ഗൂഢാലോചന നടത്തി, പിന്നെ ഒറ്റപിരിഞ്ഞു നായിഡു പേട്ടയിലെത്തി 'ആക്ഷൻ' നടത്തിയെന്നും സമ്മതിച്ചിട്ടുണ്ട്.

'അവരുടെ കൂടെ ഉണ്ടായിരുന്നത് ഒരു മലയാളിയാണെന്നും അയാളുടെ പേർ അർജുൻ ആണെന്നും സമ്മതിച്ചിട്ടുണ്ട്.'

'നോക്കൂ, നിൻറെ യാത്രകളും, മുറിയിൽ നിന്നും തോക്ക് കണ്ടെത്തിയതും, അതേ പോലുള്ള തോക്ക് കൊണ്ടാണ് റെഡിയെ വകവരുത്തിയതെന്ന തെളിവും, പൂർവകാല റെക്കോർഡ്കളും, ചുവപ്പൻ ജില്ലകൾപെട്ട സ്ഥലത്തേയ്ക്കു സ്ഥലമാറ്റം ചോദിച്ചു വാങ്ങിയതും, കൂട്ട് പ്രതികളുടെ മൊഴിയും, സാക്ഷി ശബ്ദം തിരിച്ചറിഞ്ഞതും മാത്രംമതി ഏതു കോടതിയും നിന്നെ കുറ്റക്കാരനെന്നു വിധിക്കാൻ.'

അന്നു തന്നെ കൂട്ടു പ്രതികളുടെ സെല്ലിലേക്ക് മാറ്റി. ആദ്യം അവരാരും ഒന്നും മിണ്ടിയില്ല പക്ഷെ അവരുടെ മുഖങ്ങൾ നല്ല പരിചയം തോന്നി.

'ജീവിതകാലം മുഴുവൻ എന്തുകൊണ്ടാണിങ്ങനെ ചെയ്യാത്ത തെറ്റിന് ശിക്ഷിക്കപ്പെടുന്നത്. ഇതാ ഒരു രാവണൻ കോട്ടയിൽ തന്നെ അകപ്പെട്ടിരിക്കുന്നു. ഇനി ജീവിതമെന്നത് അന്യമാണ്.'

'സത്യം നിഷേധിച്ചില്ല, പക്ഷെ സത്യമൊട്ടു തുണയ്ക്കുന്നുമില്ല. ഓ ജീസസ്, 'സത്യം ഒരുവനെ സ്വതന്ത്രനാക്കുമെന്ന'ല്ലേ അങ്ങു പഠിപ്പിച്ചത്? അവിടുത്തേയ്ക്കും പിഴച്ചുവോ? അതോ ഞാൻ മനസ്സിലാക്കിയതിൽ വന്ന പിഴവോ?'

നിസഹായതയിൽ കുറച്ചുനേരം പൊട്ടിക്കരയാനാണ് തോന്നിയത്, കുറച്ചു നേരം കരഞ്ഞു. സഹതടവുകാരിൽപ്പെട്ട രാജു എന്നയാൾ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു.

'സർ, താങ്കൾ വിഷമിക്കരുതെന്നു പറയുന്നതിൽ കാര്യമില്ലെന്നറിയാം.'

അയാളുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. നീണ്ട താടിയും മുടിയുമൊക്കെയുണ്ടെങ്കിലും അയാൾ നന്നേ ചെറുപ്പമാണെന്ന് അയാളുടെ കണ്ണുകൾ പറഞ്ഞു.

'സർ താങ്കൾ ഇപ്പോഴെന്താണ് ആലോചിക്കുന്നതെന്ന് എനിക്കറിയാം. നമ്മളിതിനു മുൻപ് കണ്ടിട്ടുണ്ടോ എന്നല്ലേ?, 'കണ്ടിട്ടുണ്ട്, സിലിഗുരിയിൽ ദാദയുടെ വീട്ടിൽ നിന്നു ഇറങ്ങിയപ്പോൾ താങ്കളെ കണ്ടിരുന്നു. നക്സൽ ബാരിയിൽ വഴിവക്കിലെ ചെറിയ പെട്ടികടയിൽ നിന്നും ചായ കുടിക്കുന്നതിനൊപ്പം സിഗരറ്റു പുകച്ചു നിൽക്കുന്ന താങ്കളെയും ഞാൻ കണ്ടിരുന്നു.'

'സർ അങ്ങ് ഞങ്ങളിൽപ്പെട്ട ഒരാളല്ലന്നറിയാം, പക്ഷെ അവരതു സമ്മതിക്കില്ല. തല്ക്കാലം താങ്കൾ അവർ പറയുന്നത് സമ്മതിച്ചേക്കൂ, ഇല്ലെങ്കിൽ അവർ നിങ്ങളെ തല്ലിചതച്ചും, ഗരുഡൻ തൂക്കിയും സമ്മതിപ്പിക്കും.

'താങ്കൾ കണ്ടതല്ലേ അയാളുടെ കയ്യിലെ കൂർത്ത പെൻസിൽ. അതയാൾ മർമ്മത്ത് കയറ്റുമ്പോൾ ജനിച്ചു പോയതിൽ താങ്കൾ ഖേദിക്കും. പുറമേ കാണുന്ന സൌമ്യനല്ലയാൾ. ചെകുത്താനാണ്, അനാട്ടമി പഠിച്ച ഡോക്ടറാണയാൾ. അയാൾക്ക് നന്നായറിയാം എങ്ങിനെയൊരാളെ കൊല്ലാതെ കൊല്ലാമെന്ന്. താങ്കൾ വെറുതെ ആരോഗ്യം,നശിപ്പിക്കേണ്ട. കോടതിയിൽ നമുക്ക് നോക്കാം. ഇവിടെ അധികം കിടക്കേണ്ടി വരില്ല. എന്നെ വിശ്വസിക്കൂ'.

'ഞാനെന്തിനു ചെയ്യാത്ത കുറ്റമേൽക്കണം. ഞാനും ഒരിന്ത്യൻ പൌരനാണ്, എനിക്കെതിരെ ആരോപിക്കുന്നകുറ്റം അവർ തെളിയിക്കട്ടെ അതല്ലേ നിയമവ്യവസ്ഥയും ഭരണഘടനയും പറയുന്നത്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത് എന്നല്ലേ?'

'എൻറ സാറെ, അതൊക്കെയിപ്പോൾ 'ചിരഞ്ജീവി' സിനിമയിലെ ഡയലോഗുകൾ മാത്രമാണ്. സാറെ താങ്കളിപ്പോൾ ഇന്ത്യൻ പൌരനല്ല. ഇന്ത്യൻ ഭരണഘടന താങ്കളെ സഹായിക്കുകയുമില്ല'

'താങ്കൾ എന്താണ് പറയുന്നത് ഞാൻ ഇന്ത്യൻ പൌരൻ അല്ലെന്നോ ?'

'അതേ ഞാനും താങ്കളും ഇവരുമൊക്കെയിപ്പോൾ പൌരാവകാശങ്ങൾ ഇല്ലാത്ത മൃഗങ്ങളാണ്. വളർത്തു മൃഗങ്ങളെ കെട്ടിയിട്ടാൽ അതിനെതിരെ കേസെടുക്കാൻ പറ്റുമോ ?.

'നമ്മളിപ്പോൾ ചില പ്രത്യേക നിയമങ്ങളുടെ പിടിയിലാണ് ഇവിടെ നമ്മൾ കുറ്റം ചെയ്തുവെന്ന് അവർ തെളിയിക്കേണ്ട, ആരോപിച്ചാൽ മാത്രം മതി. അതോടെ അവരുടെ ജോലി തീർന്നു. അവർ ആരോപിക്കുന്ന കുറ്റം ചെയ്തില്ലെന്നു നമ്മൾ തെളിയിച്ചാൽ നമുക്ക് പുറത്ത് കടക്കാം, ഇല്ലെങ്കിൽ അകപ്പെട്ടു.

'സാർ താങ്കൾ ധൈര്യമായിരിക്കൂ, നമ്മൾ ഈ ഊരാക്കുടിക്കിൽ നിന്നും പുറത്ത് കടക്കുക തന്നെ ചെയ്യും'

അവരുടെ ആരുടേയും മുഖത്ത് നിരാശ കണ്ടില്ല. എന്തോ ദൃഢനിശ്ചയം അവരുടെ കണ്ണുകളിൽ തിളങ്ങിയിരുന്നു. ദീർഘകാലം വിചാരണ തടവുകാരായി കിടക്കേണ്ടിവരുമെന്ന കണക്കുകൂട്ടലിൽ

മറ്റുനാലു പേർക്കുമൊപ്പം കൂടുതൽ സുരക്ഷയുള്ള മറ്റൊരു ജയിലിലേക്ക് മാറ്റാൻ തീരുമാനമായി. മുൻപിൽ ഒരു പോലീസ് ജീപ്പ് നടുവിൽ തടവുകാരെ കയറ്റിയ വാൻ പുറകിൽ മറ്റൊരു പോലീസ് ജീപ്പ്. യാത്ര തുടങ്ങിയിട്ട് ഏറെ നേരമായി. മദ്ധ്യാഹ്ന വെയിൽ ചൂടിൽ എല്ലാവരും തളർന്നു മയങ്ങിയിരുന്നു. ഒരു വിജന പ്രദേശത്തെത്തിയപ്പോൾ ബ്രേക്ക് ഉരയുന്ന വലിയ ശബ്ദത്തോടെ വണ്ടികൾ ഇളകി നിന്നു. റോഡിനു കുറുകെ വലിയൊരു മരം വഴിമുടക്കി വീണുകിടക്കുന്നു. മരം നീക്കം ചെയ്യാതെ മുന്നോട്ടു പോകാനാവില്ല. പോലീസുകാർ പുറത്തിറങ്ങാനായി

എഴുന്നേൽക്കാൻ തുടങ്ങി. അപ്പോഴേക്കും എവിടെ നിന്നോ പാഞ്ഞുവന്ന വെടിയുണ്ടകൾ വാഹനങ്ങളുടെ ചക്രങ്ങൾ തകർത്തു.

പോലീസുകാർ തിരികെ വെടിയുതിർത്തില്ല. ചുറ്റും നിന്നും വളയപ്പെട്ടുവെന്ന കാര്യം അവർക്കു ബോധ്യമായി. അവർ സീറ്റിനിടയിൽ തലപൂഴ്ത്തി. ആക്രമിക്കുന്നവരുടെ ലക്ഷ്യമെന്താണെന്നു അവർക്കു മനസ്സിലായി. വാനിന്റെ പുറകിലെ പൂട്ട് പൊളിക്കുന്ന ശബ്ദം കേട്ടു. വാതിൽ തുറന്നതോടെ രാജു മറ്റു തടവുകാരെയും വലിച്ചുകൊണ്ട് പുറത്തേക്കു ചാടി. കയ്യിൽ ബന്ധിച്ചിരിക്കുന്ന വിലങ്ങുകളോടെ എല്ലാവരും കാട്ടിലൂടെ ഓടി. പോലീസുകാർ പിന്തുടർന്നാലും കണ്ടെത്തില്ലെന്നു ബോധ്യമുള്ള ദൂരം താണ്ടിയപ്പോൾ ഓട്ടം നിർത്തി നടത്തം തുടങ്ങി. വലിയ ഉരുളൻ പാറകൾ അടുക്കായി വച്ചിരിക്കുന്ന ഒരു മൊട്ടക്കുന്നു കയറിയിറങ്ങിയപ്പോഴേക്കും എല്ലാവരും തളർന്നുവീണു. കൈയിലെ വിലങ്ങുമായുള്ള ഓട്ടവും കയറ്റവും വളരെ ശ്രമകരമായിരുന്നു.

തോളറ്റം വരെ നീണ്ടു കിടക്കുന്ന മനോഹരമായ മുടിയും, വെട്ടിയൊതുക്കിയ താടിയും, ഒത്ത ഉയരവും ഉയർന്ന നാസികയുമുള്ള സുന്ദരനായ ഒരു യുവാവ് കയ്യിൽ തോക്കും, തോളിൽ ഞാത്തിയ അമ്പുംവില്ലുമായി നിൽക്കുന്നതു കണ്ടു.

കണ്ണെടുക്കാതെ, ആരാധനയോടെ അയാളെ നോക്കി നിൽക്കവേ, അയാൾ ചിരിച്ചു കൊണ്ട് അടുക്കൽ വന്നു പറഞ്ഞു, 'ക്ഷെമിക്കണം മിസ്റ്റർ. അർജുൻ, താങ്കൾ എൻറെ പേരിൽ കുറെ കഷ്ട്ടപ്പെട്ടുവെന്നറിഞ്ഞു. എന്തു ചെയ്യാൻ! ഭരണകൂടങ്ങൾ തിരിയുന്നത് വിവേകമില്ലാത്തവരുടെ കൈകൊണ്ടാണല്ലോ'

'താങ്കളുടെ പേര്?'

'അതേ, അതു തന്നെ, താങ്കൾ പറയാൻ വന്നതു തന്നെ'

'അർജുൻ അഗസ്റ്റിൻ?'

'അതാണ് ഞാൻ ആദ്യമേ പറഞ്ഞത് എൻറെ പേരിൽ താങ്കൾ സഹിച്ചുവെന്ന്.'

അർജുൻ അഗസ്റ്റിൻ എല്ലാവർക്കുമായി കുറച്ചു ഭക്ഷണം കരുതിയിട്ടുണ്ടായിരുന്നു. ഭക്ഷണം കഴിച്ചു, കാട്ടുചോലയിലെ വെള്ളം കോരിക്കുടിച്ചു ദാഹവും തീർത്തു.

'അപ്പോൾ, ഇനി എന്താണ് പ്ലാൻ. ഞങ്ങളുടെ കൂടെ കൂടാൻ താങ്കൾക്കാവില്ലന്നറിയാം. താങ്കൾ ഇപ്പോഴും ഭരണകൂടത്തിൻറെ നീതിബോധത്തിൽ വിശ്വസിക്കുന്നുവെന്നാണ് രാജു പറഞ്ഞത്.

'താങ്കൾ പൊയ്ക്കോളൂ. അർജുൻ എന്ന പേരും, ആ പേരിലുള്ള ആധാർകാർഡും ഇവിടെ ഈ കാട്ടിൽ ഉപേക്ഷിക്കുക. സ്വത്വം നഷ്ട്ടമാക്കാൻ താങ്കൾക്ക് കഴിയുമെങ്കിൽ, അപരത്വത്തിൻറെ വൽക്കത്തിൽ താങ്കൾക്ക് കഴിയാം. ഒരുപക്ഷെ ഒരു മനുഷ്യനെപ്പോലെ, അല്ലെങ്കിൽ തീർച്ചയായും ഒരു മാടിനെപ്പോലെ.'

ബെല്ലാരി യെല്ലമ്മ കോവിലിലെ ഉത്സവപ്പറമ്പിലേക്ക് പിച്ചക്കാരെ കൊണ്ടുപോകുന്ന ഒരു ട്രക്കിൽ രാജു ഒരിടം തരപ്പെടുത്തിതന്നു. മാടുകളെ കൊണ്ടുവന്ന ട്രക്കായിരുന്നതു, അവറ്റകളുടെ ചൂര് അതിലെങ്ങും തങ്ങിനിന്നിരുന്നു.

പിച്ചക്കാരനെപ്പോലെ അവരുടെ ഇടയിൽ മുഷിഞ്ഞമുണ്ടും പുതച്ചിരുന്നു. അർജുൻ അഗസ്റ്റിൻ കുറച്ചു പണം ഒരു പത്രകടലാസിൽ പൊതിഞ്ഞു തന്നിരുന്നു.

പണം എടുത്തു ട്രൌസറിനെ പോക്കറ്റിൽ നിക്ഷേപിച്ചു. അതു പൊതിഞ്ഞിരുന്ന ഇംഗ്ലീഷ് പത്രം വിടർത്തി വായിച്ചു നോക്കി. ഒരു സിനിമാ നടനെ പീഡനക്കേസിൽ അറസ്റ്റ് ചെയ്ത വാർത്തയായിരുന്നത്. ഇംഗ്ലീഷിലുള്ള കടലാസ് വായിച്ചു നോക്കുന്നത് ചിലർ ശ്രദ്ദിക്കുന്നതായി കണ്ടപ്പോൾ, ഒരു വെടല ചിരി ചിരിച്ചുകൊണ്ട് ഉറക്കെ പറഞ്ഞു

'അയ്യയ്യോ ഇത് പൂരാ ഇംഗ്ലീഷാച്ചേ -എന്നാലെ പഠിക്ക മുടിയാത്'

പത്രം ചുരുട്ടി പുറത്തേക്കെറിഞ്ഞു

അടുത്തിരുന്ന വൃദ്ധ ചിരിച്ചു കൊണ്ട് ചോദിച്ചു

'തമ്പി ...ഉൻ പേര് എന്നപ്പാ ?'

'ഏൻ.. പേര്, അതു വന്ത് ..., മാട സാമി'

'അട .... മാടസാമിയാ, നല്ല പേരാച്ചേ .. അതു ശൊല്ലവാ ഇവളവു തയങ്കറെ', വൃദ്ധ എന്തൊക്കയോ പറഞ്ഞു ചിരിക്കുന്നുണ്ടായിരുന്നു.

ട്രക്കിന്റെ ഇരമ്പലിൽ കലർന്നുപോയ ചിരിയെ, കാതുകൾക്കകലെ, കാതങ്ങൾ ദൂരേയ്ക്ക് കൊണ്ടുപോകാനായി വരണ്ടകാറ്റുകൾ വീശിക്കൊണ്ടേയിരിക്കുന്നു.

* * *


** അർജുൻ അഗസ്റ്റിൻ
മുൻപേ പറക്കുന്ന പക്ഷികൾ എന്ന നോവലിലെ നായക കഥാപാത്രം

**കഥാകൃത്തിനെ കുറിച്ച്**


സുൽത്താൻ ബത്തേരി സ്വദേശി, ഇപ്പോൾ അമേരിക്കയിലെ മേരിലാണ്ട് സ്റ്റേറ്റിൽ സ്ഥിരതാമസം. കഥകൾ ഓൺ ലൈൻ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും, യൂടൂബിൽ ഓഡിയോ ബുക്കായി അവതരിപ്പിക്കുകയും ചെയ്യുന്നു
youtube.com/@josephabraham71

ഇ-മലയാളി കഥാമത്സരം 2022

രണ്ടാം സമ്മാനം നേടിയ കഥ



എം.പി. പവിത്ര




വര:
പി ആർ രാജൻ

# മുഖംമൂടിവേഷങ്ങൾ

പുറത്ത് പുളിയിലകളിൽ വീഴുന്നത് മഴയോ, കാറ്റിന്റെ തേങ്ങലോ, നക്ഷത്രങ്ങൾ ഭൂമിയിലേക്ക് കുടഞ്ഞിടുന്ന മായപ്പൊടികളോ, എന്നറിയാതെ സാരംഗി പരിഭ്രമിച്ചു. ജനൽ തുറന്നപ്പോൾ, പപ്പടം കാച്ചിയതുപോലെ, വട്ടത്തിൽ ആകാശത്ത് നിലാവു പൊള്ളച്ചുവന്നു. ഏതൊക്കെയോ ഗന്ധങ്ങളിൽ പൊങ്ങിക്കിടന്ന പകലിന് ആരുടെ മുഖച്ഛായയായിരുന്നു? നിലാവു മാഞ്ഞ് പെട്ടെന്ന്, മഴ, കണ്ണാടിനൂലുകൾകൊണ്ട് പരുത്തിക്കാടുകളെ മുറുകെ കെട്ടിവരിയാൻ ആകാശത്തുനിന്ന് ഭൂമിയെ തൊട്ട അതേനേരത്താണ്, അയയിൽ വൃത്തിയായി അലക്കി ഉണക്കാനിട്ട മാസ്കുകൾക്ക് കഥ പറയാൻ തോന്നിയത്.

കറുത്ത മാസ്ക് പറഞ്ഞു : നോക്കൂ.... 'നമ്മളെ ആ തുന്നൽക്കാരി ഒരുമിച്ചു തുന്നിയെടുത്തപ്പോൾ ത്തന്നെ നിശ്ശബ്ദമായി ഞാൻ പ്രാർത്ഥിച്ചിരുന്നു– നമ്മൾ നാലുപേരും വേർപിരിയാതിരിക്കണെ എന്ന്. പക്ഷേ, ഈ സാരംഗി, എന്ന ദുഷ്ട മൂന്നെണ്ണം മാത്രമെ എടുത്തുള്ളു. നമ്മുടെ വെളുത്ത കുഞ്ഞുമാസ്ക് ഇപ്പോൾ എവിടെയായിരിക്കുമോ എന്തോ....' വെളുത്ത മാസ്ക് സങ്കടത്തോടെ മുഖം കുനിച്ചു.

'മാമ്പൂകണ്ടും മക്കളെക്കണ്ടും മദിക്കരുത് എന്നുകേട്ടിട്ടില്ലേ?' കറുത്ത മാസ്ക് പതിയെ പറഞ്ഞു. വെളുത്ത മാസ്കിന് ദേഷ്യം വന്നു. 'തുന്നൽക്കാരി എന്നിൽ നിന്നും ഒരു കഷ്ണം വെട്ടിയെടുത്താണ് കുഞ്ഞുമാസ്കുണ്ടാക്കിയത്.... അറിയുമോ? എന്റെതന്നെ ഒരുഭാഗം ചീന്തിയെടുത്തിട്ട്..... അതുകൊണ്ടുതന്നെ ഏതകലത്തിലിരുന്നാലും എന്റെ കുഞ്ഞുമാസ്കിനെക്കുറിച്ചോർത്ത് വിറച്ചുകൊണ്ട് സങ്കടപ്പെടും ഞാൻ.......'

'പരിഹാരമില്ലാത്ത കാര്യങ്ങളെക്കുറിച്ചോർത്ത് വേവലാതിപ്പെട്ടിട്ട് എന്താണ് പ്രയോജനം? നീ ഒന്നിനേയും ഇത്ര തീവ്രമായി സ്നേഹിക്കരുത്.... എന്നാൽ ദുഃഖവുമുണ്ടാകില്ല.' സന്ദർഭത്തിനയവു വരുത്താനായി കറുത്ത മാസ്ക് വേഗം വിഷയം മാറ്റി.

'രാവിലെ ഓഫീസിലേക്കെന്നും പറഞ്ഞ് ഇവിടെനിന്ന് ഇറങ്ങിയ സാരംഗിയുടെ ഭർത്താവ് വൈകുന്നേരം വരെ ബാറിലായിരുന്നു. പോവുമ്പോൾ രണ്ടു ചെവിയിലും മുറുക്കി ഭദ്രമാക്കിയിട്ടിട്ടു പോയ എന്നെ ഒറ്റച്ചെവിയിൽ തൂക്കിക്കൊണ്ടാണ് തിരിച്ചുവന്നത്. വീണുപോകുമോ എന്നുഭയന്ന് ആ ആടിക്കളിക്കുന്നവന്റെ അള്ളിപ്പിടിച്ചിരുന്ന് ഞാനെത്രമാത്രം കഷ്ടപ്പെട്ടുവെന്നോ!'

വെളുത്ത മാസ്ക് സഹതാപപൂർവ്വം, കാറ്റിലിളകിയാടുന്ന തന്റെ വള്ളികളിലൊന്നുകൊണ്ട് കറുത്ത മാസ്കിനെ തൊട്ടു. 'ഞാനിന്ന് സാരംഗിയുടെകൂടെ ഓഫീസിലേക്കിറങ്ങിയതാണല്ലോ. അവൾ ഓഫീസിലേക്കെന്നും പറഞ്ഞ് പോയത് കടൽത്തീരത്തേക്കാണ്. അവിടെ, അവളേയും കാത്തുനിന്നിരുന്ന താടിക്കാരനു മുന്നിൽ, ജീവിതമിങ്ങിനെയൊക്കെയായി എന്നും, ലോക്ഡൗൺ കാലമായതുകൊണ്ട് പഴയതുപോലെ കാണാനാവുന്നില്ലെന്നും, വീട്ടിലെല്ലാവരുമുള്ളതുകൊണ്ട് മര്യാദയ്ക്കൊന്ന് ഫോൺ വിളിക്കാൻ പോലുമാവില്ലെന്നും പറഞ്ഞ് അവൾ കുറേനേരം കരഞ്ഞപ്പോൾ, കണ്ണീരിന്റെ ഉപ്പുരുചി വീണുപടർന്ന് എന്റെ ദേഹമാകെ വല്ലാതെ നീറി.'

പാതിചാരിയ മുറിയിലിരുന്ന് സാരംഗിയുടെ തേങ്ങൽ കേൾക്കുന്നുണ്ടായിരുന്നു. ഡയറിത്താളിൽ അവളാൽ ഇങ്ങനെ എഴുതപ്പെട്ടിരുന്നു: 'നിന്റെ വീട്ടുമുറ്റത്തേക്ക് ഇപ്പോൾ പെയ്യുന്ന മഴയെന്നപോൽ എനിക്ക് ജലംകൊണ്ട് തെറിക്കണം! മരത്തലപ്പിലെ പക്ഷികളുടെ തൊണ്ടയിൽ നിന്ന് പുള്ളോർക്കുടം ശബ്ദിക്കുമ്പോഴറിയൂ അതെന്റേയും സ്നേഹമാണെന്ന്! കുട്ടിക്കാലത്ത്, വീട്ടുമുറ്റത്തെത്തിയിരുന്ന പുള്ളുവത്തി നീട്ടിപ്പാടുമ്പോൾ മുറുക്കിക്കെട്ടിയ ഞാൺപോലെ, നിന്നെയോർക്കുമ്പോഴൊക്കെ എന്റെ നെഞ്ചും തുടികൊട്ടുന്നുവെന്നറിയൂ......' ''അമ്മേ.....'' എന്ന കുട്ടികളുടെ വിളയിൽ തിടുക്കപ്പെട്ട് ഡയറി തലയിണച്ചോട്ടിൽവെച്ച് സാരംഗി കോണിപ്പടികളിറങ്ങി താഴേക്കു പോയി. അപ്പോൾ നീലമാസ്ക് പറഞ്ഞു. 'ഈ സാരംഗിയുടെ മകളുടെ വായ്നാറ്റം കാരണം ഞാൻ പൊറുതിമുട്ടുകയാണ്.

ഓൺലൈൻക്ലാസെന്ന പേരുംപറഞ്ഞ് മുറിയിലടച്ചിരിക്കും. ക്ലാസിൽ ആദ്യമൊന്ന് ജോയിൻ ചെയ്തിട്ട് പതുക്കെ ലെഫ്റ്റാകും. പഠിപ്പിക്കുന്ന സാറാണെന്ന വിചാരമേയില്ല. ഇന്നലെ തന്റെ അച്ഛനാകാൻ പ്രായമുള്ള ആ മനുഷ്യനോട് അവൾ പറഞ്ഞതുകേട്ട് ഞാൻ ഞെട്ടിപ്പോയി – ''എന്റെ സാറേട്ടാ.....'' അവൾ പറയുന്നു: ''ചിലരെ കാണുമ്പോൾ നമുക്ക് വല്ലാത്തൊരു ഇഷ്ടം തോന്നുന്നത് നമ്മുടെ തെറ്റാണോ......? നല്ല പഴുത്ത മാങ്ങ ഒരു കഷ്ണം കിട്ടുമ്പൊ അതു മുഴുവനായിക്കിട്ടിയിരുന്നെങ്കിൽ എന്ന് മോഹം തോന്നണത് തെറ്റാണോ.....? സദ്യയ്ക്ക് കുറേ പായസം കുടിച്ച് മടുക്കുമ്പോ ചൂണ്ടുവിരൽ കൊണ്ട് പുളിയിഞ്ചിതൊട്ട് നാവിൽ വെയ്ക്കുമ്പോൾ കിട്ടുന്ന രണ്ടുസെക്കന്റ് രസം പോലെ എനിക്കിഷ്ടങ്ങളെ കൊണ്ടുനടക്കാനറിയില്ല. ഇഷ്ടങ്ങളിൽ കള്ളത്തരം കാണിക്കാനുമറിയില്ല'' എന്ന്. എന്നിട്ടവൾ വീണ്ടും പറയുകയാണ് : ''എനിക്ക് ഭ്രാന്താണെന്ന് തോന്നുന്നുണ്ടോ...... എന്നാലറിഞ്ഞോളൂ ഭ്രാന്തുള്ള ചിലർ ഈ ഭൂമിയിലുള്ളതുകൊണ്ടല്ലേ അതില്ലാത്ത ചിലർക്ക് ആവൂ എനിക്കതില്ലല്ലോ... സമാധാനമായി എന്ന് ആശ്വസിക്കാനാവണത്...'' എന്ന്.'

'അയ്യോ.....' വെളുത്ത മാസ്ക് പറഞ്ഞു: 'പത്താം ക്ലാസിലെത്തിയപ്പോഴേക്കും ഇങ്ങനെയാണെങ്കില് ഇവളൊക്കെ കോളേജിലെത്തിയാൽ എന്താവും സ്ഥിതി? ദാ.... കുറച്ചു മുമ്പ് അവൾ അവളുടെ സാറോട് പറയുന്നു: ''വാട്സാപ്പിലെ

അയാളുടെ ഡി.പി.യിലെ നരച്ച കവിൾത്തടങ്ങൾ കാണുമ്പോൾ പണ്ട് അവൾക്കിഷ്ടമായിരുന്ന ലോ സഞ്ചർ മിഠായിയെ ഓർമ്മ വരുന്നു എന്ന്!'' പല നിറങ്ങളുടെ പതുപതുപ്പുകളിൽ പഞ്ചസാരത്തരി കൾ പറ്റിപ്പിടിച്ച, ചന്ത കുട്ടിയായ, ഞൗ.... ഞൗ... എന്നൊരു മധുരം നാവിലലയിക്കുന്ന മിഠായിയെ പ്പോലെയുണ്ട് സാറിപ്പോഴെന്ന്. അയാൾക്കാ ഉപമ നല്ലവണ്ണം ഇഷ്ടപ്പെടുകയും ചെയ്തു. കൗമാരം..... വല്ലാത്തൊരു പ്രായമാണേ..... അവരവര് സൂക്ഷി ച്ചാ അവരവർക്ക് നല്ലത്. അത്രേ എനിക്ക് പറയാൻ പറ്റൂ. നീലമാസ്ക് നെടുവീർപ്പിട്ടു.

കുറച്ചു മാറിക്കിടന്ന് കാറ്റിലാടുന്ന ചാരനിറ മുള്ള മാസ്ക് പറഞ്ഞു: 'നോക്കൂ, എന്റെ മേലാകെ ചൊറിയുകയാണ് ഈ രാസവസ്തുക്കൾ കലർന്ന ഹെയർഡെയുടെ മണം എനിക്ക് തീരെ പറ്റില്ല. ശി വന്റെ അമ്മ ഈ മുത്തശ്ശി പ്രായത്തിൽ ഡൈ ചെ യ്യുന്നതിന്തിനാണാവോ? വയസ്സുകാലായീന്ന് ഒരു വിചാരം വേണ്ടേ....?' കറുത്ത മാസ്ക് പറഞ്ഞു : 'കുറച്ചുദിവസമായിട്ടേയുള്ളൂവെങ്കിലും ഞാ നും ശ്രദ്ധിക്കുന്നുണ്ട്. അവനോന്റെ ഒരൊറ്റ കാര്യം മാത്രമേ അവർക്ക് ശ്രദ്ധയുള്ളൂ. ഇന്നലെ അവരു ടെ ഭർത്താവിന്റെ ശ്രാദ്ധമായിരുന്നു. 'എനിക്കിനി ആരാള്ളത്' എന്നു ഫോട്ടോ നോക്കി കണ്ണുതുടയ് ക്കുന്നതു കണ്ടു. മരിച്ചുപോകുന്നവർ കടന്നു പോകുന്ന വഴികളെക്കുറിച്ചാരും ചിന്തിക്കുന്നില്ല. അപ്പോഴും മരിച്ചവരെക്കുറിച്ചോർത്തല്ല എനിക്കാ രുണ്ടെന്നോർത്താണ് സങ്കടപ്പെടൽ!' ഇന്നലെ മക നോട് ഉപദേശിക്കുന്നതു കേട്ടു 'ലക്ഷണ പുത്രർക്കെന്തിനയ്യോ ധനം, അവലക്ഷണപുത്രർ ക്കെന്തിനയ്യോ ധനം.....' എന്ന്. എന്നുവെച്ചാൽ?' വെളുത്ത മാസ്ക് ഏന്തിവലിഞ്ഞ് മുറുകുംവിധം ചോദിച്ചു.

'എന്നുവെച്ചാൽ....' കറുത്തമാസ്ക് പറഞ്ഞു: 'നല്ല മക്കളാണെങ്കിൽ അവരവർ അദ്ധ്വാനിച്ച് അവർതന്നെ കാശുണ്ടാക്കും, അതുകൊണ്ട് അവർ ക്കായി സമ്പാദ്യം വേണ്ട. ദുഃസ്വഭാവികളാണെ ങ്കിൽ കാശെത്ര കിട്ടിയാലും കളയും. അതുകൊണ്ട് കളയാനായി അവർക്കായി സമ്പാദിക്കേണ്ടതുമില്ല. ഇങ്ങനെ നെഗറ്റീവായി കാര്യം പറഞ്ഞ് സ്വധേ മടി യനായ സാരംഗിയുടെ ഭർത്താവിനെ ഒന്നുകൂടി മടിയനാക്കും ആ തള്ള!' വെളുത്ത മാസ്ക് നെടു വീർപ്പിട്ടു.

ചപ്പാത്തിയും പനീർക്കറിയും കഴിക്കുമ്പോൾ സാരംഗിയുടെ കൈപ്പുണ്യത്തെ പുകഴ്ത്തിയ ഭർത്താവ് അവൾ അടുക്കളയിലേക്ക് പോയ തക്കംനോക്കി കുട്ടികളെ കണ്ണിറുക്കിക്കാണിച്ചി ട്ടു പറഞ്ഞു: 'വായയിൽ വെക്കാൻ കൊള്ളില്ല കറി.... പക്ഷേ, നന്നായില്ലെന്നാൻ പറഞ്ഞാലുള്ള ഭൂകമ്പം സഹിക്കാൻ പറ്റില്ല. അതുകൊണ്ടിങ്ങനെ യൊക്കെ സോപ്പിട്ടുപോകാം ല്ലേ? അതല്ലേ നല്ലത്.' കുട്ടികൾ ഉറക്കെ ചിരിച്ചു. രണ്ടാമന് ആസ്മയുടെ അസുഖമുള്ളതുകൊണ്ട് മാസ്ക് കെട്ടിയാൽ ശ്വാ സംമുട്ടൽ കൂടും. എന്നിട്ടും കളിയാക്കി ചിരിയിൽ മൂത്തവളോടൊപ്പം ശ്വാസമുട്ടലോടെയെങ്കിലും അവനും ചേർന്നു. എത്രയധികം മുഖങ്ങളാണ് ഒരു മനുഷ്യനിലുള്ളത് എന്ന് മാസ്കുകൾക്കുപേ ാലും അമ്പരപ്പ്തോന്നി. തരാതരം പോലെ മനു ഷ്യൻ മുഖകവചങ്ങൾ മാറ്റുമ്പോലെ ഭാവങ്ങളും മാറ്റുന്നു. ഒന്നുള്ളിൽ വെച്ച് പുറമേക്ക് മറ്റൊന്നായി പെരുമാറുന്നു.

സാരംഗി മൊബൈലെടുത്ത് ഇങ്ങനെ ടൈപ്പു ചെയ്യുകയാണ്. ഇന്നത്തെ ചപ്പാത്തിയും കറിയും ന്നായി എന്ന് എല്ലാരും പറഞ്ഞപ്പൊ നിനക്ക് തരാ നാവുന്നില്ലല്ലോ എന്ന് സങ്കടം തോന്നുന്നു. എന്തു നല്ലതുണ്ടാക്കിയാലും ഒരിലവാട്ടി പൊതിപൊതി ഞ്ഞ്, ഈ ജനലോരത്തെ കാറ്റിന്റെ കയ്യിൽ ഏറ്റ വും പ്രിയമുള്ളരാൾക്ക് കൊടുത്തയക്കണം എന്നു തോന്നാറുണ്ട്. എന്നിട്ടാ കാറ്റിനോട് പറയണം, ഒരാളത് കഴിച്ചു കഴിഞ്ഞോ എന്നറിയാനായി ആ വലംകൈ വാസനിച്ചുനോക്കണം എന്ന്. എന്റെ സ് നേഹത്തിന്റെ കളങ്കമില്ലാത്ത നറുംഗന്ധങ്ങൾ ആ ഉള്ളംകയ്യിലിപ്പോഴും പറ്റിനിക്കുന്നുണ്ടോയെന്ന് ചെന്നുനോക്കി വരൂ എന്നും പറഞ്ഞ് രണ്ടാമതും അതേ കാറ്റിനെത്തന്നെ ഞാൻ പറഞ്ഞയക്കും..... നിന്നെ കാണാൻ കഴിയാത്തതുകൊണ്ട് നിരർത്ഥ കമായി എന്ന് എന്റെ കൗമാരത്തെക്കുറിച്ച് ഞാൻ കരുതാറുണ്ട്.

അതുപോലെ നിനക്കു തരാനാവാതെപോകു ന്ന എന്റെ രുചികളും നിരർത്ഥകങ്ങളാണെന്നെ നിക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു എന്നെഴുതി സ്പന്ദിക്കുന്ന ഒരു ചുവന്ന ഹൃദയത്തിന്റെ ചിഹ്ന വും ചേർത്ത് മെസേജ് സെന്റ് ചെയ്തതിനുശേഷം അയ്യോ..... നിങ്ങളീയിടെയായി വല്ലാതെ ക്ഷീണി ച്ചുവരുന്നുണ്ട്.... കുറച്ചുകൂടി കഴിക്കൂ.... എന്നു നി ർബന്ധിച്ചു വിളമ്പുന്ന സാരംഗിയെ കണ്ട് ചാരനി റമാസ്ക് പറഞ്ഞു: 'പെൺ ഒരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ലാന്ന് എന്റെ ഉടമസ്ഥയായ ശിവന്റെ അമ്മ പറയുന്നത് ശരിയാണെന്ന് ഇപ്പഴാ ബോധ്യമായത്.

ആകാശത്തുനിന്ന് കുറച്ചു മഴയെ അവിടേക്കു പറഞ്ഞയിച്ചിട്ടുണ്ട് ഞാൻ. മേഘത്തിന് മാസ്ക്

കെട്ടിക്കൊടുത്തിട്ടുണ്ട്. കൊറോളക്കാലമല്ലോ... നിന്നെ കാണുന്ന മാത്രയിൽ അതാ കൈക്കുള്ളിലേക്ക് സാനിറ്റൈസർപോലെ വീഴും. അടിമുടി ശുദ്ധീകരിക്കും.... എന്നിട്ട് അലിഞ്ഞലിഞ്ഞിട്ടങ്ങനെ കാണാതേയാകും.... നിന്നോടുള്ള ഇഷ്ടം പണ്ടത്തെ പെട്ടിപ്പീടികയിലെ സോഡാക്കുപ്പിയുടെയുള്ളിലെ പച്ചനിറമുള്ള ഗോട്ടിപോലെ എന്റെ കഴുത്തിൽ കുടുങ്ങി ശ്വാസം മുട്ടാൻ തുടങ്ങിയിട്ട് കുറേക്കാലമാകുന്നു.

ഒന്നമർത്തിയ.... ശ്.....ശ്.... എന്ന ശബ്ദത്തോടെ അത് പതഞ്ഞുപതഞ്ഞ് വരികയാണല്ലോ എന്റീശ്വരാ.... ചില സ്നേഹങ്ങൾ എത്ര അമർത്തിപ്പിടിച്ചാലും ഇരട്ടി ശക്തിയോടെ പുറത്തേക്ക് തുളുമ്പാൻ വെമ്പുന്നതെന്തുകൊണ്ടാവും? എത്ര ഒളിക്കാൻ ശ്രമിച്ചാലും വെളിച്ചം മറയ്ക്കാനാവാതെ മിന്നാമിനുങ്ങ് ബുദ്ധിമുട്ടുന്നതു കണ്ടിട്ടില്ലേ? അതിന് വെളിച്ചം ശരീരത്തിന്റെ ഒരു ഭാഗം തന്നെയായതുകൊണ്ടല്ലേ അങ്ങനെ. ദേഹത്തിന്റെയും ആത്മാവിന്റെയും ഭാഗമായ ചില സ്നേഹങ്ങളെ ഞാനെന്താണ് ചെയ്യേണ്ടത്.... പ്രിയമുള്ളൊരു മുഖമോർത്ത് പാതിമുറിഞ്ഞ ഗൂഢമായ ഒരു ചിരിയിലുലഞ്ഞ് ഒന്നുംകൂടി ആവാം എന്ന് കൊഞ്ചി ഭർത്താവിന്റെ പ്ലേറ്റിലേക്ക് ഒരു ചപ്പാത്തികൂടിയിട്ട് സ്നേഹവതിയായി സാരംഗി.

ഊൺമേശയ്ക്കരികിൽ മാസ്ക് ഊരി അലക്ഷ്യമായി തൂക്കിവെച്ചിരിക്കുന്നു മകൻ. 'എന്തടാദ്' ഉറയൂരിയ പാമ്പിനെപ്പോലെ മാസ്ക് കസാലയിൽ തൂക്കിയിട്ടിരിക്കണതെന്തിനാ? എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് ഇങ്ങനെ വലിച്ചിടരുതെന്ന്. എന്നിട്ടും പുല്ലുവിലയാണ് ചെക്കന്. മര്യാദയ്ക്കതുകൊണ്ടുപോയി കഴുകാനിട്ടോ. സാരംഗി ശബ്ദമുയർത്തുന്നതുകേട്ട് കറുത്ത മാസ്ക് വെളുത്ത മാസ്കിനോട് പറഞ്ഞു: 'കുട്ടികളായാ ഇത്തിരേങ്കിലും അനുസരണ വേണം.... ഈ ചെക്കന് തനി കൊരങ്ങന്റെ സ്വഭാവാ.... മിനിഞ്ഞാന്ന് പല്ലുവേദന വന്നപ്പൊ മൊഖം കൊട്ടത്തേങ്ങ പോലെ വീർത്തപ്പൊ ആവൂ മാസ്ക്കുള്ളതുകൊണ്ട് കവിളുവീർത്തതാരും കാണില്ലാലോ.... വലിയ രക്ഷയായി എന്നും പറഞ്ഞ് മാസ്കും താങ്ങി നടന്നവനാണ്, ഇപ്പ നമ്മളേയൊന്നും ഒരു വിലയുമില്ലാതെ വലിച്ചെറിയണത്.'

വെളുത്തമാസ്ക് പറഞ്ഞു: 'നല്ല അടി കിട്ടാത്തതിന്റെ കൊറവാണ് ചെക്കന്. മുരിങ്ങയായാലൊടുച്ചു വളർത്തണം.... കുട്ടികളായാൽ അടിച്ചു വളർത്തണം.... ന്ന് കേട്ടിട്ടില്ലേ... വളത്തുദോഷം. അല്ലാണ്ടെന്താ പറയാ ദ്നൊക്കെ. കുട്ടികളില്ലെങ്കില് ഇല്ലാന്നൊരൊറ്റ സങ്കടേള്ളൂ. ഇതുപോലെ വാനരൻമാരാണെങ്കിൽ മക്കളുണ്ടായിട്ടും ഒരു ഫലോല്ലാ. വീണ്ടും തന്നിൽ നിന്നും അകന്നു പോയ കുഞ്ഞുവെള്ളമാസ്കിനെയോർത്ത് ഞെട്ടുന്ന വെളുത്തമാസ്കിനോട് കറുത്തമാസ്ക് പറഞ്ഞു: 'മാസ്കിട്ടാ ശ്വാസംമുട്ടലാണത്രേ ചെക്കന്. ഒടുവില് കൊറോണയും പിടിച്ച് കണ്ണുംതുറിച്ച് കെടക്കുമ്പഴേ ഈ വിവരമില്ലാത്ത വർഗ്ഗം പഠിക്കൂ...

ജനൽചാരെ മഴയുടെ ശക്തികുറയുന്നത് സാരംഗി കണ്ടു. സാധാരണ ജലദോഷം വന്നാൽ ഒന്നു തുമ്മിയാൽ ഇപ്പോൾ പേടിയാണ്. റിസൾട്ട് വരും വരേയുള്ള എരിപൊരിസഞ്ചാരങ്ങൾ. എല്ലാത്തിനോടും പേടിതോന്നുന്ന നേരങ്ങൾ. കൊറോണ പിടിമുറുക്കും മുമ്പ്, അതിനുശേഷം എന്നിങ്ങനെ കാലത്തെത്തന്നെ രണ്ടായി പകുക്കേണ്ടിവരുന്നു. എവിടെനോക്കിയാലും ആളുകളുടെ മൂടിക്കെട്ടിയ മുഖങ്ങൾ അരോചകങ്ങളാകുന്നു. പകൽവെളിച്ചത്തിൽ ആളുകളുടെ ചിരിക്കുന്ന മുഖം കണ്ടിട്ട്, സ്നേഹപൂർവ്വം ഒന്ന് കയ്യിൽപ്പിടിച്ചിട്ട് നാളെത്രയായി...... സാനിറ്റൈസർ കൊണ്ട് കൈ കഴുകിക്കഴുകി കയ്യിലെ തൊലിമുഴുവൻ നീറുമ്പോഴും പിന്നേയും തീർത്ഥംപോലെ അതു കയ്യിലേക്ക് പകർന്ന്, കഴുകിയാലും കഴുകിയാലും തീരാത്ത സംശയങ്ങൾ. വല്ലാത്തൊരു കാലം.

അവൾക്ക് നാട്ടിലെ തേരുകാലം ഓർമ്മവന്നു. വീട്ടുമുറ്റത്ത് ഓടിവന്നുരുണ്ടുവീഴാനും പലരൂപമേഘങ്ങളെ രഥോത്സവം പോലെ ആകാശത്തിലൂടെ നെഞ്ചിലൂടെ കെട്ടിവലിക്കാനും കാറ്റുകൾ വന്നിരുന്ന ഒരുകാലം -ഇപ്പോൾ ആരവങ്ങളില്ല.... ഉത്സവസന്തോഷങ്ങളില്ല, എങ്കിലും വരുമായിരിക്കും, എല്ലാം മായ്ച്ചുകളയുന്ന കാറ്റുകൾ. അങ്ങനെയങ്ങനെ പോകുമ്പോൾ ഒരു കാലമുണ്ടാവും, എല്ലാ സംഭ്രമങ്ങളെയും മറികടക്കാൻ. എവിടെയാവും ആ മഞ്ഞറളിപ്പൂ വാസനകളുടെ അതിമൃദുലപ്പാലം?

ഞാനിന്ന് സാരംഗിയുടെ കൂടെ ജോലിസ്ഥലത്തേക്ക് പോകുമ്പോൾ നമ്മടെ തുന്നൽക്കാരി ആദ്യമുണ്ടാക്കിയ മഞ്ഞയിൽ കള്ളികളുള്ള മാസ്കിനെ കണ്ടു. ഒരു നാടോടി സ്ത്രീയുടെ മുഖത്തിരിപ്പാണത്. മുറുക്കിത്തുപ്പാൻ വേണ്ടി മാസ്ക് മാറ്റിയപ്പോഴാണ് അവരുടെ കറപിടിച്ച പല്ലും ചിരിയും കണ്ടത്. ആ ചിരിയുടെ അരികുകളിലെ വിടെയോ ആരുടെയൊക്കെ സ്വൈര്യതകളിലേക്ക് മൂർച്ചയോടെ തറച്ചുകയറുന്ന കുപ്പിച്ചില്ലുകഷ്ണങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു. ചിലതരം അറിവില്ലായ്മകളാണല്ലോ ജീവിതത്തിന്റെ നിസ്സാരതയേയും,

നിസ്സഹായാവസ്ഥയേയും നമുക്ക് മനസ്സിലാക്കിത്തരുന്നത്. കറുത്തമാസ്ക് വെളുത്ത മാസ്കിനോട് പറഞ്ഞു: 'നമ്മൾ വിചാരിക്കും ഈ ലോകം മുഴുവൻ നമ്മൾ ചെയ്യുന്നതു തന്നെയാണ് ശ്രദ്ധിക്കുന്നത് എന്ന്. പക്ഷേ, കേട്ടോളൂ, എല്ലാവരും ഏറ്റവുമധികം ശ്രദ്ധിക്കുന്നത് അവനവനേത്തന്നെയാണ്.

കണ്ടിട്ടില്ലേ... സുഹൃത്തിന്റെയോ ബന്ധുക്കളുടെയോ കല്ല്യാണ സിഡിയോ ആൽബമോ കാണുമ്പോൾ അവരേയല്ല, അതിൽ അവനവൻ എങ്ങനെയുണ്ടെന്ന് നോക്കാനാണ് എല്ലാവർക്കും ഉത്സാഹം. അവനവനിഷ്ടങ്ങൾ കൊണ്ടുനടക്കുമ്പോഴും ചിലനേരം എത്ര പാവങ്ങളാണ് മനുഷ്യർ എന്നും തോന്നാറുണ്ട്.

ചില മുഖാവരണങ്ങൾ നല്ലതാണ് സാരംഗി കരുതി. മുഖത്തെ ഭാവം ആരും പെട്ടെന്ന് കാണില്ലല്ലോ. കുട്ടിക്കാലത്ത് അമ്മ പറയാറുള്ളതോർമ്മ വന്നു. കാലിൽ മുള്ളുതറച്ചാൽ ഇഞ്ചക്ഷനെടുക്കുമ്പോൾ, ഒക്കെ.... കുട്ടീ പച്ച എലേൽക്ക് നോക്കിയിരുന്നോളൂ..... പച്ചേൽക്ക് നോക്കിയിരുന്നാൽ തീരെ വേദനിക്കില്യ..... സാരംഗി നെടുവീർപ്പിടുന്നത് മാസ്കുകൾ കേട്ടു.

അമ്മേ.... ഈ ജീവിതത്തിന്റെ കണക്കെടുപ്പുകളിൽ എല്ലാ പച്ചയും കെട്ടുപോകുമ്പോൾ ഇപ്പോൾ എങ്ങോട്ടുനോക്കിയാണ് വേദന മറക്കേണ്ടത് ഞാൻ? ഇഷ്ടങ്ങളിലേക്ക് കിലുങ്ങുന്ന ഒരു ചിലങ്കയായിരുന്നു സാരംഗിക്ക് നൃത്തം, പണ്ട്.

ഇപ്പോൾ അടുക്കളയിൽ കറികളിൽ ഉപ്പും മഞ്ഞൾപ്പൊടിയും ഇടുമ്പോൾ അറിയാതെ വിരലുകൾ കർത്തരീമുഖത്തിലോ അരാളത്തിലോ മുദ്രകളടയാളപ്പെടുത്തുമ്പോൾ മാത്രം കലോത്സവവേദികളിൽ ഒരുകാലത്ത് നിറയെ സമ്മാനങ്ങൾ വാങ്ങിയിരുന്ന ആ പഴയ പെൺകുട്ടി, സാരംഗിയിൽ നിറയുന്നു. നാലുമണി പലഹാരനേരങ്ങളിൽ ചൂടുവെളിച്ചെണ്ണയിൽ പരിപ്പുവടകൾ വെൺപതകൊണ്ട് ചിലങ്കകെട്ടി നൃത്തം ചെയ്ത് മൊരിഞ്ഞുവരുന്നതു കാണുമ്പോൾ മാത്രം 'താരിത്തരിത്തക്കിണ്ണം ജം' എന്ന ഒരു ജതി മനസ്സിലിടറുന്നു. സങ്കടങ്ങളുടെ പൊരിവെയിൽ പരക്കുന്നു. അതിൽ സർപ്പജടയുള്ള മഹാദേവനെപ്പോലെ നൃത്തം ചെയ്യണം. ചടുലതാളങ്ങൾക്കിടയിൽ തരിവളപോലെ ഊർന്നുപോകണം. അല്ലെങ്കിൽ മുത്തുപതിപ്പിച്ച ഒരാഭരണംപോലെ വീണുരുണ്ടുരുണ്ടുപോകണം -എവിടേക്കെന്നറിയാത്തവിധം! സാരംഗി സങ്കടത്തോടെ ഓർക്കുന്നു.

പുറത്ത് മഴയ്ക്കു ശക്തികൂടുന്നു. വെയിലേറ്റ് പകൽ കരുവാളിച്ചുനിന്നിരുന്ന ചെണ്ടുമല്ലികളുടെ ക്ഷീണിച്ച ഗന്ധവും രാമുല്ലകളുടെ ഗന്ധവും മണ്ണിൽ നിന്നുയർത്തിയെടുത്ത് തലയിലേറ്റിക്കൊണ്ടുവന്ന് മഴ മൂക്കിൻതുമ്പത്തേക്ക് പതിയെ ആ ഗന്ധങ്ങളെ ഇറക്കിവെക്കുന്നു. കരച്ചിൽ ചില്ലുജാലകംപോലെ കണ്ണിനെ വലിച്ചുതുറന്ന്, ഹൃദയത്തിലെ പിടപിടപ്പുകളെ എല്ലാവരും കണ്ടോളൂ എന്നു പറഞ്ഞ് കാണിച്ചുകൊടുക്കാൻ വെമ്പുന്നു. സ്വയം നഷ്ടപ്പെടുമ്പോലെ തോന്നുന്നു.

അയയിലുണങ്ങാനിട്ടവ കൂടാതെ പലതരം മാസ്കുകൾ ഇനിയും കരുതിയിട്ടുണ്ട് അലമാരയിൽ. തരാതരംപോലെ വേണ്ടപ്പോഴൊക്കെ എടുക്കാനും സന്ദർഭത്തിനനുസരിച്ച് മാറ്റിമാറ്റിയണിയാനും. എല്ലാവർക്കും വെച്ചുവിളമ്പി ഊട്ടുമ്പോൾ സാരംഗി കഴിച്ചുവോ എന്നോ, അവൾക്ക് വിശക്കുന്നുണ്ടോ എന്നോ ആരും അന്വേഷിക്കാറില്ല, അറിയാറേയില്ല. കറുത്തമാസ്ക് വെളുത്ത മാസ്കിനോട് പറഞ്ഞു:

'എല്ലാം മായ്ച്ചുകളയുന്ന, ഏതിരുട്ടിലും വെളിച്ചം കൊളുത്തുന്ന ഒരു കാലം -അതു കണ്ടെത്തേണ്ടത് അവനവന്റെ ഉള്ളിൽ നിന്നുതന്നെയാണല്ലോ എന്ന് ഈ മനുഷ്യരൊക്കെ എപ്പോഴെങ്കിലും തിരിച്ചറിയുമായിരിക്കും..... സാരംഗിയുടെ വീട്ടുമുറ്റത്തെ ആകാശത്തെ കുറുകെ മുറിച്ചുകൊണ്ട് പലനിറം പടർന്ന തൂവലുകളുള്ള പക്ഷി ഒരു നിലവിളിപോലെ പറന്നുപോകുന്നതുനോക്കി മാസ്കുകൾ നിശ്ശബ്ദരായി.

ജനൽക്കാഴ്ചയിൽ മഴ പതിയെപ്പതിയെ മായുന്നത് സാരംഗി അറിഞ്ഞു. ഇനിയും വരണം.... തണുപ്പ്, നിലാവുകൊണ്ട് ആകാശത്തുനിന്ന് ഭൂമിയിലേക്ക് ഒരു വെള്ളിയൂഞ്ഞാലിടുന്ന നേരങ്ങൾ. ആയത്തിലായത്തിലാടിക്കൊണ്ടുള്ള ചില ചാഞ്ചാട്ടങ്ങൾ. അത്രയൊക്കെയെ വേണ്ടൂ; പക്ഷേ..... അത്രയെങ്കിലും വേണംതാനും!


**ജീവിതരേഖ**

കോഴിക്കോട് സർവകലാശാലയിൽ നിന്ന് മലയാള സാഹിത്യത്തിൽ റാങ്കോടെ ബിരുദാനന്തര ബിരുദം. ദ്രാവിഡിയൻ സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് .വിശ്വാസങ്ങളിൽ ചില സ്വപ്നങ്ങൾ (കഥാസമാഹാരം ), പക്ഷികണ്ണ് ജാലകം (കവിതാ സമാഹാരം) സ്ത്രീവാദം ഒരു പഠനം തുടങ്ങി നിരവധി പഠനങ്ങൾ

pavithramansgc@gmail.com

# നിങ്ങൾക്ക് ഹോം ലോൺ അല്ലെങ്കിൽ ഇൻവെസ്റ്റ്മെന്റ് ലോൺ

## ആവശ്യമെങ്കിൽ ബന്ധപ്പെടുക



loanDepot

#1 Retail Lender in Volume | Per Scotsman Guide

**Dhan Thomas**

**NMLS# 1987022**

**Loan Consultant**

**(267) 475-3410**

Dhanmt@gmail.com

dhanthomas@loandepot.com

https://www.loanDepot.com/dhanthomas

Scan QR Code

ഇ-മലയാളി കഥാമത്സരം 2022

രണ്ടാം സമ്മാനം നേടിയ കഥ



ഇ സന്ധ്യ



വര:
പി ആർ രാജൻ

# കൈകൃഷ്ട

'പരമേശ്വരൻ അവ്ടെണ്ടോ? എന്നാല് ഒന്നിങ്ങട് വരാൻ പറയണം. കൊറച്ച് കാര്യങ്ങള് ഏല്പിക്കാന്ണ്ട്'

അമ്മയാണ്. നാണിയോടാണ്. അതുകേട്ടാണ് ഞാൻ ഉണർന്നത്. രാവിലെ അത്ര നേരത്തെ വന്ന് ചെയ്യേണ്ട ജോലിയൊന്നുമില്ല, മണി എട്ടരയായിട്ടേയുള്ളൂ; എങ്കിലും നാണിയെത്തി. കയ്യിൽ കരുതുന്ന കുട തിണ്ണയിൽ പതിവുസ്ഥാനത്ത് നിക്ഷേപിച്ച് പുറകിലെ വാതിലിലൂടെ നാണി അകത്തു കയറിയപ്പോഴായിരുന്നു അമ്മയുടെ ചോദ്യം

ശനിയാഴ്ച. രാവിലെ.

എനിക്കേറ്റവും ഇഷ്ടമുള്ള ദിവസം, ഏറ്റവും നല്ല

സമയം. അഞ്ചുദിവസങ്ങളിലെ തിരക്കിട്ട ഓട്ടങ്ങൾക്കും വേവലാതികൾക്കും ഓഫീസ് ജോലികൾക്കും ശേഷം അലാമിൻറെ ശബ്ദമില്ലാതെ അലസതയോടെ എണീക്കാനും പതുക്കെ ചായ കുടിച്ച് ഉമ്മറത്തെ വരാന്തയിലിരുന്ന് മുറ്റത്തെ മാവിൽ വന്നിരിക്കുന്ന കിളികളുടെ ഒച്ചയും പ്രത്യേകിച്ചൊരു പരിചരണമില്ലാതെയും തൊടിയിൽ ഒറ്റയ്ക്കും തെറ്റക്കും വിരിയുന്ന പൂക്കളുടെ ചന്തവും ആസ്വദിക്കാനുമാവുന്ന ദിവസം. അപ്പോൾ ഞായറാഴ്ചയോ എന്നു ചോദിക്കാം. അല്ല. ഞായറാഴ്ച രാവിലെയാകുമ്പോഴേക്കും അടുത്തയാഴ്ച തുടങ്ങുകയാണല്ലോ എന്നും ആവർത്തനങ്ങളുടെ മടുപ്പുകളിലേക്കാണല്ലോ എന്നുമുള്ള ആലോചനവരും. ഉച്ചയൂണ് കഴിഞ്ഞ് ഒന്നു മയങ്ങുകയാണെങ്കിൽ പറയുകയേ വേണ്ട .അന്നത്തെ വൈകുന്നേരം കടുത്ത വിഷാദങ്ങൾക്കു വിട്ടുകൊടുക്കാനുള്ളതാണ്. മരണഭയത്തോളം ചെന്നെത്തുന്ന ചിന്തകൾ. എവിടെപ്പോയാലും എന്തു ചെയ്താലും ആ അവസ്ഥയിൽ നിന്ന് വിടുതലില്ല.

തളത്തിൽ,ചുവരോട് ചേർത്തിട്ട കട്ടിലിൽ പതിവുപോലെ അമ്മയിരിക്കുന്നുണ്ട് .പ്രഭാതകൃത്യങ്ങൾ കഴിഞ്ഞുള്ള ഇരിപ്പാണ്. ആ ഇരിപ്പിലാണ് വാഴ കുലച്ചോ , നാളികേരമിടാറായോ, മാങ്ങ മൂത്തോ, ചക്ക കാക്ക കൊത്തിയോ എന്നൊക്കെ നോക്കുക. അമ്മയുടെ പ്രകൃതിവായന. ഇന്നുരാത്രി മഴ പെയ്യും, നാളെ നല്ല ചൂടാവും എന്ന അമ്മയുടെ ചില നിരീക്ഷണങ്ങൾ മിക്കവാറും ഫലിക്കുകയും ചെയ്യും. എനിക്കുള്ള ചായ അടുപ്പിൽ തിളപ്പിച്ച വെള്ളംവെക്കുന്ന പാത്രത്തിനു മുകളിൽ വെച്ചിട്ടുണ്ടാവും. വെള്ളിയാഴ്ച ഓഫീസ് കഴിഞ്ഞ് നേരെ വരുന്നത് അമ്മയുടെ അടുത്തേക്കാണ്. പിന്നെ ശനിയാഴ്ച മുഴുവൻ അമ്മക്കൊപ്പം. എൻറെ ഭൂതകാലം ഒരുടവും വരുത്താതെ അമ്മ വസ്തുക്കളായും ഓർമ്മകളായും ഭദ്രമായി എടുത്തു വെച്ചിട്ടുണ്ട് . 'ഈ ഉടുപ്പ് എപ്പോ കിട്ടിയതാണെന്നോർമ്മയുണ്ടോ , ആ പാട്ട് പാടാറുള്ളത് മറന്നോ , അന്നത്തെ സ്ലേറ്റ് കൊണ്ടുവണോ, ഈ ചുവന്ന തൊപ്പി രോഹിതിനിഷ്ടാവോ , മഷിനിറക്കണ പേന ഉപയോഗിച്ചുനോക്കണോ, നീലബാഗിൽ നിന്നും കിട്ടിയതാ ഈ മൗത് ഓർഗൻ...' ഇങ്ങനെ ഞാൻ മനപ്പൂർവ്വമായോ അല്ലാതെയോ മറന്നിട്ട പലതിനും അമ്മ ജീവൻ കൊടുക്കും . ആ പുതുമുളകളിൽ നിന്നുമുള്ള ഹൃദയഹാരിയായ സുഗന്ധമാണ് തുടർന്നുള്ള ഒരാഴ്ചക്കുള്ള എൻറെ ഉത്തേജനൗഷധം. ഞങ്ങൾക്കിടയിലൂടെ ഒഴുകിപ്പോയ കാലത്തിന്റെ കടന്നേറ്റങ്ങൾ എങ്ങോ മറഞ്ഞുപോവുകയും അമ്മയും മകളും മാത്രമുള്ള ഒരു ലോകം സ്വാഭാവികമായി രൂപം കൊള്ളുകയും ചെയ്യും. അമ്മയുമത് കാത്തിരിക്കും. അമ്മമാർക്ക് മാത്രമേ ആ സിദ്ധിയുള്ളൂ എന്നെനിക്ക് തോന്നാറുണ്ട്. പഴയതിനെ, എപ്പോഴും പുതിയതായി തോന്നുന്ന രീതിയിൽ രാസപരിണാമം വരുത്തുന്ന അത്ഭുതവിദ്യ. ഞാൻ വരുന്നതുകൊണ്ട് വെള്ളിയാഴ്ച രാത്രി നാണിക്ക് ഒഴിവാണ്. നാണി അമ്മയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്; എന്നു മാത്രം പറഞ്ഞാൽ മതിയാകില്ല. അമ്മയുടെ കാര്യസ്ഥ. അംഗരക്ഷക. എനിക്ക് ഓർമ്മ വെച്ച കാലം തൊട്ട് നാണി ഞങ്ങൾക്കൊപ്പമുണ്ട് . അമ്മ വിളിക്കുന്നത് കേട്ട് ഞങ്ങളെല്ലാവരും അവരെ നാണിയെന്നു തന്നെ വിളിച്ചു. ഒട്ടും കുറയാത്ത സ്നേഹത്തോടെ. പഴയകാലരീതിക്കനുസരിച്ച് നാണി അമ്മയെ തമ്പ് രാട്ടിയെന്നും. അതൊരു വിളി മാത്രം. അമ്മയൊരിക്കലും നാണിയോടൊരു ഉടമസ്ഥമനോഭാവം കാണിച്ചിട്ടില്ല. നാണിയാകട്ടെ തനിക്കുള്ള സ്ഥാനം മുതലെടുത്തുമില്ല .

'ഇല്യ, കഴിഞ്ഞിട്ടില്ല, കഴിഞ്ഞാഴ്ച വേടിച്ചതല്ലേ? ഇവിടെപ്പൊ ആരാ അത്ര പൻസാര കഴിക്കണോര്? തമ്പ്രാട്ടി ഒരു സ്പൂണല്ലേ ഇടാറുള്ളൂ?' കട്ടിലിൽ നിന്ന് താഴേക്കുവീണ അമ്മയുടെ മുണ്ടിൻറെ അറ്റം മുകളിലേക്ക് കയറ്റിവെച്ച് അടിച്ചുവാരാൻ തയ്യാറായി നാണി പറഞ്ഞു.

'നീയെന്താ പറയണ്?' അമ്മ അല്പം ശബ്ദുമുയർത്തി.

'ആ, പൻസാര കഴിഞ്ഞോന്നല്ലേ ചോയ്ച്ചത്? കഴിഞ്ഞിട്ടില്ല.' നാണിക്ക് തീർച്ചയാണ്.

'നിൻറൊരു ചെവി! വയ്യ എനിക്ക്. പരമേശ്വരൻറെ കാര്യാ ചോയ്ച്ചത്.'

നാണിക്കും എനിക്കും ചിരി വന്നു. 'ഞാനേ, പൻസാരന്നാ കേട്ടേ. പരമേശ്വരൻണ്ട് അവടെ. എന്തേ, വരാൻ പറയണോ?'

'ആ, അവന് സൗകര്യള്ളപ്പൊ ഒന്ന്ങ്ങ്ട് വരാൻ പറയൂ. മരുന്നൊക്കെ കഴിഞ്ഞു. അടുത്ത മാസത്തെക്ക്ള്ളത് മേടിക്കാറായി.'

'പറയാം. തമ്പ്രാട്ടി, ഇന്ന് കുളിക്ക്ണ്ല്യേ? കുളിക്കണ നേരായിലോ? ചൂടുവെള്ളം കുളിമുറീല് കൊണ്ടോയ് വെക്കട്ടെ?'

അടിച്ചുവാരി വാതിലിനടുത്തെത്തിയിരുന്നു നാണി.

'ആ നല്ല ചൂടന്ന്യാ ഇപ്പൊ. പറയുമ്പൊ മകരമാസം. ഇപ്പൊതന്നെ ഇങ്ങനെ ചൂടാച്ചാ, ആലോയ്ക്കാൻ വയ്യ, കുംഭം, മീനം, മേടം...'

'അതല്ല തമ്പ്രാട്ട്യേ. കുളിക്കണ കാര്യാ ഞാൻ പറഞ്ഞത്. കുളിക്കണ നേരായിട്ടും കുളിക്ക്ണ്ല്യേന്ന് ചോയ്ച്ചതാ.'

അമ്മയ്ക്ക് അല്പം ദേഷ്യം വന്നു.

'നീയിങ്ങനെ ചുണ്ടിന്റെ താഴെ പറഞ്ഞാ ആര്ക്കാ കേക്കാ. ഒറക്കെ പറഞ്ഞൂടേ?'

നാണിക്ക് ചിരി വന്ന് സഹിക്കാൻ പറ്റാതായി.

‘നമ്മക്ക് രണ്ടാൾക്കും ചെവി പതാ തമ്പ്രാട്ട്യേ. പരമേശ്വരൻ എപ്പഴും എൻറെ ചെവി പതാന്ന് ചീത്ത പറയും. ഇപ്പൊ തമ്പ്രാട്ടിക്കും അതന്നെ...’

മുഴുവൻ മനസ്സിലായില്ലെങ്കിലും അമ്മക്ക് ചെവിയുടെ കാര്യമെന്നു പിടികിട്ടി. നാണിയുടെ ചിരിക്ക് ഒരു കൂട്ടുചിരി ചിരിച്ച്, ‘എന്തായാലും നിൻറെത്ര ആയിട്ടില്ല എനിക്ക്’ എന്നൊരു പ്രസ്താവനയിറക്കി. നാണിയ്ക്ക് എത്ര വയസ്സായിട്ടുണ്ടാവും എന്ന് ഞാനോർത്തു. അമ്മയോടു ചോദിച്ചപ്പോൾ പറഞ്ഞതിങ്ങനെയാണ്. ‘ഞാൻ കല്യാണം കഴിഞ്ഞുവരുമ്പോ നാണി പുറം പണിക്ക് വരാറുണ്ടായിരുന്നു. അവളുടെ അമ്മ ചീരുവിനോടൊപ്പം. അന്നവളുടെ കല്യാണം കഴിഞ്ഞിരുന്നില്ല. നല്ല മുഖശ്രീയും ആരോഗ്യവുമുള്ള ഒരു പെണ്ണായിരുന്നു അവൾ. ചുറുചുറുക്കോടെ എല്ലാ പണിയും ചെയ്യും. കൊയ്യും. മെതിക്കും. കറ്റ ചുമക്കും. നെല്ലു കുത്തും. അവൾ ജോലി ചെയ്യുന്നത് കണ്ടു നിൽക്കുക ഒരു രസമായിരുന്നു. എന്നേക്കാൾ ഒരഞ്ചാറു വയസ്സ് താഴെയാവും പ്രായം. എനിക്കിപ്പൊ എൺപത്തിആറ്. അപ്പൊ നാണിക്ക് എൺപതായിണ്ടാവും.’

കുളിമുറിയുടെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടപ്പോൾ നാണി ചൂലവിടെയിട്ട് പതിവുപോലെ പറഞ്ഞു. ‘വാതില് കുറ്റീടണ്ടാട്ടോ തമ്പ്രാട്ട്യേ. കുളി കഴിഞ്ഞ് പൊറം തോർത്താറാവുമ്പോ പറഞ്ഞാ മതി. ഞാനിവിടെ അകം തൊടയ്ക്കാം ആ നേരം കൊണ്ട്.’

രണ്ടുവർഷം മുമ്പ് തുടങ്ങിയ പതിവാണ്, കുളിക്കുമ്പോഴുള്ള നാണിയുടെ സഹായം. അമ്മയ്ക്ക് ഒരു വീഴ്ച പറ്റി. അരക്കെട്ടിലെ എല്ലിന് ചെറിയൊരു ഒടിവ്. ആശുപത്രിവാസം വേണ്ടിവന്നില്ല. പക്ഷെ വീട്ടിൽ രണ്ടുമാസം കിടന്ന കിടപ്പു തന്നെ. അതിനുശേഷം കുളിക്കുമ്പോൾ നാണി കാവൽ നിൽക്കാൻ തുടങ്ങി. സത്യത്തിൽ അതിൻറെ ആവശ്യമില്ല. പക്ഷെ നാണി സമ്മതിക്കില്ല.

നാണിയുടെ വയസ്സിനെക്കുറിച്ചുള്ള അമ്മയുടെ കണക്കുകൂട്ടൽ ശരിയാവുമെങ്കിലും ഞാൻ നാണിയോട് ചോദിച്ചു.

‘നാണിക്കെത്ര വയസ്സായി ഇപ്പോ?’

നാണിക്ക് ഉത്തരമറിയില്ല എന്നറിയാമെങ്കിലും ചിലപ്പോഴെനിക്കത് ചോദിക്കണമെന്നു തോന്നും; ഒരു രസത്തിന്, തമാശക്ക്.

‘അറീല്യ കുട്ട്യേ. എഴുപതൊക്കെ ആയിണ്ടാവും.’

അത് , അമ്മ കേട്ടു എന്നു തോന്നുന്നു. ചിരിക്കുന്നതു കണ്ടു. ഇതിപ്പൊ കുറെക്കാലമായി എഴുപതിൽ നിൽക്കുന്നു. അവിടന്നങ്ങോട്ട് കടക്കുന്നില്ല എന്നുമാത്രം എന്നാണാ ചിരിയുടെ അർത്ഥം.

അമ്മ കുളിച്ചുതോർത്തി മുണ്ടുമാറ്റി വന്നപ്പോഴേക്ക് നാണി ഉമ്മറം അടിച്ചുതുടച്ചിരുന്നു. ഇനി കുറച്ചുനേരം അവിടെയിരുന്നുള്ള പേപ്പർ വായനയാണ്. പ്രത്യേകിച്ച് നോക്കാറുള്ളത് ‘ഇന്നറിയാൻ’ കോളമാണ്. കറൻറു പോകുക, വെള്ളം നിൽക്കുക, ഗതാഗതനിയന്ത്രണം ഇതൊക്കെ അറിയനാണത്. അത് നാണിയോടു പറഞ്ഞിട്ട് കാര്യമില്ലെങ്കിലും പറയാതിരിക്കില്ല. ഇന്നത്തെ ഇന്നറിയാനിൽ കറൻറു പോക്കിൻറെ കാര്യമുണ്ട്. 11 മുതൽ 5 വരെ. ‘നാണീ’– അമ്മ വിളിച്ചു. നാണി കേട്ടില്ല.

‘നാണീ... നാ...ണീ’ പിന്നെയും കേട്ടില്ല.

കാൽമണിക്കൂറു കഴിഞ്ഞപ്പോൾ നാണി വന്നു. ‘തമ്പ്രാട്ടി വിളിച്ചിരുന്നോ? ഞാനേ പൈപ്പു തൊറന്നിട്ട കാരണം കേട്ടില്ല. തിരുമ്പായ്ര്ന്നേ.’

അമ്മ ചുണ്ടുകൂർപ്പിച്ചു പിടിച്ചു. ‘ഒരു മണിക്കൂറായി വിളിക്ക്ണു .’

‘എന്താ തമ്പ്രാട്ട്യേ?’

‘ഏയ്... കറന്റു പോയോന്ന് നോക്കാനാ. ആ ഫ്രിഡ്ജിന്റെ മോളില് ലൈറ്റ് കാണ്ണ്ടോന്ന് നോക്ക്’ നാണി നോക്കി വന്നു.

അമ്മയുടെ ഇത്തരംചില പ്രവൃത്തികളാണ് എനിക്ക് അൽപ്പം ഈർഷ്യയുണ്ടാക്കാറ് . ഇതൊക്കെ എന്നോട് പറഞ്ഞാലും പോരെ എന്നു ചോദിച്ചാലുള്ള ഉത്തരം വിചിത്രമാണ് ‘മതിയാവാഞ്ഞിട്ടല്ല , പക്ഷെ നീയിവിടെ എപ്പളും ഉള്ള ആളല്ലല്ലോ , അവളല്ലേ കൂടെള്ളത്, അതോണ്ടാ.’സമ്മതിക്കയല്ലാതെ മറ്റു മാർഗമില്ല.

‘ഫ്രിഡ്ജിന്റെ മോളിലല്ലേ? അവടെ ലൈറ്റ്ണ്ട്.’

‘ഹാവൂ! സമാധാനം! അപ്പോ പോയിട്ടില്യ. ഭാഗ്യം! അല്ല, ഇനീപ്പൊ എപ്പളാ പൂവ്വാവ്വോ. അല്ലെങ്കിലും ഇപ്പൊ പോയാ ഒന്നൂല്യ. ഉച്ചക്ക് കെടക്കുമ്പൊ ഇത്തിരി കാറ്റ് വേണം ന്നേള്ളൂ.’

‘ഇന്നെന്താ കൂട്ടാൻ വെക്കണ് തമ്പ്രാട്ട്യേ? കഷ്ണം വല്ലതും നുറക്കണോ?’

‘ആ.. അത് നീ വന്ന ഉടനെ പറയാൻ മറന്നു. ഒരു കൊപ്പക്കായ പൊട്ടിക്ക്. അത്ട്ട് ഒരു മൊളോഷ്യം വെക്കാം. ഇന്ന് ഉപ്പേരി വയ്ക്കാൻ ഒന്നൂല്യ. സാരല്യാ. ഗായത്രിക്ക് മൊളോഷ്യം മാത്രം മതി ഉണ്ണാൻ. പപ്പടോം. എന്താ, പോരേ?’

‘തമ്പ്രാട്ടി എന്താ പറേണ്ച്ചാ അത്. ഇവടെള്ളത് കഴിച്ചിട്ടല്ലേ ശീലം. ഇപ്പൊ വന്നുവന്ന് എനിക്ക് മൊട്ടെടെം മീനിൻറേം എറച്ചീടേം മണം പറ്റില്യാന്നായ്ണ്ട്. പരമേശ്വരൻ എപ്പഴും എന്നെ കള്യാക്കും. അവിടെ നിന്ന്നിന്ന് തമ്പ്രാട്ടീനെക്കാളും വല്യേ തമ്പ്രാട്ട്യായി അമ്മാന്ന്.’

‘ആ, അതന്ന്യാ നല്ലത്. അതൊക്കെണ്ടാക്ക്യാ കഴിക്കാൻ സ്വാദ് ണ്ടാവ്രേക്കും. പക്ഷെ പാത്രങ്ങൾടെ നാറ്റാ പൂവാത്തത്. ഇവടെ തമ്പ്രാന് മത്സ്യം നല്ലോണം വെച്ചാ വല്യേ ഇഷ്ടായ്രുന്നു. ഞാൻ വെച്ചട്ടല്ലാ

ട്ടോ. എന്നാലും എവിടെന്ന്ങ്കിലും എപ്പളെങ്കിലും കഴിച്ച് വന്നാ അപ്പൊ പോയി കുളിക്കണ കാണാം , നാറ്റം തോന്നുണുന്നു പറയും. കുളിച്ചിട്ടേ ബാക്കി കാര്യള്ളൂ.'

ഞാനാലോചിച്ചു അക്കാലങ്ങൾ. അച്ഛന് മൂക്കത്തായിരുന്നു ശുണ്ഠി. വൃത്തിയുടെയും വെടിപ്പിൻറെയും അവസാനവാക്ക്. അന്നൊക്കെ രണ്ടുനേരം വീട് അടിച്ചുവാരിത്തുടപ്പിക്കും. എന്നാലും മുഖം തെളിയില്ല. അവിടെയും ഇവിടെയും വല്ല കരടുമുണ്ടോ എന്ന് നോക്കി നടക്കും. എന്തെങ്കിലും കണ്ടാൽ നാണിക്ക് ചീത്തയോടു ചീത്തയാണ്. എങ്കിലും നാണി പരാതിയൊന്നും പറയാറില്ല. ചിലപ്പോൾ ഒരു ചിരി മുഖത്ത് കാണും. 'തമ്പ്രാന് അങ്ങനെ ഒരു സമാധാനം കിട്ട്ണ്ടെങ്കിൽ ആയ്ക്കൊട്ടേന്നേ ഓരോരുത്തർക്ക് ഓരോ സമാധാനല്ലേ.' എന്നൊരു പറച്ചിലല്ലാതെ. അച്ഛൻറെ മുൻശുണ്ഠിയും അമ്മയുടെ സൗമ്യതയും നാണി അതേപടി ഉൾക്കൊണ്ടു . ജീവിതം ഇങ്ങനെയൊക്കെയാണ്. നമുക്കെത്രത്തോളം തിരുത്താനാകും എന്നപോലെ.ഈ വീടും അമ്മയും പഴയ ഓർമ്മകളുമില്ലാതെ നാണിക്കൊരു നിലനിൽപ്പില്ല. ഇവിടവുമായി ബന്ധപ്പെട്ട, സചേതനവും അചേതനവുമായ എല്ലാത്തിനെയും മനുഷ്യരെപ്പോലെത്തന്നെ ഉൾക്കൊള്ളാനാവുന്ന മഹത്തായ, ഹൃദയബന്ധമാണത് .ഒരുപക്ഷേ ഞങ്ങൾ മക്കളിലാരെക്കാൾ കൂടുതൽ നാണി ഇവിടത്തെ ഒരു ഭാഗമാണ് . ഭാഗമാകൽ എന്നത് സ്വന്തമാക്കലിനേക്കാൾ ഉയരത്തിലുള്ള മനോഭാവമായാണ് എനിക്ക് തോന്നിയിട്ടുള്ളത് . അയൽക്കാരൻറെ വീട്ടിലെ വാടിനിൽക്കുന്ന ചെടിക്ക് സ്വന്തം വീട്ടിലെ നനക്കിടെ മതിലിനപ്പുറത്തുകൂടെ അൽപ്പം വെള്ളം പകരുന്നതും , അപ്പുറത്തേക്ക് ചാഞ്ഞു നിൽക്കുന്ന തൻറെ മാവിൻറെ കൊമ്പിലെ ഫലങ്ങൾ അനുഭവിക്കേണ്ടത് അവരാണെന്നുള്ള ഉത്തമ ധാരണ വെച്ചു പുലർത്തുന്നതും അവരുടെ പള്ളിപ്പെരുനാളിനു നല്ലൊരു വസ്ത്രം ധരിച്ചേക്കാം എന്ന തോന്നലുള്ളതുമൊക്കെ ഈ പങ്കുചേരലിൻറെ ഭാഗമാണല്ലോ. അപരിചിതനായ ഏതോ രോഗിയെയും കൊണ്ട് ധൃതിയിൽ പായുന്ന ആംബുലൻസിൻറെ ഒച്ച കേൾക്കുമ്പോൾ അയാൾക്കായി അറിയാതെ ഹൃദയത്തിൽനിന്നൊരു പ്രാർത്ഥനയുയരുന്നതും അതേ മനോഭാവത്തിൻറെ മറ്റൊരു വശം. എഴുത്തും വായനയും അറിയാത്ത നാണിയെ സംബന്ധിച്ചിടത്തോളം അമ്മയാണ് സർവ്വവിജ്ഞാനകോശം. അമ്മ പകരുന്നതാണ് ലോകവിവരം. അമ്മയാണ് ഡോക്ടർ. അമ്മയാണ് മനശ്ശാസ്ത്രജ്ഞ. വക്കീൽ. അതേസമയം നാണിയ്ക്ക് അമ്മയോടുള്ളത് കേവലം വിധേയത്വവുമല്ല. വർഷങ്ങൾ കൊണ്ട് സ്വാഭാവികമായി രൂപപ്പെട്ട സഹവർത്തിത്തമാണത്. അമ്മക്കാകട്ടെ ജീവനുള്ളിടത്തോളം കാലം തന്നോടൊപ്പം നാണിയുണ്ടാകും എന്നാണ് വിശ്വാസം. അതുകൊണ്ടാണല്ലോ അച്ഛൻറെ മരണശേഷം താൻ മക്കൾക്കൊപ്പം വരുന്നില്ല , ഈ വീട് വിട്ടു പോകുന്നില്ല എന്നുള്ള ഉറച്ച തീരുമാനമെടുത്തത് .

'നീയെന്താ ഇന്നിത്തിരി വൈക്യേ?' സാധാരണ വരുന്നതിലും അര മണിക്കൂർ കഴിഞ്ഞ് നാണി വന്നതായിരുന്നു അമ്മയുടെ അന്വേഷണകാരണം .

'ഒന്നൂല്യ തമ്പ്രാട്ട്യേ, ഞാനിങ്ങട് എറങ്ങാൻ നിക്കുമ്പോ ഒരു പാമ്പ് . മിറ്റത്ത് . വൽതാ . വെഷള്ളതാന്നാ വിചാരിച്ചേ. പരമേശ്വരൻ വടിയായിട്ട് വന്നപ്പഴക്കും അത് അപ്പറത്തെ പറമ്പിലേക്ക് പോയി. പിന്ന്യാ മനസ്സിലായെ , അത് ചേരാർന്നു .'

'അയ്യോ, എന്തിനാ പരമേശ്വരൻ അതിനെ കൊല്ലാൻ നോക്ക്യേ? പാമ്പല്ലേ, അത് എഴഞ്ഞു പൊക്കോളും.'

'അതേ, തമ്പ്രാട്ടിക്കത് പറഞ്ഞാ മതി.. പരമേശ്വരൻറെ ക്ടാവ് എപ്പളും മിറ്റത്താ.'

നാണിക്ക് അമ്മയുടെ മഹാമനസ്കത അത്ര പിടിച്ചില്ല .

'ഏയ് , പാമ്പൊക്കെ അവറ്റെ ചവിട്ടിയാലേ കടിക്കുള്ളൂ. പാവം. പാമ്പും ഒരു ജീവ്യ ല്ലേ , അതിനും ജീവിക്കണ്ടേ? '

ആഴ്ചയിലൊരിക്കൽ മനസ്സിനും ശരീരത്തിനും പരിപൂർണ്ണ വിശ്രമവും സന്തോഷവും തരുന്ന ഈ സന്ദർശനം എനിക്കുതരുന്ന ആശ്വാസം എത്രയെന്നു പറയാനാവില്ല. അമ്മക്കൊപ്പമിരിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തിനു പുറമേ അമ്മയുടെയും നാണിയുടെയും ഇടപെടലുകൾ നിരീക്ഷിക്കുന്നതും എനിക്ക് ഉന്മേഷം തരാറുണ്ട് . ഒരു ശരിക്കു പകരം അനേകം ശരികളുണ്ടാവാമെന്നും പ്രതിസന്ധികളിൽ തട്ടുമ്പോൾ പെട്ടെന്ന് നിന്നുപോകുന്നതല്ല ,ഗതി മാറിയൊഴുകാൻ കഴിവുള്ള നദിയാണ് ജീവിതം എന്നും എന്നെ പഠിപ്പിച്ചത് അവരുടെ വ്യത്യസ്ത കാഴ്ചപ്പാടുകളാണ്. സുരക്ഷിതവും ഉത്തരവാദിത്തം കുറഞ്ഞതുമെങ്കിലും ഒരു കൂട്ടുകുടുംബത്തിലെ ജീവിതം നൽകിയ തിരിച്ചറിവുകളിൽ നിന്നുരുത്തിരിഞ്ഞു വന്ന നിർമ്മമത എല്ലാത്തിനോടും പുലർത്തുന്ന അമ്മ .നേരത്തെ ഭർത്താവു മരിച്ച, അതിജീവനത്തിനും നിലനിൽപ്പിനും എന്നും പൊരുതേണ്ടി വന്ന, ഒറ്റക്ക് ആറുമക്കളെ വളർത്തി ഒരു നിലക്കെത്തിച്ച നാണി. ഇതിനിടയിൽ സത്യത്തിലെന്താണ് ജീവിതത്തിൽ വേണ്ടത് എന്ന് മനസ്സിലാക്കിയെടുക്കാൻ കഷ്ടപ്പെടുന്ന ഞാൻ.മൂന്ന് പെണ്ണുങ്ങൾ . മൂന്നു ലോകങ്ങൾ . വെവ്വേറെ അനുഭവങ്ങൾ . പക്ഷെ പെണ്മയുടെ ഒന്നുചേരൽ. പാരസ്പര്യം .

അടിച്ചുവാരൽ കഴിഞ്ഞ് അമ്മക്കടുത്തേക്ക് ഒന്നു



പരുങ്ങിയെത്തിയ നാണിയുടെ ആവശ്യം ഇതായിരുന്നു.

‘തമ്പ്രാട്ട്യേ, ഒരു മൂവായിരം രൂപ തരോ?’

‘മൂവായിരോ! എന്തിനാപ്പൊത്രെ! കഴിഞ്ഞാഴ്ചയല്ലേ നിൻറെ ശമ്പളം തന്നത്? അതൊക്കെ കഴിഞ്ഞോ?’

‘അല്ല, അതല്ല, ചേട്ടന്റോടെ ഒന്ന് പോണം. അരിമ്പൂര്. മോൻറെ കുട്ടീടെ പേരിടലാ. അപ്പൊ ഒരു ചെറ്യേ മോതിരം കൊട്ക്കാനാ.‘

‘എൻറെ നാണ്യേ... നിയെന്തിനാ ഈ ഇല്യാത്തോട്ത്ത് ഇത്ര വല്യേ സമ്മാനൊക്കെ കൊട്ക്കണ്? കല്യാണം കഴിഞ്ഞാ കുട്ടീണ്ടാവും. അതിന് പേരിടും. അതിനൊക്കെ സൊർണ്ണം കൊടക്കണംന്ന് ണ്ടോ? കുട്ടിക്ക് വേണ്ടത് കൊട്ക്കണത് അതിൻറെ അച്ഛനമ്മമാരാ. അല്ലാണ്ട് ഇല്യാത്തത് ണ്ടാക്കീട്ട് നീയല്ല.’

‘അല്ല, തമ്പ്രാട്ട്യേ. അതല്ല, പരമേശ്വരൻറെ മോൾടെ പേരിടലിന് അവര് ഒരു മോതിരമിട്ട്ണ്ട്. അപ്പൊ അവരോടെ ഒരു ചടങ്ങ്ണ്ടാവുമ്പോ മ്മള് കൊടുത്തില്ലെങ്കി മോശല്ലേ.’

‘എന്തു മോശം! കടം മേടിച്ച് ഓരോന്ന് വാങ്ങിക്കൊടുക്കണ്ട ഒരു കാര്യോല്യ. അല്ലാച്ചാ പരമേശ്വരനോട് പറയൂ. അവൻറെ കുട്ടിക്കല്ലേ മോതിരം കിട്ടീത്?’

‘അവൻറേലെവട്യാ തമ്പ്രാട്ട്യേ? ജോലി പോയിട്ടിരിക്കല്ലേ?’ കോലം കണ്ടാമതി. എനിക്ക് കരച്ചിലും വെസനോം വരും. നാണി കണ്ണുനിറച്ച് തേങ്ങി. അതു കാണാൻ ഇഷ്ടമില്ലാത്ത അമ്മ വിഷയം മാറ്റി.

‘ആട്ടെ. അതെന്തെങ്കിലുമാകട്ടെ. എന്റേല് ഇപ്പൊ മൂവായിരംല്യ. ആകെ രണ്ടായിരേള്ളു. അതാ വേലൂൻറെ പീടികേല് കഴിഞ്ഞ മാസം സാധനങ്ങള് മേടിച്ചതിൻറെ കൊട്ക്കാന്ള്ളതാ. ആയിരത്തി എണ്ണൂറുറുപ്പിക. ഒരു കാര്യം ചെയ്യാം. ആയിരം കൊടുക്കാം. ബാക്കി അടുത്ത മാസത്തേക്ക് മാറ്റി എഴ്താൻ പറയാം.’

‘ശരി തമ്പ്രാട്ട്യേ. അങ്ങനെ എന്തെങ്കിലും ചെയ്യാണ്ട് പറ്റില്ല്യ. ബാക്കി ഞാൻ റോസീരെ വീട്ടില് ചോയ്ക്കാം. തരോ ആവോ?’

‘എത്രാ വേണ്ട്? മൂവായിരോ?’

ആദ്യം കാശില്ല എന്നൊക്കെ കട്ടായം പറഞ്ഞുവെങ്കിലും അമ്മയുടെ മനസ്സലിഞ്ഞു.

'അതെ തമ്പ്രാട്ട്യേ. മൂവായിരെങ്കിലും വേണം.'

'നോക്കട്ടെ, ഗായത്രിയോട് ചോദിക്കാം. പിന്നേയ്, പരമേശ്വരൻ ഇല്യച്ചാ നീയ് ഒരോട്ടോറിക്ഷ പിടിച്ച് വേലൂൻറെ പീടികേ പൊക്കോ. ഇവിടെ സാധനങ്ങള് ഒന്നൂല്യാന്നേ. പൻസാര ഇല്യാത്തതാ പ്രയാസം. ദോശേടെ കൂടെ ഇത്തിരി പൻസാര ഇല്യാണ്ട് പറ്റില്യ,'

'ഞാമ്പൂവാം. തമ്പ്രാട്ട്യേ കയ്പടേല് എഴ്തിക്കോളോ.'

നാണിക്ക് കടയിൽ പോകാൻ വലിയ ഇഷ്ടമാണ് . വഴിയിൽ കാണുന്ന പരിചയക്കാരോട് രണ്ടക്ഷരം മിണ്ടി , വിശേഷങ്ങൾ പങ്കുവെച്ചു പോകാമല്ലോ എന്നതാണ് കാരണം . അതുകൊണ്ട് അങ്ങോട്ട് നടന്നേ പോകൂ.

അമ്മ കലവറയിലേക്ക് പതുക്കെ നടന്നു. അലമാരക്കുള്ളിൽവെച്ച കയ്പട പുസ്തകം എടുത്തു. പുസ്തകം എൻറെ മകൻ രോഹിതിൻറെ പഴയ നോട്ടുബുക്കുകളിൽ നിന്ന് ചീന്തിയെടുത്ത പേജുകൾ ചേർത്ത് തുന്നിയതാണ്. ചട്ടയാകട്ടെ എന്തോ സാധനങ്ങൾ മേടിച്ചപ്പോൾ കിട്ടിയ കവറുകൊണ്ടും. അടുത്ത മാസത്തേക്കുവേണ്ട സാധനങ്ങൾ എഴുതി, വരവ് ആയിരം എന്നും ബാക്കി 800 എന്നും ചേർത്ത് പുസ്തകവും സഞ്ചിയും നാണിയെ ഏല്പിച്ച് അമ്മ വീണ്ടും ചുമർ ചാരിയിരുന്നു.ഈ കൈപ്പട പുസ്തകത്തിൻറെ പരിപാടി നിർത്താൻ പല തവണ അമ്മയോട് ഞാൻ പറഞ്ഞിട്ടുണ്ടെങ്കിലും അമ്മ സമ്മതിച്ചില്ല . ഓരോ ആഴ്ചയും വരുമ്പോൾ സൂപ്പർമാർക്കറ്റിൽ നിന്ന് അമ്മക്ക് വേണ്ടത് മേടിച്ചു കൊണ്ടുവരാൻ എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ . 'ഏയ് . ഒന്നും വേണ്ടാന്നേയ് . ആകപ്പാടെ ഈ ഒരു കാര്യാ ഞാൻ എഴുതണ് . അതും കൂടി ഇല്ല്യാണ്ടായാ ഞാൻ അക്ഷരങ്ങള് മറക്കും . ഇപ്പൊ ആർക്കും എഴുത്തും എഴുത്ണില്ല്യല്ലോ .' അമ്മ പറയും .ശരിയാണ് . എനിക്കിപ്പോൾ വിദേശത്തുള്ള എൻറെ കൂടപ്പിറപ്പുകളുടെ മേൽവിലാസം എന്തെന്നറിയാതായിരിക്കുന്നു . വല്ല മാസികകളോ ഔദ്യോഗിക അറിയിപ്പുകളോ അല്ലാതെ ഒരു കത്തു വന്നിട്ടെത്ര നാളായി!

ഒരു മണിക്കൂർ കഴിഞ്ഞിട്ടുണ്ടാവും. ഒരു ഓട്ടോറിക്ഷ മുറ്റത്തുവന്നുനിന്നു. നാണിയും സാധനങ്ങളും എത്തി. എല്ലാം അകത്തു കൊണ്ടുപോയി വെച്ചശേഷം ഒന്നു നടുനിവർത്തി നാണി നെടുവീർപ്പിട്ടു. 'ഹൗ! എന്താ ചൂട്!'

'എന്താ പറഞ്ഞത് വേലൂൻറെ മകൻ? പൈസേടെ കാര്യം, കൊറവായീന്നറ്റെ പറഞ്ഞോ?'

'ഹേയ്, ഇല്യ. ബാക്കി അടുത്ത മാസത്തേക്ക് ചേർത്ത് എഴുതീണ്ട്ന്ന് പറഞ്ഞു. പിന്നെ ഒരു കാര്യണ്ടായി. ആ കടേല് സാധനങ്ങള് ഇട്ത്ത്കൊട്ക്കണ ചെക്കനും പിന്നെ അവടെ നിക്ക്ണ്ടായിര്ന്ന രണ്ടുപേരും തമ്പ്രാട്ടീടെ കയ്പട പുസ്തകം നോക്കി ചിരിക്കണ കണ്ടു. പിന്നെ എന്നേം നോക്കി എന്തോ പറഞ്ഞു. എന്തിനാവോ ചിരിച്ചത്! ഗായത്രിക്കുട്ടി ഒന്നു നോക്കോ. എന്തെങ്കിലും ചിരിക്കാൻ ണ്ടോ ഇതില്ന്ന്.'

ഞാനാ പുസ്തകം മേടിച്ചു നോക്കി. ആദ്യത്തെ നോട്ടത്തിൽ ശ്രദ്ധയതിൽ പതിഞ്ഞില്ല. പിന്നെയാണ് മനസ്സിലായത്. രോഹിതിൻറെ നോട്ടുപുസ്തകങ്ങളുടെ ബാക്കി പേജുകൾ ചേർത്തു തുന്നിയ പുസ്തകത്തിൻറെ ചട്ട, ജോക്കിയുടെ കവറാണ്. അതിലുണ്ട് ജട്ടി മാത്രമിട്ട ഒരു പുരുഷൻ. ചിരി വന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ! ചിരിച്ചുകൊണ്ടു തന്നെ ഞാൻ അത് അമ്മയെക്കാണിച്ചു.

'കഷ്ടം ൻറെ അമ്മേ! വേറെ ഒന്നും കിട്ടീല്യേ അമ്മക്ക് കവറായിട്ടീടാൻ!' അമ്മയും അത് നോക്കി ഒന്നു ചിരിച്ചു. പിന്നെ പറഞ്ഞു.

'ഞാൻ കയ്യില് കിട്ടീത് ഒന്നങ്ങ്ട് ഇട്ടു. ചിത്രമെന്താണൊന്നും നോക്കീല്യ. അത് പ്പൊ സാരൊന്നൂല്യ. അതിൻറെ ഉള്ളില് എഴ്തണതാണ് കാര്യം. അവരങ്ങ്ട് ചിരിക്കട്ടെ, ലെ, നാണി.'

നാണിയും ചിത്രം കണ്ടു. 'തമ്പ്രാട്ടി പറഞ്ഞതന്ന്യാ സംഗതി. അവര്ക്ക്പ്പൊ ഇത് നോക്കണ്ട കാര്യൊന്നൂല്യ.'

'ഗായത്രിക്കുട്ട്യേ, പീടികേപ്പോയപ്പോ ഞാനേ, നമ്മടെ പഴേ ഗീതേ കണ്ടു. ആ കേറ്റത്ത് വീട്ണ്ടായിര്ന്ന്ല്യേ. ആ കുട്ടി. അതാകെ ക്ഷീണിച്ചൂട്ടാ. എനിക്ക് മനസ്സിലായില്ല. അതിന് എന്നെ മനസ്സിലായി. ഞാൻ ഗീത്യാ. നാണ്യമ്മായിക്ക് ഓർമ്മേല്യേ എന്ന് ചോദിച്ചുവന്നു. അതിന് നാലാൺകുട്ടികളാത്രേ. മൂത്തോൻറെ കൂടെ താമസം. എനിക്ക് പെട്ടെന്നോർമ്മ വന്നത് പണ്ടത്തെ പാവാടേടെ കാര്യാ. ഞാനൊന്നും ചോദിച്ചില്ലാട്ടാ.'

എങ്ങനെ മറക്കാനാണ് ഗീതയെ! പാവാടക്കേസിലെ നായികയെ. നാണിയുടെ ഇടപെടലിനെ?

പത്താംക്ലാസിൽ പഠിക്കുന്ന സമയം. ഗൈഡ്സിൻറെ കാമ്പിന് നീലപ്പാവാടയും വെള്ള ബ്ലൗസുമാണ് യൂനിഫോം. ഡ്രെസ്സുകൾ അലക്കാൻ കഴിയില്ല. മൂന്നു ദിവസം മൂന്നു പാവാട വേണം. എൻറെ കയ്യിൽ നാലു പാവാടയുണ്ടായിരുന്നു. അതിലൊന്ന് കടം തരുമോ എന്ന് ചോദിച്ചു, ഗീത. കൊടുത്തു. കാമ്പ് കഴിഞ്ഞു. ഒരാഴ്ച, രണ്ടാഴ്ച കഴിഞ്ഞു. പാവാട തിരികെ കിട്ടുന്നില്ല. പല തവണ ചോദിച്ചിട്ടും ഇന്നു തരാം നാളെ തരാം എന്നുത്തരം. വിവരം നാണിയറിഞ്ഞു. ആരും ഒന്നും പറഞ്ഞില്ലെങ്കിലും ഒരു ദിവസം രാവിലെ നാണി ഗീതയുടെ വീട്ടിലേക്കു പോയി, പാവാട തിരിച്ചു തരാൻ പറഞ്ഞു. അതിട്ട് മുഷിഞ്ഞുവെന്നും നാളെ

കഴുകി സ്കൂളിൽ തരാമെന്നുമായി. പിറ്റേ ദിവസവും സംഗതി കിട്ടിയില്ല. നാണി രണ്ടാമതും വീട്ടിൽപ്പോയി. വെള്ളമുണ്ടായിരുന്നില്ല കഴുകാൻ എന്ന മറുപടി. മൂന്നാംതവണ പോയിട്ട് മണിക്കൂറുകൾ കഴിഞ്ഞാണ് നാണി മടങ്ങിവന്നത്. ഒരു പൊതിയിൽ പാവാടയുണ്ടായിരുന്നു. പല ഒഴിവുകഴിവും ഗീതയും അമ്മയും പറഞ്ഞുവെങ്കിലും പാവാട കിട്ടാതെ പോകുന്ന പ്രശ്നമില്ലെന്നു പറഞ്ഞ് നാണിയവരുടെ വീട്ടിൽ കുത്തിയിരിപ്പായി. ഗതികെട്ട് അവർ പാവാട കൊടുത്തു. ഞങ്ങളിലാരെയും ആരും പറ്റിക്കാൻ നാണി അനുവദിച്ചില്ല. സ്നേഹക്കമ്പി കൊണ്ട് കെട്ടിയ സുരക്ഷാവലയം തീർത്ത് ഞങ്ങളെ കാക്കേണ്ടത് തൻറെ ഉത്തരവാദിത്തമായി നാണി എന്നും കരുതി. ആ കരുതൽ തന്നെയാണ് അൽപ്പം നേരം വൈകിയോ എന്ന് സംശയം തോന്നിയാലുടനെ സ്കൂൾ ഗേറ്റിലെ കാത്തുനിൽപ്പായും തുടർന്ന് വീട് വരെയുള്ള അനുഗമിക്കലായും വെളിപ്പെട്ടിരുന്നത്. അതേ കരുതലാണ് ഒരിക്കൽ എൻറെ പുറകെ സൈക്കിളിൽ വന്ന ഒരുത്തനെ നടുറോട്ടിൽ തടഞ്ഞു നിർത്തി ചോദ്യം ചെയ്തതിലുമുണ്ടായത് .

പ്രത്യേകിച്ചൊരസുഖമില്ലാഞ്ഞും അമ്മ മരിച്ചു. ഒരു ഉച്ചയുറക്കത്തിൽ നിന്ന് എണീറ്റില്ല. പതിവുപോലെ അന്നും അമ്മ പത്രം വായിക്കുകയും നാണിയെ ചില കാര്യങ്ങൾ ഏൽപ്പിക്കുകയും ചെയ്തു എന്നു നാണി പലതവണ പറഞ്ഞു. 'എൻറെ തമ്പ്രാട്ടീനെ ഇത്ര വേഗം വിളിച്ചതെന്തിനാ ദൈവേ' എന്നു പറഞ്ഞുകൊണ്ട് നാണി അമ്മയുടെ മൃതദേഹത്തോടൊപ്പം ഒരു രാവും പകലും ഉണ്ണാതെ, ഉറങ്ങാതെയിരുന്നു. ചടങ്ങുകളിൽ പങ്കുകൊള്ളാൻ നാണി വന്നില്ല. അതിനു ശേഷം വീട് പൂട്ടിയിട്ടുവെങ്കിലും ഒരനുഷ്ഠാനം പോലെ നാണി എന്നും വന്ന് മുറ്റമടിച്ചുവാരിയിരുന്നുവത്രെ . 'തമ്പ്രാട്ടീള്ളപ്പോ എന്നും അടിച്ചു വാരാറുള്ള മിറ്റാ, അത് വേണ്ടാന്നു വെക്കാൻ പറ്റില്ല' എന്ന് പറഞ്ഞ് . അപ്പോഴൊക്കെ നാണി സ്വയം സംസാരിക്കുകയും ചെയ്തിരുന്നുവെന്ന് അയൽക്കാർ പറഞ്ഞറിഞ്ഞു . അമ്മയില്ലാതായ അവസ്ഥയോട് പൊരുത്തപ്പെടാനായില്ലെങ്കിലും ലീവ് കഴിഞ്ഞ് ഞാൻ ഓഫീസിൽ പോയി. വീട്ടിലേക്ക് പോകാൻ എനിക്ക് തോന്നിയതേയില്ല. അമ്മയുടെ കൈ തൊടാത്ത, കാൽ പതിയാത്ത, ശ്വാസമേൽക്കാത്ത അവിടം എനിക്ക് സങ്കൽപ്പിക്കാൻ പോലുമാകുമായിരുന്നില്ല.എൻറെ ആത്മാവിൻറെ ഒരു ഭാഗം എന്നെ വിട്ടുപോയപോലെയാണ് എനിക്കനുഭവപ്പെട്ടത്. പക്ഷെ ഒരു മാസം കഴിഞ്ഞപ്പോൾ എനിക്കങ്ങോട്ട് പോകാതെ തരമില്ലാതായി. വേലുവിൻറെ പീടികയിലെ കടം അവസാനിപ്പിക്കണം, പാലിൻറെ പൈസ കൊടുക്കണം, പാൽക്കാരൻറെ വീടറിഞ്ഞുകൂടാ. കൂടെ വരാൻ ഞാൻ നാണിയോട് പറഞ്ഞിരുന്നു.

ജോക്കിയുടെ പരസ്യച്ചട്ടയുള്ള കൈപ്പടപ്പുസ്തകത്തിൽ പുതിയതായൊന്നും എഴുതിയിട്ടില്ല. മുൻബാക്കി എണ്ണൂറു രൂപ അപ്പുറത്തെ പേജിലും, പിന്നീട് വാങ്ങിയ സാധനങ്ങളുടെ 726 രൂപയും. രണ്ടും ചേർത്ത് കൊടുത്ത് കയ്പട പുസ്തകം കണക്കുതീർന്നു എന്ന് ചെറിയ വിഷമത്തോടെ പറഞ്ഞ് കടക്കാരൻ തിരിച്ചുതന്നു. 'അവിടത്തെ അമ്മ ഒരാള് മാത്രേ ഇങ്ങനെ വാങ്ങാറുള്ളൂ. എൻറെ അച്ഛനുണ്ടായിരുന്നപ്പോ തൊട്ടുള്ള ശീലാണ്ന്ന് കേട്ട്ണ്ട്.' ഞാനൊന്നും പറഞ്ഞില്ല. വെറുതെ ചിരിച്ചു. കടയിലെ പയ്യൻ കയ്പട പുസ്തകം നോക്കിയെങ്കിലും ചിരിച്ചില്ല. പക്ഷേ അവൻ നാണിയോട് ചോദിച്ചു.

'അമ്മായ്യേ്യ, അമ്മായിക്കെത്ര വയസ്സായി?'

നാണി ആ ചോദ്യം കേട്ടു. എഴുപത് എന്ന സ്ഥിരം ഉത്തരം ഞാൻ പ്രതീക്ഷിച്ചു.

'എനിക്കോ, എനിക്കിപ്പൊ ഒരു എൺപത് കഴിഞ്ഞ്ണ്ടാവും.'

ഞാനത്ഭുതത്തോടെ നാണിയെ നോക്കി.

'നമ്ക്ക് പൂവാ' നാണി പറഞ്ഞു. ഞാൻ നാണിയുടെ കയ്യിൽ മുറുകെപ്പിടിച്ചു.

**ജീവിതരേഖ**

തൃശ്ശൂരിൽ ജനനവും താമസവും.പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ആയിരുന്നു. ആനുകാലികങ്ങളിൽ കഥയും കവിതയും എഴുതുന്നു. മികച്ച യുവശാസ്ത്രജ്ഞക്കുള്ള ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ യങ് സയന്റിസ്റ്റ് അവാർഡ് , കോഴിക്കോട് സർവകലാശാലയിലെ മികച്ച അധ്യാപകർക്കുള്ള ഘനി അവാർഡ്, മികച്ച അദ്ധ്യാപികക്കുള്ള പ്രൊഫസർ ശിവപ്രസാദ് മെമ്മോറിയൽ അവാർഡ്, കേരളത്തിലെ മികച്ച അദ്ധ്യാപകർക്കുള്ള പ്രൊഫ.ജോസ് തെക്കൻ അവാർഡ് എന്നിവ ലഭിച്ചു. സാഗരനിദ്ര, പേരില്ലാവണ്ടിയിൽ , അമ്മയുള്ളതിനാൽ , ഈ മഴയുടെ ഒരു കാര്യം, കൈക്കുടന്നയിലെ ബുദ്ധൻ എന്നീ കവിതാസമാഹാരങ്ങളും വയലറ്റ് (SPCS), അനന്തരം ചാരുലത (ലിപി പുബ്ലിക്കേഷൻസ്), 4D ( ഗ്രീൻ ബുക്സ്), പടികൾ കയറുന്ന പെൺകുട്ടി (H & C) എന്നീ കഥാസമാഹാരങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു .സാഹിത്യത്തിൽ നിരവധി ശ്രദ്ധേയമായ അവാർഡുകൾ



Now Open to Serve You!
Newly Redesigned Restaurant Interior
We Specialize Indoor and Outdoor Catering
Dilbar
INDIAN RESTAURANT
In An Elegant Atmosphere
Authentic Indian Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057

ഇ-മലയാളി കഥാമത്സരം 2022

രണ്ടാം സമ്മാനം നേടിയ കഥ



കെ. എം. റെജി



വര:
പി ആർ രാജൻ

# ശാന്തകുമാരന്റെ മുയലുകൾ

ഏബ്രാം മാഷ് അന്നു കണ്ട സ്വപ്നത്തിലും, നിനച്ചിരിക്കാത്തൊരു നേരത്ത് ശാന്തകുമാരൻ വന്നു. അവൻറെ സ്വഭാവം അറിയുന്നവർക്ക് ഒരു പക്ഷേ ഇതിൽ അസ്വാഭാവികത തോന്നാൻ ഇടയില്ല. പക്ഷേ പത്തു നാൽപ്പഞ്ചു വർഷങ്ങൾക്കു ശേഷം ഇപ്പോളിങ്ങനെയൊരു ആഗമനത്തിൻറെ ഉദ്ദേശമെന്തായിരുന്നാവോ? കഴിഞ്ഞ മൂന്നു ദിവസത്തിനുള്ളിൽ ഇതു രണ്ടാം പ്രാവശ്യമാണ് അവൻറെ വരവറിയിക്കുന്നത്.

ഉറക്കത്തിനിടയിൽ, മനസ്സിൻറെ ചുരുളുകൾ ഓരോന്നായി അഴിഞ്ഞു തുടങ്ങവെ, അവൻ രണ്ടു മുയലുകളുമായി പ്രത്യക്ഷനാകുകയായിരുന്നു, പിന്നീട് ഉറക്കമുണരുന്നതു വരെ അവൻ അവിടൊക്കെ തന്നെ കറങ്ങി നടന്നു. അന്നേരമൊക്കെയും അവനെന്തോ പറയാനുള്ളതു പോലെ തോന്നിച്ചു. പക്ഷേ ഒന്നും പറഞ്ഞില്ല,അല്ലെങ്കിൽ പറയാനായില്ല. അവനോടൊപ്പമുണ്ടായിരുന്ന മുയലുകൾ അവനെ എല്ലാറ്റിൽ നിന്നും

വിലക്കുന്നതു പോലെ.

കിനാവിൻറെ കരിമ്പടം മാറ്റി പുറത്തു വന്നപ്പോൾ ഏബ്രാം മാഷിനെ വിയർക്കുന്നുണ്ടായിരുന്നു. ജനാല യിലൂടെ വെയിലിൻറെ ചീളുകൾ അകത്തേക്ക് വീഴുന്നു. മേശപ്പുറത്തുള്ള മൺകൂജയിൽ നിന്നും ഒരു ഗ്ലാസ്സ് വെള്ളമെടുത്തു കുടിക്കണമെന്നയാൾ വിചാരിച്ചപ്പോഴേക്കും ആനി ചായയുമായി എത്തി. കപ്പ് മേശപ്പുറത്തു വെച്ചിട്ട് അവർ മാഷിൻറെ ശിരസ്സും കഴുത്തും രണ്ടു കൈകൊണ്ടും താങ്ങി എഴുന്നേൽപ്പിക്കാനൊരു ശ്രമം നടത്തി..

'ഒന്നും വേണ്ട. ഞാൻ തന്നെ എണീറ്റോളാം. എടത്തോട്ട് ചെരിഞ്ഞോണ്ടായാൽ വല്യ കൊഴപ്പമില്ല.' ഏബ്രാം മാഷ് അവരെ തടഞ്ഞു.

ഇയർ ബാലൻസിങ്ങിൻറെ തകരാറാണ്. ഇപ്പോളത് കൂടെക്കൂടെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. ചുറ്റുപാടുമുള്ള ലോകം കീഴ്മേൽ മറിയുമ്പോൾ മനം പുരട്ടലോടെ അതൊക്കെയും കണ്ടിരിക്കേണ്ട അവസ്ഥ. മൂന്നു നാലു വർഷങ്ങൾക്കു മുമ്പ്, ശരിക്കും പറഞ്ഞാൽ ഔദ്യോഗിക വൃത്തിയിൽ നിന്നും വിരമിക്കുന്നതിൻറെ തലേന്നാളാണ് അത്തരമൊരു അനുഭവം ആദ്യമായുണ്ടായത്. മരണത്തെ മുഖാമുഖം കാണുകയാണെന്നാണ് മാഷിന് അപ്പോൾ തോന്നിയത്. അന്ന് സനീഷ് നാട്ടിലുണ്ടായിരുന്നു.അവനും ആനിയും ചേർന്നാണ് ആശുപത്രിയിൽ കൊണ്ടു പോയത്. ഡോക്ടർ പറഞ്ഞു തന്ന വ്യായാമങ്ങളും കുറച്ചു മരുന്നുകളുമായി ഏതാനും നാളുകൾ കഴിച്ചു കൂട്ടി. പിന്നീട് അതൊക്കെ ഓരോന്നായി നിലച്ചു. താഴെ നിന്നും നമ്മെ പ്രലോഭിപ്പിക്കുകയും വശീകരിക്കുകയും ചെയ്യുന്ന ശൂന്യതയുടെ ശബ്ദത്തിനായി * മെല്ലെ മാഷും കാതോർത്തു തുടങ്ങി.

'എനിക്കൊന്നു നാട്ടിൽ പോകണം.' ഏബ്രാം മാഷ് പറഞ്ഞു.

ഒഴിഞ്ഞ ചായ കപ്പുമായി തിരിച്ചു നടക്കാൻ തുടങ്ങിയ ആനിക്ക് അതൊരു അത്ഭുത വാർത്തയായിരുന്നു. ഒന്നാമത് നാട്ടിൽ പോകുന്നത് മാഷിനത്ര നിർബ്ബന്ധമുള്ള കാര്യമല്ല. ബന്ധുക്കളായി അവിടെ കുറച്ചാളുകളുണ്ടെങ്കിലും പലരോടും കാര്യമായ അടുപ്പമില്ല. ഉറ്റ സുഹൃത്തുക്കളെന്നു പറയാൻ ആരെങ്കിലുമുണ്ടെന്നു തന്നെ തോന്നുന്നില്ല. മാഷിൻറെ റിട്ടയർമെൻറിന് ശേഷം ആകെ ഒരു പ്രാവശ്യമാണ് നാട്ടിൽ പോയതു തന്നെ. അന്ന് അനുജൻ സാജനോടൊപ്പം തറവാട്ടുവീട്ടിലാണു നിന്നത്. കഷ്ടിച്ച് നാലു ദിവസം കഴിഞ്ഞപ്പോഴേക്കും തിരിച്ചു പോരണമെന്നായി. കാര്യം അവർക്കൊക്കെ വല്യ സ്നേഹമായിരുന്നെങ്കിലും മാഷിനു വേണ്ടത് തൻറെ മുറിയിലെ പുസ്തകങ്ങളും തപാലിലെത്തുന്ന ചില വാരികകളും പിന്നെ അവയെ പൊതിഞ്ഞു നിൽക്കുന്ന മൌനവുമാണ്. അടുത്ത കാര്യം, മാഷ് തനിയെ ഒരു ദീർഘയാത്രയ്ക്ക് ഒരിക്കലും തയ്യാറാകുമെന്ന് വിചാരിക്കാൻ വയ്യ. തലകറക്കം മാത്രമല്ല

പ്രമേഹവും കലശലായുണ്ട്. അതു ഞരമ്പുകളെ കൂടി ബാധിച്ചിട്ടുള്ളതിനാൽ കുറച്ചു ദൂരം നടക്കാനുമുണ്ട് വിഷമതകൾ . ഇതിനെല്ലാമുപരി,കുറച്ചു നാളുകളായി യാത്രകളോട് തന്നെ മാഷ് ഒരു അകലം പാലിക്കുന്നതായാണ് പലപ്പോഴും കണ്ടിട്ടുള്ളത്. പിന്നെ ഇപ്പോഴെന്താ ഇങ്ങനെ ഒരു വിചാരമെന്ന് എത്ര ആലോചിച്ചിട്ടും ആനിക്ക് പിടികിട്ടിയില്ല.

'അതിനിപ്പോ അവിടെ എന്തുണ്ടായി' ആനി ചോദിച്ചു.

'ഒന്നും ഉണ്ടായിട്ടല്ല. പക്ഷേ എനിക്ക് അത്രടം വരെ പോകണം.' തന്നിലേക്ക് കൂടുതൽ ചോദ്യങ്ങൾ വരാതിരിക്കാനായി മാഷ് ഇത്രയും കൂടി ചേർത്തു. 'കഴിഞ്ഞു പോയതൊക്കെ ഒന്നു തിരിഞ്ഞുനോക്കേണ്ട കാലമായി.എല്ലാംഅവിടെ നിന്നു തന്നെയാണല്ലോ തുടങ്ങേണ്ടത്.'

മാഷ് പറയുന്നതൊന്നും ആനിക്ക് മനസ്സിലായില്ല. എന്തായാലും ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ തന്നെ സ്ഥിരമായി നാട്ടിലേക്കു താമസം മാറുമല്ലോ. പിന്നെ എന്താണ് പെട്ടെന്നിങ്ങനെയൊരു പരവേശം? മാഷിനോട് കൂടുതലൊന്നും ചോദിച്ചിട്ടു കാര്യമില്ലെന്ന്അവർക്കറിയാം.

ആനിക്ക് ജിജ്ഞാസയില്ലാഞ്ഞിട്ടൊന്നുമല്ല പിന്നീടൊന്നും ചോദിക്കാത്തതെന്ന് ഏബ്രാം മാഷിനും നിശ്ചയമുണ്ട്. അതുകൊണ്ട് അവർക്ക് ചില സൂചനകളെങ്കിലും കൊടുത്തേ പറ്റൂ.

'തന്നോടു ഞാൻ ഒരു ശാന്തകുമാരനെപ്പറ്റി പറഞ്ഞിട്ടില്ലേ?'

'ശാന്തകുമാരനോ? അതാരാ'

'നാട്ടിൽ എൻറെ കൂടെ ചെറിയ ക്ലാസ്സിൽ പഠിച്ച ശാന്തകുമാരനെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്.'

'ഞാനൊന്നും ഓർക്കുന്നില്ല. ആട്ടെ, അയാൾക്കെന്തു പിണഞ്ഞു.'

'ഒന്നുമില്ല. അയാൾക്കോ എനിക്കോ എന്തേലും പറ്റുന്നതിനു മുമ്പ് ഒന്നു കാണണം. ആത്രേയുള്ളൂ.' ഏബ്രാം മാഷ് പറഞ്ഞു.

ഇങ്ങനെയൊരു കൂട്ടുകാരൻ നാട്ടിലുണ്ടെന്ന് മാഷ് എന്നെങ്കിലും പറഞ്ഞതായി ആനിക്ക് ഓർമ്മയില്ല. അങ്ങനെയൊരുവൻ ഉണ്ടെങ്കിൽ കൂടി ഇപ്പോൾ അയാളെ ഓർക്കാൻ മാത്രം എന്തുണ്ടായി? ഒരു പണിയും ചെയ്യാനില്ലാതെ ഓരോന്നാലോചിച്ചിരുന്നാൽ ഇതല്ല ഇതിനപ്പുറവും തോന്നും.

ഇവിടെ നിന്നും ഒരു വിളിപ്പാടകലെയുള്ള വില്ലേജ് ഓഫീസിലാണ് ആനി ജോലി ചെയ്യുന്നത്. ഇനി രണ്ടു വർഷത്തെ സർവീസ് കൂടി മാത്രമേ അവശേഷിക്കു

ന്നുള്ളൂ. ആനിയും വിരമിക്കുമ്പോൾ നാട്ടിൽ ചേക്കേറാനൊരു വീട് വേണം.അതിനായി കൊള്ളാവുന്നൊരു പ്ലോട്ട്, തറവാട്ടിൽ നിന്നും കുറച്ചകന്നു പോയെങ്കിലും മാഷ് വാങ്ങിച്ചിട്ടുണ്ട്.നല്ലൊരു ആശുപത്രിയും അത്യാവശ്യം കടകളും പിന്നെ അടുത്തൊരു പള്ളിയുമുണ്ട്. മാഷിനും ആനിക്കും ഇത്രയൊക്കെ സൌകര്യങ്ങൾ തന്നെ ധാരാളം. വീടിൻറെ പണി തുടങ്ങാറായില്ലേയെന്ന് സാജൻ ഇടയ്കു തിരക്കാറുണ്ട്. അത്യാവശ്യം തിരക്കുള്ള ഒരു ബിൽഡിംഗ് കോൺട്രാക്ടറാണയാൾ. മാഷിൻറെ വരട്ടെ എന്നുള്ള മറുപടി കേൾക്കുമ്പോൾ സാജന് ചിരി വരും. എല്ലാ മാഷുമാരെയും പോൽ അടുത്ത മധ്യവേനൽ അവധി വരാനുള്ള കാത്തിരിപ്പിലായിരിക്കും മൂപ്പർ.

നല്ല മഴയുള്ളൊരു ദിവസമായിരുന്നു ശാന്തകുമാരനെ ആദ്യമായി കണ്ടതെന്ന് ഏബ്രാം മാഷ് ഓർത്തു. അമ്മവീട്ടിൽ നിന്നും ഒന്നര മൈലപ്പുറമുള്ള കച്ചേരി സ്കൂളിൽ ചേർന്നു പഠിച്ചു കൊണ്ടിരുന്ന കാലം. മധ്യവേനൽ അവധിക്കു ശേഷം കൂട്ടുകാരോടൊപ്പം ഏഴാം ക്ളാസ്സിൽ പ്രവേശിച്ചപ്പോൾ പുതിയൊരു കുട്ടിയെ ക്ലാസ്സ് ടീച്ചർ പരിചയപ്പെടുത്തി. മറ്റൊരു സ്കൂളിൽ നിന്നും വന്നതാണ്. മൊട്ടയടിച്ച തലയും വട്ട മുഖവുമുള്ള ഒരു ദുർമ്മേദസ്സുകാരൻ പയ്യൻ. നിറം മങ്ങിയ വെള്ള ഉടുപ്പും മുട്ടിനു താഴെ നിൽക്കുന്ന ഒറ്റമുണ്ടുമാണ് വേഷം. മറ്റ് കുട്ടികൾ അവനെ കൌതുകത്തോടെ നോക്കി.അതിൽ ഒരാൾ ലോതർ ** എന്നു ആരുടെയോ ചെവിയിൽ മന്ത്രിച്ചു . കേട്ടവരൊക്കെ ടീച്ചർ കാണാതെ ചിരിച്ചു. ഇതൊന്നും തീരെ ഗൌനിക്കാതെ,ആരോടും അനുവാദം ചോദിക്കാൻ പോലും നിൽക്കാതെ അവൻ, ഏറ്റവും പിറകിലുള്ള ബെഞ്ചിൽ തനിക്കായൊരു സ്ഥാനം കണ്ടെത്തി.

'നിൻറെ പേരെന്താ.' ഉച്ചക്കുള്ള ഇടവേളയിൽ അവൻ അടുത്തു വന്നു ചോദിച്ചു.

'എബ്രഹാം മാത്യു.'

'നീയെന്തിനാ എന്നെ കണ്ടപ്പം ചിരിച്ചത്. ഒന്നോർത്തോ ഇതിപ്പോ എൻറെ നാലാമത്തെ സ്കൂളാ.' അവൻ കൈ തിരുമ്മി, ചുറ്റുപാടും നോക്കി പറഞ്ഞു. 'ചിരിച്ചു മറിഞ്ഞ എല്ലാവമ്മാരും കേട്ടാൽ കൊള്ളാം.'

അതൊരു ഭീഷണിയുടെ ശബ്ദം തന്നെയിരുന്നു. പുതുതായി വന്നു കയറിയ ചെക്കൻ ഇത്രക്കുമാകണമെങ്കിൽ ഒന്നുകിൽ അവൻറെ അച്ഛൻ പോലീസുകാരനോ മറ്റോ ആയിരിക്കണം അല്ലെങ്കിൽ നാട്ടിൽ അറിയപ്പെടുന്ന ഏതെങ്കിലും ചട്ടമ്പിയുടെ ചാർച്ചക്കാരനായിരിക്കാം. കുട്ടികൾ അടക്കം പറഞ്ഞതങ്ങനെയൊക്കെയാണ്. പക്ഷേ സ്കൂളിലെ പ്യൂൺ ശിവരാമൻ പറഞ്ഞപ്പോഴന്നറിഞ്ഞത് അവന് അച്ഛനില്ലെന്നും അമ്മാവനോടൊപ്പം പൂട്ടിപ്പോയ നെയ്തുശാലക്കു പിന്നിലുള്ള പഴയൊരു വീട്ടിലാണ് താമസമെന്നും. അവൻറെ അമ്മാവൻ ഒരു ചെപ്പടി വിദ്യക്കാരൻ ആണത്രെ. ശിവരാമൻറെ ചെപ്പടി വിദ്യ എന്ന വിശേഷണം ശാന്ത കുമാരനു തീരെ പിടിച്ചില്ല. അവൻ എല്ലാവരോടും വിശദീകരിച്ചു.

'ഇതതൊന്നും അല്ല. കങ്കെട്ടാണ് കൺകെട്ട് . ഈ ക്ലാസ്സിലുള്ള, ഞാനൊഴിച്ച് മുഴുവൻ ആളോളുടേം കണ്ണു മൂടിക്കെട്ടിയാൽ എന്താരിക്കും നടക്കുക.' അവൻ തൻറെ തോളിൽ കയ്യിട്ടുകൊണ്ടാണതു പറഞ്ഞതെന്ന് എബ്രാം മാഷിന് നല്ല ഓർമ്മയുണ്ട്. അപ്പോഴേക്കും മറ്റു കുട്ടികളോടുള്ള അവൻറെ വഴക്കെല്ലാം പോയിക്കഴിഞ്ഞിരുന്നു.

'ഞങ്ങക്കൊന്നും കാണാൻ പറ്റൂല്ല.' ആരോ നിഷ്കളങ്കമായി പറഞ്ഞു.

'അപ്പം എനിക്കോ?'

'നിനക്ക് എല്ലാം കാണാം'

'എൻറെ കണ്ണീ കൂടെ നിങ്ങൾക്കും കാണാൻ പറ്റിയെങ്കിലോ?'

'അതെങ്ങനെ.'

'ഞാൻ കാണുന്നതു മാത്രം നിങ്ങക്കും കാണിച്ചു തരും . അതാണ് ശരിക്കും കങ്കെട്ട്. ഇതൊക്കെ അമ്മാവൻ എനിക്കു പറഞ്ഞു തന്നിട്ടുള്ള കാര്യങ്ങളാ.'

കൈരളി ക്ലബ്ബിൻറെ ഓണാഘോഷ പരിപാടിക്കിടയിലും പിന്നീടൊരിക്കൽ സ്കൂളിൽ വെച്ചും മാജിക് കണ്ട കാര്യം എത്ര അഭിമാനത്തോടെയാണ് അന്ന് ശാന്തകുമാരനോടു പറഞ്ഞതെന്ന് എബ്രാം മാഷ് ഓർത്തു. തൊപ്പിയിൽ നിന്നും വെളുത്ത മുയലിനെ പുറത്തെടുത്തതും സാമ്പ്രാണിത്തിരി മാന്ത്രികൻറെ കയ്യിലിരുന്ന് തനിയെ കത്തിയ കാഴ്ചയുമൊക്കെ കുരുന്നു ഭാവനയ്ക്കുമപ്പുറമായിരുന്നു. ഇങ്ങനെയൊരു അമ്മാവനെ കിട്ടിയത് ശരിക്കും അവൻറെ ഭാഗ്യമാണ്.

'കൺ കെട്ടു വിദ്യ അമ്മാവനോടു പറഞ്ഞു നിനക്കും പഠിച്ചൂടേ'

'കൊറച്ചൊക്കെ എനിക്കറിയാം. വല്യവുധികിട്ടുമ്പോ എന്നെ കൂടെ മദ്രാസ്സിൽ കൊണ്ടുപോകാമെന്ന് അമ്മാവൻ പറഞ്ഞിട്ടുണ്ട്. നോക്കിക്കൊ, എല്ലാം ഞാൻ പഠിച്ചെടുക്കും. പക്ഷേ......' അവൻ മുഴുമിപ്പിക്കാനാവാതെ നിർത്തി.

'എന്തേ കുഴപ്പം?'

'മറ്റൊന്നുമല്ല,എൻറെ അമ്മ തനിച്ചായി പോകും.'

എന്തായാലും കുട്ടികൾക്കിടയിൽ ശാന്തകുമാരനൊരു ഹീറോ ആയി മാറി. പഠിക്കുവാൻ അൽപ്പം പുറകിലാണെന്നാലും, ഗൃഹപാഠം ഒന്നും നേരെ ചൊവ്വെ ചെയ്യാറില്ലെങ്കിലും, കുട്ടികൾ ആരെങ്കിലുമൊക്കെ അവൻറെ സഹായത്തിനെത്തിയിരുന്നു. അതുകൊണ്ടു തന്നെ ക്ലാസ്സ് പരീക്ഷകൾക്കൊന്നും അവന് തോൽക്കേണ്ടി വന്നിട്ടില്ല. ഒരേ ബെഞ്ചിൽ തൊട്ടടുത്തിരുന്നതു കൊണ്ടു മാത്രമല്ല അവനോടു കൂടുതൽ അടുത്തതെന്ന് ഏബ്രാം മാഷിനു തോന്നി. ആരെയും

ആകർഷിക്കാൻ പോന്ന ഒരു ശരീരഭാഷയായിരുന്നു അവനുണ്ടായിരുന്നത്. ഏതു സാഹചര്യത്തോടും പെട്ടെന്ന് ഇണങ്ങിച്ചേരാൻ അവനു കഴിഞ്ഞിരുന്നു.

'അടുത്ത വെള്ളിയാഴ്ച എൻറെ പുറന്നാളാണ്. പറ്റുവെങ്കിൽ വൈകുന്നേരം നിന്നെയും കൂട്ടണമെന്നാണ് അമ്മാവൻ പറഞ്ഞിരിക്കണേ. നീ വരുമോ?' ഒരു ദിവസം ശാന്തകുമാരൻ ചോദിച്ചു.

'അയ്യോ ഞാനോ. അതിനു നിൻറമ്മാവന് എന്നെ അറിയാമോ?'

'ഇവിടെ നടക്കുന്നതോരോന്നും അമ്മാവനറിയാം .'

'നുണ.'

'നിനക്കതൊന്നും പറഞ്ഞാ മനസ്സിലാവില്ല,കുട്ടി .'

ശാന്തകുമാരൻറെ കൂടെ എങ്ങനെ പോകാനാണ്? വീട്ടിൽ അറിഞ്ഞാൽ തീരെ സമ്മതിക്കില്ല. വീട്ടിൽ നിന്നുമിറങ്ങിയാൽ സ്കൂൾ, സ്കൂളിൽ നിന്നും പോന്നാൽ വീട്. അതിനപ്പുറമൊന്നും കൊച്ച് എബ്രഹാം മാത്യുവിന് ചിന്തിക്കാനേ വയ്യ. പക്ഷേ ശാന്തൻറെ വീട്ടിലൊന്നു പോയാൽ കൊള്ളാമെന്നുണ്ട്. പറ്റിയാൽ അവൻറെ അമ്മാവനെ ഒന്നടുത്തു കാണാമല്ലോ.

'അന്നു ഞാൻ അമ്മാവൻറെ സൈക്കിളുമായി വരും. അവിടം വരെ പോയിട്ട് ഉടനെ തിരിച്ചു പോരാം. എന്തായാലും നിന്നെ അഞ്ചരയ്ക്കു മുമ്പു തന്നെ വീട്ടിലെത്തിച്ചിരിക്കും. അതു പോരേ..' വീട്ടുകാരുടെ കണ്ണു മൂടാനുള്ള മാർഗ്ഗവും ശാന്തകുമാരൻ കണ്ടുപിടിച്ചു. 'ഇനിയും ആരെങ്കിലും ചോദിച്ചാത്തന്നെ പന്തുകളി കാണുവാരുന്നെന്ന് പറഞ്ഞാൽ മതി.'

കൂട്ടുകാരൻറെ വീടെവിടാണെന്നു പോലും ശാന്തകുമാരന് നിശ്ചയമുണ്ടാകാൻ വഴിയില്ല.പിന്നെങ്ങനെയാണവൻ അങ്ങോട്ടുള്ള ദൂരവും സമയവും കൃത്യമായും കണക്കു കൂട്ടുന്നു. എബ്രഹാം മാത്യുവിന് അത് ഉത്തരം കിട്ടാത്തൊരു ചോദ്യമായി. പിന്നീടെപ്പോഴോ ശാന്തനോട് ഇതേപ്പറ്റി ചോദിച്ചപ്പോൾ അവനൊന്നു പുഞ്ചിരിച്ചു. ഏത് ദൂരവും ലഘൂകരിക്കാൻ ഒരു പുഞ്ചിരിക്കു കഴിയുമല്ലോ.

കുട്ടികൾ ചെല്ലുമ്പോൾ ശാന്തകുമാരൻറെ അമ്മ മുറ്റത്തുള്ള ചെടികൾക്ക് വെള്ളമൊഴിക്കുകയായിരുന്നു. ചെടികളോട് പിണങ്ങരുതെന്നോ മറ്റോ പറഞ്ഞുകൊണ്ട് അവർ കുടം ഒതുക്കുകല്ലിൻമേൽ വെച്ചു.

'ഇതല്ലേ ശാന്താ നിൻറെ പടിത്തക്കാരൻ കൂട്ടുകാരൻ .'

അവൻ അതിനു മറുപടി പറയാതെ സൈക്കിൾ വീടിൻറെ ചായ്പ്പിനോട് ചേർത്തു വെച്ചു. നിറയെ പൂക്കളുള്ള ഒരു ചെമ്പരത്തിച്ചെടി മുറ്റത്ത് ചിരി തൂകി നിൽപ്പുണ്ടായിരുന്നു.

'മോനേ അകത്തേക്കു കൊണ്ട് പോയി ആ പടങ്ങളൊക്കെ ഒന്നു കാണിച്ചു കൊടുക്ക്.' അമ്മ ശാന്തകുമാരനോട് പറഞ്ഞു.

ഭിത്തിയിൽ നിറയെ ചിത്രങ്ങളാണ്. കൂടുതലും ദൈവങ്ങൾ തന്നെ. അതോടൊപ്പമുണ്ടായിരുന്ന എം ജി ആറിൻറെ ചില വേഷങ്ങൾ എബ്രഹാം മാത്യുവിനെ ഏറെ സന്തോഷിപ്പിച്ചു. അപ്പച്ചനെയും കൂട്ടി ആയിരത്തിൽ ഒരുവനും വേട്ടക്കാരനും തീയേറ്ററിൽ കണ്ടപ്പോൾ തുടങ്ങിയ പ്രത്യേക സ്നേഹമായിരുന്നു എം ജി ആറിനോട്. ഇവിടെ ആർക്കാണ് അങ്ങേരോട് ഇത്രക്കും ആരാധന? അത് തീർച്ചയായും ശാന്തകുമാരൻറെ അമ്മാവനു തന്നെയായിരിക്കും.

'രാവിലെ തെക്കൂന്നും കുറച്ചാളുകൾ വന്ന് അമ്മാവനെ ഒരു പരിപാടിക്ക് കൂട്ടിക്കൊണ്ട് പോയി.' ശാന്തകുമാരൻറെ അമ്മ പറഞ്ഞു.

'ആ അടച്ചിട്ടിരിക്കുന്നതാണ് അമ്മാവൻറെ മുറി.' ശാന്ത കുമാരൻ ഇടത്തു വശത്തേക്ക് വിരൽ ചൂണ്ടി. 'അതിലാരെങ്കിലും കേറുന്നത് അമ്മാവനിഷ്ടമില്ല. ഞങ്ങളൊന്നും അങ്ങോട്ട് പോകാറേയില്ല.'

നിഗൂഢതകളൊളിച്ചു വെച്ചിട്ടുണ്ടെന്നു തോന്നിപ്പിക്കുന്ന ആ കൊച്ചു മുറിയുടെ കതകിൽ ഒരു കുതിരയുടെ ചിത്രം പതിച്ചിരുന്നു. വെൺമേഘത്തിൻറെ അഴകുള്ള ഒരു മാന്ത്രികക്കുതിര.

'എബ്രാം നീ വരുന്നെങ്കിൽ നിന്നെ ഒരു കൂട്ടം കാണിച്ചു തരാം.'

ശാന്തകുമാരൻ വീടിൻറെ പിന്നിലുള്ള മുറ്റത്തെക്കാണ് പോയത്. അവിടെ ഇളം തിണ്ണയോട് ചേർന്നുള്ള ഒരു ചെറു കൂട് തുറന്ന് രണ്ടു കുഞ്ഞൻ മുയലുകളെ അവൻ പുറത്തെടുത്തു. ഒന്നു വെള്ളയും മറ്റേത് ചാര നിറമുള്ളതും. ആദ്യമായാണ് മുയലുകളെ ഇത്രയും അടുത്ത് കാണുന്നത്. എന്തൊരു ഭംഗി.

'ഇത് ഒറിജിനൽ തന്നെയാണോടാ' അറിയാതെ അന്നു ചോദിച്ചത് ഓർമ്മയിലുണ്ട്.

'നീ ചോദിച്ചതു ശരിയാ. ഇതിലൊന്ന് ഒറിജിനലാ മറ്റേത് മായയാ. പക്ഷേ അതേതാന്നു മാത്രം ഞാൻ പറയില്ല.' അവൻ മുയലുകളെ ഇരു കൈകളിലും ഉയർത്തിപ്പിടിച്ചു.

'എൻറെ കയ്യിലൊന്നു തര്വോ'

അവനത് കേട്ട ഭാവം പോലും നടിക്കാതെ,. ഒരു മായാജാലക്കാരൻറെ കരവിരുതോടെ തിടുക്കത്തിൽ കൂടു തുറന്നു.സത്യവും മിഥ്യയുംഅതിലൊളിച്ചു.

പിന്നീടുള്ള നാളുകളിൽ ഒരിക്കൽ പോലും ശാന്തകുമാരനോട് ഇതേപ്പറ്റി ചോദിച്ചില്ല. പക്ഷേ എന്നെങ്കിലുമൊരു നാൾ അവനൊരു വെളിപ്പെടുത്തലിനു തയ്യാറായേക്കുമെന്ന പ്രതീക്ഷ തന്നോടൊപ്പമുണ്ടായിരുന്നതായി എബ്രാം മാഷ് ഓർമ്മിച്ചു. ഒടുവിൽ ഒരു പിടിയും തരാതെ അവൻ,മധ്യവേനൽ അവധിക്കാലത്ത് അവൻറെ അമ്മാവനോടൊപ്പം മദിരാശിയിലേക്കുള്ള വണ്ടി കയറി.

ശാന്ത കുമാരനെ കുറിച്ച് ഒന്നും കേട്ടിട്ടേയില്ലെ



ന്നാണ് ഇപ്പോൾ ആനി പറയുന്നത്. ഏബ്രാം മാഷ് തന്നെ ഒന്നിലധികം സന്ദർഭങ്ങളിൽ അവനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആനിയുടെ ഓർമ്മയിൽ അതുണ്ടായിരിക്കണമെന്നു നിർബ്ബന്ധിക്കാൻ പറ്റില്ലല്ലോ. പണ്ട് പഠിക്കുന്ന കാലഘട്ടത്തിലെടുത്തിട്ടുള്ള ഏതാനും ഗ്രൂപ്പ് ഫോട്ടോകൾ സ്റ്റോർ മുറിയിലുള്ള തടി അലമാരയിൽ വെച്ചിട്ടുണ്ട്. ഒരു പക്ഷേ അവൻറെ ചിത്രവും അതിലുണ്ടായെന്നിരിക്കാം. സ്റ്റോർ മുറിയിൽ പകലും ഇരുട്ടാണ്. മാത്രമല്ല അലമാരയുടെ മേൽത്തട്ട് പരിശോധിക്കണമെങ്കിൽ സ്റ്റൂളിൽ കയറി നിൽക്കണം. അൽപ്പം അപകടം പിടിച്ച പണിയാണെങ്കിലും മാഷ് അതിനു തയ്യാറായത് ശാന്തകുമാരൻറെ രൂപമെങ്കിലും ആനിയെ കാണിക്കാമല്ലോയെന്ന് കരുതിയാണ്.

പക്ഷേ ഒന്നും ശരിയായില്ല. സ്കൂൾ പഠന കാലത്തുള്ള ഒരു ചിത്രവും അവിടെ ഉണ്ടായിരുന്നില്ല. അലമാരയ്കുളിൽ നിന്നും വലിച്ചു വാരിയിട്ടതൊക്കെ ക്രമപ്പെടുത്തി,സ്റ്റൂൾ താൽസ്ഥാനത്ത് വെച്ചിട്ടു വരുമ്പോഴാണ് മാഷ് മൊബൈൽ ഫോണിൻറെ ശബ്ദം കേട്ടത്. അത് സാജനയിരുന്നു.

'അച്ചായൻ എന്തെടുക്കുവാണ്? കഴിഞ്ഞ ദിവസം ഡോക്ടറെ കാണാമ്പോയിട്ട് കണ്ടോ?അല്ലർജി ഒണ്ടെന്ന് പറഞ്ഞ ആ ഗുളിക മാറ്റിയോ?'

എപ്പോഴും ഒരു ഡോക്ടറും ഗുളികയും. മറ്റെന്തെല്ലാം കാര്യങ്ങളുണ്ട് ഈ ലോകത്തിൽ. തന്നെ അലട്ടുന്ന വിഷയത്തിലേക്ക് അവനെ പിടിച്ചു കൊണ്ടു വരണമെന്ന് ഏബ്രാംമാഷിനു തോന്നി.

'നീയോർക്കുന്നുണ്ടോയെന്നറിയില്ല. എൻറെ കൂടെ ഏഴാം ക്ളാസ്സിൽ പഠിച്ച, നല്ല വണ്ണമുള്ള ഒരു ശാന്തകുമാരനെ.'

'ഇല്ലല്ലോ അച്ചായാ.'

'നീയൊന്നൂടെ ഓർത്തു നോക്കിക്കേ.'

സാജൻ അന്ന് അതേ സ്കൂളിൽ തന്നെ അഞ്ചാം ക്ളാസ്സിൽ പഠിക്കുന്നു. തീർച്ചയായും അവനോർക്കാതിരിക്കാൻ വഴിയില്ല. ഒരിക്കൽ കണ്ടാൽ മറക്കാനാവാത്ത കഥാപത്രമല്ലേ ശാന്തകുമാരൻ .

'അച്ചായൻറെ കൂടെ അന്നുണ്ടാരുന്ന നാണപ്പനേം മേരിദാസനേം അറിയാം. അല്ലതാരും ഓർമ്മയിൽ വരണില്ല.'

'എന്തായാലും എനിക്കവനെയൊന്നു കാണണം.'

'അല്ല, പത്തമ്പത് കൊല്ലം മുമ്പത്തെ കാര്യങ്ങളൊക്കെ ഇപ്പോ ഓർത്തിട്ടെന്താ കാര്യം? പഴേ കൂട്ടുകാരൊക്കെയാണെങ്കിൽ കൂടി അവരൊക്കെ ഇപ്പോ ജീവിച്ചിരുപ്പുണ്ടാകുമോ എന്നാർക്കറിയാം.' സാജൻ തൻറെ മനസ്സിലിരുപ്പ് വ്യക്തമാക്കി.

അവനോട് ഇനിയെന്തെങ്കിലും ചോദിച്ചിട്ടു കാര്യമില്ല. ഫോൺ സംഭാഷണം അവസാനിപ്പിക്കാൻ തുട

ങ്ങുമ്പോൾ അവൻ പറഞ്ഞു.

'അച്ചായൻ ഇപ്പേരും പറഞ്ഞു ഇനി ഇറങ്ങി പുറപ്പെടേണ്ട. ചേട്ടത്തിയും മോനും പിന്നെ എന്നയാ കുറ്റപ്പെടുത്തുക. ചേട്ടത്തിക്ക് ക്രിസ്തുമസ്സിന് അവധി കിട്ടുമ്പോ രണ്ടാളും കൂടി വന്നാൽ മതി.'

ആനി ഇതിനകം തന്നെ കാര്യങ്ങളൊക്കെ സാജനെ അറിയിച്ചു കഴിഞ്ഞിരിക്കുന്നു. അവനെ മാത്രമല്ല സനീഷിനെയും. അതിനൊരു സ്ഥിരീകരണം കിട്ടിയത് ആനി ഓഫീസിൽ നിന്നും മടങ്ങി വന്നതിനു ശേഷമാണ്.

'സനീഷ് വിളിച്ചിരുന്നു. ഈയാഴ്ച അവരിങ്ങോട്ടു വരുന്നുണ്ടെന്ന്. ആ രവിയോട് പറഞ്ഞ് അവൻറെ മുറിയിലെ ഫാനൊന്നു ശരിയാക്കണം.'

'അടുത്ത മാസത്തിലേ അവനു ലീവ് കിട്ടൂന്നല്ലേ പറഞ്ഞത്. പിന്നെന്താ ഇപ്പോ...?'

'അവന് എന്തോ കാര്യമുണ്ടെന്നാ പറഞ്ഞത്. ഞാൻ കൂടുതലൊന്നും ചോദിച്ചില്ല.'

കൂടുതലൊന്നും ചോദിക്കേണ്ട. ആരോടും പറയാതെ എവിടെക്കെങ്കിലും പൊയ്ക്കളയുമോയെന്ന ഭയമായിരിക്കാം. അല്ലെങ്കിൽ, പഴുതുകളൊന്നായി അടക്കുമ്പോൾ ഒരു തടവറ തീരുമെന്ന യുക്തിയായിരിക്കാം. ഏബ്രാം മാഷിനു സഹതാപമാണ് തോന്നിയത്.

കച്ചേരി സ്കൂളിൻറെ മുന്നിൽ നിന്നും അല്പം മുന്നോട്ടു മാറിയാണ് ഓട്ടോറിക്ഷാ നിറുത്തിയത്. ഡ്രൈവർ ഇന്നാട്ടുകാരനല്ല. അയാൾക്ക് ശാന്തകുമാരനെയോ മറ്റാരെയെങ്കിലുമോ അറിയില്ല. ആരോടെങ്കിലും ചോദിക്കാമെന്ന് വെച്ചാൽ വഴിയിലാരെയും കാണാനില്ല. ഏതോ പൊതു അവധി ദിവസമായതിനാൽ സ്കൂളിലുമില്ല ആളനക്കം. ഏബ്രാം മാഷ് ഓട്ടോയിൽ നിന്നും തിടുക്കപ്പെട്ട് ഉച്ച വെയിലിലിലേക്കിറങ്ങി.

പരിചിതമായ പാതയാണ് മുന്നിൽ നീണ്ടു കിടക്കുന്നത്. മുന്നോട്ട് നടക്കുമ്പോൾ മാഷിന് ഒട്ടും ക്ഷീണം തോന്നിയില്ല. വഴിയോടു ചേർന്നു കുരിശടിക്കടുത്തുണ്ടായിരുന്ന, കേശവൻ ചേട്ടൻറെ മിഠായി മുറുക്കാൻ കട ഇപ്പോഴവിടെ ഇല്ല. പകരം ഒരു മൂന്നുമുറി പീടികയാണ്. അതിൽ ഒന്നാമതായി കാണുന്നതൊരു കൂൾ ബാറാണ്. ചിലപ്പോൾ ശാന്തകുമാരനെപ്പറ്റി എന്തെങ്കിലും അറിയാൻ കഴിഞ്ഞേക്കുമെന്നും കരുതിയാണ് ഏബ്രാം മാഷ് കടയിലേക്കു കയറിയത്.

പഴയൊരു മിക്സിയുമായി മല്ലടിച്ചു കൊണ്ട് ഒരാൾ അവിടെ നിൽപ്പുണ്ടായിരുന്നു. ആളെ കണ്ടിട്ട് ഏബ്രാം മാഷിന് കണ്ണെടുക്കാനായില്ല.അതു ശാന്തകുമാരൻ തന്നെ. അതേ മൊട്ടത്തല,വട്ട മുഖം പിന്നെ സ്ഥൂലിച്ച ശരീരവും.

'ശാന്ത കുമാരൻറെ ആരാ ?' മാഷ് അറിയാതെ ചോദിച്ചു പോയി.

'ആദ്യം നിങ്ങളാരെന്നു പറഞ്ഞോളൂ .' അയാൾ ആഗതനെ അടിമുടി നോക്കി.

'ഞാൻ എബ്രഹാം മാത്യു. സ്കൂളിൽ ശാന്ത കുമാരൻറെ സഹപാഠിയായിരുന്നു.' ഒരു പിടിവള്ളി കിട്ടിയ സന്തോഷത്തോടെ മാഷ് പറഞ്ഞു.

'അച്ഛൻ സ്ഥലത്തില്ല' അയാൾ പ്രത്യേകിച്ചൊരു തൽപ്പര്യവും കാണിച്ചില്ല.

അങ്ങനെയൊരു വ്യക്തി ജീവിച്ചിരുപ്പുണ്ടെന്നെങ്കിലും സമ്മതിച്ചല്ലോ. മാഷ് അടുത്തു കണ്ട കസേരയിലിരുന്നു. ശാന്ത കുമാരൻറെ മകൻറെ പേര് ദേവദാസ് എന്നാണ്. അയാൾ ഒന്നര വർഷമായി ഇവിടെ ബേക്കറിയും കൂൾ ബാറും നടത്തുന്നു.

'ഞാൻ കുറച്ചു ദൂരത്തൂന്നാ. എനിക്കയാളെ ഒന്നു കണ്ടിട്ടു വേണം പോകാൻ .'

'അച്ഛൻ പോയിട്ട് രണ്ടു വർഷമായി.എങ്ങോട്ടെന്നോ ഇനി എന്നു വരുമെന്നോ അറിയില്ല.' ദേവദാസ് കൈമലർത്തി.

അപ്പോൾ അതാണ് കാര്യം. ഒരച്ഛൻ അയാളുടെ കടമകൾ നിർവഹിച്ചുവെന്നു പറഞ്ഞിട്ടു കാര്യമില്ല, മക്കൾ ആഗ്രഹിക്കുന്ന തലത്തിലേക്ക് അയാൾക്ക് ഉയരുവാനും കഴിയണം.

'അച്ഛനോട് പ്രത്യേകിച്ചെന്തെങ്കിലും പറയേണ്ടതുണ്ടോ?' ദേവദാസ് അടുത്തു വന്നു ചോദിച്ചു. തന്നെ ഒഴിവാക്കാനുള്ള പുറപ്പാടാണതെന്ന് മാഷിനു ബോധ്യമായി.

ഇനി തിരിച്ചു പോകുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല. എങ്കിലും ദേവദാസിനെ അനുനയിപ്പിക്കാനെന്നോണം, ശാന്തകുമാരനേപ്പറ്റി ഓരോന്നോർത്തു പറഞ്ഞുകൊണ്ട് ഏബ്രാം മാഷ് കുറച്ചുനേരം അവിടെത്തന്നെ ഇരുന്നു. ഒരു പക്ഷേ തൻറെ അച്ഛൻറെ സ്കൂൾ ജീവിത കഥകൾ ദേവദാസ് ആദ്യമായായിരിക്കും കേൾക്കുന്നത്. ദേവദാസ് അതൊക്കെ ശ്രദ്ധിക്കുന്നുണ്ടെന്ന് കണ്ടപ്പോൾ ഒരു കഥാകാരൻറെ സ്വാതന്ത്ര്യമെടുത്തു കൊണ്ട് മാഷ് ചിലതൊക്കെ പറഞ്ഞൊപ്പിച്ചു. കടയിൽ തിരക്കില്ലാതിരുന്നതു കൊണ്ട് ദേവദാസ് തിടുക്കമൊന്നും കാട്ടിയതുമില്ല. ഇതിനിടയിലെപ്പോഴോ അയാൾ കൊടുത്ത നാരങ്ങാവെള്ളം കുടിച്ചു തീർത്തിട്ട് മാഷ് എഴുന്നേറ്റു.

'മാഷ് ഇത്രടം വന്ന സ്ഥിതിക്ക് വീട്ടിൽ കയറിയിട്ടു പോകാം. ഞാനിപ്പോൾ ഉണ്ണാൻ പോകുന്നുണ്ട്. അമ്മ ചിലപ്പോൾ അച്ഛൻറെ ചില കൂട്ടുകാരെപ്പറ്റി കേട്ടിട്ടുണ്ടായിരിക്കണം.' മാഷിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് ദേവദാസ് പറഞ്ഞു.

ശാന്ത കുമാരൻറെ വീട്ടിലേക്ക് ഒരു യാത്ര കൂടി. ഇത്തവണ അത് ദേവദാസിൻറെ സ്കൂട്ടറിൻറെ പിന്നിലിരുന്നാണെന്നു മാത്രം. കുറച്ചു കുട്ടികൾ വഴിയുടെ ഇടതു വശത്തുള്ള മൈതാനത്ത് നാടൻ പന്ത് കളിക്കുന്നു. ആരോ മരം മുറിക്കുന്ന ശബ്ദം അകലെയല്ലാ

തെ കേൾക്കുന്നുണ്ട് . കുളിർമ്മയില്ലാത്ത ഒരു കാറ്റ് അവരെ കടന്ന് എങ്ങോട്ടോ പോയി. കാലം പിന്നോട്ടു പിന്നോട്ടു പൊക്കൊണ്ടിരിക്കുകയാണെന്ന് അപ്പോൾ മാഷിനു തോന്നി.

'നല്ലോണം പിടിച്ചിരുന്നോളൂ . മുന്നോട്ടുള്ള വഴി മോശമാ.' അയാൾ മുന്നറിയിപ്പ് തന്നു.

മാഷ് ദേവദാസിനോട് ചേർന്നിരുന്നു.

സ്കൂട്ടറിൻറെ ശബ്ദം കേട്ടിട്ടാവണം,വീടിൻറെ പിൻഭാഗത്തു നിന്നും ദേവദാസിൻറെ അമ്മ മുറ്റത്തേക്കു വന്നു. തടിച്ച ഫ്രെയിമുള്ള കണ്ണടയും വെളുത്ത നീളൻ മുടിയുമുള്ള ഒരു കൃശഗാത്രി. അവരോടൊപ്പം ക്രൂര മുഖമുള്ള ഒരു കറുത്ത പട്ടിയുമുണ്ടായിരുന്നു. അതെപ്പോൾ വേണമെങ്കിലും തൻറെ മേൽ ചാടി വീണേക്കുമെന്ന് ഏബ്രാം മാഷ് ഭയപ്പെട്ടു.

'അച്ഛൻറെ പഴയ ചങ്ങാതിയാ. ദൂരേന്നും കാണാൻ വന്നതാ.' ദേവദാസ് മാഷിനെ പരിചയപ്പെടുത്തി.

'അച്ഛനില്ലെന്ന് നീ പറഞ്ഞില്ലേ?' അവർക്കു മാഷിനെ തീരെ മനസ്സിലായില്ല.

'അമ്മയെ കണ്ടിട്ടു പോകാമെന്ന് ഞാനാ പറഞ്ഞത്, 'അകത്തേക്കു വരൂ.' ദേവദാസിൻറെ അമ്മ ക്ഷണിച്ചു.

അവരുടെ പിന്നാലെ അകത്തേക്കു പ്രവേശിക്കാൻ തുടങ്ങിയ ഏബ്രാം മാഷിനെ നോക്കി പട്ടി മുരണ്ടു.

'പേടിക്കണ്ട. ഒന്നും ചെയ്യില്ല, ചെറുതായിരിക്കുമ്പോ വീട്ടിൽ കയറി വന്നതാ.'ദേവദാസ് പറഞ്ഞു.

ദേവദാസിൻറെ അമ്മ വിളമ്പി തന്ന ഊണ് കഴിച്ചു കൊണ്ടിരിക്കുമ്പോൾ ഏബ്രാം മാഷ് ശാന്തകുമാരനെ ഓർമ്മിച്ചു. അവനിപ്പോൾ എവിടെയാണ്? മാഷിൻറെ മനോഗതം അറിഞ്ഞിട്ടെന്ന പോലെ അവർ പറഞ്ഞു.

'അങ്ങേരിപ്പോ എവിടെയാന്നു ഞങ്ങൾക്കും നിശ്ചയമില്ല.'

'അവനു വേണ്ടപ്പെട്ടൊരു അമ്മാവനുണ്ടായിരുന്നല്ലോ..' മായാജാലക്കാരനായ അമ്മാവനിലൂടെ ശാന്തനിലേക്കു കടന്നു വരാമെന്ന് ഏബ്രാം മാഷ് വിചാരിച്ചു .

'ഒന്നും പറയേണ്ട മാഷേ. അമ്മാവനൊക്കെ പോയി. പക്ഷേ അങ്ങേരെ ഈ വഴിക്കാക്കിയത് ആ അമ്മാവൻ തന്നെയാ.' അമ്മ എന്തൊക്കെയോ പറയാനുള്ള പുറപ്പാടിലായിരുന്നെങ്കിലും ദേവദാസ് അവരെ നിരുൽസാഹപ്പെടുത്തി.

'അമ്മാവൻറെയും മരുമോൻറെയും കഥ പിന്നീട് പറയാം. ഊണ് കഴിച്ചിട്ട് മഷൊന്നു വിശ്രമിക്കട്ടെ. ഞാൻ അര മണിക്കൂറിനകം റെഡിയായി വരാം.'

ഇളം തിണ്ണയിൽ കാറ്റും കൊണ്ടിരിക്കുമ്പോൾ ഏബ്രാം മാഷ് ചുവരിലുള്ള ചിത്രങ്ങൾ ശ്രദ്ധിച്ചു. എം.ജി.ആറിൻറെ പടങ്ങളൊക്കെ ആരോ എടുത്തു മാറ്റിയിരിക്കുന്നു. ഇവിടം വരെയെത്തിയിട്ടും, ഇത്ര നേരമിരുന്നിട്ടും, ശാന്ത കുമാരനെ കുറിച്ച് ആരുമൊന്നും പറയാത്തതെന്താണ്? എന്തായാലും താൻ കണ്ട സ്വപ്നത്തെപ്പറ്റിയെങ്കിലും ഇവിടെ പറയണമെന്ന് മാഷ് വിചാരിച്ചു. ഇതൊക്കെ കേൾക്കേണ്ടവരോടല്ലാതെ മറ്റാരോടെങ്കിലുമൊക്കെ പറഞ്ഞിട്ടെന്താണു കാര്യം?

ദേവദാസ് കടയിലേക്ക് പോകാൻ ഇറങ്ങി വരുന്നതു വരെയും മാഷ്, അവൻറെ അമ്മയോട് തന്നെ വലച്ച സ്വപ്നത്തെപ്പറ്റി പറയാനുള്ള ശ്രമം നടത്തി. അതിനൊരവസരമുണ്ടാക്കാതെ, അവർ ഓരോ ജോലികളിൽ മുഴുകി അവിടെയുമിവിടെയും നടന്നു. ഒടുവിൽ മാഷിനും അതു വേണ്ടെന്നു തോന്നി. കൺവെട്ടത്തു നിന്നും പെട്ടെന്നൊരുനാൾ അപ്രത്യക്ഷനായ ഭർത്താവിനെ കിനാവിൽ കണ്ടെന്നറിയിക്കാനാണ് ഈ വരവെന്ന് പറഞ്ഞാൽ അവർക്കെന്തു തോന്നും? അവർക്കതു കൊണ്ട് എന്തുനേട്ടം?

'ശാന്തൻ പണ്ടിവിടെ മുയലുകളെ വളർത്തിയിരുന്നു വല്ലേ?' മുറിക്കുള്ളിലെ മൌനം മുറിക്കാനായി മാഷ് ചോദിച്ചു. നിഷേധരൂപത്തിൽ തലയാട്ടിയിട്ട് ദേവദാസിൻറെ അമ്മ, മാഷിനോട് ചോദിച്ചു . 'ഇത് അങ്ങേര് പറഞ്ഞതാണോ .'

അവരോട് എന്തു പറയാനാണ്. തൻറെ ചോദ്യം അനവസരത്തിലായിപ്പോയോയെന്ന് ചിന്തിച്ചു മാഷിനും വിഷമമായി .

ബസ്സുകൾ നിറുത്തുന്നൊരു മുക്കിലേക്കെന്നും പറഞ്ഞാണ് ദേവദാസ്, മാഷിനെ കൊണ്ടുപോയത്. ഏറെ നേരം സ്കൂട്ടറിൻറെ പിന്നിലിരുന്നു യാത്ര ചെയ്തിട്ടും മാഷ് അങ്ങനെയൊരു ബസ്സ്റ്റോപ്പ് കണ്ടില്ല. എവിടെയാണിറങ്ങേണ്ടതെന്ന് പലതവണ ചോദിച്ചെങ്കിലും ദേവദാസിൽ നിന്നും മറുപടിയൊന്നും കിട്ടിയില്ല. അറിയാത്ത ബസ് സ്റ്റോപ്പിലേക്കുള്ള ദൂരം എങ്ങനെ കണക്ക് കൂട്ടുമെന്നോർത്തു മാഷിൻറെ തലയാകെ പുകഞ്ഞുവെങ്കിലും മെല്ലെ അതിൽ നിന്നും പുറത്തു വന്നു . ഒടുവിൽ മാഷിൻറെ ചുണ്ടത്തൊരു പുഞ്ചിരി വിടർന്നു.


'ശാന്താ നിൻറെ കുസൃതി അവസാനിപ്പിച്ചിട്ട് ഇതെവിടെങ്കിലും ഒന്ന് ഒതുക്കി നിറുത്തൂ. എനിക്കു നിന്നോട് ചിലത് പറയാനുണ്ട്.'

ശാന്താ കുമാരന് പിന്നെ മറുത്തൊന്നും പറയാനായില്ല .


**ജീവിതരേഖ**
കോട്ടയം സ്വദേശി. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻ്റെർപ്രൈസസ് ലിമിറ്റഡിൽ നിന്നും ചീഫ് മാനേജരായി വിരമിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥകൾ എഴുതാറുണ്ട്.
rejimarkose@gmail.com

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**









We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

ഇ-മലയാളി കഥാമത്സരം 2022

രണ്ടാം സമ്മാനം നേടിയ കഥ



ശ്രീനി നിലമ്പൂർ

# വണ്ണക്കരയിലെ വിശുദ്ധർ



വര: പി ആർ രാജൻ

വണ്ണക്കരപ്പഞ്ചായത്തിലെ അറിയപ്പെടുന്ന കർഷകനായ രാഘവൻ നായരുടെ ഭാര്യയും പഞ്ചായത്ത് മെംബറുമായ ശാന്താദേവിയുടെ തിരോധാന വാർത്തയുമായാണ് അന്നത്തെ പ്രഭാതം പൊട്ടി വിടർന്നത്. അംഗലാവണ്യത്തിൽ ഷക്കീലയും അനുഷ്ഠാനങ്ങളിൽ അനസൂയപോലെയും ഏവരെയും കൈകാര്യംചെയ്യാൻ കാലിബറുള്ള , മുപ്പത്തിയാറിൽ മുട്ടിനിൽക്കുന്ന സൗന്ദര്യധാമം ശാന്താദേവിയെ കാണാനില്ലെന്ന വാർത്ത നാടിനെയാകെ സ്തംഭിപ്പിച്ചു!കേട്ടവർ കേട്ടവർ യുക്തിക്കനുസരിച്ചു നീണ്ടകഥകൾ പറഞ്ഞുണ്ടാക്കി.ഉടുക്ക് കൊട്ടാൻ പാണന്മാർ ഇല്ലെങ്കിലും ദേശാന്തരങ്ങളിലേക്ക് പ്രകാശവേഗത്തിൽ ഇക്കിളിപടർത്തിക്കഥകൾ പ്രസരിച്ചു .

പുലർച്ചെ അഞ്ചുമണിക്ക് എണീറ്റ രാഘവൻനായരാണ് പത്നി ശാന്തയെ കാണാനില്ല എന്ന വിവരം ആദ്യം അറിയുന്നത്.എന്നത്തേയും പോലെ ഉറക്കം വിട്ടെണീറ്റു വന്നപ്പോൾ പതിവുള്ള കട്ടൻ കാപ്പി സ്വാഹാ. കാപ്പിക്കലം കഴുകി കമഴ്ത്തിയ നിലയിൽ വീതനപ്പുറത്തുണ്ട്. അടുക്കളയിലാണേൽ ശാന്ത ഇല്ലതാനും .

മാസത്തില് നാലഞ്ചീസം ഒഴികെ,അടുക്കളപ്പണികളെല്ലാം കഴിഞ്ഞിട്ടേ ദിവസവും അവൾ കുളിക്കാറുള്ളൂ.കുന്തം പോയാൽ കുടത്തിലും തപ്പണല്ലോ! കുളിമുറിയിലും പോയി നോക്കി. അവിടെയും ശാന്തയെ കണ്ടില്ല. തിരികെ കിടപ്പറയിലേക്ക് തന്നെ നടന്നു.അകത്തെ ടോയ്‌ലറ്റിന്റെ ഓടാമ്പൽ, കൊളുത്തിൽ തന്നെ ഉണ്ടായിരുന്നു. ഇനി പുറത്തെവിടെയെങ്കിലും? അയാൾ വീടിനു പുറത്തെ വിളക്കുതെളിച്ചു . ഇരുട്ടിൽ പുറത്തേക്കിറങ്ങാൻ ഭയമുള്ള ശാന്ത,അവിടെ എന്തായാലും ഉണ്ടാകില്ല എന്നയാൾക്ക് ഉറപ്പായിരുന്നു. എങ്കിലും പുറത്തിറങ്ങി പതിയെ ഭാര്യയെ പേരെടുത്ത് വിളിച്ചു. തിരികെ ഒരു പ്രതികരണവും ഇല്ലായിരുന്നു. അവൾ ഇതെങ്ങോട്ടു പോയി? ഒരെത്തും പിടിയും കിട്ടാതായപ്പോൾ, അദ്ദേഹം ബെഡ്റൂമിലേക്ക് തന്നെ തിരിച്ചുപോയി.

ദിവസവും പുറത്തുപോകുമ്പോൾ കയ്യിൽ കരുതാറുള്ള വാനിറ്റിബാഗും ഫോണും അവിടെ ഉണ്ടായിരുന്നില്ല. ബെഡ്റൂമിന് പുറത്തുള്ള സോഫയിൽ അവൾ തലേരാത്രി ധരിച്ചിരുന്നനൈറ്റി അലസമായി കിടപ്പുണ്ടായിരുന്നു. തൊട്ടപ്പുറത്തെ അവളുടെ ഒരുക്കമുറിയിൽ നേർത്തൊരനക്കം തോന്നിച്ചു. പ്രതീക്ഷയോടെ അയാൾ

അങ്ങോട്ട് നടന്നു . കുറഞ്ഞ വേഗത്തിൽ കറങ്ങുന്ന പങ്കയ്ക്കു താഴെ അവളുടെ നനഞ്ഞ ഈരെഴത്തോർത്ത് കിടപ്പുണ്ടായിരുന്നു. പുലർച്ചയ്ക്ക് കുളിച്ചതിനുശേഷമാണ് അവൾ പോയത്, അയാൾ ഊഹിച്ചു.മഴക്കാലത്തും കുളിച്ചു തോർത്താൻ ഉണങ്ങിയ ഈരെഴത്തോർത്ത് വേണമവൾക്ക്.ഓഫാക്കാത്ത പങ്കയെ കറങ്ങാൻ വിട്ട്,വാതിൽ ചാരി അയാൾ മുറി വിട്ടു .

ഇനി വീടിനുള്ളിൽ എവിടെയെങ്കിലും അവൾ ഉണ്ടാകാൻ സാധ്യതയുള്ള ഒരേയൊരു സ്ഥലം സ്റ്റോർ മുറി മാത്രം...നിരാശയോടെ അവിടെനിന്നും മടങ്ങുമ്പോഴാണ് അവളുടെ ഫോണിൽ  വിളിക്കാംഎന്നോർത്തത്. ഉറക്കത്തിൽ തന്നെ ശല്യപ്പെടുത്തേണ്ടെന്നു കരുതിയാവാം, ഒരു പക്ഷേ,അവൾ പറയാതെ പോയതെങ്കിലോ?

തുടരെത്തുടരേ വിളിച്ചെങ്കിലും ബെല്ലടിച്ചു നിന്നതല്ലാതെ ഫോൺ എടുത്തതേയില്ല. പ്രതീക്ഷകളുടെ അവസാന കച്ചിത്തുമ്പും അവിഞ്ഞുപോയപ്പോഴാണ്, ഏറ്റവും അടുത്ത അയൽവാസിയും തന്റെ വിശ്വസ്ഥനുമായ രാമൻ നായരെ വിവരമറിയിക്കുന്നത്. രാമൻനായർ വളരെ രഹസ്യമായി ഭാര്യ മീനാക്ഷിയോട് ഈ വിവരം കൈമാറുമ്പോൾ മീനാക്ഷിയുടെ ചുണ്ടിന്റെ കോണിൽ ഒരു പരിഹാസച്ചിരി ഉയർന്നത് അയാൾ ശ്രദ്ധിക്കാതെ ഇരുന്നില്ല.

'അല്ലെങ്കിലും ഓള്ക്കു  എളക്കം കൊർച്ച് കൂടുതലുണ്ട്! പെറാൻ കയ്യാത്തെന്റെ എനക്കേട് നെല്ലോം ണ്ട്..' അത് ശരിയാണെന്ന് അയാൾക്കും തോന്നി. പലപ്പോഴും രാഘവൻനായരെ കാണാൻ അവിടെ ചെല്ലുമ്പോഴെല്ലാം ശാന്ത തന്നോട് കൂടുതൽ അടുപ്പം കാണിക്കുന്നതായും ശൃംഗാരത്തോടെ നോക്കുന്നതായും തനിക്കു തോന്നിയിട്ടുണ്ട്.കൂട്ടുകാരന്റെ ഭാര്യയായതിനാൽ താൻ അത്തരം കാര്യങ്ങളിൽ കൂടുതൽ സ്വാതന്ത്ര്യം കൊടുത്തില്ല എന്ന് അല്പം അഭിമാനത്തോടെ,അതിലേറെ ഇച്ഛാഭംഗത്തോടെ അയാൾ ഓർത്തു! പോരാത്തതിന്, പച്ചക്കു കത്തിക്കുന്ന പോലത്തെ ഭാര്യയുടെ  നോട്ടവും  രാഘവൻ നായരുടെ സ്ഥൂലശരീരവും  തനിക്കു വിഘാതമായിരുന്നല്ലോ..!

'ഇയ്യിനിപ്പോ അതാരോടും പറേണ്ട...'

'എനക്ക് എന്താണപ്പാ അയ്ന്റാവശ്യം.?' ഭർത്താവ് കൂട്ടുകാരന്റെ വീട്ടിലേക്കു പോയ തക്കത്തിൽ അവൾ അടുത്തുള്ള നാലഞ്ചു വീടുകളുടെ അടുക്കള കേറിയിറങ്ങി ...

രാവിലെ പാലുവാങ്ങാൻ വരുന്നവർ ഓരോരുത്തരായി വീട്ടിൽ വന്നുതുടങ്ങി.  മെംബറെക്കണ്ട് കാര്യങ്ങൾ സംസാരിക്കാനും ആവലാതികൾ പറയാനുമായി വരുന്നവരുടെ തിരക്കാണെന്നാണ് രാഘവൻ നായർ വിചാരിച്ചത്. അയാൾ പരവശനായി. എന്തുപറയും? തനിക്കാണെങ്കിൽ പശുക്കറവ പരിചയവുമില്ല. 'പാല് കറന്നിട്ടില്ല' എന്ന് പറഞ്ഞാൽ 'ശാന്തേച്ചി എവിടെ?' എന്ന ചോദ്യം വരും. 'അവൾ ഇവിടെ ഇല്ല' എന്ന് പറഞ്ഞാൽ എവിടെപ്പോയെന്ന് പറയേണ്ടിവരും. എങ്ങനെയായാലും ഉത്തരം കൊടുത്തേ മതിയാവൂ. മഴയുള്ള തണുത്ത പ്രഭാതത്തിലും അയാൾ വിയർത്തു.

പുലരി പരന്നതിലും വേഗത്തിൽ മെമ്പർ ശാന്താദേവിയുടെ ഒളിച്ചോട്ടം നാട്ടിൽ ചൂടുവാർത്തയായി.ഒരൊറ്റ സീറ്റിന്റെ ഭൂരിപക്ഷത്തിൽ ഭരണം കയ്യാളുന്ന പാർട്ടിയുടെ നേതാക്കന്മാർ പരസ്പരം ഫോണിലൂടെ ആശങ്കകൾ പങ്കുവെച്ചു.

'ഓള് ഏടെപ്പോയേന്ന് വെല്ല വെവരോണ്ടോ അനക്ക്?'

ലോക്കൽ സെക്രട്ടറി, മെമ്പർ അംഗമായ ബ്രാഞ്ചിന്റെ സെക്രട്ടറിയോട് തിരക്കി.

'എനക്കെങ്ങനറിയും?ഇങ്ങളൊക്കെല്ലേ ഓള മറ്റടം താങ്ങികൾ ...'

അൺപാർലമെൻററി വേർഡ് പാടില്ല എന്ന സാമാന്യ പാർട്ടി ബോധമൊന്നും മീൻകാരനായ ബ്രാഞ്ച് സെക്രട്ടറി അബ്ദുക്കയ്ക്കില്ലെന്നറിയാവുന്ന ഉൽപലാക്ഷൻ നേതാവ് വിളി മുറിച്ചു.

രാഘവൻ നായരുടെ വീടിന് പുറത്ത് ആളുകൾ ഒറ്റയ്ക്കും തെറ്റയ്ക്കും വന്നുതുടങ്ങി സഹതാപത്തോടെയും അല്പം പുച്ഛത്തോടെയും അതിലേറെ പരിഹാസത്തോടെയും ആ വീട്ടിലേക്ക് നോക്കുന്നവർ ഏറിയേറിവന്നു. ആ മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടായ ഈ ദുരന്തത്തെ ആഘോഷമാക്കാൻ ആയിരുന്നു അതിൽ പലർക്കും തിടുക്കം.

'അല്ല നായരെ ഇങ്ങള് ഇന്നലെ രാത്രീല് ഓളൊപ്പം തന്നല്ലേ ക കെട്ന്നത്?'

തൊട്ടപ്പുറത്തെ വീട്ടിലെ ദാസപ്പന്റെ ചോദ്യം രാഘവൻ നായരുടെ തൊലി ഉരിച്ചുകളഞ്ഞു.

'അല്ല അതിനിപ്പോ കൂട്ടത്തില് കെടുന്നൂച്ച് മൂപ്പര്ക്ക് ഓള ഉള്ളു വായിക്കാൻ കയ്യൂല്ലല്ലോ...!എന്തായാലും, മൂപ്പരെ പോരാഞ്ഞിട്ടാണ് ഓള് ഒളിച്ചോടിക്ക്ന്നത് ന്ന് നേര് '

വീടിനു മുൻപിലെ പാടത്തിനക്കരെയുള്ള  വിജയൻ നായർ ആണ് ആ പറഞ്ഞതെന്ന് ശബ്ദം കേട്ടതേ, രാമൻ നായർക്ക് മനസ്സിലായി. അയാളുടെ സഹോദരി തൂമ്പപ്പണിക്കാരൻ ചേപ്പനോടൊപ്പം  ഒളിച്ചോടിയപ്പോൾ താൻ അയാളെ പരിഹസിച്ചതിന്റെ പക വീട്ടുകയാണിപ്പോൾ. പരിഹാസശരങ്ങളും സഹതാപനോട്ടങ്ങളും ഏറിവന്നതോടെ അയാൾ വീട്ടകത്തിന്റെ സ്വാസ്ഥ്യത്തിലേക്ക് കയറി.

'അല്ല നായരേ, മെമ്പറ് മുങ്ങ്യേത്  പോലീസ് സ്റ്റേഷനിൽ അറീക്കണ്ടേ ?'

കോഴിക്കാരൻ കുഞ്ഞാണി അകത്തേക്ക് നോക്കി വിളിച്ചു ചോദിച്ചു

'അയ്ന് മുമ്പ് കരേലെ മൊഞ്ചന്മാര് ആരൊക്കെ മുങ്ങീട്ട്ണ്ട് ന്നും കൂടി ഒന്നമ്പേഷിച്ചു നോക്കിക്കോളീ ങ്ങള്.'

ചായക്കാരൻ മമ്മദാക്കാന്റെ ദ്വയാർത്ഥ പ്രധാനമായ വാക്കുകൾ ,തീപ്പൊള്ളലിൽ ചുടുവെള്ളം വീണാലെന്ന

തു പോലെ ,രാഘവൻ നായരെ ചുട്ടുപൊള്ളിച്ചു.തന്റെ കഴിവില്ലായ്മയാണ് പരിഹസിക്കപ്പെടുന്നത്. മംഗലം കഴിഞ്ഞു കൊല്ലം ഇരുപതു കടന്നിട്ടും ഒരു കുഞ്ഞിക്കാലിനുള്ള യോഗം ഇല്ല്യാണ്ട് പോയതിനു കുറ്റക്കാരൻ താൻ മാത്രാണല്ലോ എന്നയാൾ വേദനയോടെ ഓർത്തു. പത്തിരുപതു വയസ്സിന്റെ വ്യത്യാസം തങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. പ്രമേഹബാധിതനായ തനിക്ക് ഒരിക്കൽ പ്പോലും അവളിൽ രസാനുഭൂതി നിറയ്ക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പേരിൽ ഒരു കെറുവിക്കലും ഓളട്ത്ത്ന്ന് ഉണ്ടായിട്ടുമില്ല.

'അതൊരു കുറവായിക്കരുതി ഓളെ ഉള്ളിലറ്റെ ഇനി എന്തെങ്കിലും ഈർഷ്യ...? '

ഇന്നേവരെ തോന്നാത്ത ചിന്തകളിൽ അയാൾ നീറിപ്പുകഞ്ഞു. ഇതുവരെ ഒരു സൂചന പോലും അവൾ തന്നിട്ടില്ല . തന്നോടൊത്തുള്ള ജീവിതത്തിൽ പൂർണ്ണമല്ലെങ്കിലും, അവൾ സംതൃപ്തയാണ് എന്നായിരുന്നു ഇത്രയും നാളത്തെ വിശ്വാസം. ആ വിശ്വാസത്തിന്മേലാണ് ഈ കനത്ത ആഘാതം. ഇനിയൊരു അടിപോലും നടക്കാനുള്ള കരുത്തില്ല....! അയാൾ കസേരയിലേക്ക് തളർന്നിരുന്നു.

'അറിഞ്ഞോ, മ്മളെ ചെത്വാരൻ കണാരനേം കാണാല്ലോലോ.....! സാധാരണ ഈ നേരത്ത് മാട്ടെറക്കി ഓൻ ഷാപ്പിൽക്ക് പോകാറുണ്ടല്ലോന്ന് ഇപ്പയ്ക്ക് ഓർത്തതേള്ളൂ ഞാൻ'

കൊല്ലപ്പണിക്കാരൻ വേലുവിന്റെ വാക്കുകൾ ആ വീടിന്റെ അകമുറിയിൽ അഗ്നി ആളിക്കത്തിച്ചു. അതിലൊരു മനുഷ്യൻ വെന്തു വെണ്ണീറായി.

പ്രദേശത്തെ ഷാപ്പിലെ ഏക ചെത്തുകാരനായ കണാരൻ ഈ പറമ്പിലും തെങ്ങുകൾ ചെത്തുന്നുണ്ട്. ശാന്തയെ താൻ വിവാഹം കഴിച്ചു കൊണ്ടുവന്ന അക്കാലത്താണ് വളരെ ചെറുപ്പമായിരുന്ന അവൻ തന്റെ പറമ്പിലും ചെത്ത് തുടങ്ങിയത്. എണ്ണക്കറുപ്പുള്ള അവന്റെ ശരീരത്തിലെ പിടയ്ക്കുന്ന മസിലുകൾ തനിക്കെന്നും വെല്ലുവിളിയായിരുന്നു. അത്തരത്തിലൊരു ശരീരത്തിനു വേണ്ടി താനും പലപ്പോഴും കൊതിച്ചിട്ടുണ്ട്. തന്റെ ഇടിഞ്ഞു തൂങ്ങിയ മാറും വയറും നോക്കി പലപ്പോഴും ശാന്ത പരിഹസിക്കാറുണ്ടായിരുന്നു. സഹശയന നേരത്തെ തന്റെ ദുർബ്ബലാവസ്ഥകളിൽ അവൾ കണാരന്റെ ശരീരത്തെക്കുറിച്ച് പറഞ്ഞ്, തന്നെ കളിയാക്കാറുമുണ്ടായിരുന്നു.പ്രായം കൊണ്ട് അവൻ ശാന്തയേക്കാൾ രണ്ടോ മൂന്നോ വയസ്സിനു മൂപ്പ് കണ്ടേക്കാം.

'ഒരുപക്ഷേ അവൾക്ക് അവനോട് എന്തെങ്കിലും ഒരു ഇഷ്ടം....?' ഹേയ്,അതിനു വഴിയില്ല! അവൾ വളരെ നല്ലൊരു തറവാട്ടിൽ പിറന്ന കുലസ്ത്രീയാണ്. അവനോ ചെത്തുകാരൻ,പുലയൻ ദാമുവിന്റെ മകൻ.അവൾക്ക് അങ്ങനെ അവനോട് ഒരു താല്പര്യം ഉണ്ടാവുമോ? അയാൾ ഓരോന്നു ചിന്തിച്ചും സ്വയം ചോദിച്ചും ഉത്തരം കണ്ടെത്താൻ വ്യഥാശ്രമം നടത്തിക്കൊണ്ടിരുന്നു.

ആരുടേയും ചോദ്യങ്ങൾക്ക് അകത്തുനിന്നും മറുപടിയൊന്നും വരാതെ ആയപ്പോൾ ഓരോരുത്തരായി അടക്കം പറഞ്ഞും ചിരിച്ചും പതിയെ വേലിക്ക് പുറത്തേക്ക് നടന്നു.

ശാന്താദേവിയുടെ തിരോധാനത്തിൽ ഏറ്റവും അധികം മനക്ലേശം അനുഭവിച്ച മറ്റൊരാൾ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ലോനപ്പൻ ചേട്ടനായിരുന്നു. പാർട്ടിയിലെ പ്രബലരായവരുടെ എതിർപ്പുകളെ തന്റെ പണത്തിന്റെ മുഷ്ക് കൊണ്ട് നേരിട്ടാണ് അയാൾ പഞ്ചായത്തിൽ ഇത്തവണ പ്രസിഡന്റ് ആയതുതന്നെ. അതും കേവലം ഒരൊറ്റ അംഗത്തിന്റെ ഭൂരിപക്ഷത്തിൽ. അങ്ങോട്ട് വേണമെങ്കിലും ഇങ്ങോട്ട് വേണമെങ്കിലും ചാടാൻ തയ്യാറായി നിൽക്കുന്ന രണ്ട് ഘടകകക്ഷി അംഗങ്ങൾ എന്നും തന്റെ പ്രസിഡന്റ് കസേരയ്ക്ക് ഇളക്കം തട്ടിച്ചു കൊണ്ടിരുന്നു. അതിനെയെല്ലാം വളരെ സമർത്ഥമായി നേരിട്ടുകൊണ്ട് ഭരണം മുന്നോട്ടുകൊണ്ടു പോകുന്നതിനിടയിലാണ് അപ്രതീക്ഷിതമായിട്ടുണ്ടായ ഈ തിരോധാനം.അതിന്റെ അറ്റം തേടിയുള്ള യാത്രയ്ക്ക് ലോനപ്പൻ കച്ചകെട്ടിയിറങ്ങിയത് നേരെ ചെത്തുകാരൻ കണാരന്റെ കൂരയിലേക്കായിരുന്നു..

'എടി ഭാഗീ,നിന്റെ കെട്ടിയോൻ എന്തിയേടി?' കൂരയ്ക്കുള്ളിലേക്കു തലനീട്ടിക്കൊണ്ട് അല്പം അധികാരത്തോടെ അയാൾ കണാരന്റെ ഭാര്യയോട് ചോദിച്ചു.

'ഇദാരാണപ്പാ.....?കാലം കൊറച്ചായല്ലാ ഇത് വഴിയ്ക്കൊക്കെ വന്നിട്ടും...?'

അവളുടെ മറുചോദ്യത്തിന് ഉത്തരം പറയാതെ അയാൾ ചോദ്യം ആവർത്തിച്ചു.

'ആ..എനിക്കറിയാം മേലായേ . കാലത്തെങ്ങാണ്ടോ പോയതാ..'

'ഹതെന്നാ പറച്ചിലാ? നീയറിയാതെ അവൻ പിന്നെ എവിടെ പോകാനാ?'

ഉടുത്തിരുന്ന കള്ളിമുണ്ടിന്റെ തുമ്പ് മാറിലേക്കു ചിനക്കികുത്തിക്കൊണ്ട് അവൾ പുറത്തേക്ക് ഇറങ്ങിവന്നിട്ട് അയാളുടെ മുഖത്തോട്ട് ഒന്ന് തുറിച്ച് നോക്കി.

'അതെയ് ലോനപ്പൻചേട്ടോ, നിങ്ങള് പഞ്ചായത്ത് പ്രസിഡണ്ട് ആണെന്നതൊക്കെ ശരിതന്നെ കേട്ടാ . നിങ്ങ പാതിരാത്രീല് ഏതെല്ലാം ചെറ്റേല് കേറി വെയർക്കുന്നൊണ്ടന്നു നിങ്ങടെ മാപ്ലച്ചിക്കറിയാവോ?'

അവളുടെ നാക്കുപതിച്ചാൽ വന്നേക്കാവുന്ന നാണക്കേട് നല്ലപോലെ അറിയുന്ന അയാൾ, ഒന്നും പറയാതെ ഇടവഴിയിലേക്ക് ഇറങ്ങി. പുറത്തവിടവിടായി ചെറുകൂട്ടം ആളുകൾ നിൽപ്പുണ്ടായിരുന്നു. അവരിൽ ചിലർ അയാൾക്കടുത്തേക്ക് വന്നു. ആരുമൊന്നും ചോദിച്ചില്ല. അയാൾ മുന്നോട്ടു നടന്നു.

'ലോനപ്പേട്ടോ , എന്തെങ്കിലും ഒരു സൂചന?'

പുറകിൽ നിന്നും ക്ഷുരകൻ വാസുവാണത് ചോദിച്ചത്.

ഇരച്ചു വന്ന ദേഷ്യം കടിച്ചുചവച്ചിറക്കി

'ദോ നിക്കുന്നു.പോയി അവളോട് ചോദിക്കെടോ' എന്ന് കണാരന്റെ ഭാര്യയെ ചൂണ്ടി അയാൾ പറഞ്ഞു.

എല്ലാവരും അന്യോന്യം നോക്കുന്ന നേരം കൊണ്ട് അയാൾ കാലുകൾ നീട്ടി വെച്ച് നടന്നു.

ഗ്രാമത്തിൽ നിന്നും പുറംനാട്ടിലേക്ക് പോകുന്ന ആദ്യ ബസ്സായ കിന്നാരത്തുമ്പി പുലർച്ചെ അഞ്ചുമണിക്കാണ് സ്ഥലത്തെ സ്റ്റോപ്പിൽ എത്തുന്നത്.ആ നേരത്ത് അവിടെ ഉണ്ടാകാൻ സാധ്യതയുള്ളവർ ,ആറു ഫർലോങ്ങ് അകലെ വെട്ടിയൂരിൽ ഹോട്ടൽ പണിക്കാരനായ പൗലോസും കായപ്പൊരിക്കച്ചവടക്കാരൻ അയ്ദ്രോസും മാത്രമാണ്.എന്ത് വന്നാലും അവരെ കണ്ടിട്ട് തന്നെ കാര്യം..

അയാൾ റോഡിൽ ഒതുക്കി വെച്ച ആക്ടിവ സ്റ്റാർട്ട് ചെയ്തു.

തൊഴുത്തിൽ നിന്നും പശുക്കളുടെ നിർത്താതെയുള്ള കരച്ചിൽ ഉയർന്നു. രാഘവൻ നായർ പുറത്തേക്കിറങ്ങി. അവറ്റകൾക്ക് അറിയില്ലല്ലോ കുടുംബത്തിന്റെ മാനം മര്യാദ എല്ലാം നഷ്ടപ്പെട്ടത്. അയാൾ തുറുവിൽ നിന്നും വൈക്കോൽ വലിച്ചെടുത്ത് പുല്ലൂട്ടിയിൽ ഇട്ടു കൊടുത്തു. വെള്ളത്തൊട്ടി നിറച്ചുവെച്ചപ്പോൾ, പൈക്കളിലൊന്നു ദയനീയമായി അയാളെ നോക്കി. ഒരു പക്ഷേ അവറ്റകൾ കണ്ടു കാണുമോ അവൾ കാണാരനൊപ്പം പോയത്? അയാൾ സാവധാനം തിരിഞ്ഞു നടന്നു. അടുക്കളയിൽ അന്നേദിവസം ഒന്നും ഉണ്ടാക്കിയിട്ടില്ല. മാനക്കേടിനാൽ വിശപ്പും ദാഹവും കെട്ട അയാൾ വീണ്ടും പുരയ്ക്കുള്ളിലേക്ക് വലിഞ്ഞു.

'ഇന്നലെ വൈന്നേരം ഓളും ഓനും കൂടെ വേലിന്റെ അപ്പുറം ഇപ്പുറം നിന്ന് വർത്താനം പറയണത് ഞാൻ കണ്ടീന്.'

പുറത്തുപോയി വന്ന രാമൻ നായരോട് ഭാര്യ മീനാക്ഷി എരിവ് കേറ്റി.

'ഏടെന്നാണ് ഓല് വർത്താനം പറഞ്ഞത്?'

ഭാര്യയിൽ നിന്നും കൂടുതൽ വിശദാംശങ്ങൾ കേൾക്കാനായി അയാളുടെ കാതുകൾ കൊതിച്ചു. അടൂരിന്റെ നായികയെപ്പോലെ ഒന്നും മിണ്ടാതെ അവൾ അകത്തേക്ക് കയറിപ്പോയി. അടുക്കളയിൽ നിന്നും ഒരു ഗ്ലാസ് ചായയുമായി പുറത്തേക്കിറങ്ങി വന്ന് ഭർത്താവിന്റെ നേരെ നീട്ടി. ദാഹം ഉണ്ടായിരുന്നെങ്കിലും, ശാന്താദേവിയുടെ തിരോധാനത്തെ കുറിച്ച് അറിയുവാനുള്ള ആകാംക്ഷയിൽ അയാൾ ഗ്ലാസ് വാങ്ങി മേശപ്പുറത്ത് വെച്ചു. 'ഇയ്യോളെ എപ്പഴാ കണ്ടത്?'

'ഇന്നലെ മൂന്തിക്ക് ഓൻ ചെത്ത് കഴിഞ്ഞ് ഇറങ്ങി വന്നിട്ട്,ഓളെ വീടിന്റോടക്ക് നടന്നു പോണത് ഞാങ്കണ്ട്.'

ഒന്ന് നിർത്തിയിട്ടു അവൾ ഭർത്താവിന്റെ മുഖത്തേക്ക് ഉറ്റു നോക്കി.

'ന്നട്ട്?' നാടിനെ നാണം കെടുത്തിയ വാർത്തയുടെ അണിയറ രഹസ്യം ഇതാ ചുരുളഴിയാൻ പോകുന്നു എന്ന മട്ടിൽ ജിജ്ഞാസയോടെ അയാൾ ബാക്കിക്കായി ഭാര്യയുടെ മുഖത്തേക്ക് നോക്കി.

'ആദ്യം വേലീന്റോടെ നിന്ന് വർത്താനം പറഞ്ഞ്. പിന്നേ ഓളെ വൈത്താലേ അകത്തുക്കു പോയി.' മുഖത്തു ലജ്ജ നിഴലിട്ട് അവളൊന്നു നിർത്തി.ബാക്കി അറിയാൻ വേണ്ടി അയാൾ ഭാര്യയെ ശൃംഗാരച്ചിരിയോടെ നോക്കി.

'കൊറേ ഇരുട്ടിയിട്ടാണ് ഓൻ ആടന്നു പോയത്. ന്നട്ടാണ് ഓള് ദീപം തെളിച്ചത്..'

അമർത്തിയ ചിരിയോടെ അവൾ ഭർത്താവിന്റെ നെഞ്ചിലൂടെ വിരലോടിച്ചു. രോമാഞ്ചം തോന്നിയെങ്കിലും, എഴുന്നു നിൽക്കാൻ തക്ക രോമം അയാളുടെ ദേഹത്ത് എവിടെയും ഉണ്ടായിരുന്നില്ല. അവൾ അയാൾക്കരികിലേക്ക് കുറച്ചുകൂടി മുട്ടിച്ചേർന്നു നിന്നു.

'അതേയ്, ഓളുക്കും ണ്ടാവൂല്ലെ അയ്നോക്കൊരു പൂതി? ഒന്നിനും കൊള്ളാത്ത മുതുക്കൻ ഭർത്താക്കന്മാരുള്ള പെണ്ണുങ്ങൾ, നല്ല ആമ്പ്രന്നോൻമാരെ കാണുമ്പോൾ ഇളകിപ്പോകും.. ഞാൻ നോക്കീട്ടിപ്പോ അയിലൊരു തെറ്റും കാണുണ്ല്ല്യ.'

ഇതെന്നെക്കുറിച്ചാണ്, എന്നെ മാത്രം ഉദ്ദേശിച്ചാണ് എന്ന ചിന്തയിൽ ഉണ്ടായ ഞെട്ടലിൽ അയാൾ അവളെ തുറിച്ചു നോക്കി. തങ്ങൾക്കിടയിലും ഇരുപത് വയസ്സിനു മേൽ വിടവുണ്ടെന്നു ഭീതിയോടെ അയാളോർത്തു.

'അന്റെ ഉള്ളിലും ണ്ടോ അങ്ങനത്തെ പൂതികൾ?' എന്ന് ചോദിക്കാൻ അയാൾ ധൈര്യപ്പെട്ടില്ല. അപ്പോഴാണയാൾ കൂട്ടുകാരന്റെ ദൈന്യാവസ്ഥയിൽ ഏറെ വ്യാസനിച്ചത്! ഭാര്യ തന്ന ചായപോലും കുടിക്കാതെ അയാൾ ഇറങ്ങിപ്പോകുമ്പോൾ, ഇരയ്ക്കുമേൽ അമ്പുകൊള്ളുന്നത് കണ്ട വേട്ടക്കാരന്റെ നിർവൃതിയോടെ അവളുടെ മിഴികൾ വെട്ടിത്തിളങ്ങി!

മുൻപൊരിക്കൽ പൗലോസ് ജോലി ചെയ്യുന്ന ഹോട്ടലിൽ പോയ ഒരു ഓർമ്മയിൽ ലോനപ്പൻ പട്ടണത്തിൽ ബസ്സിറങ്ങി നടന്നു.അധികം താമസിയാതെ തന്നെ ഹോട്ടൽ കണ്ടെത്തി.ഒരു ചായ കുടിക്കാൻ എന്നവണ്ണം ഹോട്ടലിൽ കയറിയ അയാൾ, സപ്ലൈയറോട് പൗലോസിന്റെ കാര്യം അന്വേഷിച്ചു.പൗലോസ് ചേട്ടൻ വിശ്രമമുറിയിൽ ഉണ്ട് എന്ന് പയ്യൻ പറഞ്ഞു. ചായക്കാശുകൊടുത്ത് അയാൾ ജീവനക്കാരുടെ വിശ്രമമുറിയിലേക്ക് നടന്നു. പഞ്ചായത്ത് പ്രസിഡണ്ട് ലോനപ്പേട്ടൻ തന്നെത്തേടി വന്നത് കണ്ട പൗലോസ്, കിടന്നിരുന്ന കാർട്ടൻ കടലാസ്സിൽ നിന്നും ബഹുമാനത്തോടെ എണീറ്റു.

'ആ,പൗലോസേ നീയൊന്ന് പുറത്തോട്ട് വാടോ'

ലോനപ്പൻ ചേട്ടന്റെ പുറകെ അയാൾ പുറത്തേക്കു നടന്നു.പണ്ടെങ്ങോ മണ്ഡരി ബാധിച്ച് ശൂന്യശിരസ്കനായി നിൽക്കുന്ന തെങ്ങിന്റെ ചുവട്ടിൽ , രോമശൂന്യമായ ചേനത്തലയിൽ വിരലോടിച്ച് ചിന്താക്രാന്തനായി ലോനപ്പൻ ചേട്ടൻ നിന്നു. എന്തോ ഗുരുതരമായ ഒരു കാര്യം



സംസാരിക്കാനാണ് തന്നെത്തേടി അങ്ങോരു വന്നതെന്ന് പൗലോസിന് മനസ്സിലായി. അതെന്താണെന്ന് അറിയാനുള്ള ആകാംക്ഷയിൽ അയാൾ കാതുകൾ കൂർപ്പിച്ചു നിന്നു .

'നീ സ്ഥിരമായി കിന്നാരത്തുമ്പിയിൽ ആണോ ഇങ്ങോട്ട് പോരുന്നത്?'

ഇതറിയാൻ ആണോ ഇങ്ങേര് ഗൗരവത്തിൽ ഇത്രടം വരെ വന്നത് എന്നോർത്തെങ്കിലും, അതെ എന്ന് മറുപടി പറഞ്ഞു.

'ഇന്ന് രാവിലെ ആരൊക്കെ ഉണ്ടായിരുന്നു അവിടെ ആ ബസിന് കയറാൻ?'

കുറച്ചുകൂടി അവനടുത്തേക്ക് നീങ്ങി നിന്നു കൊണ്ട് അയാൾ ചോദിച്ചു.

'അയ്ദ്രോസും നമ്മുടെ ചെത്തുകാരൻ കുട്ടപ്പനും ഞാനും.....'

പറഞ്ഞുതീരും മുൻപേ അയാൾ കയറിയിടപ്പെട്ടു 'സ്ത്രീകൾ ആരെങ്കിലും?'

ഇല്ല എന്ന് പറഞ്ഞെങ്കിലും പൗലോസ്സിന് നേരെ അയാളുടെ സംശയം ചൂണ്ടക്കൊളുത്തിട്ടു.

'നാരീദർശനേ നാഡീബലക്ഷയം' തന്റെ സ്വകാര്യ ദുഃഖമായിക്കരുതി അവിവാഹിതനായിക്കഴിയുന്ന, യാത്രകളിലും മറ്റും പത്തുകല്പനകൾ പതിവായി ചുണ്ടിൽ കരുതുന്ന പൗലോസ്,അസമയത്തൊരു അന്നനട കാണാതിരുന്നുമില്ല..അതിനാലാണ് അവനതോർത്തത്.

'ചേട്ടാ നമ്മുടെ മെമ്പർ ശാന്തേച്ചിയും ഉണ്ടായിരുന്നു.'

ഭയപ്പെട്ടതു സംഭവിക്കുന്നോ എന്ന ആന്തലിൽ വിമ്മിട്ടത്തോടെ അയാൾ ചോദിച്ചു.

'അവരുടെ കയ്യിൽ ബാഗ് വല്ലതും ഉണ്ടായിരുന്നോ?'

'ഉണ്ടായിരുന്നെന്നു തോന്നുന്നു.'

അതു പറഞ്ഞപ്പോൾ ലോനപ്പേട്ടന്റെ മുഖം വാടിയത് കണ്ട അവൻ വിഷമത്തോടെ ചോദിച്ചു

'എന്തുപറ്റി പ്രസിഡണ്ടേ?'

'ഹേയ് ഒന്നുമില്ലടോ...'

ഇനി ഇതിൽ കൂടുതൽ എന്ത് പറ്റാനാ എന്നടക്കം പറഞ്ഞ് പൗലോസിന്റെ തോളിൽ തട്ടി ഇടറുന്ന പാദങ്ങളോടെ അയാൾ ഇറങ്ങി നടന്നു.

ഒന്നും മനസ്സിലാവാത്ത പൗലോസ് വിശ്രമമുറിയിലേക്ക് തിരിച്ചും.

കൂടുതൽ വിശേഷങ്ങൾ താങ്ങാനുള്ള കരുത്ത്, ഒരാഞ്ജിയോപ്ലാസ്റ്റി കഴിഞ്ഞ തന്റെ ഹൃ ദയത്തിനില്ലെന്നു നല്ലപോലറിയാവുന്ന അയാൾ അയ്ദ്രോസിനെ കാണാൻ ശ്രമിച്ചില്ല.നഗരത്തിൽ നിന്നും അടുത്ത ബസ്സിൽ നാട്ടിലെത്തിയ ലോനപ്പൻ ചേട്ടൻ നേരെ പഞ്ചായത്ത് ഓഫീസിലേക്ക് നടന്നു. പ്രസിഡന്റിന്റെ ക്ഷീണിച്ചുള്ള വരവ് കണ്ടപ്പോഴേ പ്രതിപക്ഷനേതാവിനു ലഡു പൊട്ടി. അല്ലെങ്കിലും മറ്റൊരുവന്റെ പ്രയാസങ്ങളിൽ മനം നിറഞ്ഞു സന്തോഷിക്കാൻ രാഷ്ട്രീയക്കാർക്കല്ലാതെ മറ്റാർക്ക് കഴിയും?ഒളിച്ചോടിയ മെമ്പർ എന്തായാലും രാജിവെച്ചേ മതിയാവൂ. പിന്നൊരവിശ്വാസം കൊണ്ട് തനിക്ക് പഞ്ചായത്ത് പ്രസിഡണ്ട് പദവിയിൽ എത്തിച്ചേരാം എന്നയാൾ മനപ്പായസം ഉണ്ടു .നേടാനും നിലനിർത്താനും മോഹിപ്പിക്കുന്ന കസേരമാത്രം ലക്ഷ്യം.

'എന്താ ലോനപ്പേട്ടാ, മുഖത്തിനൊരു വാട്ടം ? മുനവെച്ച ഒരു ചോദ്യമെറിഞ്ഞയാൾ!

'ഒന്നൂല്ലടോ, വയസ്സായില്ലേ...?'

'എന്നാലിനി കുറച്ചു വിശ്രമിക്കൂ.ആരോഗ്യമുള്ള ചെറുപ്പക്കാരിവിടെ ഉണ്ട് ' കയ്യിലെ മസിലുരുട്ടി അയാൾ പറഞ്ഞതിനു മറുപടി കൊടുക്കാതെ ലോനപ്പേട്ടൻ തന്റെ ചേമ്പറിലേക്ക് കയറി കതകുചാരി. പ്രസിഡണ്ടിന്റെ വരവ് കണ്ടപ്പോഴേ ഓഫീസിൽ ഉള്ളവർ അയാൾക്കടുത്തേക്ക് ചെല്ലാൻ ആഗ്രഹിച്ചെങ്കിലും, പതിവില്ലാതെ വാതിൽ അടച്ചിട്ടതിനാൽ നിരാശരായി അവരവരുടെ കസേരകളിലേക്ക് മടങ്ങി.

അന്നേരമാണ് പ്രസിഡന്റിന്റെ ഫോൺ രതിപുഷ്പം പൂക്കുന്ന യാമം പാടി പഞ്ചായത്തോഫീസിനെ പുളകം കൊള്ളിച്ചത്. എല്ലാവരും അയാളുടെ സംസാരത്തിനായി ചെവി വട്ടം പിടിച്ചു. വെറുതേ മൂളിക്കേൾക്കുന്നതിനിടയിൽ അയാൾ ഓഫീസ് വിട്ടു പുറത്തേക്കു നടന്നു .

വീട്ടിലേക്കു പോകുന്ന വഴിയിൽ ഒറ്റയ്ക്കും പെട്ടയ്ക്കും നിൽക്കുന്നവരുടെഎല്ലാം സംശയനോട്ടം കണ്ടുകൊണ്ടാണ് കണാരൻ നടന്നത്. തന്നെയും കടന്ന് അവരുടെ നോട്ടം പുറകിലേക്ക് നീണ്ടപ്പോൾ എന്തെന്നറിയാൻ അയാളും തിരിഞ്ഞു നോക്കി. ഒന്നും മനസ്സിലായി

ല്ലെങ്കിലും, നടത്തക്കു വേഗം കൂട്ടി.

പുറകിൽ നിന്നൊരു ഹോൺ ശബ്ദം കേട്ട് തിരിഞ്ഞുനോക്കവേ,പഞ്ചായത്ത് പ്രസിഡന്റിന്റെ ആക്ടീവദേ... തൊട്ടു പുറകിൽ. കണാരനെക്കണ്ട വെപ്രാളത്തിൽ എന്ത് പറയണം ചോദിക്കണം എന്നറിയാതെ ലോനപ്പേട്ടൻ വിഷണ്ണനായി. വിപദിധൈര്യം വിടാതെ അയാൾ അവനടുത്ത് വണ്ടി നിർത്തി.

'നീ എന്നെ തീ തീറ്റിച്ചു കളഞ്ഞല്ലോ കാണാരാ!' കിതപ്പോടെ അതിലേറെ ഉൽക്കണ്ഠയോടെ അയാൾ ചോദിച്ചു.

'ഇങ്ങളെന്നു മൊതല്ക്കാണ് തീ തിന്നാൻ തോട്ങ്ങീത് ?' ഒന്നും മനസ്സിലാകാതെ കണാരൻ പ്രതിവചിച്ചു.

മൈക്കിന് മുൻപിൽ ഘോരഘോരം മണിക്കൂറുകളോളം വാചാടോപം ചെയ്യുന്ന പഞ്ചായത്ത് പ്രസിഡന്റ് ലോനപ്പൻ ചേട്ടൻ,പറയാൻ പഠിച്ചു വന്നതെല്ലാം മറന്നുപോയ സ്കൂൾക്കുട്ടിയെപ്പോലെ വാക്കുകൾക്കായി വിഷമിച്ചു.

'നിന്നെ ഇന്നിവിടെ കാണാഞ്ഞിട്ട്..,ഞാനാകെ പേടിച്ചുപോയടോ' അയാളുടെ വരണ്ടുണങ്ങിയ തൊണ്ടയിൽ നിന്നും വാക്കുകൾ വിമ്മിട്ടപ്പെട്ടു പുറത്തേക്കു വന്നു.

'അതെന്താണ്? ഇന്നെ ഈടെ കണ്ടില്ലെങ്കിൽ ഇങ്ങളെന്തിനാണ് പേടിക്കണത്?'

കാര്യം അറിയാത്ത കണാരൻ അത്ഭുതപ്പെട്ടു. തന്റെ അസാന്നിധ്യം പഞ്ചായത്ത് പ്രസിഡണ്ടിനെ ഇത്രമാത്രം ഭയപ്പെടുത്തേണ്ട കാര്യം എന്താണ് എന്ന് എത്ര ആലോചിച്ചിട്ടും അയാൾക്കു മനസ്സിലായില്ല.

'അതല്ലടോ, നിന്നെ ഇന്ന് ചെത്താൻ... ഒന്നും കണ്ടില്ല.'

'അല്ലെങ്കിലും എന്നാണ് ഇങ്ങള് നമ്മള് ചെത്തിണോടത്ത് വന്നിക്കണത്? ഞാൻ ചെത്ത്യാലും ചെത്തീല്ലെങ്കിലും ങ്ങൾക്കെന്താണ് പ്രസിഡണ്ടേ പ്രശ്നം ?'

താനൊരു നേരം ചെത്തിയില്ലെങ്കിൽ അത് പഞ്ചായത്തിനെ ഇത്രമാത്രം ബാധിക്കുന്ന ഒരു പ്രശ്നമാണ് എന്ന് ജീവിതത്തിൽ ഇന്നേവരെ കണാരൻ ഓർത്തിരുന്നില്ല.

'അല്ല, അത്.... പതിവായി നിന്നെ കാണാറുള്ള സ്ഥലങ്ങളിൽ ഒന്നും കാണാതായപ്പോൾ.....നീ എവിടെക്കാ പോയത് എന്ന് ആലോചിച്ചു ..... ഒരെത്തും പിടിയും കിട്ടീല്ല.അപ്പോൾ ഒരു ആന്തൽ... അത്രേള്ളൂ...' അയാൾ ഒരു വിധം എന്തൊക്കെയോ പറഞ്ഞൊപ്പിച്ചു.

'അല്ല പ്രസിഡണ്ടേ,ശരിക്കും ങ്ങളെ പ്രശ്നം ന്താ? കഴിഞ്ഞ ആഴ്ചേലും അയ്നു മുൻപും പലപ്പഴും ഞാൻ ചെത്തീട്ടില്ല. അന്നൊന്നും ആർക്കും ഒരു ബേജാറും ഇണ്ടർന്നില്ല ല്ലോ..?'

കണാരന്റെ മനസ്സിലും സംശയത്തിന്റെ കന്നിക്കുലകൾ ചൊട്ടപൊട്ടിത്തുടങ്ങി.

അയാൾ പ്രസിഡണ്ടിനെയും കൂട്ടി പുരയിടത്തിലേക്ക് കയറി. കോലായിൽ കിടന്ന കസേര തോളത്തിട്ടിരുന്ന തോർത്തുകൊണ്ട് തുടച്ച് പ്രസിഡന്റിനോട് ഇരിക്കാൻ പറഞ്ഞു .

'എടീയേ , രണ്ടു കോപ്പ വെള്ളം ഇങ്ങാട്ട് എടുക്ക്.'

പുരയ്ക്കകത്തേക്ക് നോക്കാതെ ഉറക്കെവിളിച്ചു പറഞ്ഞ് എതിർ കസേരയിൽ അയാളും ഇരുന്നു.

'ഇനി പറയിൻ,എന്താണ് ങ്ങളെ പ്രശ്നം?' പ്രസിഡന്റിന്റെ മുഖത്തേക്ക് നോക്കി ഒറ്റച്ചോദ്യം.

ലോനപ്പേട്ടന്റെ വരണ്ടുണങ്ങിയ ചുണ്ടുകൾ ഒരിറ്റു ദാഹജലത്തിനായി കൊതിച്ച നേരം, കണാരന്റെ ഭാര്യ രണ്ട് ഗ്ലാസ് വെള്ളവുമായി പുറത്തേക്ക് വന്നു. അയാൾ ആർത്തിയോടെ അതു വാങ്ങിക്കുടിച്ചു.

'കണാരേട്ടാ പ്രസിഡണ്ട് രാവിലേം വന്നീനു ങ്ങളെ ചോയ്ച്ച് .'

ഭാര്യ പറഞ്ഞതു കേട്ടപ്പോൾ കണാരൻ പ്രസിഡന്റിന്റെ കണ്ണുകളിലേക്ക് എന്തിനെന്ന ഭാവത്തിൽ നോക്കി. അതോടെ അതുവരെ ആർജ്ജിച്ചു വന്ന സകല ധൈര്യവും അയാളിൽ നിന്നും ചോർന്നുപോയി. എങ്കിലും ചോദിക്കാതെ വയ്യല്ലോ !

'കണാരാ,നിയ്യ് രാവിലെ എവിടേക്കാടോ പോയത്?'

പ്രസിഡന്റിന്റെ ആവശ്യം എന്താണെന്ന് അറിയാത്തതിനാൽ കണാരൻ വ്യക്തമായി ഒന്നും പറഞ്ഞില്ല.

'അതൊക്കെ ഇങ്ങളെന്തിനാണ് അറിയണത്?'

'അല്ല ഒരു ആവശ്യമുണ്ട് എന്ന് കൂട്ടിക്കോ ... അന്റൊപ്പം വേറെ ആരെങ്കിലും ഉണ്ടായിരുന്നോ?'

അറിയാനുള്ള കാര്യത്തിലേക്ക് ഒരു പടി കൂടി മുൻപോട്ട് കടന്ന് ലോനപ്പൻ ചേട്ടൻ കസേരയിൽ മുന്നോട്ട് ആഞ്ഞിരുന്നു കണാരന്റെ ഭാര്യ ഭാഗീരഥിയെ നോക്കി..

താങ്ങാവുന്നതിലും വലിയ കരിക്കുമായി നിൽക്കുന്ന ചെന്തെങ്ങു പോലെ, മാറിൽ കൈലിയുടെ കോന്തല പോലുമിടാതെ നിൽക്കുന്ന ഭാര്യയെ കണാരൻ രൂക്ഷമായി നോക്കി. വൈരുദ്ധ്യാത്മക ഭൗതികവാദവുമായി വർഷങ്ങളായി പോരാടുന്ന പരട്ടുകെളവൻ പ്രസിഡണ്ടിന് ഇതിന്മേലിനി ഒന്നും തോന്നില്ല എന്ന തിരിച്ചറിവിലാവാം. അവൾ അതവഗണിച്ചു. ആ കലിപ്പിൽ കണാരൻ ഇങ്ങനെ പറഞ്ഞു.

'ഇണ്ടെങ്കിൽ....?'

അവന്റെ സംസാരത്തിലെ വെല്ലുവിളി അയാൾക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല.

'കണാരാ,നീയൊരു കാര്യം മനസ്സിലാക്കണം. നീ കാരണം രണ്ടു കുടുംബങ്ങൾ മാത്രമല്ല, ഒരു പഞ്ചായത്തിന്റെ ഭരണവും കൂടിയാണ് തകരാൻ പോകുന്നത്!'

അതും പറഞ്ഞയാൾ ഹതാശനായി അനന്തതയിലേക്ക് നോക്കി എന്തെല്ലാമോ പിറുപിറുത്തു !

'എനിക്ക് ങ്ങളെ ഭാഷ ഒന്നും മനസ്സിലാവണില്ല ലോനപ്പേട്ടാ . ഞാൻ ആലത്തൂരങ്ങാടീല് പോയാല്, ഏതു രണ്ടു കുടുംബങ്ങൾ തകരണ കാര്യാ ങ്ങളീ പറയുന്നത്? അതുപോലെ ഏത് പഞ്ചായത്തിന്റെ ഭരണാണ് തകരണ

ത് ?' കണാരൻ ചൊരുക്കോടെ മുരണ്ടു.

'പ്രസിഡണ്ട് രാവിലെ വന്ന് ഇന്നോട് ചോദിച്ചതും ഇതേ മാതിരി തന്നേനു , കണരേട്ടാ !'

ഭാര്യയുടെ വാക്കുകൾ അയാളെ ചൊടിപ്പിച്ചു. കൈ നീട്ടി അരഭിത്തിയിലിരുന്ന ചെത്തുകത്തി എടുത്ത് തിളങ്ങുന്ന വായ്ത്തലയുടെ മൂർച്ച പരിശോധിച്ചു കൊണ്ട യാൾ എഴുന്നേറ്റു .

പണ്ടൊരിക്കൽ ഭാര്യയെപ്പറ്റി അനാവശ്യം പറഞ്ഞവന്റെ കഴുത്തിൽ ചെത്തുകത്തി വീശിയവനാണവൻ. ലോനപ്പൻ ചേട്ടൻ പതിയെ കസേരയിൽ നിന്നും എഴുന്നേറ്റു.

'നിങ്ങളവിടെ ഇരിക്കെന്ന്.പറയാനുള്ളതും അറിയാനുള്ളതും കഴിഞ്ഞിട്ട് പോയാൽ മതി.' അറവുമാടിന്റെ കഴുത്തിൽ കത്തിവെക്കാൻ ഒരുങ്ങുന്ന ഇറച്ചിവെട്ടുകാരനെപ്പോലെ അവന്റെ കണ്ണുകളിൽ ക്രോധം നിഴലിച്ചു. വെട്ടാനോങ്ങിയ നിരവധി വാളുകൾക്കിടയിലൂടെ തലയുയർത്തി നടന്ന അവകാശവാദങ്ങൾ മൈക്കിൻ മുൻപിൽ ഉന്നയിക്കാറുള്ള ലോനപ്പേട്ടൻ, കിരീടത്തിലെ തിലകനെപ്പോലെ ദയനീയമായിട്ടപേക്ഷിച്ചു.

'കണാരാ,കത്തി മാറ്റിവെക്കടോ'.

'ഹാ.. ഹാ ങ്ങള് പ്യേടിച്ചാ ? എനക്ക് ചെത്താൻ നേരായിക്കിന്..ങ്ങള് മ്മടെ പ്രസിഡണ്ടല്ലേ?'ചുണ്ടിന്റെ കോണിൽ വല്ലാത്തൊരു ചിരിയൊളിപ്പിച്ചു കൊണ്ടു അവനതു പറയുമ്പോൾ പ്രസിഡന്റിന്റെ ഫോൺ വീണ്ടും രതിപുഷ്പം പൂക്കുന്ന യാമമോർമ്മിപ്പിച്ചു.

ജാഗ്രതയോടെ അയാൾ ഫോൺ ചെവിയിലേക്ക് അടുപ്പിച്ചു . എല്ലാ കണ്ണുകളും ഒരൊറ്റ വ്യക്തിയിൽ കേന്ദ്രീകരിച്ചു. നിന്ന നിൽപ്പിൽ അയാൾ കണാരന്റെ വീട്ടിൽ നിന്നും ഇറങ്ങി വായുവേഗത്തിൽ ഓടി. മറ്റുള്ളവർ പുറകേയും.

സാമാന്യം തരക്കേടില്ലാത്ത ഒരു ജനക്കൂട്ടത്തിലേക്കാണ് മെമ്പർ ശാന്താദേവി നടന്നെത്തിയത്.തെരഞ്ഞെടുപ്പു കാലത്തുപോലും കണ്ടിട്ടില്ലാത്തതുപോലൊരു ജനക്കൂട്ടം തനിക്കു പുറകിലും ഉണ്ടായിരുന്നെന്ന് വീട്ടിലെത്തിയപ്പോഴാണ് അവർ കണ്ടത്.

'ദൈവമേ, രാഘവേട്ടന് വല്ലോം....?' ആധിയോടെ വീടിന്റെ മുറ്റം കടന്നതും കോലായിൽ ഇരിക്കുന്ന ഭർത്താവിനെ കണ്ടു.ആശ്വാസത്തോടെ അവളുടെ നെഞ്ചു കുറുകി .സമാധാനത്തോടെ അവർ ചുറ്റിനും നോക്കി.

'എന്താവിടെ വിശേഷം ?ഗ്രാമസഭേല് വരാത്തോരും കൂടി ണ്ടല്ലോ?'

ഒന്നുമറിയാത്തപോലുള്ള അവരുടെ നർമ്മംകൂടി ആയപ്പോഴേക്കും ഭർത്താവിന് കലികയറി.

'എന്തിനേ പ്പൊ ഇങ്ങട് പോന്നൂ ?'

വാടിയ ചേമ്പിൻതണ്ടിനെക്കാൾ ദുർബ്ബലനായി കിടപ്പറയിൽ ഉറക്കം നടിക്കുന്ന ഭർത്താവിന്റെ ഊർജ്ജസ്വലത കണ്ടപ്പോൾ ,ഏതോ പ്രത്യാശയിൽ അവളുടെ മാറിടങ്ങൾ അറിയാതുയർന്നു, തിരിച്ചറിവിൽ പൊടുന്നനെ താണു.

'അതെന്താ അങ്ങനെ? ഞാൻ പിന്നെ എങ്ങട്ടാ പോവണ്ടേത് രാഘവേട്ടാ?'

നാഗവല്ലി ശൈലിയിൽ ഒട്ടു കളിയായി ചോദിച്ചുകൊണ്ട് അവർ കോലായിലേക്ക് കയറി.

'അവടെ നിൽക്ക്. ന്റെ ചോദ്യത്തിന് മറുപടി തന്നിട്ട് മതി യ്യ് അകത്തേക്ക്...'

ഭർത്താവിന്റെ ക്രൂദ്ധമായ മുഖവും പരുഷമായ സംസാരവും അവരെ ചെറുതായൊന്നു ഞെട്ടിച്ചു.എന്നാൽ താഴെക്കിറങ്ങിയില്ലെന്നു മാത്രമല്ല,സാരിയുടെ മുന്താണി വലതുവയറിനു മീതെക്കൂടി ചുറ്റിയെടുത്തു ഇടത്തെ ഇടുപ്പിൽ കുത്തി, കൈവിരലുകൾ ഞൊട്ടെ പൊട്ടിച്ച് അയാളെ സൂക്ഷിച്ചു നോക്കി നിന്നു.അതോടെ രാഘവൻ നായരുടെ 'ബി പി ' കൂടി.

ആൾക്കൂട്ടത്തിനിടയിലൂടെ തന്റെ ആക്ടീവയിൽ പഞ്ചായത്ത് പ്രസിഡന്റും അദ്ദേഹത്തിന്റെ പുറകിൽ പാർട്ടി സെക്രട്ടറിയും കടന്നുവന്നു.കടൽത്തിരപോലെ ഒരു ജനതതിയും ഉണ്ടായിരുന്നു അതിനു പുറകിൽ. എന്താണു സംഭവിച്ചത് എന്നറിയാതെ അന്തിച്ചു നിന്ന മെമ്പർക്ക് മുന്നിൽ, നഷ്ടപ്പെട്ട നിധി കിട്ടിയ സന്തോഷത്തോടെ പ്രസിഡന്റ് ലോനപ്പൻചേട്ടൻ വിടർന്ന് ചിരിച്ചു. വണ്ടിയിൽ നിന്നും ചാടി ഇറങ്ങിയ പാർട്ടി ലോക്കൽ സെക്രട്ടറി തന്റെ ഇടത്തേകോങ്കണ്ണ് കൊണ്ട് മെമ്പറെ അടിമുടി ഉഴിഞ്ഞു. രാവിലെ വിറ്റുതീരാതെ ബാക്കിയായ മത്തിയുമായി വൈകുന്നേരം കച്ചോടത്തിനു പോയി മടങ്ങുമ്പോൾ, മെമ്പറുടെ വീടിനു ചുറ്റിലും ആൾക്കൂട്ടം കണ്ടാണ് ബ്രാഞ്ച്സെക്രട്ടറി അബ്ദുക്കയും അവിടേക്കു വന്നത്.

'അല്ല ശാന്തേച്ച്യേ, ഇങ്ങളെന്ത് പണ്യാപ്പൊ കാട്ട്യേത് ? ഇമ്മളെക്കെ ങ്ങള് വല്ലാണ്ട് എടങ്ങേറാക്കി'

രാഘവേട്ടന്റെ പരുഷമായ സംസാരവും നോട്ടവും പഞ്ചായത്ത് പ്രസിഡണ്ടിന്റെയും പാർട്ടി സെക്രട്ടറിയുടെയും ഒരുമിച്ചുള്ള വരവും നാട്ടുകാരുടെ തുറിച്ചുനോട്ടവും പരിഹാസച്ചിരികളും അടക്കം പറച്ചിലുകളും,ബ്രാഞ്ച് സെക്രട്ടറി അബ്ദുക്കാന്റെ കുറ്റപ്പെടുത്തലും എല്ലാം ആ സ്ത്രീയെ അന്ധാളിപ്പിച്ചു .

'സത്യത്തിൽ ഇവിടെപ്പൊ ന്താ ണ്ടായത്?ആരെങ്കിലും ഒന്ന് തൊള്ള തൊറക്കിൻ'. എല്ലാവരോടുമായി അവർ പറഞ്ഞു .

സഖാവ് ഉൽപലാക്ഷൻ ഒരടി മുന്നോട്ടു കയറി. എല്ലാ കണ്ണുകളും പാർട്ടി സെക്രട്ടറിയിലേക്ക്.മേൽഘടകറിപ്പോർട്ട് അവതരിപ്പിക്കുന്ന മട്ടിൽ അയാൾ ചുറ്റുമൊന്ന് കണ്ണോടിച്ചു. അനന്തരം ഷർട്ടിന്റെ കീശയിൽ നിന്നും കണ്ണടയെടുത്ത് മൂക്കിൻമേൽ വെച്ചു. കയ്യിലിരുന്ന പേപ്പർ നിവർക്കുകയും മടക്കുകയും ചെയ്തശേഷം, അത് പഞ്ചായത്ത് പ്രസിഡണ്ടിനെ ഏൽപ്പിച്ചു.

തലയൊന്ന് ചരിച്ച്, ചുമച്ച് കണ്ഠശുദ്ധി വരുത്തിയ

ശേഷം അദ്ദേഹം മെമ്പറുടെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി.

'ഈ നാടിനോടും ജനങ്ങളോടും ഭരണഘടനയോടും സർവ്വോപരി പാർട്ടിയോടും ഉത്തരവാദിത്തപ്പെട്ട മെമ്പർ എന്ന നിലയ്ക്ക്, മാതൃകാപരമായ ജീവിതം നയിക്കേണ്ടുന്ന ശ്രീമതി ശാന്താദേവി എന്ന സഖാവിൽ നിന്നും , പ്രത്യയശാസ്ത്ര-സാമൂഹിക-സാംസ്കാരിക വിരുദ്ധമായതും,ഗുരുതരമായ ഭരണ പ്രതിസന്ധി വരുത്തിവെച്ചേക്കാവുന്ന തരത്തിലുള്ളതും ദുർബല വികാരത്തിനടിപ്പെട്ടതുമായ ചില നടപടികൾ ബോധപൂർവം ഉണ്ടായി എന്നുള്ളത് പാർട്ടി സെക്രട്ടറി എന്ന നിലയ്ക്ക് ഇവിടെ റിപ്പോർട്ട് ചെയ്യുകയാണ്.'

വാക്കുകൾ നീട്ടിയും കുറുക്കിയും, നിർത്തി നിർത്തിയും സംസാരിക്കവേ,ബൗദ്ധികമായ കാര്യങ്ങൾ പ്രസംഗിക്കുന്ന ഭാവത്തിൽ അൽപനേരം മൗനംപാലിച്ചതിനുശേഷം, അദ്ദേഹം കാര്യകാരണസഹിതം അവരുടെ ചെയ്തികളെ അക്കമിട്ടു നിരത്തി. തുടർന്ന് വിശദീകരണത്തിനായി മെമ്പറെ ക്ഷണിച്ചു..

'ഫ്ഭാ.... ആരാടാ എരണംകെട്ടവനേ അത് പറഞ്ഞത്? .ആലത്തൂരങ്ങാടീല് പുതിയ മാട്ടങ്ങള് വാങ്ങാൻ പോയ,ന്റെ കണാരേട്ടനെ കുറിച്ച് വേണ്ടാത്തത് പറഞ്ഞാൽ, ഏത് മറ്റവനായാലും അവന്റെ കിണ്ണാണ്ടം ഞാൻ ഒടയ്ക്കും .'

ചെത്തുകാരൻ കണാരന്റെ ഭാര്യയുടെ ആട്ടും,അലർച്ചയും കേട്ട് പാർട്ടി സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡണ്ടും നിന്ന നിൽപ്പിൽ എങ്ങോ മറഞ്ഞു.ഭാര്യയുടെ ആക്രോശത്തിൽ കണാരൻ പുളകിതനായി.

'കന്നിച്ചെത്ത് തൊട്ട് മാട്ടം നെറച്ചും നല്ലസ്സല് മധുരക്കള്ളു ചൊരത്തണ ഒന്നാന്തരം തൈത്തെങ്ങ്, ന്റെ കണാരേട്ടന് മാത്രായി അർമ്മാദിക്കാൻ വീട്ടില്ള്ളപ്പോ, മറ്റുപലരും കേറിച്ചെത്തീട്ടും ഒരു തുള്ളി നീര് വീഴ്ത്താത്ത കൊട്ടൻകൊരല് ആർക്കാടാ വേണ്ടത്.?'

അവസാനവാചകം, പുച്ഛത്തിൽ മെംബർക്കു നേരെ നോക്കിയാണവൾ പറഞ്ഞത്.ആവേശം കേറി അവൾ പറഞ്ഞത് കേട്ട്,കണാരൻ അവിശ്വസനീതയോടെ ഭാര്യയെ നോക്കി.

അപ്പോഴാണ് മെമ്പർക്കു കാര്യങ്ങളുടെ കിടപ്പ് മനസ്സിലായത്.

'അപ്പൊ അദ്ദാണ് കാര്യം. ഞാനും കണാരനും കൂടി ഒളിച്ചോടിയതാണെന്ന്...നിങ്ങളോടൊക്കെ ആരാ പറഞ്ഞത് ?'

തന്റെ മുന്നിൽ നിന്നിരുന്ന ഭർത്താവ് രാമൻനായരെ മീനാക്ഷി തള്ളി മുന്നോട്ടു നീക്കി നിർത്തി .പോരാഞ്ഞ് ഇടുപ്പിലൊരു കുത്തും കൊടുത്തു. പറഞ്ഞാൽ രാഘവേട്ടന് മുഷിയും... പറഞ്ഞില്ലെങ്കിൽ മീനാക്ഷി കൊന്നു കൊലവിളിക്കും.. പറയാതെ വയ്യെന്ന ഘട്ടത്തിൽ അയാൾ ചുണ്ടനക്കി.

'രാവിലെ... രാഘവേട്ടനാണ് ഇന്നെ വിളിച്ച് ശാന്തേനെ കാണാൻ ഇല്ലാന്ന് പറഞ്ഞത്.!'

പതിഞ്ഞ ശബ്ദത്തിൽ മടിച്ചു മടിച്ച് അന്നുണ്ടായതും മീനാക്ഷി തലേന്ന് കണ്ടെന്നു പറഞ്ഞതുമെല്ലാം അയാൾ വെളിപ്പെടുത്തി.

ഒരു വല്ലാത്ത ചിരിയോടെ ശാന്താദേവി ഭർത്താവിനെ ഒന്നു നോക്കി. ആ ചിരിയുടെ അർത്ഥം അറിയാവുന്ന രാഘവേട്ടന്റെ അടിവസ്ത്രം നനഞ്ഞു..

കലിപ്പായാൽ ഭാര്യയുടെ തനി സ്വരൂപം ശരിക്കും അറിയാവുന്ന അയാൾ പതിയെ കസേരയിൽ നിന്നും എണീറ്റു.

'അവടെ ഇരിക്കണം രാഘവേട്ടാ...' പട്ടുകൊണ്ട് പൊതിഞ്ഞ വാൾത്തലപ്പിനാൽ കുത്തുന്ന പോലെ ,അവളുടെ വാക്കിന്റെ മൂർച്ചയിൽ,സപ്തനാഡികളും തളർന്ന് അയാൾ കസാലയിലേക്ക് അമർന്നു.

അവൾ നടന്നു കാണാരനടുത്തു ചെന്ന് സ്വകാര്യം പോലെ,

'വിശുദ്ധയായ ഈ തൈത്തെങ്ങിനേം കൊണ്ട് വീട്ടിൽപ്പോയി നീ,കാര്യങ്ങടെ കെടപ്പുവശം ഒന്ന് പറഞ്ഞുകൊട്... ബാക്കിള്ളോരേ ഞാൻ ഒന്നു പിരിക്കട്ടെ' എന്ന് പറഞ്ഞശേഷം കോലായിൽ കയറി അസന്ദിഗ്ദ്ധമായി ഇങ്ങനെ പ്രസ്താവിച്ചു..

'എനിക്ക് പറയാനുള്ളത് മൂന്നേമൂന്നു പേരോടാണ്. അതിലൊരാൾ പഞ്ചായത്ത് പ്രസിഡന്റാണ്..മൂപ്പരൊപ്പം സെക്രട്ടറി സഖാവും ഇന്റൊപ്പം വരണം.ബാക്കിള്ളോര് ഒന്ന് വെയിറ്റ് ചെയ്യണേ' രഹസ്യമായി കഴുത്തിൽ അണിയുന്ന കൊന്തയിൽ തെരുപ്പിടിച്ചുകൊണ്ട് പ്രസിഡന്റും കമ്മ്യൂണിസം കൊണ്ട് ശുദ്ധീകരിക്കപ്പെടാത്ത യാതൊരു മാലിന്യങ്ങളും ഈ ലോകത്തിൽ ഇല്ല എന്ന് വിശ്വസിക്കുന്ന ഉൽപ്പലാക്ഷൻ സഖാവും മെമ്പർക്കു പിന്നാലെ അകത്തേക്കു കയറി. കതകടഞ്ഞു.

'ഞാൻ പോയതെങ്ങോട്ടെന്നു പറഞ്ഞാൽ പാർട്ടിനയങ്ങൾക്ക് വിരുദ്ധമാണെന്ന് നിങ്ങൾ വിധിക്കും.പാർട്ടി എനിക്കെതിരെ നടപടിയെടുക്കും.ഞാൻ രാജിവെക്കും.പറയാതിരുന്നാൽ അനാശാസ്യമെന്നു പറഞ്ഞ് പ്രതിപക്ഷസമരം ഉറപ്പ് . പിന്നെ അവിശ്വാസം, രാജി അങ്ങനങ്ങനെ...!എങ്ങനെ വന്നാലും പ്രസിഡണ്ടിനു കസേരേം,പാർട്ടിക്ക് പഞ്ചായത്തും പോകും.എന്ത് വേണം ന്ന് ങ്ങള് തീരുമാനിച്ചോളിൻ .'

ആവശ്യകതയുണ്ടെങ്കിൽ മാത്രം വിശദീകരണം എന്ന മട്ടിൽ ഒരു മുഴം മുമ്പേ കുരുക്കെറിഞ്ഞ മെമ്പർ, രണ്ടുപേരെയും മാറിമാറിനോക്കി മാറിൽ കൈ പിണച്ചു നിന്നു.

വിഷയം വിനാശകരമെന്നു ഗണിച്ച പ്രസിഡന്റ് വിഷണ്ണനായി. കോങ്കണ്ണൻ നോക്കുന്നതാരെയാണെന്ന് മനസ്സിലായില്ലെങ്കിലും അയാളുടെ മുഖത്തേക്കു നോക്കി കണ്ണുകൾ കൊണ്ട് നവരസങ്ങളാടി .

'വിഷയം എന്തായാലും പറഞ്ഞോളൂ. ഇരുചെവിയറിയാതെ ഞങ്ങൾ അത് തീർത്തോളാം' പ്രസിഡെന്റിന്റെ പിന്നാമ്പുറത്തു ചൊറിഞ്ഞു കൊണ്ട് സെക്രട്ടറി പതിയെ പറഞ്ഞു .

'വിഷയം വിശ്വാസവും ആചാരവുമായി ബന്ധപ്പെട്ടതാണ്.' മെമ്പർ തുടക്കമിട്ടതും രണ്ടുപേരും ജാഗരൂകരായി.

'ഇവളിതെന്തു വിചാരിച്ചാണ് ഹെന്റെ പുണ്യാളാ' ലോനപ്പേട്ടൻ മനസ്സിൽ മുട്ടിപ്പായി പ്രാർത്ഥിച്ചു.

'ആലത്തൂരിന്ന് ഒരു വണ്ടീല് കൊറച്ച് ആൾക്കാര് മണ്ണാറശാലയ്ക്ക് പോണ കാര്യം കണാരൻ ഇന്നോട് പറഞ്ഞേര്ന്നു. അവിടെ പോയി ഉരുളികമത്യാൽ ഉണ്ണിണ്ടാവും ന്നുള്ള പ്രതീക്ഷയിലാണ് ഞാൻ പോയത്. ദൈവവിശ്വാസല്ല്യാത്ത ന്റെ രാഘവേട്ടനോട് പറഞ്ഞാൽ പോകണ്ടാന്ന് പറയും. അതോണ്ടാണ് പറയാതെ പോയത്.'

ആ വിശ്വാസകഥ കേട്ടതും പാർട്ടിനയരേഖയുടെ ഘഡ്ഗം വീശുന്നതിനു പകരം രണ്ടുപേരും കുഞ്ഞിക്കാലിന് മെമ്പറെ അനുഗ്രഹിച്ചു പിൻവാങ്ങി.

മെമ്പറെ പിന്നാലെ കയറിപ്പോയ ലോനപ്പേട്ടനും സെക്രട്ടറീം ശാന്തഭാവത്തിൽ ഇറങ്ങി വരുന്നത് കണ്ടപ്പോഴേ കൂടിനിന്നവരുടെ മുഖങ്ങൾ വെള്ളിമാനം പോലെ വിളറി.

'രാമേട്ടാ, ഇനി ഇങ്ങളും മീനാക്ഷിയും വരിൻ..' രണ്ടാമതായി തങ്ങളുടെ പേര് വിളിച്ചപ്പോൾ രാമൻ നായരും മീനാക്ഷിയും വിവശരായിരുന്നു . മടിയോടെയാണെങ്കിലും രണ്ട് പേരും ശാന്താദേവിയുടെ പുറകെ അകത്തേക്ക് കയറി.

'ഇന്നലെ വൈന്നാരം ഞാനും കണാരനും വേലീന്റടുത്തുന്ന് വർത്താനം പറയുമ്പോ മീനാക്ഷി, യ്യ് അടുക്കളപ്പുറത്തുന്ന് ഒളിഞ്ഞുനോക്കണത് ഞാൻ കണ്ടേരുന്നു .ഒരു കാര്യം അറിയാൻ വേണ്ടിട്ട് കാണാരനെ ഞാൻ വിളിച്ചു വരുത്ത്യേതാണ്. കണാരനെ വീടിന്റെ ഉമ്മറത്ത്ക്ക് കൂട്ടി വന്നു സംസാരിച്ചപ്പൊ,ന്റെ ആളും ഇവടെണ്ടേനി. സംശം ണ്ടെങ്കിൽ മൂപ്പരോട് ചോയ്ച്ചോക്കിൻ..'

അല്പം പരിഹാസത്തോടെ ഇങ്ങനെ തുടർന്നു..

'പിന്നെ, ഞാൻ എവിടെ, എന്തിനു പോയീന്ന് ഇങ്ങക്കറീണം ന്ന് വല്ല ശാര്യോം ണ്ടോ നായരേ ? വേണ്ടെങ്കിൽ രണ്ടും എറങ്ങിപ്പൊയ്ക്കോളിൻ' അടിച്ചിറക്കിയത് പോലെയുള്ള അവസാന വാക്കിൽ ജാള്യത മറയ്ക്കാൻ പാടുപെട്ട് രണ്ടുപേരും വാതിൽക്കലേക്കു നടക്കവേ ശാന്താദേവി മീനാക്ഷിയെ വിളിച്ചു.

കാണാരനും ഞാനും വർത്താനിക്കണത് കേക്കാൻ ഇയ്യ് ഒളിഞ്ഞു വന്നു വേലിന്റെ എടേക്കൂടി നോക്ക്യേതും ഞാൻ കണ്ടിക്കിന് മീനാക്ഷീ. എല്ലാരും അന്റെ പോലെ വീട്ടീന്ന് കിട്ട്ണത് തെകയാഞ്ഞിട്ടു പൊർത്തുന്ന് വേലി ചാടിക്കണോരാണ് ന്ന് കരുതരുതിയ്യ് ....!

തിരിഞ്ഞു നോക്കിയ രണ്ടുപേരോടുമായി ഇത്രയും

**ജീവിതരേഖ**

ശ്രീനി നിലമ്പൂർ എന്ന തൂലികാ നാമത്തിൽ 2008 മുതൽ സാഹിത്യ രംഗത്ത് സജീവം. യഥാർത്ഥ പേര് ശ്രീനി. ജി.കേരളത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഓട്ടോതൊഴിലാളി. വിവിധ മലയാളം ആനുകാലികങ്ങളിൽ കവിത, കഥ തുടങ്ങിയവ പ്രസിദ്ധീകരിക്കപ്പെട്ടു.

sreenig2765@gmail.com

കുടിപ്പറഞ്ഞു വാതിൽ തുറന്നിട്ടു.

മെമ്പർ പറഞ്ഞതിൽ അവസാനത്തെ വാചകങ്ങൾ രാമൻ നായർക്ക് തീപ്പൊള്ളലായി മാറി .വിനാശകാലേ വിപരീതബുദ്ധി!ആത്മനിർവൃതിക്കായി പറഞ്ഞ പരദൂഷണത്തിന്റെ ഭവിഷ്യത്ത് ബൂമറാങ് ആയി തന്റെ വിശാലമായ പിന്നാമ്പുറത്തു തന്നെ ആഞ്ഞുതറച്ചപ്പോൾ, കൂടുതൽ പറയല്ലേ എന്ന് കെഞ്ചിയ മീനാക്ഷി, ശാന്താദേവിക്കുനേരെ കൈകൂപ്പി . ഭർത്താവിന്റെ രൂക്ഷമായ നോട്ടം താങ്ങാനാവാതെ തലതാഴ്ത്തി അവൾ നടന്നപ്പോൾ, ഒരു വിജിഗീഷുവേപ്പോലെ അവർക്ക് പുറകിലായി മെമ്പർ ശാന്താദേവിയും പുറത്തേക്ക് വന്നു.

മസാലക്കഥകൾ കേൾക്കാൻ കാത്തിരുന്ന ദാസപ്പനും വിജയൻ നായരും ഇച്ഛാഭംഗത്താൽ വലഞ്ഞു.എന്തെങ്കിലും നാലു പറയാൻ നാവു ചൊറിഞ്ഞെങ്കിലും, മെമ്പറെ നാക്കിന്റെ മാത്രല്ല, കയ്യിന്റെ ചൂടും ഒരിക്കൽ ഒരു രാത്രി അറിഞ്ഞതിന്റെ അനുഭവം അവർ പരസ്പരം മുഖത്തോട് മുഖം പങ്കു വെച്ച് നിശ്ശബ്ദരായി പടി കടന്നു .

പ്രതിപക്ഷത്തിന്റെ അവിശ്വാസപ്രമേയത്തിൽ നിന്ന് രക്ഷപ്പെട്ട ആശ്വാസത്തിൽ തന്റെ ഹോണ്ട ആക്ടിവ സ്റ്റാർട്ട് ചെയ്ത് ലോനപ്പൻ പ്രസിഡന്റ് പാർട്ടി ലോക്കൽ സെക്രട്ടറിയേയും കേറ്റി സ്ഥലം വിട്ടു.

എരിവും പുളിയും പ്രതീക്ഷിച്ചെത്തിയവരെല്ലാം പിരിഞ്ഞു പോയി.തനിക്കുള്ള ഓഹരി എന്തേ വൈകുന്നു എന്നോർത്ത് അസ്വസ്ഥനായ രാഘവൻനായർക്ക് അടുത്തേക്ക് അവൾ വന്നു.

പാടത്തും പറമ്പിലും കെളേം കഴിഞ്ഞ് അന്തിക്ക് കള്ളും കഞ്ഞീം മോന്തി കൂർക്കം വലിച്ച് ഒറങ്ങ്യേപ്പോ , ഇന്റെ ഉള്ളിലും കെളച്ചുമറിച്ച്,വെതച്ചു കൊയ്യാൻ മോഹിച്ചൊരു കണ്ടം ണ്ടേർന്നത് ഇങ്ങള് കണ്ടീരുന്നോ രാഘവേട്ടാ ?

ചൂളി നിന്ന അയാളെ പുച്ഛത്തോടെ നോക്കിക്കൊണ്ട് അവൾ അകത്തേക്ക് കയറുമ്പോൾ, ഇന്നെങ്കിലും ക്ഷീണം വരുത്തല്ലേ ആഞ്ജനേയാ എന്ന പ്രാർത്ഥനയോടെ അയാൾ ഭാര്യക്ക് പുറകെ നടന്നു.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.




**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com



United Healthcare


Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

ഇ-മലയാളി കഥാമത്സരം 2022

പ്രത്യേക ജൂറി പുരസ്കാരം



ബാബു ഇരുമല

# 75ലെ വീഴ്ച്ച



വര:
പി ആർ രാജൻ

**പ്രൈമറി സ്റ്റോറേജ്**

എനിക്ക് 75 കഴിഞ്ഞു. പേര് ഓർക്കുമ്പെ പറയാട്ടൊ. അരികുപുറത്ത് ഗീവറുഗീസിന്റെ മൂത്ത മോനാണ്. ഞങ്ങള് കൊറെ വീട്ടുകാരുണ്ട്. പന്ത്രണ്ടു തലമുറയായി ഇവിടെ വന്നിട്ട്. ഈ ചുറ്റുപാടില ഇപ്പഴും പാതിപ്പേരുടേം താമസം. ഉദയഗിരി പള്ളിയാണ് ഇടവക.പള്ളിവക സ്കൂളിൽ തന്നെ പഠിച്ചു. ഓർത്തു. പ്പെ പറയാട്ടോ.പേര് യാക്കോബെന്ന.

രണ്ടു തവണ വീണിട്ടുണ്ട്. ഒന്ന് ചക്ക ഇടുമ്പ ഏണി മറിഞ്ഞായിരുന്നു. അങ്ങനെ കിട്ടിയതാണ് ഈ ഓർമക്കുറവ്. രണ്ടാമത്തേത് ബസേന്ന് ഇറങ്ങുമ്പെ നാലഞ്ചു വർഷം മുമ്പ. വീണതു റോട്ടിലേക്കാണെങ്കിലും ഒടിവും ചതവും ഒന്നും പറ്റീല്ല. അവിടേം ഇവിടേം കുറെ തൊലി പോയി രക്തം കിനിഞ്ഞു. പ്രഷറുണ്ടെന്നറിഞ്ഞത് അന്ന. അതിപ്പിന്നെ യാത്രകൾ ചുരുക്കി. തീരെയങ്ങ് ഇല്ലാണ്ടായീന്ന് പറയാം. ഒത്തിരി കൃഷിപണി ചെയ്ത് വലഞ്ഞു നടന്നതല്ലേ. ദൈവം വിശ്രമജീവിതത്തിനു വിധിച്ച വീഴ്ചകളും ഭയപ്പാടുകളും ആയിരിക്കും.

എന്നെ കൊണ്ട് ബുദ്ധിമുട്ട് ആയപ്പോ മോനും മോന്റെ ഭാര്യയും വാതിൽ അടച്ചിട്ടിട്ട ഇപ്പോൾ ജോലിക്കു പോന്നെ. പുതിയ വീടുകൾക്ക് ഒക്കെ പുറത്തേക്ക് രണ്ട് കതകല്ലെ കാണു. അടുക്കള വശത്തെ കതകിനും കഴിഞ്ഞയാഴ്ച പൂട്ടുവച്ചു. അല്ലെങ്കി ഞാനെന്തെങ്കിലും ബുദ്ധിമുട്ട് വരുത്തിവയ്ക്കുന്ന അവര് പറേണെ. ഇതിപ്പൊ, പെട്ടെന്ന് ഞാൻ വീട്ടീന്നെറങ്ങില്ലല്ലോ.

സ്വയം തുറക്കാൻ ശേഷിയില്ലാത്തതു കൊണ്ട് മകൻ ജോൺ, രാജു എന്നാണട്ടൊ വിളിപ്പേര്, അവന്റെ ഭാര്യ ഷൈനിയോടു കൂടി ആലോചിച്ചിട്ടാകണം പുറം കാഴ്ച്ച കാണാൻ രണ്ടു ജനാലകൾ തുറന്നിട്ടു തന്നിട്ടുണ്ട്.

ഒന്ന് എന്റെ കിടപ്പുമുറിയിൽ നിന്നും തെക്കോട്ടുള്ളതാണ്. അവിടെ നിന്ന് നോക്കിയാൽ എന്റെ അനിയൻ മരിച്ചു പോയ സ്കറിയയുടെ വീട് കാണാം. പകലൊന്നും ഒരാളനക്കവും ഇല്ലാത്ത വീട്.

ആ ജനാലയിലൂടെ നോക്കിയാൽ വീടിന്റെ പിറകുവശമാണ് കാണുക. മുറ്റത്തിനു പുറത്ത് പാത്രം കഴുകി വരുന്ന വെള്ളം തളം കെട്ടി നിൽക്കുന്നു. ചുണ്ടുകുത്തി വൃത്തികേടുകൾ തിന്നുന്ന ചെമപ്പും കറപ്പും വെളുപ്പും നിറങ്ങളുള്ള നാലഞ്ചു കോഴികളെ കണ്ടിരിക്കാം. ഇടയ്ക്കവയെ കാണാതാവും. വീണ്ടും അരി ഇട്ടു കൊടുത്തിരിക്കുന്ന ഭാഗത്ത് അവറ്റകൾ പ്രത്യക്ഷപ്പെടും. കൂടാതെ ചിലപ്പോഴൊക്കെ വെളുപ്പും കറുപ്പും കലർന്ന ഒരു പൂച്ച അതു വഴിയെ പോയാലായി.

ഹാളിന്റെ പിറകിലുള്ളള ജനാലയിലൂടെ നോക്കിയാൽ കുരുമുളകു കയറ്റി വിട്ട തെങ്ങുകളും, അടയ്ക്കാമരങ്ങളും, ജാതി- വാഴ ഇത്യാദികൾ കൂടാതെ ഒരു പഞ്ഞിമരം, രണ്ടു മൂന്ന് കാന്താരി ചെടികൾ ഇവയൊക്കെ തന്നെ ആണ് നിത്യ കാഴ്ച്ച. ഒക്കെ ഞാനായിട്ടു ചെയ്ത കൃഷികള.

പഞ്ഞിക്കായ ഉണങ്ങിയിട്ടും പറിക്കാത്തതിനാൽ പൊട്ടിച്ചിതറി വീണ് അപ്പൂപ്പൻ താടി പോലെ ഒഴുകി നടക്കുന്നു. അടയ്ക്ക പറിക്കേണ്ട സമയം കഴിഞ്ഞു. രണ്ടാഴ്ച്ച മുന്നെ ഒന്നു പറഞ്ഞപ്പ മോ പറേണ 'തെരക്ക. രണ്ടാം ശനിയാഴ്ച്ച പറിപ്പിക്കാം അപ്പച്ച' എന്നാണ്. അതും കഴിഞ്ഞ് ഇതിപ്പെ എത്ര ദിവസായീന്നറിയില്ല.

ഊണു കഴിച്ച് ഉറങ്ങിയെണീറ്റപ്പോൾ നേരത്തെ തന്നെ എണ്ണ തേച്ചു കളയാം എന്നു തോന്നി. പെട്ടെന്ന് അച്ചാമ്മ മനസിലേക്ക് കയറി വന്നു. 17 കൊല്ലായി അവള് പോയിട്ട്. മക്കള് കരകയറണെ കാണും മുന്നെ അവളെ വിളിച്ചു. തോർത്തുടുത്ത് എണ്ണ പുരട്ടി മുറിയിലൂടെ ഉലാത്തുമ്പോഴാണ് പഴുത്ത അടയ്ക്കാ കുലകൾ വീണ്ടും കണ്ണിൽ തടഞ്ഞത്. ഇനീം പറിക്കാതിരുന്നിട്ട് കാര്യോല്ല .

ഗോവണി കയറി മുകളിലത്തെ നിലയിലെത്തി. ഭാഗ്യം. വാതിൽ ചാരിക്കിടക്കുന്നതേ ഉണ്ടായിരുന്നൊള്ളു. വാർക്കപ്പുറത്ത് മഞ്ഞൾ പുഴുങ്ങി ഉണക്കാൻ ഇട്ടിരിക്കുന്നു. വാതിൽ കുറ്റിയിടാൻ ജോൺ മറന്നതാണ്. പഴയ വീഴ്ച്ചകൾക്ക്, പഴയ സാഹസികതകളെ മറികടക്കാനായില്ല.

സത്യത്തിൽ ഒരഞ്ചു മിനിറ്റുകൊണ്ട് വാർക്കപ്പുറത്തു നിന്നും പാരപ്പെറ്റിൽ കവച്ചിരുന്ന് പിടിച്ചു തൂങ്ങി സൺഷേഡിലേയ്ക്കും, അവിടെ നിന്ന് രണ്ടടി താഴ്ച്ചയിൽ കാർ പോർച്ചിന്റെ മുകളിലേയ്ക്കും, പോർച്ചിന്റെ വടക്കുവശത്തിരുന്ന ഇരുമ്പു ഗോവണിയിലൂടെ മുറ്റത്തേയ്ക്കും ഇടയ്ക്കെപ്പോഴൊക്കെയോ തലവേച്ചിട്ടും ഇറങ്ങിയത് എങ്ങനെയെന്ന് എനിക്കു തന്നെ അറിയില്ല. 'അവനെന്നെ വഴിനടത്തും' എന്ന് ഒന്നു രണ്ടു പ്രാവശ്യം മൂളിയതായി ഓർമയുണ്ട്.

മുററത്തിന്റെ അതിരിൽ നിന്നും തുണിയലക്കുന്ന രണ്ടടി ഉയരമുള്ള കെട്ടിലേയ്ക്കും, അവിടെ നിന്ന് മതിലൊപ്പം ഉയരമുള്ള വെള്ള ടാങ്കിന്റെ ഭിത്തിയിലൂടെ മതിലിലേയ്ക്കും, മുറ്റത്തേയ്ക്ക് ഇറങ്ങിയ അതേ വേഗത്തിൽ ഞാൻ കയറിപ്പററി. ഏഴും, എഴുപതും ഒന്നാണെന്നൊക്കെ പലരും കളി പറയാറുള്ളത് എന്റെ നിർബന്ധബുദ്ധിക്കു മുന്നിൽ നേരായി.

മതിലിനു മുകളിലങ്ങനെ അടയ്ക്കാമരത്തിൽ ചാരിയ തോട്ടിയിൽ പിടിച്ചു നിൽക്കുമ്പോൾ ഞാനൊരു മൂളിപ്പാട്ട് പാടി. 'പച്ചപ്പനന്തത്തെ, പുന്നാര പൂമുത്തെ, പുന്നെല്ലിൻ പൊന്നഴകേ' എന്റെ പാട്ടുകേട്ട് മതിലിനുമപ്പുറം വഴിയിലൂടെ നടന്നു പോയിരുന്ന കൊച്ചു കൂട്ടുകാരി നിൽക്കുകയും, എന്നെ നോക്കി ചിരിക്കുകയും ചെയ്തു. 'എന്താ വിശേഷം' 'തീർന്നു വരുവാ.,' അവളുടെ മറുപടി. 'ഒരു പാട്ടു പാടോ'

ഈരേഴൻ തോർത്തുടുത്തിരുന്ന ഞാൻ തോട്ടി വിട്ട് മതിലിൽ വഴിയ്ക്ക് അഭിമുഖമായി കുന്തിച്ചിരുന്ന് അവളുടെ പാട്ടിനായി കാതോർത്തു. 'കദളിവാഴ കയ്യിലിരുന്ന്, കാക്കയൊന്നു വിരുന്നു വിളിച്ചു.' ഞാ പ്രതീക്ഷിക്കാത്ത പാട്ടാ അവള് പാടി കേപ്പിച്ചെ. എന്റമ്മോ. ഇപ്പോഴത്തെ പിള്ളാർക്ക്, പഴയ പാട്ടും നന്നായി വഴങ്ങുന്നു. ടി.വി.ക്കാർക്ക് സ്തോത്രം. പാട്ടു തീർന്ന പാടെ അവൾ ഡീസൽ ബാഗും തൂക്കി ഓടിയകന്നു.

ചുവപ്പും മഞ്ഞയും കലർന്ന പഴുത്ത അടയ്ക്ക കൊലകുത്തി കിടക്കുന്നു. മതിലിലൂടെ നടന്ന് അഷറഫിന്റെ വീടിന്റെ വശത്തെത്തി. അയൽവീട്ടിലെ ആരേം പൊറത്ത് കാണാനില്ല. അകത്തന്ന് ഒച്ചേണ്ട്. ടീവീലായിരിക്കും. തോട്ടി ഉയർത്തി മുകളിലേയ്ക്ക് കൊലയുടെ അടുത്ത് എത്തിയപ്പോഴാണ് കാലു തെന്നി, പണി പാളീന്ന് തോന്നിയത് .

അഷറഫിന്റെ വീട്ടിലെ ടി.വി.ശബ്ദിച്ചിരുന്ന മുറിയുടെ ജനാലയിലൂടെ മൈലാഞ്ചിയിട്ട കൈ നീണ്ടു പുളഞ്ഞ് എന്റെ നേർക്കു വരികയും, വാഴ കൈയ്യിലൂടെ എന്നെ നടത്തിച്ച് അവരുടെ പറമ്പിൽ വീണു കിടന്നിരുന്ന വലിയൊരു കവുങ്ങിൽ പാളയിലേക്ക് സുരക്ഷിതമായി എന്നെ എത്തിക്കുകയും ചെയ്തു.

നീണ്ടു വന്ന പോലെ തന്നെ കൈ പിൻ വാങ്ങുന്നത് ഞാനെന്റെ വേദനിക്കാത്ത വലതുകണ്ണു കൊണ്ട് കാണുന്നുണ്ടായിരുന്നു. വാഴച്ചോട്ടിൽ ഉയർന്നു നിന്ന മൺകൂമ്പാരത്തിൽ തല വച്ച്, മഴയിൽ കിളിർത്തു നിന്ന മുത്തയ്ങ്ങ പുല്ലുകളുടെ മെത്തയിൽ എത്ര നേരം ഞാനങ്ങനെ കിടന്നുവെന്ന് അറിയില്ല.

**സെക്കന്ററി സ്റേറജ്**

രാത്രി 10.30ന്റെ മിന്നലിന് സീറ്റ് നമ്പർ 16 ബുക്ക് ചെയ്തിരുന്നു ജോയി. ജോയി ആരാന്ന് പറഞ്ഞില്ലല്ലൊ. മകൾ സിസിലിയുടെ ഭർത്താവ്. രണ്ടു പേർക്കും

സെക്രട്ടറിയേറ്റില ജോലി.അവര് തിരുവനന്തപുരത്ത് ഉള്ളപ്പോൾ പിന്നെ ആർ.സി.സി.യിൽ പോകുന്നതല്ലെ സൗകര്യം. 'അപ്പച്ചൻ ഇങ്ങോട്ടു പോന്നോളൂ' എന്ന് ജോയിയും നിർബന്ധിച്ചു.

അങ്ങനെയാണ് വെല്ലൂർക്ക് പോകാൻ ഡോക്ടർ അഭിപ്രായപ്പെട്ടെങ്കിലും മറിച്ച് തീരുമാനിച്ചത്. തിരികെ കാറിൽ വിടാമെന്നും, അല്ലെങ്കിൽ ട്രെയിൻ യാത്രയാകാമെന്നും അവൻ പറഞ്ഞതാണ്. എനിക്ക് ബസ് യാത്ര തന്നെയാണ് താൽപര്യം. അച്ചാമ്മക്ക് യാത്ര പോകുന്നത് ഇഷ്ടമായിരുന്നു. ഒക്കെ ബസിലായിരുന്നു. അങ്ങനെ അതൊരു ശീലമായി.

അതു കൊണ്ട് ട്രെയിനും, കാറും, രണ്ടിലും എനിക്ക് താൽപ്പര്യമില്ല. ആലുവായിൽ ട്രെയിനിറങ്ങിയാൽ വീണ്ടും ഒരു മണിക്കൂറെങ്കിലും വേണം കോതമംഗലം എത്താൻ. അല്ലെങ്കിൽ പിന്നെ കോട്ടയം ഇറങ്ങി നാഗമ്പടത്തേക്കോ, കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാന്റിലേയ്ക്കോ പോയി വീണ്ടും ബസ് കയറണം.

ഈ ടാക്സിക്കാരാണെങ്കിൽ ഇല്ലാത്ത റേററ് വാങ്ങിച്ചെടുക്കും.പിന്നെ അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഭക്ഷണം കഴിക്കാൻ ഇറങ്ങണം. ഡ്രൈവർ പറയുന്ന തള്ള് മുഴുവൻ കേട്ടിരിക്കണം. ഇതാണെങ്കിൽ ഒരൊറ്റ ബസിൽ ഒരിരിപ്പ് .

ജോയിയും, മോനും ബസു കയറ്റി വിടാൻ സ്റ്റേഷനിലെത്തിയിരുന്നു. കുടിവെള്ളമുൾപ്പെടെ ചെറിയൊരു ബാഗു മാത്രമാണ് കൈയിലുണ്ടായിരുന്നത്. അതിലും ഭാരമുള്ളൊരു ബാഗ് ഓപ്പറേഷനു ശേഷം എപ്പോഴും മൂത്രം ഭാഗികമായി നിറഞ്ഞ് ക്ലിപ്പിട്ട് തൂങ്ങിക്കിടന്നിരുന്നു.

പ്രോസ്റേറ്റ് ഗ്രന്ഥിയിൽ നിന്നും പടർന്നില്ലെന്ന ഡോക്ടറുടെ വാക്കുകൾ ആശ്വാസം തരുന്നതായിരുന്നു. എന്നിരുന്നാലും മനസിൽ സ്വരുക്കൂട്ടിയ ശക്തി പലപ്പോഴും ചോർന്നു പോകുന്നു.

നിയമസഭാ മന്ദിരവും മസ്ക്കറ്റ് ഹോട്ടലും ഇരുളിലും കാണാനായി. തുടർന്ന് രണ്ടു വളവും ഇറക്കവുമായതോടെ മയക്കമായി. കൊട്ടാരക്കര ചായ കുടിക്കാനും ടോയ്‌ലറ്റിൽ പോകാനുമായി ബസ്നിറുത്തിയത് 5 മിനിറ്റ് കഴിഞ്ഞപ്പോഴാണ് അറിഞ്ഞത്. കശുവണ്ടി വില്പനക്കാരൻ പോയതോടെ വീണ്ടും ഉറക്കത്തിലേയ്ക്ക് ആഴ്ന്നു വീണു.

കണ്ണുതുറന്നത് ഒത്തിരി കഴിഞ്ഞാണ്. ഏതോ സ്റേറഷനിൽ 2-3 ആളിറങ്ങാനുണ്ടായിരുന്നു. വണ്ടി വിട്ടപ്പോൾ സ്ഥലം പിടി കിട്ടി. തിരുവല്ലയിലെ പുതിയ സ്റ്റാൻഡാണ്.പെട്ടെന്ന് ഓടിയെത്തിയ മഴയിൽ ഷട്ടറുകൾ മിക്കതും അടഞ്ഞു.ബസ് സ്റ്റാൻഡിനെ വലം വച്ച് ഇറക്കത്തെ പിൻതള്ളി വലത്തോട്ട് തിരിഞ്ഞു.

അതോടെ എനിക്കാകെ സംശയമായി. മുൻ ചില്ലുകളിലേക്ക് നോട്ടമയച്ചപ്പോൾ സംശയം ബലപ്പെട്ടു. ബസ്



തിരുവനന്തപുരത്തേക്ക് തിരിച്ചു പോവുകയാണോ? അതെ, തിരുവല്ലയിൽ നിന്നും ചങ്ങനാശേരിക്കു പോകേണ്ട ബസ് ചെങ്ങന്നൂർ ഭാഗത്തേക്കാണ് ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്.

കണ്ടക്ടർ സീറ്റ് പിന്നിലാണ്. അയാളും ഉറക്കത്തിലാണ്. ഡ്രൈവറുടെ സീറ്റിന് സമാന്തരമായൊരു സിംഗിൾ സീററുണ്ട്. ശരിക്കും രാത്രി അയാളവിടെ പോയിരിക്കേണ്ടതാണെന്ന പറഞ്ഞു കേട്ടിട്ടുള്ളത്. ഡ്രൈവറെ ഉറക്കാതെയും, ഡ്രൈവർക്ക് തെറ്റുപറ്റാതെയും ഉത്തരവാദിത്വത്തോടെ പെരുമാറുവാൻ കണ്ടക്ടർ തയ്യാറാവേണ്ടതാണ്. ആർക്കും സമൂഹത്തിനു വേണ്ടി നിലകൊള്ളുവാൻ വലിയ താൽപ്പര്യമില്ല.

ഞാനിരുന്ന രണ്ടു പേരുടെ സീറ്റിൽ ആരുമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ വിളിച്ചുണർത്തിയാണെങ്കിലും വിവരം പറയാമായിരുന്നു. മഴ പാറി വന്നും ബസിന്റെ ബോഡിയിലൂടെ അരിച്ചിറങ്ങി വന്നും ശരീരത്തിന്റെ ഇടതുവശത്താകെയും, കാൽ വച്ചിടത്തും നനവിന്റെ സൂചന തന്നു.

ബാഗുമെടുത്ത് എഴുന്നേറ്റ് പിന്നാക്കം നടന്നു . ക്ലിപ്പിൽ തൂങ്ങിക്കിടന്നിരുന്ന മൂത്രമൊഴിക്കാനുള്ള ബാഗ് നടപ്പിന് കുറച്ച് കനം തോന്നിച്ചു. 'സർ, വണ്ടി തെറ്റായിട്ടാണ് പോകുന്നത്. കോട്ടയം ഭാഗത്തേക്കല്ല വണ്ടി

പോകുന്നത്. കണ്ടക്ടർ സാർ...'

ശബ്ദിക്കുന്നുവെന്ന് തോന്നിച്ചെങ്കിലും ഒച്ച പുറത്തേക്ക് വരുന്നില്ല. തൊട്ടുണർത്തി പറഞ്ഞാലോ, അതിനായി വീണ്ടും പിന്നോട്ട് നടന്നിലൊ എന്ന് ആലോചിച്ചെങ്കിലും വേണ്ടെന്ന് മനസ് തിരുത്തി. മഴയിൽ ബസിനുള്ളിൽ ഇപ്പോൾ എന്നെ കൂടാതെ ഉണർന്നിരിക്കുന്നത് ഡ്രൈവറും അരണ്ട്നനുത്തു കത്തുന്ന നാലഞ്ച് വെളിച്ചവും മാത്രമാണ്.

തിരിച്ച് നാലടി മുന്നോട്ട് നടന്നപ്പോഴേയ്ക്കും, ആയാസത്താൽ വലതു വശത്തെ മൂന്നാളുടെ സീറ്റിലേയ്ക്ക് ഇരിക്കാനായി നീങ്ങി. നടുവിലെ സീറ്റ് മാത്രമാണ് ഫ്രീ ആയിട്ടുള്ളത് എന്ന് മനസിലാക്കുന്നത് ഇരിക്കാൻ ആഞ്ഞപ്പോഴാണ്. ഇരുവശത്തു നിന്നും റോസാപ്പൂ മണം തണുപ്പിൽ കുമുകുമാന്ന് അരിച്ചു വന്നു.

'എങ്ങോട്ട?' 'ദേവികുളം.' 'രണ്ടാളും?' 'അ'. അങ്ങനെ പറഞ്ഞുവെന്ന് തോന്നുന്നു. ഏതായാലും. കുറച്ചു നേരത്തേക്ക് നിശബ്ദതയായിരുന്നു. മഴയുടെ കനപ്പ് കുറഞ്ഞപ്പോൾ ഇടതു വശത്തിരുന്നവൾ പതിയെ ചോദിച്ചു. 'അങ്കിൾ എങ്ങോട്ട?' 'കോതമംഗലം, എവിടെ എത്തീന്നറിയോ?' മൊബൈലിൽ നോക്കിക്കൊണ്ടവൾ പറഞ്ഞു. 'കോട്ടയം അടുക്കണു.' സമാധാനമായി. ബസ് പോകുന്നത് വടക്കോട്ടു തന്നെ.

'എന്താ പേര്?' 'ഞാൻ ഇന്ദുജ.ഇവള് രശ്മി.' 'ജോലിയാണോ?' 'അതെ'. എവിടെയെന്ന് ചോദിച്ചില്ല, അവർ പറഞ്ഞുമില്ല. മറവി കാരണം ഞാനൊരു ഇമ്പോസിഷൻ സ്വയം ഇട്ടു. ആദ്യം നൂറെന്നു വിചാരിച്ചു തുടങ്ങിയത. പിന്നെയത് അൻപതാക്കി കുറച്ചു. വലത് ഇന്ദുജ. ഇടത് രശ്മി. ചുണ്ടുകൾ വിറച്ചു വിറച്ച് പതിയെ പറഞ്ഞു കൊണ്ടിരുന്നു. കൈ വിരലുകൾ എണ്ണം പിടിക്കുന്നുണ്ടായിരുന്നു.

'തണുക്കണുണ്ടോ. അങ്കിളെന്ത വിറയ്ക്കുകയാണോ?' ധൈര്യം തോന്നാത്തതിനാൽ പേരുകൾ മനഃപാഠം പഠിക്കുകയാണെന്ന് പറയാൻ പോയില്ല. രശ്മി കൈപ്പത്തി കളിലെ ഒരോ വിരലുകളും പതിയെ തിരുമ്മിതന്നു. ഇന്ദുജ കമ്പിളിപ്പുതപ്പിന്റെ പകുതിയെടുത്ത് എന്നെ കൂടി പുതപ്പിക്കാൻ ശ്രമിച്ചു. പേരു പഠിക്കുന്നതിന്റെ എണ്ണം എപ്പഴേ പിണങ്ങി പോയിരുന്നു.

രശ്മി കുടിച്ചു കൊണ്ടിരുന്ന സെവനപ്പിന്റെ കുപ്പി ഇന്ദുജയ്ക്ക് കൈമാറി. 'ഈ തണുപ്പത്തും വെള്ളം കുടിക്വാണോ?' 'എടീ, തീർക്കല്ലെ. അങ്കിളിന് കൊറച്ച് കൊടക്ക്.' രശ്മി കുപ്പി പിടിച്ചു വാങ്ങാൻ ശ്രമിച്ചെങ്കിലും മറ്റവൾ പിടി വിട്ടില്ല. 'വേണ്ടാടി'. ചരിഞ്ഞപ്പോൾ രശ്മിയുടെ മാറിടം കക്ഷത്തിനും കൈപ്പലയ്ക്കും മദ്ധ്യേ അമർന്നു.

ബസ് മെയിൻ റോഡിൽ നിന്നും വലത്തോട്ട് തിരിഞ്ഞതായി ബോദ്ധ്യപ്പെട്ടു. വളവ് വീശിയെടുത്ത് കയറ്റം കയറി വലത്തോട്ട് തിരിച്ച് കടകട കോൺക്രീറ്റിലൂടെ അൽപ്പം പാഞ്ഞ് ഒറ്റനിർത്തലായിരുന്നു. 'കോട്ടയം, 10 മിനിറ്റ് താമസമുണ്ട്.' യാത്രക്കാർക്കു പിന്നാലെ ഇറങ്ങുമ്പോൾ കണ്ടക്ടറുടെ ഉച്ചസ്ഥായിയിലുള്ള പ്രഖ്യാപനം.

കുറെ ഷട്ടറുകൾ ഉയർത്തപ്പെട്ടു. ചായക്കടയിലെ ഉൾപ്പെടെ ആരവങ്ങളും, വെളിച്ചവും അകത്തേക്ക് കടന്നു വന്നു. പത്രക്കെട്ടുകൾ തരംതിരിക്കുന്നതിന്റെയും നിലത്ത് ഇടുന്നതിന്റെയും ശബ്ദങ്ങൾ. ഉറക്കമില്ലാത്ത ബസ്സ് സ്റ്റാന്റിൽ നിന്നും കുറെ തമിഴന്മാർ ഉൾപ്പെടെ കയറി. സീററില്ലാതെ നിൽക്കുന്നവരുടെ മുഖഭാവങ്ങളിൽ അവർ അനുഭവിക്കുവാൻ പോകുന്ന യാതനയുടെ ചിത്രം മുൻപേ വരച്ചിട്ടിട്ടുണ്ടായിരുന്നു.

'ഞങ്ങളൊന്ന് ടോയ്‌ലറ്റീ പോയേച്ച് വരാവെ.' രശ്മിയും, ഇന്ദുജയും ഇരുവശത്തു നിന്നുമായി ഹാൻഡ് ബാഗുകളുമെടുത്ത് എഴുന്നേറ്റു. റോസാപ്പൂവിന്റെ രണ്ടു തോട്ടങ്ങളിൽ നിന്നുയർന്നിരുന്ന മണം പൊടുന്നനെ നിലച്ചുപോയി. പകരം മുല്ലപ്പൂ വാസന വന്നു. ഒരു തമിഴത്തിയും കൊച്ചുമായിരുന്നു. 'അവർ ഇറങ്ങിയതല്ലാട്ടൊ, ഇപ്പ വരും', പുതിയ വാസനയെ സ്വീകരിക്കാനുള്ള മടി കൂടി എന്റെ സംഭാഷണത്തിൽ നിഴലിച്ചിട്ടാകണം ആ സ്ത്രീയും കുട്ടിയും എഴുന്നേറ്റു നിന്നു. പകരം തൊട്ടടുത്തു നിന്നിരുന്ന ആണൊരാൾ ഇരിക്കുകയും ഞാൻ നിശബ്ദത പാലിക്കുകയും ചെയ്തുതു.

മയക്കത്തിലേക്ക് പോകവെ ഡബിൾ ബെൽ ശബ്ദം കേട്ടു. ഉടൻ തന്നെ വണ്ടി സ്റ്റാർട്ട് ചെയ്ത് കെട്ടിടത്തെ വലം വച്ച് രണ്ടാമത്തെ പാർക്കിങ്ങ് ഏരിയയിൽ നിറുത്തിയതും ഞാനുറക്കെ വിളിച്ചു പറഞ്ഞു. 'രണ്ടാള് വരാനുണ്ട്' പറഞ്ഞു തീർന്നതും അവർ മുന്നിലെ ഡോറിലൂടെ കയറുന്നതും, 'ഇനിയാരും ഇറങ്ങിയിട്ടില്ലല്ലൊ' എന്ന് എല്ലാവരോടുമായി കണ്ടക്ടർ ചോദിച്ചതും ബസ് എടുത്തതും ഒരുമിച്ചായിരുന്നു.

വീണ്ടും റോസാപ്പൂ മണത്തു. ഞാൻ പതിയെപ്പതിയെ ഒരു കൊച്ചു കുട്ടി എങ്ങനെയൊ എന്ന വിധത്തിൽ മയക്കത്തിലേക്ക് വീണു. പുതുക്കി പണിതിട്ടും റോഡാകെ വളവുകളും തിരിവുകളും കൊണ്ട് നിറഞ്ഞതായിരുന്നു. അതു കൊണ്ടു തന്നെ ഇരുവശത്തേക്കും മൂവരും ആടി ഉലഞ്ഞു കൊണ്ടിരുന്നു. മൂവാറ്റുപുഴ, കച്ചേരിത്താഴം, കോതമംഗലം സ്റ്റാന്റ് – ബസ് വേഗമങ്ങ് എത്തിയെന്നു പറയാം.ചെറിയ ബാഗു മാത്രമായത് രക്ഷയായി. രശ്മി, ഇന്ദുജ ഇരുവരും നല്ല ഉറക്കത്തിലാണ്. യാത്ര പറയുവാൻ വിളിച്ചുണർത്തിയില്ല. മൂന്നര മണി നേരമായിരിക്കുന്നു. ബസിറങ്ങി നേരെ മുന്നിലുള്ള ഗാന്ധി പ്രതിമയുടെ വശത്തായി ജോൺ കാറു വരുന്നതും കാത്തു ഞാൻ നിന്നു.

**സിങ്കിങ്ങ് സ്റ്റേജ്**

ഐ.സി.യു.വിട്ട് കോതമംഗലത്തെ ആശുപത്രിയിലെ മുറിയിലേക്ക് മാറ്റിയത് ഇന്നാണ്. വിസർപ്പനാണെന്നും, അഡ്മിററായിട്ട് മൂന്നു ദിവസമായെന്നും ലിസി



യാണ് പറഞ്ഞു തന്നത്. ലിസി എന്നെ നോക്കാനായി ജോൺ പോയി ഏജൻസീന്ന് വരുത്തിയ പെൺകുട്ടി യാണട്ടൊ. അവശനാണെന്നിരിക്കെ ഇപ്പ ഞാൻ കുട്ടിയും, എന്നെ നോക്കാൻ വന്നവൾ ചിരിക്കുന്നവളും, എന്നെ നിയന്ത്രിക്കുന്നവളും, ഒപ്പം കണ്ണുരുട്ടുന്നവളുമായിരിക്കുന്നു. നിശബ്ദനായിരിക്കുവാൻ ജനാലയ്ക്കൽ കയറി നിന്ന് അച്ചാമ്മ എന്നെ ഉപദേശിക്കുന്നു. പറയാ മറന്നു ആശുപത്രിയിൽ വരുന്നതിനും അഞ്ചു ദിവസം മുന്നം മാത്രാട്ടൊ ലിസി വന്നത്.

ഒരാഴ്ച്ച മുൻപ് ഏതാനും കുരുക്കൾ നെറ്റിയിലും , കഴുത്തിലും ആയി പ്രത്യക്ഷപ്പെടുകയായിരുന്നു. ജോണിനോടും ഷൈനിയോടും അതേ പറ്റി പറഞ്ഞെങ്കിലും അവരതങ്ങ് കാര്യമായി എടുത്തില്ല. അതോടെ ഭക്ഷണം കഴിക്കുന്നത് ഇല്ലാതായെന്ന് പറയാം. ആകെ അസ്വസ്ഥത. സ്ഥാനത്തും, അസ്ഥാനത്തും ദേഷ്യപ്പെടുവാൻ തുടങ്ങിയിട്ടുണ്ടാകണം. എനിക്കായി ഒരിക്കലും ലീവെടുക്കാത്ത ഷൈനി രണ്ടു ദിവസം സ്കൂളിൽ പോകാതെ നിന്ന് ശുശ്രൂഷിച്ചു. ലീവെടുത്തത് ഷൈനിക്കത്ര ബോധിച്ചിരുന്നില്ല എന്നവളുടെ മുഖഭാവങ്ങളിൽ വ്യക്തമായിരുന്നു.

ലിസി വന്ന നാളുകളിൽ ഉച്ചയ്ക്ക് നുറുക്കലരി കൊണ്ടു നല്ല ചൂടുള്ള കഞ്ഞി ഉപ്പൊഴിച്ച് കിട്ടി. ചെറുപയറ് ഉലർത്തിയതും, ഉപ്പുമാങ്ങ ചമ്മന്തിയും ഒത്തിരി കാലം കൂടി കൂട്ടി. ഗ്യാസടുപ്പിൽ ചുട്ട പപ്പടത്തിൽ വെളിച്ചെണ്ണ പുരട്ടി തരാൻ പറഞ്ഞപ്പോൾ മടിച്ചിട്ടാണെങ്കിലും അവൾ അങ്ങനെ ചെയ്തു തന്നു. പിടിച്ചെഴുന്നേൽപ്പിച്ച്, മുട്ടിയിരുന്ന് അവൾ കഞ്ഞി കോരിത്തരുമ്പോൾ ചെറുപ്പത്തിലെ പനിക്കാലം മാത്രമല്ല അച്ചാമ്മയേയും ഓർമ്മ വന്നു.

പറഞ്ഞു പറഞ്ഞറിഞ്ഞ് ബന്ധുക്കൾ പിടി – വറുത്തരച്ച കോഴിക്കറി, അപ്പം – ബീഫ് കറി ഒക്കെ കൊണ്ടു വരുവാൻ തുടങ്ങി. എന്റെ കിടപ്പുമുറിയിലെ ടീപ്പോയിയിൽ പൊതി വച്ച് വന്നവർ പോകും. 'അപ്പച്ച, കഴിക്ക്' എന്നു പറഞ്ഞ് പൊതി അഴിച്ച് വയ്ക്കുമ്പോൾ ഞാൻ അതിലേക്കൊന്നു നോക്കും. അപ്പോ അച്ചാമ്മയുടെ ഗൗരവമുള്ള മുഖം എനിക്കോർമ വരും. 'കഴിക്കണ്ടാ' എന്നാണ് അവൾ ആഞ്ജാപിക്കുന്ന ന്നത് എന്ന് മനസിലാക്കുന്ന ഞാൻ 'വേണ്ടാ'ന്ന് ജോണിനോട് ആംഗ്യം കാണിക്കും. അഞ്ചു മിനിറ്റു കഴിയുമ്പോഴേക്കും ഡൈനിങ്ങ് ഹാളിൽ നിന്നും ചിക്കൻ കറിയുടെ ഉൾപ്പെടെ മണം അലഞ്ഞു തിരിഞ്ഞു വരും.

അച്ചപ്പവും, കുഴലപ്പവും, ഉണ്ടയും ഒക്കെ ഇടയ്ക്കിടെ വന്നു കൊണ്ടിരുന്നു. എല്ലാം ഷൈനി അടുക്കളയിലെ അലമാരിയിലുള്ള ടിന്നുകളിൽ അടച്ചു വച്ചിട്ടുണ്ടാകണം. കുഴലപ്പം ഒന്നു രുചിക്കണം എന്ന ആഗ്രഹം ഇടയ്ക്ക് തോന്നി. വല്യാപ്പന് പണ്ടിങ്ങനെ പലഹാരം കൊണ്ടുപോയി കൊടുത്തിരുന്ന കാലം ഓർത്തു പോയി. അന്ത്യനാളുകളെത്തിയെന്ന ഓർമപെടുത്തലിലായിരിക്കുമോ അടുത്ത ബന്ധുക്കൾ. ഇത്തരം ആചാരങ്ങളുടെ അർത്ഥം മനസിലാക്കുവാൻ പ്രായമേറെ എത്തിയിട്ടും ആകുന്നില്ല.

നാലാം നാളിലൊക്കെ നല്ല അവശതയായിരുന്നു. ഉപ്രശുമ നടത്താൻ പള്ളീലറിയിക്കണമെന്ന ആവശ്യം ബന്ധുക്കളിൽ നിന്നു വന്നു. ജോൺ എന്നോട് കാര്യം പറഞ്ഞു. ഞാൻ കിടപ്പിൽ തല ചെറുതായി കുലുക്കി സമ്മതമറിയിച്ചു. അവൻ മറഞ്ഞപ്പോൾ കണ്ണുകളിൽ വെള്ളം നനുത്തുവന്നു. ഇരുട്ടിയപ്പോൾ തിരുവനന്തപുരത്തു നിന്ന് സിസിലിയും, ജോയിയും, മകനും വന്നു. ആകെക്കൂടിയുള്ള പേരക്കിടാവാണ്. അവന്റെ പേരൊക്കെ മറന്നിരിക്കുന്നു. പ്ലസ് ടു കഴിഞ്ഞ് കാനഡക്ക് പഠിക്കുവാൻ പോകുന്നതിനുള്ള ശ്രമത്തിലാണ്.

കട്ടിലിനരികിൽ നിന്ന ചെറുമകനു നേരെ കൈകൾ നീട്ടാൻ ശ്രമിച്ചെങ്കിലും അതിനായില്ല. പിന്നെ സ്വയം പിൻതിരിഞ്ഞ് സ്നേഹപ്രകടനം ഒരു ചെറുപുഞ്ചിരിയിലൊതുക്കി.

ഇട ദിവസമായതിനാൽ പള്ളിയിൽ കുർബാന ഇല്ലായിരുന്നുവത്രെ. അതിനാൽ അച്ചനും, കപ്യാരും രാവിലെ ഒൻപത് കഴിഞ്ഞപ്പോൾ എത്തി. മുൻവശത്തെ മുറിയിൽ കാലങ്ങളായി ഉപയോഗിച്ചു വന്ന മരക്കസേരയിൽ എന്നെ കൊണ്ടുപോയി ഇരുത്തിച്ചു. കുന്തിരിക്കത്തിന്റെ പുക ശ്വാസം മുട്ടിച്ചു. ഭയം മൂലം പ്രാർത്ഥന ചൊല്ലുന്ന കറുത്ത കുപ്പായത്തിലേക്കും, കാപ്പയിലേക്കും നോക്കാതെ കപ്യാരുടെ വെള്ളകുപ്പായത്തിലേക്ക് കണ്ണുകളെ പറിച്ചു നട്ടു.

പ്രാർത്ഥന ദീർഘിച്ചു പോയപ്പോൾ ഞാനാകെ അസ്വസ്ഥനായി. എന്തൊക്കെയോ ഉറക്കെ പറഞ്ഞു. ബന്ധുക്കളാരോ വന്ന് മിണ്ടാതിരിക്കണമെന്ന് ചെവിയിൽ പറഞ്ഞു. ബലഹീനനായതിനാൽ നിയന്ത്രണം മറ്റുള്ളവർ ഏറ്റെടുത്തുവെന്ന് ബോദ്ധ്യമായതോടെ കണ്ണുകളടച്ച് മിണ്ടാതിരുന്നു. ശബ്ദം കേട്ട് പുറത്തേക്ക് നോക്കുമ്പോൾ ആമ്പുലൻസ് മുറ്റത്ത് തിരിക്കുന്നതു കണ്ടു. ഇരുന്നിരുന്ന കൈയ്യുള്ള പ്ലാസ്റ്റിക്ക് കസേര അപ്പാടെ ഉയർത്തപ്പെടുകയും, ആമ്പുലൻസിലെ സ്ട്രെച്ചറിലേക്ക് കിടത്തപ്പെടുകയും ചെയ്തു.

സിസിലി ചെറുതായി കരയുന്നുണ്ടായിരുന്നു. അവളും, ജോയിയും, മകനും വൈകാതെ തിരുവനന്തപുരത്തിന് മടങ്ങുമെന്ന് നേരത്തെ തന്നെ പറഞ്ഞിരുന്നു. ജോണും, ലിസിയുമാണ് ഒപ്പമുണ്ടായിരുന്നത്. ആമ്പുലൻസിന്റെ പാച്ചിലും, ഹോണടിയും ഒക്കെ രക്ഷ അരികെയുണ്ട് എന്ന സന്ദേശം എന്നിൽ ഉണർത്തുന്നതായി.

മൂന്നാം ദിവസം മുറിയിലേക്ക് മാറ്റിയിട്ടും ജോണും ലിസിയും തന്നെയാണ് ആശുപത്രിയിൽ നിൽക്കുന്നത്. നിൽക്കുന്നവരെ തന്നെ രോഗി പോകുന്നതുവരെ നിറുത്തുന്ന രീതി. ഇപ്പോ അങ്ങനെയാണത്രെ. ഷൈനി എന്നെ കാണാൻ ഉച്ചയ്ക്ക് വന്നിരുന്നുവെന്ന് ലിസി പറഞ്ഞാണറിഞ്ഞത്. ഞാൻ നല്ല ഉറക്കമായിരുന്നുവെന്നാണ് ലിസി പറഞ്ഞത്. എന്നാലും ഒന്ന് കാണാനായില്ല.

ഷൈനി വീട്ടില് ഒറ്റയ്ക്ക് കിടന്നോളും. സ്കറിയേടെ വീട് തൊട്ടടുത്തല്ലെ. അവന്റെ വീട്ടുകാർ ഇന്ന് വന്നപ്പോഴും ഞാൻ ഉറക്കമായിരുന്നുവെന്ന് ലിസി വൈകിട്ട് പറഞ്ഞറിഞ്ഞിരുന്നു. സിസിലിയും, ജോയിയും വിളിച്ചില്ലല്ലൊ എന്നോർക്കെ അവരുടെ വീഡിയോ കോൾ ജോണിന്റെ മൊബൈലിലേക്ക് വന്നു. മൂവരും എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു. അവസാനം ചെറുമകൻ എനിക്ക് ഫ്ലയിങ്ങ് കിസ് തന്നു. ട്രിപ്പിട്ടിരിക്കുന്നതിനാൽ ലേശം തണുക്കുന്നുണ്ട്. സമയം ചോദിച്ചപ്പോൾ രാത്രി പത്തര കഴിഞ്ഞെന്ന് ലിസി പറഞ്ഞു. അറിയാതെ ഞാൻ വീണ്ടും ഉറക്കത്തിലേക്ക് പോയി.

സമയം എത്രയായെന്നറിയില്ല. തലയൽപ്പം ഉയർത്തി വച്ച് കിടക്കണമെന്നുണ്ട്. ജോണിനെ കിടന്നിടത്ത് കാണാനില്ല. ഞാനൊന്ന് ഞരങ്ങി. തറയിലെ വിരിക്കുമുകളിൽ നിന്നാകണം ലിസി വന്നു. 'എന്താ അപ്പച്ച', ലിസി എഴുന്നേറ്റ് നിന്നപ്പോൾ ആംഗ്യം കാണിച്ചു. കട്ടിലിന്റെ തല ഭാഗം കുറച്ചുയർത്തിയ ശേഷം കക്ഷങ്ങളിൽ താങ്ങി അവളെന്റെ ശരീരം അൽപ്പം മുകളിലോട്ട് വലിച്ചു നീക്കി.

മുടിയിഴകളാകെ മുഖത്തു വന്നിടിച്ച് മൂക്കിലേക്ക് പുതിയൊരു മണമുതിർത്തു. പിടിവിട്ട് അബദ്ധത്തിൽ അവളെന്റെ മേലേക്ക് ചാഞ്ഞമർന്നു. നെഞ്ചുംകൂട് തകർന്ന് പോകുകയാണെന്നും ഇനി ശ്വസിക്കാനായി ഞാനുണ്ടാകില്ലെന്നും തോന്നി. ശരീരഭാരത്താൽ ഞാൻ അനങ്ങാതെയായി.

സൗരയൂഥത്തിനും അപ്പുറത്തേക്ക് ഉയർന്നു നിൽക്കുന്ന ഒരാൾ വട്ടമുള്ള ഒരു കുഴലിലൂടെ ഒരു അപ്പൂപ്പൻ താടിയുടെ വലിപ്പത്തിൽ ഞാൻ മുകളിലേക്ക്, അനന്തതയിലേക്ക് പതുക്കെ സഞ്ചരിച്ചു തുടങ്ങി. ഇവിടെ വിശപ്പില്ല, വേദനയില്ല, വിഷമങ്ങളില്ല, യാത്രാ ക്ഷീണമില്ല, നിറങ്ങളില്ല, എങ്ങും നിശബ്ദത നിറഞ്ഞ സന്തോഷം മാത്രം.

**ജീവിതരേഖ**

എറണാകുളം ജില്ലയിലെ കോതമംഗലം സ്വദേശി. കേരള നിയമസഭാ സെക്രട്ടറിയേറ്റിലും, പൊതുവിദ്യാഭ്യാസ വകുപ്പിലും സേവനം അനുഷ്ഠിച്ച് സീനിയർ ഗസറ്റഡ് ഓഫീസറായി വിരമിച്ചു. കേരള ടൈംസ്, വീക്ഷണം ദിനപത്രങ്ങളിൽ സബ് എഡിറ്ററായും, പത്തനാപുരം ഗാന്ധിഭവനിൽ പബ്ളിക്കേഷൻസ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷമായി തൃക്കാക്കര ഭാരതമാത കോളേജിൽ അഡ്മിനിസ്ട്രേറ്ററാണ്.

ഇഗ്നേഷ്യസ് പരസ്യം തേടുന്നു (കഥ), നാല് 56ന്റെ ചാല് (കവിത), റോസാപ്പൂക്കണ്ടം (മിനിക്കഥ), അവശേഷിപ്പിന്റെ അടയാളം (ഫീച്ചർ), നിറങ്ങൾ വേണ്ടെന്നു പറഞ്ഞവർ (ജീവിതം) തുടങ്ങി ഏഴു പുസ്തകങ്ങളുടെ രചയിതാവാണ്. പ്രണയത്തിൻ ജാലകം എന്ന മ്യൂസിക്കൽ ആൽബത്തിന്റെ ഗാനരചനയും നിർവഹിച്ചു.

ബസേലിയൻ കഥാ അവാർഡ് , ഗാനരചനക്ക് ഫിലിം ഓഡിയൻസ് കൗൺസിൽ ടി.വി.അവാർഡ്, ഭൂമി ക്കാരൻ കഥാ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

babuerumalawriter@gmail.com

ഇ-മലയാളി
കഥാമത്സരം 2022
മൂന്നാം സ്ഥാനത്തെ ശ്രദ്ധേയ രചനകൾ



ധന്യ തെക്കേപ്പാട്ട്

# ഇലയടവീട്



മനോഹരമായ പെയിന്റിംങുകൾ കൊണ്ട് ഭംഗിയാക്കിയ, വളരെയധികം അടുക്കും ചിട്ടയുമുള്ള ഒരു മുറിയായിരുന്നു വരുണിന്റേത്. എല്ലാം വരുൺ വരച്ചതാണ്. കോളജ് തലത്തിലുള്ള ചിത്രപ്രദർശനങ്ങളൊന്നും വരുൺ കളയാറില്ല. അതിൽനിന്നും കിട്ടുന്ന ചില്ലറ വരുമാനമെല്ലാം ചെറിയൊരു നിക്ഷേപവുമാക്കിയിട്ടുണ്ട്. ആർക്കിടെക്ട് കിഷോറിന്റെയും ഫാഷൻ ഡിസൈനർ തനുജയുടെയും മകൻ വരുൺ കിഷോർ വ്യക്തമായ ഉദ്ദേശലക്ഷ്യത്തോടെ ത്തന്നെയാണ് ബിരുദത്തിന് പൊളിറ്റിക്കൽ സയൻസ് ഐച്ഛിക വിഷയമായെടുത്തത്. രാഷ്ട്രീയത്തിൽ തന്റേതായൊരു വ്യക്തിമുദ്ര പതിപ്പിക്കണമെന്ന വാശിയാണ് വരുണിനെ കോളജ് ചെയർമാൻ ആക്കിയതും , നല്ലൊരു പ്രാസംഗികനാക്കിത്തീർത്തതും !

'ആകാശത്തിനുമപ്പുറം നാം സ്വപ്നം കാണണം. ആ സ്വപ്നലോകത്താണ് നാം ആഗ്രഹങ്ങളെ തളച്ചിടേണ്ടത്. ആ ആഗ്രഹങ്ങളെ കയ്യെത്തിപ്പിടിക്കുമെന്ന് നാം പ്രതിജ്ഞ ചെയ്യണം, അതിനായി നിരന്തരം പരിശ്രമിക്കണം പ്രാവർത്തികമാക്കണം. എങ്കിലേ നാമൊരു വ്യക്തിത്വമുള്ള മനുഷ്യനാകൂ. ആഗ്രഹമാണ് എല്ലാ ദുഖത്തിനും ഹേതു എന്നു പറഞ്ഞ ബുദ്ധനോട് പോയി പണിനോക്കാൻ പറയണം.എന്നിട്ട് ലാലേട്ടൻ പറഞ്ഞപോലെ ആകാശത്തോളം ആഗ്രഹിക്കണം.. ഈ വരുൺ കിഷോർ പറയുന്നപോലെ ആകാശത്തിനുമപ്പുറം ആഗ്രഹിക്കണം..എന്നിട്ടതെല്ലാം നേടിയിട്ട് നെഞ്ചുവിരിച്ച് ജീവിക്കണം. ജീവിച്ചു കാണിക്കണം'

രസകരമായ കലാലയ അനുഭവങ്ങൾ...

അതിനിടെ പൊടുന്നനെയാണ് വരുൺ എല്ലാവരിൽ നിന്നും ഒഴിഞ്ഞുമാറാൻ തുടങ്ങിയത്. കോളജ് ക്യാമ്പസിലെ മൺതരിയെപോലും വരുണിന്റെ പ്രസംഗവും കവിതാലാപനവും നഷ്ടബോധത്തിലാക്കി. പലരും പലതരത്തിൽ ചോദിച്ചിട്ടും, കാമുകിയായ വന്ദന മാധവൻ വളരെ സ്നേഹത്തോടെ ചോദിച്ചിട്ടും ഒന്നുകിൽ

ഒരു പൊട്ടിത്തെറി അല്ലെങ്കിൽ കനത്ത മൗനം.. ഇതല്ലാതെ വരുണിന് അവരോടു പറയാൻ ഉത്തരമുണ്ടായില്ല. ഇല്ലാഞ്ഞിട്ടല്ല , ഉത്തരം ചങ്കിൽ കിടന്നിങ്ങനെ പിടയുന്നുണ്ട്. പക്ഷേ....!

'തോൽക്കുകില്ല തോൽക്കുവാനോ മനസില്ല തോറ്റുവെങ്കിൽ തോറ്റുകാലം..!'

എന്ന് ഇടയ്ക്കിടെ പാടിനടന്നിരുന്ന പയ്യനാണ് പെട്ടെന്നൊരുനാൾ വിഷാദരോഗിയെപോലെ ആയിത്തീർന്നത് ! കൃത്യമായി പറഞ്ഞാൽ തനുജ ഒരു നട്ടുച്ചയ്ക്ക് ആ വീട്ടിൽ നിന്നും ഇറങ്ങിപ്പോയ അന്നുമുതൽ! അന്നുമുതലാണ് വരുണിന്റെ ഹൃദയവും മുറിയും അടിച്ചുവാരാത്ത മുറ്റംപോലെയായത്, വരുണിന് വളരെയധികം ഇഷ്ടമുള്ള, ഏലക്കയിട്ട ഇലയടയുടെ മണമില്ലാത്ത വീടായത്, ദുർമരണം നടന്ന വീടുപോലെ ഭീകരത തളം കെട്ടാൻ തുടങ്ങിയത്! അല്ലെങ്കിലും അമ്മയില്ലാത്ത മക്കളും അവരുടെ ഹൃദയവും ഇങ്ങനെത്തന്നെയാണ്; ആകെ അലങ്കോലപ്പെട്ടുകിടക്കും!

വന്ദനയോടെങ്കിലും കാര്യങ്ങൾ തുറന്നു പറഞ്ഞില്ലെങ്കിൽ ജീവിതത്തേക്കാളുപരി മനസ് കൈവിട്ടു പോകുമെന്ന് വരുണിന് തോന്നിത്തുടങ്ങി; വന്ദനയ്ക്ക് തിരിച്ചും! മഹാത്മജിയുടെ ചിത്രം എറിഞ്ഞുവീഴ്ത്തിയതിൽ പ്രതിഷേധിച്ച് എതിർപാർട്ടിക്കാർ ആഹ്വാനം ചെയ്ത സമരദിനത്തിൽ ലൈബ്രറിയിൽ വെച്ച് വരുൺ, കനത്ത ഉപ്പു ചുവയുള്ള ആ രാത്രി വന്ദനയ്ക്ക് നൽകി!

'ചില മാജിക്ക് പെൻസിലുകളുണ്ട്.അതുപയോഗിച്ചെഴുതിയതെല്ലാം മായ്ക്കുംതോറും കൂടുതൽ കൂടുതൽ തെളിഞ്ഞുവരും! അതുപോലെയാണിപ്പോൾ അന്നത്തെ രാത്രി. മറക്കാൻ ശ്രമിക്കുംതോറും മനസ്സിലേയ്ക്ക് ങ്ങനെ ഉന്തിത്തള്ളിവരും.'

വരുണിനും വന്ദനയ്ക്കും ചുറ്റിൽ അന്നത്തെ രാത്രി ഭീകരനൃത്തം ചെയ്യാൻ തുടങ്ങി..

'കിഷോർ.. നിങ്ങളീ പറഞ്ഞ വാക്കിന് എന്റെ പ്രാണന്റെ വിലയുണ്ട്. അറിയാമോ..? നിങ്ങളെന്റെ കഴുത്തിലണിയിച്ച താലിയുടെ മഹത്വമോ മൂല്യമോ ഒന്നും ഞാൻ പറയണില്ല.പക്ഷേ, ഞാൻ നിങ്ങളെ സ്നേഹിച്ച സ്നേഹത്തിന് ഒരു വിലയുമില്ലേ..? നിങ്ങടെ കൂടെ മരണംവരേയും ജീവിക്കണമെന്ന മോഹത്തിന്.. ആ പ്രതീക്ഷയ്ക്ക് ഒരു വിലയുമില്ലേ..?എന്നെ വേണ്ടെന്നു വെയ്ക്കാനും ശീതൾമാത്യുവിനെ കൂടെ കൂട്ടാനും വ്യക്തമായൊരു കാരണം വേണ്ടേ..? അതെന്താ പറയാനുള്ളത്..?'

തനുജയുടെ പറച്ചിലുകളത്രയും സങ്കടവും സൗമ്യതയും നിറഞ്ഞതായിരുന്നു. പക്ഷേ , കിഷോറിന്റെ മറുപടിയിലും ശബ്ദത്തിലും ദേഷ്യവും അസ്വസ്ഥതയും നിറഞ്ഞിരുന്നു.

'തനൂ.. നീയൊരുപാട് സെന്റിമെന്റൽ ആവണ്ട. ഒരാൾക്കൊരാളോട് ഇഷ്ടം തോന്നാൻ പ്രത്യേകിച്ചെന്തെങ്കിലും കാരണം വേണംന്ന് എനിയ്ക്ക് തോന്നീട്ടില്ല. ഉപാധികളൊന്നുമില്ലാത്ത ഒരു സൗഹൃദം പ്രണയത്തോളം വളർന്നതും ഒന്നിച്ചു ജീവിക്കണമെന്ന് അത്രത്തോളം ആഗ്രഹിച്ചതും എങ്ങനെ ന്നൊന്നും എനിക്കറിയില്ല. അഥവാ ഞാനതൊന്നും ഓർക്കാൻ മെനക്കെടാറില്ല.!'

തനുജ ചെറുതായൊന്നു ചിരിച്ചു.

'ഉപാധികളില്ലാത്ത സ്നേഹം! എന്താണത്.. എന്താണ് അതിന്റർത്ഥം..? ഇതിനേക്കാൾ വല്യ മണ്ടത്തരം വേറെയുണ്ടോ..? ഏത് സ്നേഹത്തിനാണ് കിഷോർ സ്വാർത്ഥത എന്ന ഉപാധിയില്ലാത്തത്.? അല്ലെങ്കിത്തന്നെ ഒരു കോൺടാക്ട് നമ്പർപോലും തരാൻ മടിക്കുന്ന ഒരുവളുടെ പിന്നാലെയല്ലേ കുടുംബം വലിച്ചെറിഞ്ഞ് പോകാൻ നിക്കണത്! നിങ്ങക്ക് ഭ്രാന്തുണ്ടോ..? ഒരൊറ്റയാഴ്ച , അല്ലെങ്കിൽ ഒരുമാസം ഒരുവിധ ചാറ്റിങ്ങോ വീഡിയോ കോളോ ഇല്ലാതിരുന്നാൽ തീരുന്ന ബന്ധമാണിതെന്ന് എനിക്കുറപ്പുണ്ട്.ഞാൻ നിങ്ങളെ വെല്ലുവിളിക്ക്യാന്ന് കൂട്ടിക്കോ''

'തനൂ.. നീ കാടുകേറി പ്രസംഗിച്ചിട്ട് കാര്യൊന്നൂല്ല. എന്റെ ജീവിതം എങ്ങനെ ജീവിച്ചുതീർക്കണമെന്ന് എനിക്കറിയാം. അതിലാരും തലയിടണ്ട. മാത്രല്ല,വക്കീലിനോട് ഒരു വാക്കുകൊണ്ടു പോലും ഞാൻ നിന്നെ കുറ്റപ്പെടുത്തി സംസാരിച്ചിട്ടില്ല. നിന്റെ ഒരിഷ്ടങ്ങളും ഇതുവരെ നടത്തിതരാതിരുന്നിട്ടുമില്ല. നീ നിന്റെ വീട്ടിലേയ്ക്ക് പോകുന്ന അന്ന് നീ പറയുന്ന ക്യാഷ് നിന്റെ അക്കൗണ്ടിൽ എത്തിയിരിക്കും.. ഉറപ്പ്!'

തനുജയുടെ വാക്കുകളെ വിറയൽ ബാധിച്ചു. കണ്ണീരൊഴുക്കി പല്ലിറുമ്മിക്കൊണ്ട് അവൾ പറഞ്ഞു:

'നിങ്ങളെനിക്ക് വിലയിടണ്ട.എനിക്കെന്റെ വീട്ടിൽ ജീവിക്കാൻ നിങ്ങടെ ചെലവ് ആവശ്യല്ല.ഡിവോഴ്സിനും ഉണ്ടെടോ ഒരു മര്യാദയൊക്കെ..അത് ഇതുപോലത്തെ ഊളത്തരം പറഞ്ഞുകൊണ്ടാവരുത്.പിന്നെ, നമുക്കൊരു മോനുണ്ടല്ലോ..അവനെ ഒഴിവാക്കാൻ നിങ്ങളവന് എത്ര വിലയിടും..പറയ്.. പറയാൻ'

തനുജയുടെ ശബ്ദമുയർന്നു. അതൊരു നിലവിളിയായി ബെഡിൽ വീണു. ഹാളിലെ ദിവാൻകോട്ടിലിരുന്ന്, 'സ്വതന്ത്ര ജീവിതത്തിൽ മറ്റുവ്യക്തികൾക്കുള്ള സ്വാധീനം' എന്ന വിഷയത്തിൽ പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരുന്ന വരുൺ അച്ഛന്റേയും അമ്മയുടേയും വഴക്കുകേട്ട് ഞെട്ടിപ്പോയി. വലിയൊരു കരച്ചിൽ തൊണ്ടയിലിരുന്ന് ശ്വാസംമുട്ടിക്കാൻ തുടങ്ങിയപ്പോൾ ലാപ്ടോപ്പും പേപ്പറുകളും വാരിയെടുത്ത് വരുൺ മുറിയിലേയ്ക്കോടി, ഏങ്ങിയേങ്ങി കരഞ്ഞു. കണ്ണീരെല്ലാം പലവിധ ഛായക്കൂട്ടുകളായി മുറിയിൽ നിറയുന്നതായും, ചുവർചിത്രങ്ങളെല്ലാം ഇറങ്ങിവന്ന് അവനുചുറ്റും കോക്രികാട്ടുന്നതായും തോന്നി. ഒരലർച്ചയോടെ വരുൺ പുതപ്പിനുള്ളിലേയ്ക്ക് ചുരുണ്ടുകിടന്നു! പിറ്റേന്ന് നട്ടുച്ചമുതൽ ആരുമാരും പ്രതീക്ഷിക്കാത്ത മറ്റൊരു



വരുൺകിഷോർ ഉയിർത്തെഴുന്നേറ്റു..!

മരിയ്ക്കാറായ ഒരുരോഗി ജീവിതത്തിലേയ്ക്ക് തിരിച്ചുവന്ന സമാധാനമാണ് വന്ദനയോടെല്ലാം പറഞ്ഞപ്പോൾ വരുണിന് തോന്നിയത്.

'ഞാനേതു രീതിയിൽ ജീവിക്കുന്നെന്നോ എന്റെ ഇപ്പോഴത്തെ മാനസികനിലയെന്തെന്നോ ഒന്നും അച്ഛൻ അന്വേഷിക്കാറില്ല. അമ്മ വീട് വിട്ടുപോണ അന്നുവരെയും എന്റെയിഷ്ടത്തിനനുസരിച്ച് ഭക്ഷണം ഒരുക്കിയിട്ടാണ് പോയത്. അമ്മയുടെ ഇലയടയ്ക്ക് ഒരു പ്രത്യേകഗന്ധമാണ്! അന്നും വീട് മുഴുവൻ എനിക്കിഷ്ടപ്പെട്ട ഇലയടയുടെ മണമുണ്ടായിരുന്നു. ഈ.. അച്ഛനും അമ്മേം വേർപിരിഞ്ഞ എല്ലാ മക്കളുടേയും അവസ്ഥ ഇങ്ങനൊക്കെത്തന്നെ ആയിരിക്കും... അനാഥ പിള്ളേരുടെപോലെ!അല്ലേടി..?'

വന്ദനയുടെ ഏതെങ്കിലും തരത്തിലുള്ള ചോദ്യങ്ങൾക്കോ ഭാവമാറ്റങ്ങൾക്കോ മുഖം കൊടുക്കാതെ തീരെ വിളറിവെളുത്ത ഒരു ചിരിയും ചിരിച്ച് വരുൺ ലൈബ്രറിയിൽനിന്നുമിറങ്ങി ജങ്ഷനിൽത്തന്നെയുള്ള ബിയർപാർലറിലേയ്ക്ക് പോയി; വന്ദന, തനുജയുടെ ഓഫിസിലേയ്ക്കും!

തനുജ കിഷോറിന്റെ ഓഫിസിലെത്തിയപ്പോൾ, പുതിയ ഷോപ്പിങ് കോംപ്ലക്സിന്റെ വർക്കിനെ കുറിച്ച് സ്റ്റാഫുകളുമായി മീറ്റിംഗിലായിരുന്നു കിഷോർ. അരമണിക്കൂർ കാത്തിരുന്നിട്ടാണ് തനുജയ്ക്ക് കിഷോറിനെ കാണാൻ സാധിച്ചത്. തീർത്തും അപ്രതീക്ഷിതമായ കണ്ടുമുട്ടലിന്റെ ആശങ്കയിൽത്തന്നെ കിഷോർ ചുണ്ടിലൊരു ചിരി വരുത്തുകയും ഇരിക്കാനാവശ്യപ്പെടുകയും ചെയ്തു. പരിചിതമായ എല്ലാ ചോദ്യങ്ങളും ഒഴിവാക്കാനായി തനുജതന്നെ പറയാനാരംഭിച്ചു.

'സോറി.. ഡിവോഴ്സിനു മുൻപ് കാണണംന്ന് വിചാരിച്ചതല്ല. ഒട്ടും ആഗ്രഹിച്ചിരുന്നുമില്ല. ഇതിപ്പോ നിങ്ങളായിട്ട് വരുത്തിയതാണ്.'

തനുജ പറയുന്നത് വ്യക്തമാകാത്തതുകൊണ്ട് കിഷോറിന്റെ നെറ്റിചുളിഞ്ഞു.

' വരുണിനെക്കുറിച്ചാണ്. കൂടെ താമസിക്കുന്ന മകൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് നിങ്ങളറിയാത്തതാണോ അതോ അങ്ങനെ നടിക്കുവാണോ..?'

കിഷോർ തെല്ലൊന്നമ്പരന്നു.

'എന്ത്..? നഷ്ടപ്പെടേ..? നീയൊന്ന് തെളിച്ചുപറ'

കിഷോറിനെ അസ്വസ്ഥത മൂടാൻതുടങ്ങി. വാക്കുകൾക്ക് പതിവിലുംകൂടുതൽ മൂർച്ചയുണ്ടാക്കിക്കൊണ്ട് തനുജ തുടർന്നു:

'പറയാം..!കഴിഞ്ഞ കുറച്ചു നാളുകളായി വരുണിനെ നിങ്ങൾ ശ്രദ്ധിക്കാറുണ്ടോ.? അവനിപ്പോ ഏതുതരം മാനസികാവസ്ഥയിലാണുള്ളതെന്ന് നിങ്ങളെപ്പോഴെങ്കിലും തിരക്കിയിട്ടുണ്ടോ..? ശീതൾമാത്യുവിനെ അംഗീകരിക്കാൻ അവന്റെ മനസ് പാകപ്പെടുത്തിയിട്ടുണ്ടോ എന്ന് ചോദിച്ചിട്ടുണ്ടോ..? അതുപോട്ടെ, അവന്റെ പഠിപ്പിനെ കുറിച്ച് , ടാലന്റിനെ കുറിച്ച്, കുത്തഴിഞ്ഞുകൊണ്ടിരിക്കുന്ന അവന്റെ ജീവിതത്തെക്കുറിച്ച് എപ്പോഴെങ്കിലും... എപ്പോഴെങ്കിലും നിങ്ങൾ ബോതേഡ് ആയിട്ടുണ്ടോ..? ലാസ്റ്റ് സെമസ്റ്ററിന്റെ പ്രോജക്ട് പേപ്പറുകൾ വലിച്ചുകീറിയെന്നും അലറിക്കരഞ്ഞുവെന്നും നിങ്ങളറിഞ്ഞോ..? ഞാനാ വീട്ടിന്ന് പോന്നശേഷം വരുണിന്റെ മുറിയിൽ ഒറ്റത്തവണയെങ്കിലും കേറിയിട്ടുണ്ടോ..? ആ മുറിയ്ക്ക് ഇപ്പോളെന്തുതരം മണമാണെന്ന് നോക്കിയിട്ടുണ്ടോ..? എല്ലാറ്റിനുമുപരി, അവനെന്തുകൊണ്ട് എന്റെ കൂടെ താമസിക്കുന്നില്ലന്നെങ്കിലും ചിന്തിക്കാൻ മെനക്കെട്ടിട്ടുണ്ടോ..?'

തനുജ ചുണ്ടുകോട്ടി ചിരിച്ചു.

' ഉണ്ടാവില്ല! ഉണ്ടെങ്കിൽ, ശീതൾമാത്യുവിന്റെ പിന്നാലെ മണംപിടിച്ചുനടക്കുന്ന വെറും ഫ്ലർട്ട് ആവില്ലായിരുന്നു നിങ്ങൾ!'

'ഇതെല്ലാം നീ അന്വേഷിച്ചിട്ടുണ്ടോ..?'

കിഷോർ ഉള്ളിലുള്ള പതർച്ച പുറത്തു കാണിക്കാതെ തർക്കത്തിന് തയ്യാറെടുത്തുകൊണ്ടുതന്നെ ചോദിച്ചു.

'ഉണ്ട്.. അവനൊരു മദ്യപാനിയായി തീർന്നെന്നും പ്രൊജക്ട് പേപ്പറുകൾ വലിച്ചുകീറി ഭ്രാന്തനെപോലെ കരഞ്ഞെന്നും, അച്ഛനോടുള്ള പക തീർക്കാൻ സ്വയം ഇല്ലാതാവുകയാണെന്നും അറിഞ്ഞ ഉടനെയാണ് ഞാനിങ്ങോട്ട് വന്നത്.'

കിഷോറിന്റെ കയ്യിലിരുന്ന പേന,വിറയലിൽ താഴെ വീണു. തനുജയുടെ മുഖത്തേയ്ക്ക് കിഷോർ നോക്കിയതേയില്ല. ചോദിച്ച ചോദ്യങ്ങൾക്കത്രയും കൃത്യമായ മറുപടി കൈവശമില്ലാത്തവന്, ചോദ്യകർത്താവിന്റെ

യെന്നല്ല ആരുടെമുഖത്തും നോക്കാനുള്ള കരുത്തു ണ്ടാവില്ല!

' കിഷോർ,നിങ്ങടെ ഭാവിജീവിതത്തെക്കുറിച്ച് എനിക്കൊരു വേവലാതിയുമില്ല.പക്ഷേ..എന്റെ കുഞ്ഞിനെ ന്തെങ്കിലും പറ്റിയാൽ,.. പിന്നെ ഞാനിങ്ങനെയാവില്ല പ്രതികരിക്ക്യ.. ഞാൻ മാത്രമാവില്ല പ്രതികരിക്ക്യ!'

തനുജ പോകാനെണീറ്റു.

'രണ്ട് വ്യക്തികൾക്ക് പങ്കാളികളെ ഇഷ്ടംപോലെ കിട്ടും.പക്ഷേ, മക്കൾക്ക് ഒരൊറ്റ അച്ഛനേയും അമ്മയേയും മാത്രേ കിട്ടൂ.. ഓർത്തോ!'

കിഷോർ സംസാരശേഷി നഷ്ടപ്പെട്ടവനെപോലെ തനുജയെ നോക്കി.

'നിങ്ങളന്നുപറഞ്ഞ ആ സ്നേഹമുണ്ടല്ലോ.. ഉപാധികളില്ലാത്ത..അത് സ്വന്തം ജീവിതത്തെ യാതൊരു തരത്തിലും ബാധിക്കില്ലെന്ന് ഉറപ്പുള്ളവർക്ക് പറഞ്ഞ പണിയാ, കുറച്ച് റിസ്കാ.'

അസ്വസ്ഥതയുടെ മാലപ്പടക്കത്തിന് തിരികൊളുത്തിയിട്ട് തനുജ പോയി! ശീതളിനെ ഓർത്തപ്പോൾ ഇതുവരെയില്ലത്ത രൗദ്രഭാവത്തിൽ അവൾ പൊട്ടിച്ചിരിക്കുകയും, കിഷോറിനും വരുണിനുംനേരെ ദംഷ്ട്രയും നഖവും നീട്ടിക്കൊണ്ട് ഓടിയടുക്കുന്നതായും കിഷോറിന് തോന്നി! മേശപ്പുറത്തിരുന്ന ഒരു ബോട്ടിൽവെള്ളം രണ്ടിറക്കിന് തീർത്തിട്ട് അയാൾ വേഗം ഓഫീസ് പൂട്ടിയിറങ്ങി. വീടെത്തുമ്പോൾ വരുൺ വന്നിട്ടില്ല. പെട്ടെന്ന് വരുണിന്റെ മുറിതുറന്ന് എല്ലായിടവും നോക്കി. ആ വീട്ടിലെ ഏറ്റവും മനോഹരമായ മുറി അലങ്കോലപ്പെട്ട് , അടുക്കും ചിട്ടയുമില്ലാതെ കിടക്കുന്നതുകണ്ട് കിഷോറിന്റെ ഉള്ളുപൊള്ളി. മുറിയുടെ പലഭാഗത്തുനിന്നും ബിയർ ബോട്ടിലുകളും ബാക്കിവന്ന ചിപ്സ് പായ്ക്കറ്റുകളും കിട്ടി. ചില പെയിന്റിങ്ങുകളിൽ വെറുതേ ഛായക്കൂട്ടുകൾ ഒഴിച്ച് വികൃതമാക്കിയിരിക്കുന്നു. മുറിയിൽ ചുരുട്ടിക്കൂട്ടിയിട്ട പേപ്പറുകൾ ഡസ്റ്റ് ബിന്നിൽ ഇടുകയും, ബിയർബോട്ടിലുകളും ചിപ്സ് പായ്ക്കറ്റുകളും എടുത്തുമാറ്റുകയും ചെയ്തിട്ട് കിഷോർ മുറി പൂട്ടിയിറങ്ങി.അന്നു മുതൽ കിഷോർ, ശീതളുമായുള്ള എല്ലാ കോൺടാക്ടും നിർത്തിവെയ്ക്കുകയും വരുണിനെ മാത്രം ശ്രദ്ധിക്കാൻതുടങ്ങുകയും ചെയ്തു. ഓരോദിനം കഴിയുംതോറും വരുണിന്റെ അവസ്ഥ കണ്ട് കിഷോർ ഭയന്നു. പല രാത്രികളിലും അയാൾക്ക് ഉറക്കമില്ലാതായി, ചിലപ്പോൾ ഞെട്ടിയുണർന്ന് വരുണിന്റെ അടഞ്ഞ മുറിയ്ക്കുമുന്നിൽ ചെന്ന് ശബ്ദമില്ലാതെ കരയാൻ തുടങ്ങി..! കൃത്യം എട്ടാംനാൾ രാവിലെത്തന്നെ കിഷോർ തനുജയുടെ വീട്ടിലെത്തി.

തനുജയെ കൂട്ടിക്കൊണ്ടുവരൽ അത്ര എളുപ്പമല്ലെന്നറിയാവുന്നതുകൊണ്ട് വക്കീലിനെയും കൂട്ടിയാണ് കിഷോർ അവിടെയെത്തിയത്. പരമാവധി താണുകേണു പറഞ്ഞിട്ടും തനുജയും വീട്ടുകാരും അമ്പിനും

**ജീവിതരേഖ**
തൃശൂർ,വെങ്കിടങ്ങിൽ കുട്ടൻ തെക്കേപ്പാട്ട് ന്റെയും സരോജിനി കുട്ടന്റെയും മകൾ.പ്രസിദ്ധീകരണങ്ങൾ :ഒരു നോവൽ (ആ വാകമരം വീണ്ടും പൂത്തപ്പോൾ), ഒരു കവിതാ സമാഹാരം (ഒളിയിടങ്ങൾ). ഒളിയിടങ്ങൾക്ക് കവി മുട്ടത്ത് സുധ പുരസ്കാരം ലഭിച്ചിട്ടുണ്ട്. നവാഗത പ്രതിഭയ്ക്കുള്ള അക്ഷരശ്രീ പുരസ്കാരവും,കൂടാതെ കഥാ പുരസ്കാരങ്ങളും കവിതാ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.ആനുകാലികങ്ങളിലും സമൂഹ മാധ്യമങ്ങളിലും എഴുതാറുണ്ട്. അധ്യാപികയായി ജോലി ചെയ്തിരുന്നു.
dhanyathekkeppattu@gmail.com

വില്ലിനും അടുത്തില്ല!

'വെറും ചാറ്റിങ്ങിലൂടെമാത്രം പരിചയപെട്ട് മാസങ്ങൾക്കുള്ളിൽ ഡിവോഴ്സ് വേണമെന്ന് വാശി പിടിച്ച ഒരുവന്റെ കൂടെ എന്തു ധൈര്യത്തിലാണ് ഞാൻ വീണ്ടുംപോയി പൊറുക്കേണ്ടത്.?' എന്ന തനുജയുടെ ചോദ്യത്തിന്, ഫയലിൽനിന്നും എന്തൊക്കെയോ എഴുതി സീൽ ചെയ്ത ഒരു വൈറ്റ് പേപ്പർ നൽകിയാണ് വക്കീൽ മറുപടി പറഞ്ഞത്. അതൊരു സമ്മതപത്രമായിരുന്നു. കിഷോർ എഴുതിയത്. 'തന്റെ ഭാഗത്തുനിന്നും ഇതുപോലെ ദുരനുഭവങ്ങൾ മേലാൽ ഉണ്ടാവുകയാണെങ്കിൽ നിയമംമുഖേന ഏതൊരുവിധ ശിക്ഷയും ഏറ്റുവാങ്ങാൻ തയ്യാറാണ്' എന്നെഴുതി ഒപ്പുവെച്ച, വക്കീൽ സീൽചെയ്ത സമ്മതപത്രം!അത് എല്ലാവരുടെയും ചിന്തകളെ അസ്ഥാനത്താക്കികളഞ്ഞു.

മഞ്ഞുരുകിയതോടെ നല്ലചൂടുള്ള കാപ്പിയും പഴംപൊരിയും കഴിച്ച് തനുജയേയും കൂട്ടി അവരിറങ്ങി.

വൈകീട്ട്, പതിവുപോലെ ബിയറും കഴിച്ചെത്തിയ വരുണിന് , വീടിന് അമ്മയുടെ ഛായയുള്ളതുപോലൊരു തോന്നൽ. വീട്ടിലേയ്ക്ക് കയറുംതോറും അവിടമാകെ ഇലയടയുടെ മണം നിറയുന്നപോലെ.. തോന്നലല്ല അമ്മ വന്നിരിക്കുന്നു! വരുൺ ഒച്ചയുണ്ടാക്കാതെ അടുക്കളയിലേയ്ക്കെത്തിനോക്കി. തനുജ ഇലയടയുണ്ടാക്കുന്നു, കിഷോർ അവളെ ചേർത്തുനിർത്തി കാപ്പി കുടിക്കുന്നു! വരുൺ വേഗം മുറിതുറന്ന് കൊച്ചുകുട്ടിയെപോലെ കരഞ്ഞു.. സന്തോഷം നിറഞ്ഞുകവിഞ്ഞ കരച്ചിൽ ! എന്നിട്ട്, ആ മനോഹര കാഴ്ച കാൻവാസിൽ പകർത്താൻ തുടങ്ങി. ഇതുവരെ വരച്ചതിൽ വെച്ചേറ്റവും മനോഹരമായ ചിത്രം, ജീവിതത്തിൽനിന്നും ഹൃദയംകൊണ്ട് വരയ്ക്കുന്ന ചിത്രം, ഇലയടയുടെ മണമുള്ള ചിത്രം!

ഇ-മലയാളി കഥാമത്സരം 2022

മൂന്നാം സ്ഥാനത്തെ ശ്രദ്ധേയ രചനകൾ



സാംജീവ്



# നിറം മങ്ങിയ പതാകകൾ

ഗയാനയിലെ ഒരു ഗ്രാമത്തിൽവച്ചാണ് ഞാൻ പരശുരാം കുശാലിനെ കണ്ടത്. തെക്കേ അമേരിക്കയിലെ ഒരു രാജ്യമാണ് ഗയാന. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഗയാന 1966 വരെ ബ്രിട്ടീഷ് ഗയാന എന്നറിയപ്പെട്ടിരുന്നു.

ഒരു ഗ്രോഷറിക്കടയുടെ മുമ്പിലിട്ടിരുന്ന ബഞ്ചിലാണ് അയാൾ ഇരുന്നിരുന്നത്.

മുഷിഞ്ഞ കാൽസരായി ധരിച്ച ഒരു വൃദ്ധൻ.

എന്തോ നഷ്ടപ്പെട്ടുപോയെന്ന മുഖഭാവം അയാൾക്കുണ്ടായിരുന്നു.

കുഴിഞ്ഞ കണ്ണുകളും വിളറിയ കപോലങ്ങളും അയാൾക്കുണ്ടായിരുന്നു.

കടയിലേക്ക് വരുന്ന ഓരോരുത്തരെയും അയാൾ അശ്രദ്ധമായ കണ്ണുകളോടെ നിരീക്ഷിക്കുന്നതായി തോന്നി.

വൃദ്ധൻ ഒരു അപരിചിതനെ കണ്ടിട്ടായിരിക്കണം, എന്നെ തുറിച്ചുനോക്കി. അയാളുടെ തുളച്ചുകയറുന്ന നോട്ടം എന്നെ ഒരളവിൽ അസ്വസ്ഥനാക്കി.

'എന്തിനാണയാൾ എന്നെ ഇങ്ങനെ നോക്കുന്നത്?'

എനിക്ക് അല്പം ഭയം തോന്നി. പക്ഷേ ഞാനയാളെ അവഗണിക്കുന്നതായി ഭാവിച്ചു.

പെട്ടെന്ന് അയാൾ ബഞ്ചിൽ നിന്നെഴുന്നേറ്റു; വേച്ചുവേച്ചു നടന്ന് എന്നെ സമീപിച്ചു. ഗയാനക്കാരുടെ ഇംഗ്ലീഷിൽ വൃദ്ധൻ ചോദിച്ചു.

'നിങ്ങൾ ഇൻഡ്യയിൽ നിന്നും വരുന്ന ആളാണോ?'

'അതേ.'

പെട്ടെന്ന് അയാളുടെ മുഖം പ്രസന്നമായി.

'ഞാൻ രണ്ടാഴ്ചക്കുള്ളിൽ ഇൻഡ്യയിലേയ്ക്ക് മടങ്ങിപ്പോകും.'

ഞാൻ തുടർന്നു പറഞ്ഞു.

പരശുരാം കുശാൽ എന്തോ ചോദിക്കാൻ വാക്കുകൾക്കുവേണ്ടി പരതുന്നതുപോലെ തോന്നി. അവസാനം അയാളുടെ ചുണ്ടുകളിൽ നിന്നും വാക്കുകൾ പുറത്തുവന്നു.

'ഇൻഡ്യയിൽ അയോദ്ധ്യ എന്നൊരു സ്ഥലമുണ്ടോ? നിങ്ങൾ അവിടെ പോയിട്ടുണ്ടോ?'

'അയോദ്ധ്യ എന്നൊരു സ്ഥലമുണ്ട്. പക്ഷേ ഞാൻ അവിടെ പോയിട്ടില്ല. അയോദ്ധ്യയെപ്പറ്റി കേൾക്കാത്ത ഒരു ഇൻഡ്യാക്കാരനും ഉണ്ടെന്നു തോന്നുന്നില്ല.' ഞാൻ പ്രതിവചിച്ചു.



പരശുരാമിന്റെ അപേക്ഷയെ മാനിച്ച് അവിടെ ക്കിടന്ന ബഞ്ചിന്റെ രണ്ടറ്റത്തായി ഞങ്ങൾ ഇരുന്നു. പരശുരാം കുശാൽ അയാളുടെ കഥ പറയുവാൻ തുടങ്ങി.

അയോദ്ധ്യയിൽ നിന്ന് ഗയാനയിലേക്ക് പറിച്ചു നടപ്പെട്ട ഒരു കുടുംബത്തിലെ മൂന്നാം തലമുറക്കാരനാണ് പരശുരാം കുശാൽ. ഹിന്ദുസ്ഥാനി മാത്രം സംസാരിച്ചിരുന്ന മുത്തച്ഛൻ പരശുരാമിന്റെ സ്മൃതി പഥത്തിലുണ്ട്. അദ്ദേഹത്തിന്റെ പേര് ഗോപാൽറാം കുശാൽ എന്നായിരുന്നു. കൃശഗാത്രനായ ഒരു നീണ്ട മനുഷ്യനായിരുന്നു ഗോപാൽറാം കുശാൽ. ഗോപാൽറാമിന് നരച്ച നീണ്ട താടിമീശയുണ്ടായിരുന്നു. ആ താടിമീശയിൽ പിടിച്ചുവലിച്ചു കളിച്ചത് ഇപ്പോഴും പരശുരാം ഓർക്കുന്നുണ്ട്.

പരശുരാമിന്റെ പിതാവ് കേശവറാം കുശാൽ ജനിച്ചത് ഗയാനയിലാണ്. കേശവറാമും ഹിന്ദുസ്ഥാനി സംസാരിച്ചിരുന്നു.

അടിമക്കച്ചവടം നടത്തിയിരുന്ന ഒരു ബ്രിട്ടീഷ് കമ്പനിയാണ് ഗോപാൽറാം കുശാലിനെ ഗയാനയിലേയ്ക്ക് കൊണ്ടുവന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണത്. കൃത്യമായ ആണ്ടും തീയതിയും പരശുരാം കുശാലിനറിഞ്ഞുകൂടാ. മുത്തച്ഛൻ ഗോപാൽറാമിന്റെ മസ്തിഷ്ക്കത്തിൽ കല്ലിൽ കൊത്തിവച്ച അക്ഷരങ്ങൾപോലെ എല്ലാ വിവരങ്ങളും ആലേഖനം ചെയ്തിരുന്നു. അച്ഛൻ കേശവറാമിനും കുറേയൊക്ക ചരിത്രമറിയാമായിരുന്നു. അവർ മൺമറഞ്ഞതോടെ കുശാൽ കുടുംബത്തിന്റെ ചരിത്രവും മിക്കവാറും അപ്രത്യക്ഷമായി. എന്നാൽ പരശുരാം കുശാലിന്റെ അന്തരംഗത്തിൽ അണയാത്ത ഒരു ഭദ്രദീപം കൊളുത്തിയിട്ടാണ് പിതാക്കന്മാർ കടന്നുപോയത്. ആ ദീപമായിരുന്നു ഒരിക്കലും ദർശിച്ചിട്ടില്ലാത്ത അയോദ്ധ്യ എന്ന പിതൃനഗരത്തെക്കുറിച്ചുള്ള ആവേശവും അഭിമാനവും. മുത്തച്ഛൻ ഗോപാൽറാം പറഞ്ഞുകൊടുത്ത നിരവധി കഥകൾ സൂക്ഷിക്കുന്ന അവസാനത്തെ നിലവറയായിരുന്നു പരശുരാം കുശാലിന്റെ ഹൃദയം.

ഗയാനയിലെ കരിമ്പിൻതോട്ടങ്ങളിലും നെല്പാടങ്ങളിലും കൃഷിചെയ്യാൻ ബ്രിട്ടീഷുകാരായ യജമാനന്മാർ ഇൻഡ്യയിൽ നിന്നും ഇറക്കുമതി ചെയ്ത ആയിരക്കണക്കിന് അടിമത്തൊഴിലാളികളിൽ ഒരാളായിരുന്നു ഗോപാൽറാം കുശാൽ.

അവരിൽ ഹിന്ദുസ്ഥാനിക്കാരും തമിഴ് പേശുന്നവരും ബോജ്പുരി ഭാഷ സംസാരിക്കുന്നവരും ഉണ്ടായിരുന്നു. സന്താളികളും ബംഗാളികളും അട്ടഹസിക്കുന്നവരും വിതുമ്പുന്നവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. കീറിപ്പറിഞ്ഞ ചേലയുടുത്ത സ്ത്രീകളും മുഷിഞ്ഞ ചേലത്തുമ്പുകൊണ്ട് മാറിടം മറച്ച യുവതികളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഒരു തുണിക്കഷണംകൊണ്ട് നഗ്നത മറച്ച പുരുഷന്മാരും ക?പീനധാരികളായ കുട്ടികളും അക്കൂട്ടത്തിലുണ്ടായിരുന്നു.

ചിറ്റഗോംഗ് തുറമുഖത്തുനിന്നും കപ്പൽകയറിയപ്പോൾ എല്ലാവരുടെയും കണ്ണുകളിൽ ഭയം നിഴലിച്ചിരുന്നു. ചിലർ തേങ്ങിക്കരഞ്ഞു. ചിലർ നിലവിളിച്ചു. ഓരോ ഹൃദയത്തിലും ഓരോ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. കെട്ടുപ്രായം കടന്നുനില്ക്കുന്ന പഞ്ചമിക്ക് നല്കേണ്ട മഞ്ഞലോഹത്തിന്റെ പ്രഭയായിരുന്നു തഞ്ചാവൂർകാരി മാരിയമ്മാളിന്റെ മനസ്സിൽ. മലയായിലെ തേയിലത്തോട്ടത്തിൽ കൊളുന്തുനുള്ളാനാണ് അവൾ കപ്പൽകയറിയത്.

'ഏറിയാൽ ആറുമാസം. അതു കഴിഞ്ഞാൽ ഞാൻ പോയതുപോലെ മടങ്ങിവരും. നിന്റെ മംഗല്യത്തിന് ആവശ്യത്തിലധികം പൊന്നുമായി ഞാൻ തിരിച്ചുവരും.'

'ആറുമാസം. ഇതാ പോയി.'

അരികത്തുനിന്നിരുന്ന മുത്തുസ്വാമി കൈനൊടിച്ചുകൊണ്ടു പറഞ്ഞു. അയാളായിരുന്നു മാരിയമ്മയെ 'മലയാ'യിലേക്ക് റിക്രൂട്ടു ചെയ്ത ബ്രിട്ടീഷ് കമ്പനിയുടെ തഞ്ചാവൂരിലെ ദല്ലാൾ. മുത്തുസ്വാമിയെ മേസ്ത്രി എന്നാണ് തഞ്ചാവൂരിലെ ആളുകൾ വിളിച്ചിരുന്നത്.

ഗയാനയിലെ ഗോതമ്പുവയലേലകളിലും കരിമ്പിൻ തോട്ടങ്ങളിലും കൃഷിചെയ്ത് ആവശ്യത്തിലധികം പണമുണ്ടാക്കാനാണ് ഗോപാൽറാം കുശാൽ കപ്പൽ കയറിയത്. അയാൾക്ക് കൃഷിയുടെ എല്ലാ വശങ്ങളുമറിയാം. ജഗദീഷ് ബാബു പ്രസാദിന്റെ കരിമ്പിൻ തോട്ടങ്ങളിലും  വയലേലകളിലും പണിചെയ്ത് ഉറച്ച മസിലുകൾ നേടിയെടുത്ത തൊഴിലാളിയാണ് യുവത്വത്തിലേക്ക് പദമൂന്നിയ ഗോപാൽറാം കുശാൽ. അയോദ്ധ്യയിലെ ഒരു ജന്മിയാണ് ജഗദീഷ് ബാബു പ്രസാദ്.

'എവിടെയാണ് ഗയാന?'

അയാൾ ദല്ലാളിനോട് ചോദിച്ചു.

'മലയായുടെ ഒരു ഭാഗം തന്നെയല്ലേ ഗയാന?'

'എത്ര ദിവസംകൊണ്ട് ഗയാനയിലെത്തും?'

'ഏറിയാൽ ഒരാഴ്ച.'

ഗോപാൽറാം കുശാൽ ദല്ലാളിനെ വിശ്വസിച്ചു. അയാളുടെ കൈവശമുണ്ടായിരുന്ന ചില കടലാസ്സുതാളുകളിൽ വിരലടയാളം പതിച്ചുകൊടുക്കുകയും ചെയ്തു. അയാളെ അവിശ്വസിക്കേണ്ട കാര്യമൊന്നുമുണ്ടായിരുന്നില്ല.

എന്നാൽ കപ്പൽയാത്ര ദിവസങ്ങളോ ആഴ്ചകളോ കൊണ്ട് അവസാനിച്ചില്ല. ആഴ്ചകൾ മാസങ്ങളായി മാറിയപ്പോൾ അവരുടെ ഹൃദയത്തിൽ വെള്ളിടി വെട്ടാൻ തുടങ്ങി. ചതിക്കപ്പെട്ടോ എന്ന സംശയം അവരിൽ അങ്കുരിച്ചു. ഭയത്തോടും വിറയലോടുംകൂടി അവർ മാസങ്ങൾ തള്ളിനീക്കി. അവരുടെ കണ്ണുനീരും നിലവിളിയും ക്രൂരന്മാരായ കപ്പൽജോലിക്കാർ പരിഹസി

ച്ചു തള്ളി. കടലിലെ കോടക്കാറ്റും വൃത്തിഹീനമായ സാഹചര്യങ്ങളും ഭക്ഷ്ണക്കുറവും പലരെയും രോഗികളാക്കി. രണ്ടുപേർ കപ്പലിൽവച്ചുതന്നെ മരണപ്പെട്ടു. അവരുടെ മൃതശരീരങ്ങൾ കപ്പൽജോലിക്കാർ നിർദ്ദയം കടലിലേക്ക് വലിച്ചെറിഞ്ഞു.

'എന്റെ പെരുംകോവിലപ്പാ, തുണയ്ക്കണേ.'

മാരിയമ്മാൾ ഹൃദയം നൊന്തു പ്രാർത്ഥിച്ചു.

'ഹരേ റാം, ഹരേ റാം.'

ഗോപാൽറാം കുശാൽ ഉച്ചത്തിൽ വിളിച്ചുപോയി.

അതുകേട്ട് രണ്ടുമൂന്ന് ബോജ്പുരി യുവാക്കന്മാരും ഉറക്കെ വിളിച്ചു.

'ഹരേ റാം, ഹരേ റാം.'

കപ്പലിൽ ശബ്ദമുണ്ടാക്കിയത് കപ്പലിന്റെ യജമാനന്മാർക്ക് രസിച്ചില്ല. അവർ പെട്ടെന്ന് കടന്നുവന്നു. അവരുടെ കൈകളിൽ ചാട്ടവാറുണ്ടായിരുന്നു. അവർ ഉച്ചത്തിൽ എന്തൊക്കെയോ ചീത്തവിളിച്ചു.

'ബഹളമുണ്ടാക്കിയാൽ എല്ലാത്തിനെയും ജീവനോടെ കടലിൽ തള്ളും'

അവർ ഗർജ്ജിച്ചു. അടിമക്കൂട്ടം മാർജ്ജാരനെ കണ്ട മൂഷികനെപ്പോലെ വിറച്ചു.

ഇംഗ്ലീഷിലായതിനാൽ കപ്പലിലെ അടിമകൾക്ക് അവർ പറഞ്ഞതെല്ലാം  മനസ്സിലായില്ല. എന്നാലും സംഗതി അത്ര പന്തിയല്ലെന്ന് അടിമകൾക്ക് ഊഹിക്കുവാൻ കഴിഞ്ഞു.

'പെരുംകോവിലിന്റെ പക്കത്തിൽ മേയുന്ന കാലിക്കൂട്ടങ്ങൾ എത്ര ഭാഗ്യമുള്ളവരാണ്.' മാരിയമ്മാൾ മനസ്സിലോർത്തു.

രണ്ടുമാസം നീണ്ടുനിന്ന ക്ലേശകരമായ യാത്രയ്ക്കുശേഷം 'സ്വാതന്ത്ര്യം' എന്നു നാമകരണം ചെയ്യപ്പെട്ട കപ്പൽ തെക്കേ അമേരിക്കൻ തീരത്തെത്തി. കപ്പലിന്റെ യജമാനന്മാർ ഗയാനയിലെ യജമാനന്മാർക്ക് ചരക്ക് കൈമാറി. ഗയാനയിലെ ചുവന്ന മണ്ണ് അവരെ സ്വാഗതം ചെയ്തു. ആ മണ്ണിൽ ലയിച്ചുചേരാൻ വിധിക്കപ്പെട്ട ഹതഭാഗ്യരാണ് തങ്ങളെന്ന ബോധ്യം അപ്പോഴും അവർക്കുണ്ടായിരുന്നില്ല. അയോദ്ധ്യയും തഞ്ചാവൂരും പൂർണിയായും അവരുടെ ഹൃദയത്തിൽ നീറിക്കൊണ്ടിരുന്ന ഉമിക്കനലായി മാറി.

ജോർജ്ടൌൺ തുറമുഖത്തിൽ കപ്പലിന്റെ യജമാനന്മാരുടെ മദിരോത്സവം ഒരാഴ്ച നീണ്ടുനിന്നു. ഇതിനിടെ സെന്റ് ജോർജ് പള്ളിയിൽ പോയി കുമ്പസരിക്കാനും അവർ മറന്നില്ല.

'അടിമകൾ മൃഗങ്ങൾ മാത്രമാണ്. അവർക്ക് ആത്മാവില്ല' എന്ന പുരോഹിതവർഗ്ഗത്തിന്റെ ഉപദേശത്തിൽ അവർ പാപക്കറകൾ കഴുകിക്കളഞ്ഞു.

മദിരോത്സവത്തിനുശേഷം 'സ്വാതന്ത്ര്യം' ജോർജ്ടൌൺ തുറമുഖത്തുനിന്നും ഡെമിറാറ നദിയിലൂടെ അറ്റ്ലാന്റിക്കിലേക്ക് നീങ്ങി. വാണിജ്യവാതങ്ങൾ അനുകൂലമായതുകൊണ്ട് 'സ്വാതന്ത്ര്യം' പൂർവ്വദിശയിലേക്കു അതിവേഗത്തിൽ പ്രയാണം തുടങ്ങി. ആഫ്രിക്കയിൽ നിന്നോ ഇൻഡ്യയിൽ നിന്നോ അടുത്ത ഒരുപറ്റം ആത്മാവില്ലാത്ത ഉരുക്കളെ തെക്കേ അമേരിക്കയിലോ വടക്കേ അമേരിക്കയിലോ കടത്തിയാൽ സ്വർണ്ണത്തിന്റെ വിലകിട്ടും. കറുത്ത സ്വർണ്ണമാണ് അടിമകൾ.

ഗയാനയിലെ നെൽവയലുകളിലും കരിമ്പിൻതോട്ടങ്ങളിലും അടിമകളുടെ കണ്ണുനീരും വിയർപ്പും വീണു. ഗയാനയുടെ ചുവന്നമണ്ണിൽ ഉപ്പുരസം കലർന്നു. നെല്പാടങ്ങളും കരിമ്പിൻതോട്ടങ്ങളും ആർത്തുല്ലസിക്കാൻ തുടങ്ങി.

ആർത്തുവളരുന്ന കരിമ്പുചെടികളുടെ മറവിലും നെൽവയലേലകളുടെ നീർച്ചാലുകളിലും ഭീതിദമായ നിഴലുകൾ ഒളിച്ചിരുന്നു. ആ നിഴലുകൾക്ക് പിരിച്ച കൊമ്പൻമീശയും കൈകളിൽ ചാട്ടവാറുമുണ്ടായിരുന്നു. ആ നിഴലുകൾ ഇരുണ്ട ബോജ്പുരി തരുണിയുടെ മേൽ പതിച്ചു. കൂടുതൽ ഇരുണ്ട നിറമുള്ള തഞ്ചാവൂർക്കാരിയുടെ മേലും ആ നിഴലുകൾ വീണു. തഞ്ചാവൂർ രക്തവും ബോജ്പുരിരക്തവും വീണ് ഗയാനയുടെ ചുവന്ന മണ്ണ് കൂടുതൽ ചുവന്നു.

ശരത്ക്കാലസന്ധ്യകളിലും ഹേമന്തരാവുകളിലും തണുപ്പിൽ നിന്നും രക്ഷപ്പെടാൻ അടിമകൾ ആഴികൾ കൂട്ടി. ആഴിക്കു ചുറ്റുമിരുന്ന് ഗോപാൽറാമും കൂട്ടരും പഴങ്കഥകൾ കുട്ടികൾക്കും പേരക്കുട്ടികൾക്കും പറഞ്ഞുകൊടുത്തു. ജീവിതാനുഭവങ്ങളുടെ കയ്പുചാറിൽ മുക്കിയ കഥകളായിരുന്നവ. ആ കഥകൾ കേട്ട് അവർ സ്വപ്നങ്ങൾ നെയ്തു. കുട്ടികൾ ആഴിക്കുചുറ്റും ആടുകയും പാടുകയും ചെയ്തു.

'ഗംഗാദേവി, അയോദ്ധ്യാമാതാവേ
നിങ്ങൾ എത്ര കാതം അകലെയാണ്!
ആ പുണ്യഭൂമിയിലെ സോദരരേ
ഞങ്ങൾ വരുന്നുണ്ട്, വേനൽമഴയ്ക്കു മുമ്പേ.

സരയൂനദിയും ശാരദാപ്രവാഹവും
അവിടെ സമ്മേളിക്കുന്നു, ആ പുണ്യഭൂമിയിൽ
സ?ന്ദര്യവും തേജസ്സും അവിടെ നൃത്തമാടുന്നു
ഞങ്ങൾ വരുന്നുണ്ട്, വേനൽമഴയ്ക്കു മുമ്പേ.

ഞങ്ങൾക്കൊരു കഷണം മാമ്പഴപ്പൂൾ
സ്നേഹത്തിൽ മുക്കിയെടുത്ത ഒരപ്പക്കഷണം
ഹൃത്തിന്റെ ചിരട്ടക്കുമ്പിളിൽ മാറ്റിവയ്ക്കൂ
ഞങ്ങൾ വരുന്നുണ്ട്, വേനൽമഴയ്ക്കു മുമ്പേ.

സുരിരാമിലെ സോദരരേ, നിങ്ങൾ വരുന്നില്ലേ?
ശ്രീരാമചന്ദ്രന്റെ നാട്ടിലേക്ക്, അയോദ്ധ്യയിലേക്ക്
പറകൊട്ടിപ്പാടുക, കുഴലൂതി നൃത്തമാടുക
ഞങ്ങൾ പോകുന്നു, വേനൽമഴയ്ക്കു മുന്നേ.

ഗംഗാദേവീ ഞങ്ങളുടെ ഹൃത്തിനെ നനയ്ക്കൂ
ഞങ്ങളുടെ പാപക്കറകളെ കഴുകിക്കളയാൻ
ഞങ്ങൾ വരുന്നുണ്ട്, അമ്പേറ്റ ഹൃദയവുമായി
വേനൽമഴയ്ക്കു മുമ്പേ ഞങ്ങളെത്തും.

ഗയാനയിൽ വേനൽമഴകൾ വന്നു, പോയി നിരവധി തവണ. ഡെമിറാറനദിയുടെ ഡെൽറ്റകളിൽ പാഴ്ച്ചെടികൾ വളർന്നുപൊങ്ങി പല തവണ. ഡെമിറാറയുടെ സംഹാരതാണ്ഡവത്തിൽ പാഴ്ച്ചെടികൾ ഒലിച്ചു പോയി. പ്രളയകാലത്ത് ഡെമിറാറ സംഹാരരുദ്രയായി ഒഴുകും. ശരത്ക്കാലസന്ധ്യകളിൽ അവൾ ഒരു മാൻപേടയെപ്പോലെ ശാന്തയാകും. അടിമകൾ അവളെ യമുനയായും കാവേരിയായും സങ്കല്പിച്ച് അവളുടെ മണൽത്തിട്ടകളിൽ പിതൃതർപ്പണം നടത്തി. ഗംഗയും അയോദ്ധ്യയും സ്വപ്നങ്ങൾ മാത്രമായി അവശേഷിച്ചു.

കുത്തിനിറച്ച അടിമക്കപ്പലുകൾ പൂർവ്വദേശത്തുനിന്നും വന്നുകൊണ്ടേയിരുന്നു. കപ്പലുകൾ വരുമ്പോൾ ഗയാനയിലെ തുറമുഖങ്ങൾ കാളച്ചന്തകൾ പോലെ സജീവമാകും. അവിടെ ബോജ്പുരിയും തമിഴും ഉയർന്നുകേൾക്കും. ഉരുക്കളുടെ ശബ്ദകോലാഹലങ്ങളിൽ അസ്വസ്ഥരാകുന്ന യജമാനന്മാർ ചാട്ടവാർ ചുഴറ്റി ഗർജ്ജിക്കും.

'വായടയ്ക്കൂ, ശബ്ദിച്ചാൽ കൊന്നുകളയും.'

പുതിയ ഉരുക്കളെ കാണാൻ, വിലപേശി വാങ്ങാൻ യജമാനന്മാർ എത്തി. വയലേലകളുടെയും തോട്ടങ്ങളുടെയും ഉടമസ്ഥരായിരുന്നു അവർ. പലരും കുതിരപ്പുറത്താണ് വന്നത്. അവരുടെ കൈകളിലും തുകൽപ്പട്ട കെട്ടിയ ചാട്ടവാറുണ്ടായിരുന്നു. കാൽമുട്ടുവരെ നീണ്ട ബൂട്ടുകളും അരയിൽ തുപ്പാക്കിയും അവർ ധരിച്ചിരുന്നു. ചുണ്ടിൽ പുകയുന്ന പൈപ്പും പിരിച്ച കൊമ്പൻ മീശയും അവർക്കുണ്ടായിരുന്നു. അവർ ഉരുക്കളെ വിടലച്ചിരിയോടെ തട്ടിയും മുട്ടിയും നോക്കി, വിലപേശി വാങ്ങി.

മുത്തച്ഛന്റെ വാക്കുകൾ ഒരു ലാവാപ്രവാഹം പോലെ പരശുരാം കുശാലിന്റെ കരളിലേക്ക് ഒഴുകിക്കൊണ്ടിരുന്നു

'പുതിയ യജമാനന്മാർ ഉരുക്കളെ കുതിരലായങ്ങളിലാണ് പാർപ്പിച്ചത്. ഞങ്ങളുടെ കൺമുമ്പിൽവച്ച് പെൺകുട്ടികൾ അപമാനിക്കപ്പെട്ടു. കണ്ണിൽ ചോരയില്ലാത്ത യജമാനന്മാർ ഞങ്ങളുടെ കുടുംബങ്ങളെ നശിപ്പിച്ചു. അവർ ഞങ്ങളുടെ സംസ്ക്കാരത്തെയും ഭാഷയെയും നശിപ്പിച്ചു. എന്തിനേറെപ്പറയുന്നു, കൂട്ടം കൂടുന്നതും ഹിന്ദുസ്ഥാനി സംസാരിക്കുന്നതുപോലും നിരോധിക്കപ്പെട്ടു. ഭാഷയുടെ നാശം സംസ്ക്കാരത്തിന്റെ നാശമായിരിക്കുമെന്ന് നിഷ്ഠൂരന്മാരായ യജമാനന്മാർ കണക്കുകൂട്ടി.'

'ഗയാനയിൽ ഒരു ശിപായിലഹള നടക്കുവാൻ പാടില്ല.'

യജമാനന്മാർ പരസ്പരം പറയുന്നത് ഗോപാൽറാം കുശാൽ ഒരിക്കൽ കേട്ടു.

ഭാരതത്തിന്റെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ തെക്കേ അമേരിക്കാ വരെ കടന്നുവന്നിരിക്കുന്നു.

പരശുരാം കുശാലിന്റെ വീട് ഗ്രോഷറിക്കടയിൽ നിന്ന് ഒരു വിളിപ്പാട് മാത്രം അകലെയായിരുന്നു. പരശുരാം എന്നെ അയാളുടെ വീട്ടിലേക്ക് ക്ഷണിച്ചു. പിറ്റേദിവസം രാവിലെ ഞാൻ അയാളുടെ വീട്ടിലേക്ക് ചെന്നു.

വീടെന്നു പറഞ്ഞുകൂടാ, കുടിലെന്നും പറഞ്ഞുകൂാ, തടികൊണ്ടുണ്ടാക്കിയ ഒരു ഏറുമാടമായിരുന്നത്. നാല് തടിത്തൂണുകളിലാണ് അത് സ്ഥാപിച്ചിരുന്നത്. തറനിരപ്പിൽനിന്നും നാലഞ്ചടി പൊക്കമുണ്ടായിരുന്നു മരത്തൂണുകൾക്ക്. ഗയാന പ്രളയബാധിതപ്രദേശമാണ്. പ്രാകൃതമായ ഒരു കോണിപ്പടിയിലൂടെയാണ് ഏറുമാടത്തിലേക്കു പ്രവേശിക്കേണ്ടത്. സൂക്ഷിച്ചില്ലെങ്കിൽ തെന്നിവീഴാൻ സാദ്ധ്യതയുണ്ട്.

പരശുരാം എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. മുറിയുടെ മൂലയിൽ ഒഴിഞ്ഞ ബിയർകുപ്പികളുടെ ഒരു കൂമ്പാരം തന്നെയുണ്ടായിരുന്നു. മെലിഞ്ഞ് വൃദ്ധനായൊരു നായയായിരുന്നു പരശുരാമിന്റെ കൂട്ടുകാരൻ. അവന്റെ കണ്ണുകളിൽനിന്ന് സദാ കണ്ണുനീർ നിർഗ്ഗമിച്ചുകൊണ്ടിരുന്നു. നായയ്ക്ക് എന്റെ സന്ദർശനം ഇഷ്ടപ്പെട്ടില്ലെന്നു തോന്നി. അവൻ എന്നെ നോക്കി മുറുമുറുത്തു. നായ ഏതുസമയത്തും എന്നെ ആക്രമിച്ചേക്കാമെന്ന് ഞാൻ ഭയപ്പെട്ടു.

'രവി, അടങ്ങ്. നമ്മുടെ ആളാണ്. അയോദ്ധ്യയിൽ നിന്നും വന്നയാളാണ്.'

പരശുരാം നായയുടെ തലയിൽ തലോടി പറഞ്ഞു. അപ്പോൾ പരശുരാം രവിയോടും അയോദ്ധ്യയുടെ കഥകൾ പറഞ്ഞുകൊടുത്തിരിക്കുന്നു. അവന്റെ ഒഴുകുന്ന കണ്ണുകളിലും മോഹഭംഗങ്ങളുണ്ടോ? സ്വപ്നങ്ങളുണ്ടോ?

ഗയാനയിലെ ഐവോക്രാമാ മഴക്കാടുകൾ അധികമകലെയല്ലെന്ന് പരശുരാം  പറഞ്ഞു. നാലോ അഞ്ചോ നാഴിക മാത്രം. ചിലദിവസങ്ങളിൽ അയാൾ ആ മഴക്കാടുകളിലേക്ക് ഭയചകിതനായ ഒരു മുയലിനെപ്പോലെ ഓടിപ്പോകുമത്രേ.

വനത്തിന്റെ ഏകാന്തതയിൽ അയാൾ വിളിച്ചുകൂവുമത്രേ.

'അയോദ്ധ്യാ, അയോദ്ധ്യാ.'

പരശുരാം കുശാൽ എന്നോടൊരുകാര്യം അപേക്ഷിച്ചു.

'സാം, നിങ്ങൾ ഇൻഡ്യയിൽ തിരിച്ചുചെല്ലുമ്പോൾ എനിക്കുവേണ്ടി അയോദ്ധ്യാവരെ പോകാമോ? അവി

ടെ ഒരു കുശാൽ കുടുംബത്തെ കണ്ടെത്താൻ ശ്രമിക്കാമോ? കണ്ടെത്തിയാൽ ഏഴു കടലുകൾക്കപ്പുറത്ത് ഗയാനയിലെ ഇരുളടഞ്ഞ വനത്തിനുള്ളിൽ 'അയോദ്ധ്യാ, അയോദ്ധ്യാ'എന്ന് അലറിവിളിച്ചു നടക്കുന്ന ഒരു ഭ്രാന്തനുണ്ടെന്ന് അവരോട് പറയാമോ?'

പരശുരാം അല്പം വിവരംകൂടി നല്കി.

'കുശാലന്മാർ ക്ഷത്രിയരാണ്, രണശൂരന്മാരാണ്.'

ഒരുപക്ഷേ ആ വിവരം അവരെ കണ്ടെത്താൻ സഹായിച്ചാലോ!

'കുശാൽജി, തെക്കേ ഇൻഡ്യയിലെ ഒരു ഗ്രാമത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും. അയോദ്ധ്യ ഉൾപ്പടെ ഉത്തരേൻഡ്യൻ നഗരങ്ങളും ഗ്രാമങ്ങളും എനിക്ക് തികച്ചും അപരിചിതമാണ്. എനിക്ക് എന്നെങ്കിലും അയോദ്ധ്യയിൽ പോകുന്നതിന് അവസരം ലഭിച്ചാൽ ഞാൻ തീർച്ചയായും ഒരു കുശാൽ കുടുംബത്തെ കണ്ടത്താൻ ശ്രമിക്കും. പക്ഷേ ഇപ്പോൾ അതിനുള്ള സാദ്ധ്യത തുലോം കുറവാണ്.'

ഞാൻ പറഞ്ഞു. പക്ഷേ എന്റെ ഉത്തരം പരശുരാം കുശാലിനെ തൃപ്തിപ്പടുത്തിയില്ല. അയാൾ കണ്ണുനീർ തുടച്ചു. രവി മുറുമുറുത്തുകൊണ്ടയിരുന്നു. അവന്റെ കണ്ണുകളിൽനിന്നും ജലം നിർഗ്ഗമിച്ചുകൊണ്ടിരുന്നു.

പരശുരാമിനോട് യാത്രപറഞ്ഞിറങ്ങുമ്പോൾ ഞാനയാൾക്ക് ഹസ്തദാനം നല്കി. അയാളുടെ ശോഷിച്ച കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഒരു തുണ്ടുകടലാസ്സ് പരശുരാം എന്നെ ഏല്പിച്ചു. അയാളുടെ പേരും മേൽവിലാസവും അതിൽ കുറിച്ചിരുന്നു. ഞാൻ ഒരു നിധിപോലെ അതെന്റെ വാലറ്റിൽ നിക്ഷേപിച്ചു.

പെട്ടെന്ന് ഏതാണ്ട് പത്തുവയസ്സുള്ള ഒരു പെൺകുട്ടി പരശുരാമിന്റെ മാടത്തിലേക്ക് കടന്നുവന്നു. അവൾക്ക് ചെമ്പൻമുടിയും ചെമ്പിച്ച കണ്ണുകളുമുണ്ടായിരുന്നു. പരശുരാമിന്റെ പേരക്കുട്ടിയായിരുന്നവൾ. അവളുടെ കൈകളിൽ വൃത്തിഹീനമായ ഒരു തകരപ്പാത്രവും അതിൽ കുറച്ചു കഞ്ഞിയുമുണ്ടായിരുന്നു. ആ കഞ്ഞിയിൽ വറ്റുകൾ കുറവായിരുന്നുവെന്ന് ഞാൻ ശ്രദ്ധിച്ചു.

ആ ഭക്ഷണം അവൾ ആർക്കായിരിക്കാം കൊണ്ടുവന്നത്?

സദാ കണ്ണീരൊഴുക്കുകയും മുറുമുറുക്കുകയും ചെയ്യുന്ന വൃദ്ധൻനായയ്ക്കാണോ? അതോ മുത്തച്ഛനുള്ള പ്രാതൽ ആയിരിക്കുമോ? ഒരുപക്ഷേ രണ്ടു ജീവികൾക്കുമുള്ള ഒരുദിവസത്തെ റേഷനായിരിക്കാം അവൾ കൊണ്ടുവന്നത്. ബന്ധങ്ങളുടെ കണ്ണികൾ തീർത്തും അറ്റുപോയിട്ടില്ല. അവളുടെ വീട് അധികം ദൂരത്തായിരുന്നില്ല.

പരശുരാം കുശാലിന്റെ ഭവനത്തിനു വെളിയിൽ ഉണങ്ങിയ കരിമ്പിൻ തണ്ടുകളിൽ മൂന്നുപതാകകൾ നാട്ടിയിരുന്നു, ചുവപ്പും നീലയും പച്ചയും നിറമുള്ള


**ജീവിതരേഖ**

'സാംജീവ്' തൂലികാനാമമാണ്. യഥാർത്ഥ നാമധേയം സാമുവൽ ഗീവർഗ്ഗീസ് എന്നാണ്.ഇംഗ്ലീഷിലും മലയാളത്തിലും കഥകൾ എഴുതുന്നു. അൻപതോളം ചെറുകഥകൾ മലയാളത്തിൽ വിവിധ മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നൂറോളം ഇംഗ്ലീഷ് കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമേരിക്കയിൽ മിഷിഗൺ സംസ്ഥാനത്തിൽ പ്രൊഫഷനൽ എഞ്ചിനിയറാണ്. കേരളത്തിൽ കൊല്ലമാണ് സ്വദേശം.

kunjurani@yahoo.com


പതാകകൾ. ഗയാനയിലെ മിക്ക ഹിന്ദുഭവനങ്ങളുടെയും മുമ്പിൽ പല നിറത്തിലുള്ള പതാകകൾ നാട്ടിയിരിക്കുന്നതു കാണാം. മണ്മറഞ്ഞ പിതാക്കന്മാരുടെ സ്മരണകൾ നിലനിറുത്താനാണ് ഈ പതാകകൾ.

ഒരു പതാക ഗോപാൽറാം കുശാലിനുവേണ്ടി, ഒരെണ്ണം കേശവറാം കുശാലിനുവേണ്ടി, മൂന്നാമത്തേത് അയോദ്ധ്യയിൽ ജനിച്ച്, അയോദ്ധ്യയിൽ അന്തരിച്ച് ഒരുപിടി ഭസ്മമായി ഗംഗാജലത്തിൽ വിലയം പ്രാപിച്ച ഒരു മുതുമുത്തച്ഛന്റെ സ്മരണകൾ നിലനിറുത്താൻ. നിറം മങ്ങിയ പതാകകൾ.


ആറുമാസം കഴിഞ്ഞ് ഞാൻ അയോദ്ധ്യ സന്ദർശിച്ചു. സരയൂ മഹാകാളി പ്രവാഹങ്ങളുടെ സംഗമം പോലെ നഗരം പ്രക്ഷുബ്ധമായിരുന്നു. പ്രക്ഷുബ്ധനഗരത്തിൽ ഒരു കുശാലനെ കണ്ടെത്താൻ ഞാൻ പരതി. പക്ഷേ ആ ശ്രമത്തിൽ ഞാൻ പരാജയപ്പെട്ടു. അയോദ്ധ്യയിൽ ഞാൻ കണ്ട ഓരോ പ?രനും രണശൂരനാണെന്ന് എനിക്കു തോന്നി. സരയൂനദിയുടെയും രാംപൈഡി ഘട്ടിന്റെയും ചില മനോഹരചിത്രങ്ങൾ ഞാൻ ക്യാമറായിൽ പകർത്തി. അവ പരശുരാം കുശാലിന് ഗയാനയിലേയ്ക്ക് അയച്ചുകൊടുത്തു. മറുപടിക്കായി ഞാൻ കാത്തിരുന്നു. പക്ഷേ നിരാശയായിരുന്നു ഫലം.

രണ്ടുവർഷം കഴിഞ്ഞ് എന്റെ ഒരു സ്നേഹിതൻ ഗയാനാ സന്ദർശിച്ചു. പരശുരാം കുശാൽ തന്ന തുണ്ടുകടലാസ്സ് ഒരു നിധിപോലെ എന്റെ വാലറ്റിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ഞാനത് അദ്ദേഹത്തെ ഏല്പിച്ചു.

എന്റെ അഭ്യർത്ഥനയെ മാനിച്ച് അദ്ദേഹം പരശുരാം കുശാലിന്റെ ഗ്രാമത്തിലേക്ക് ചെന്നു. ഗ്രോഷറിക്കടയുടെ സമീപത്ത് നാലു മരത്തൂണുകളിൽ സ്ഥാപിച്ചിരുന്ന ഏറുമാടം അന്വേഷിച്ച് അദ്ദേഹം അവിടെയെല്ലാം കറങ്ങിനടന്നു. ഏറുമാടം അവിടെയില്ലായിരുന്നു. അതിന്റെ മരത്തൂണുകളും ഒരുതരിപോലും ശേഷിപ്പിക്കാതെ അപ്രത്യക്ഷമായിരുന്നു.

ഇ-മലയാളി
കഥാമത്സരം 2022

മൂന്നാം സ്ഥാനത്തെ ശ്രദ്ധേയ രചനകൾ



ബിന്ദു പുഷ്പൻ



# ഗുങ്കട്ട്

'ബഹൂ....'

'ആയി മാ..'

'നിന്നോട് നേരത്തെ പറഞ്ഞതല്ലേ.. പപ്പയ്ക്കിന്ന് നേരത്തെ പോകണമെന്ന്? പെട്ടെന്ന് പ്രാതലെടുക്കൂ..'

അവൾ വേഗം പോസ്റ്റ്മാനെയും പറഞ്ഞു വിട്ടിട്ട്, തലയിൽ നിന്നും ഊർന്നിറങ്ങിയ ഗുങ്കട്ടെടുത്ത് മുഖം പാതി മറച്ച് കൊണ്ട് അകത്തേയ്ക്ക് കുതിച്ചു. വേഗം ഒരു താലത്തിൽ സുഖാറൊട്ടിയും ദാലും, വെണ്ടയ്ക്ക സബ്ജിയും സസുർജിക്ക് കൊണ്ട് കൊടുത്ത്, ആ പാദങ്ങളില് തൊട്ടു വന്ദിച്ചു. മാജി തഖത്തിനു താഴെയായി നിലത്തിരുന്ന് കാല്പാദത്തിലും നഖങ്ങളിലും ചുവന്ന ചായം പുരട്ടുന്നു. അവർ 'കർവാചൗത്തി'ന്റെ ഒരുക്കത്തിലാണ്.

വടക്കേന്ത്യയില് ഭർത്താക്കന്മാരുടെ ദീർഘായുസ്സിനായി സ്ത്രീകൾ അനുഷ്ഠിക്കുന്ന കഠിന വ്രതം. വക്കീൽ ഗുമസ്തനായ അശോക് പാണ്ഡേജിയുടെ ഇളയ മരുമകളായി അവളിവിടെ എത്തിയിട്ട് വർഷം ആറ് കഴിഞ്ഞു.

ബറേലിയിൽ നിന്നും നിഖിൽ കുമാർ പാണ്ഡേ അവളെ വിവാഹം കഴിച്ചുകൊണ്ട് വരുമ്പോൾ വെറും പതിനെട്ട് വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഇന്ന്, അഞ്ചും, മൂന്നും വയസ്സുള്ള മുന്നിക്കും, ഛോട്ടുവിനുശേഷവും മൂന്നാമതൊരു അഥിതി കൂടെ വരവ് അറിയിച്ചിട്ടുണ്ട്. വെളുത്തു കൊലുന്നനെയുള്ള അവളുടെ ഓരോ ചലനങ്ങളും യന്ത്രവേഗത്തിലാണ്. രാപ്പകൽ അറിയാതെ വീട് മുഴുവൻ ഓടിപ്പാഞ്ഞു നടന്ന് ജോലികൾ ചെയ്

തും, ആജ്ഞകള് അനുസരിച്ചും കാറ്റ് പിടിച്ചൊരു ഉണക്കമരം പോലെ ആയിട്ടുണ്ട്.

അതേത് നിമിഷവും നിലം പൊത്താം. ഉത്തരേന്ത്യയിൽ വിവാഹം കഴിഞ്ഞാല് സ്ത്രീകൾക്ക് സർവ്വസവും സസുരലാണ് (ഭർതൃഗൃഹം). കഴിഞ്ഞ അഞ്ചാറ് വർഷത്തിനിടയ്ക്ക് അവൾ മൈക്കയില് പോയിട്ടുള്ളത് രണ്ടോ മൂന്നോ തവണയാണ്.

രെസോയിലെ ഭാരിച്ച ജോലിക്കിടയിലും അവൾ ചിന്തിച്ചു.

'സുമൻ യാദവ്' അതാരായിരിക്കും?'

ഇതുപോലൊരു പേര് മുമ്പെവിടെയോ കേട്ടിട്ടുണ്ടല്ലോ..?

'ഛോട്ടു കീ മമ്മീ....'

'ആയി ദിദീ...'

ഹേമാദിദീയുടെ ശബ്ദം കേട്ടവൾ കഴുകി കൊണ്ടിരുന്ന പാത്രം സിങ്കിലേക്കിട്ട് വേഗം മുൻവാതിലിലേക്ക് ഓടിച്ചെന്നു. ഇവിടെ എല്ലാവർക്കും അവൾ 'ഛോട്ടു കീ മമ്മിയും', 'പാണ്ഡേജി കീ ബഹുവു'മാണ്. ആരും പേരെടുത്ത് അവളെ വിളിക്കാറില്ല. കൈയിലെ പാൽ പാത്രം നീട്ടിക്കൊണ്ടവർ പറഞ്ഞു. പാൽക്കാരൻ വരുമ്പോൾ എൻെറ പാല് മേടിച്ചു വെയ്ക്കണം.

'ജീ ദീദി..' പുഞ്ചിരിച്ചു കൊണ്ടവൾ തലയാട്ടി. വേഗം അഴുക്ക് പുരണ്ട കൈകൾ നിറം മങ്ങിയ മഞ്ഞസാരിയിൽ തൂത്തു തുടച്ചുകൊണ്ട് പാത്രം വാങ്ങി ജനൽപ്പടിമേൽ വെച്ചു. ഇത് പതിവുള്ളതാണ്.

'അരേ.. യെ.. സുമൻയാദവ് കോൻ ഹെ ജീ'

'അറിയില്ല ദീദി.. പോസ്റ്റുമാൻ ഇവിടെയും വന്നിരുന്നു.'

'പുതുതായി വന്ന വാടകക്കാർ ആരെങ്കിലുമാവും..'

അതും പറഞ്ഞു ദീദി ട്രാൻസ്ഫോർമറിനോട് ചേർന്നുള്ള ഇടതുവശത്തെ നീല ചായമടിച്ച കെട്ടിടത്തിലേക്കു നോട്ടം അയച്ചുകൊണ്ട് സഞ്ചിയുമായ് നടന്നു നീങ്ങി.

'എന്താടീ.. നിൻെറ പണികൾ ഇതുവരെയും തീർന്നില്ലേ..??'

കൂർത്ത ശബ്ദത്തോടൊപ്പം ചോദ്യശരങ്ങളുമായ് നിഖില് താഴേക്ക് ഒരുങ്ങിയിറങ്ങി വന്നു. വെളുത്ത വരയൻ സോക്സിട്ട കാൽപ്പാദങ്ങൾ പരുക്കൻ തറയിൽ കണ്ടവൾ ഞെട്ടി. 'ഹേ.. രാം...!'

ജൂത്ത പോളിഷ് ചെയ്യാന് മറന്നു..! വേഗമവൾ പുറത്തെ റാക്കിൽ നിന്നും തവിട്ട് നിറത്തിലുള്ള ഷൂവെടുത്ത് തുടച്ചു ചെറിപോളിഷിട്ടു മിനുക്കി അയാൾക്ക് മുന്നിൽ വെച്ചു. എന്നിട്ടും ആ മുഖം കടന്നൽ കുത്തിയപോലെ വീർത്തിരുന്നു.

നിഖിൽ ഒരു തുണിക്കടയിലെ സെയിൽസ്മാനാണ്. അദ്ധ്വാനം വളരെ കൂടുതലും വരുമാനം തീരെ തുച്ഛവും. പാണ്ഡേജിയുടെ മറ്റ് മക്കളെക്കാളിലും ബുദ്ധിക്കല്പം പുറകോട്ടാണെങ്കിലും മാജി പറയുന്നതാണ് അയാൾക്ക് വേദവാക്യം. അങ്ങ് ദൂരെ.. ഗ്രാമത്തിൽ പാണ്ഡേജിക്ക് കൃഷിയുള്ളതിനാൽ വർഷം മുഴുവന് അല്ലലില്ലാതെ കഴിയാനുള്ള ഗോതമ്പും, അരിയും, ദാലും ചനയുമൊക്കെ അവിടെ നിന്ന് കിട്ടും.

അദ്ദേഹത്തിന്റെ മൂത്ത മകന് ബിസ്സിനസ്സാണ്. അയാൾ കുടുംബവുമൊത്ത് കുറച്ചകലെയുള്ള നഗരത്തില് താമസിക്കുന്നു. രണ്ടാമത്തെ മകന് വക്കീലാണ്. അടുത്തിടെയാണ് അയാളും കുടുംബവും വീടുവെച്ച് താമസം മാറിപ്പോയത്. ഇപ്പോൾ രണ്ട് കൂട്ടരും പേരിനൊന്ന് വല്ലപ്പോഴും വന്നു പോകും.

അവൾ പെട്ടെന്ന് നിഖിലിനുള്ള നാസ്തയും, ടിഫിനില് ഉച്ചഭക്ഷണവും എടുത്ത് വെച്ചു. അതിനിടയിൽ മുകളിൽ നിന്നും മാജിയുടെ വിളിയെത്തി. കുളിക്കുന്നതിന് മുന്നേ, അവർക്ക് കടുകെണ്ണ തേച്ച് മാലിഷ് ചെയ്തു കൊടുക്കണം. നിഖിലിനോട് എന്തോ പറയാൻ വന്നത് വിഴുങ്ങി, അവളവനെ ദയനീയമായിട്ടൊന്ന് നോക്കിയിട്ട്, ചൂടാക്കിയ കടുകെണ്ണയുമായ് സ്റ്റെപ്പുകൾ കയറി വേഗം മുകളിലേക്ക് പോയി.

ടെറസിലെ ഇളവെയിലിൽ, നിറയെ പൂക്കളുമായ് നേർത്ത കാറ്റിനൊപ്പം ചാഞ്ചാടി നിന്നിരുന്ന നന്ത്യാർവട്ടച്ചെടിക്ക് അരുകിലായി താഴെ വിരിച്ച ഛട്ടായിലിരുന്നു ചോട്ടുവും, മുന്നിയും ഏണിയും പാമ്പും കളിക്കുന്നുണ്ട്. കണ്ണുതെറ്റിയാൽ രണ്ടും അടിവെയ്ക്കും. മാജി അവർക്കരുകിലായി ചാർപ്പായിൽ നീണ്ടുനിവർന്ന് കിടന്ന് ഇളവെയിൽ കായുകയാണ്. ടെറസിലെ ഈ കൊച്ചു പൂന്തോട്ടം പാണ്ഡേജിയുടെ ശ്രമഫലമാണ്. ഹർസിംഗാർ ഇലകളിൽ പൊടിഞ്ഞു നിന്നിരുന്ന നനുത്ത ഹിമകണങ്ങൾ അവളെ നോക്കി മെല്ലെ പുഞ്ചിരിച്ചു.

അവൾ പതിയെ നിലത്തിരുന്ന്, മാജിയുടെ വസ്ത്രങ്ങളൊതുക്കി വെച്ച് കൊണ്ടവൾ കടുകെണ്ണയിൽ വിരൽതൊട്ട് ദൃഢമായ ആ കൈകാലുകളിലും ശരീരത്തും എണ്ണ നന്നായി തേച്ച് പിടിപ്പിച്ചു.

അവരുടെ ദയാവായ്പാണ് അവളുടെ ജീവിതം. അവരത് ഇടയ്ക്കിടെ മരുമകളെ ഓർമ്മിപ്പിക്കാനും മറക്കാറില്ല.. 'നാല് പെണ്മക്കളുള്ള യാദവ്ജി ഭാഗ്യവാനാണ്. അല്ലെങ്കില്, പാണ്ഡേ കുടുംബത്തില് നിന്നൊരു ബന്ധം ഇവർക്ക് സ്വപ്നം കാണാൻ പറ്റുമോ?'

അതു കേൾക്കുമ്പോൾ അവൾ പോലുമറിയാതെ കണ്ണുകളിൽ നിന്ന് രണ്ടരുവി പിറവിയെടുക്കും.

ബന്ധുക്കൾ എത്തുമ്പോഴായിരിക്കും ഇത്തരം വിസ്താരങ്ങളേറെയും.. എങ്കിലും അതിഥികൾക്ക് ഒരു കുറവും വരുത്താതെ ഒരു ബധിരയെപ്പോലെ എല്ലാം കേട്ടുനിന്ന് അവളവരെ സൽക്കരിക്കും.

അക്കാലത്തായിരുന്നു താൻ ഉപയോഗിക്കുന്ന ഗുങ്കട്ടിന് ഒരുപാട് ഗുണങ്ങളുണ്ടെന്ന് അവൾക്ക് മനസ്സിലായി തുടങ്ങിയത്. ആരും കാണാതെ കണ്ണീർ മഴ ഒപ്പിയെടുക്കാം. കാറും കോളും നിറഞ്ഞ അന്തരീക്ഷ വ്യതിയാനങ്ങൾക്കൊത്ത് ഗുഹാമുഖി പോലുള്ള വായിലേക്കത് തിരുകിവെച്ച് അമർഷമടക്കി ഒരു വിഡ്ഢിയെപ്പോലെ, ആജ്ഞാനുവർത്തിയായി കാത്ത് നിൽക്കാം. നേരിൽ കാണാന് വൈമനസ്യമുള്ളവരെ ഒരിക്കലും കാണാതിരിക്കാം. ഇനിയും ഒരുപാട് അത്യാവശ്യമെങ്കില്, എന്നന്നേയ്ക്കുമായി ഫാനില് ഊഞ്ഞാലു കെട്ടി തൂങ്ങിയാടാം.

ഇതൊക്കെ കാരണമാവാം അച്ഛനമ്മമാർ പെൺകുട്ടികളെ അഞ്ചരമീറ്റർ പുടവയിൽ തന്നെ വിവാഹം കഴിപ്പിച്ച് ഭർതൃഗൃഹത്തിലേക്ക് പറഞ്ഞയക്കുന്നത്.

പത്താംവയസ്സില് പീലിയ ബാധിച്ച് അമ്മ മരിച്ചപ്പോൾ തൊട്ട് അവൾക്കെല്ലാം പിതാജി ആയിരുന്നു. സഹോദരിമാരൊക്കെ നേരത്തെ വിവാഹം കഴിഞ്ഞു അവരവരുടെ വീടുകളിലേക്ക് പോയിരുന്നു. നാലഞ്ച് മാസം കൂടുമ്പോൾ യാദവ്ജി മകളെ കാണാനെത്തും. രണ്ടു വലിയ തുണിസഞ്ചി നിറയെ ആഹാര സാധനങ്ങളും തുണിത്തരങ്ങളുമായ്. പത്തുനാല്പതു കിലോമീറ്റർ അകലെ നിന്നും മകളെ കാണാനെത്തുന്ന പിതാജിയെ വേണ്ടവിധത്തില് സ്വീകരിക്കാനോ, വയറു നിറയെ ഒരുനേരത്തെ ഭക്ഷണം കൊടുക്കാനോ, അവൾക്കാവില്ല. മാജിയുടെ ഒരു കണ്ണെപ്പോഴും അവൾക്ക് മേലുണ്ടാവും.

പെണ്മക്കളെ വിവാഹം കഴിപ്പിച്ചയച്ച വീട്ടിൽനിന്നു ജലപാനംപോലും സ്വീകരിക്കരുതെന്നാ യാദവ്ജിയുടെ ശാസ്ത്രം.

നാളെ താൻ കാരണം മക്കൾക്കൊരു പഴിദോഷവും കേൾക്കരുതെന്ന് അയാൾക്കാഗ്രഹമുണ്ട്. മകളെയും കണ്ട് ചെറുമക്കളേയും ലാളിച്ച്, നിറമിഴികളോടെ.. സന്ധ്യയ്ക്ക് മുമ്പേ യാത്ര പറഞ്ഞിറങ്ങും.

പലനാളായി അദ്ദേഹം സ്വരൂക്കൂട്ടി വെച്ചതൊക്കെയാണ് സമ്മാനങ്ങളായി അവിടെയെത്തുന്നത്. മരുമകളറിയാതെ മാജി പാൽപ്പേടയും, വറുത്ത ചോളവും, ബജ്റയുമൊക്കെ അയൽക്കാർക്കായി പങ്കിട്ടു കൊടുക്കും. അതിലൊരു വീതം അവൾക്ക് കിട്ടിയെങ്കിലായി. കുട്ടികൾ കേറിയിറങ്ങി നടന്ന് കയ്യിൽ കിട്ടുന്നൊതൊക്കെയും പെറുക്കി തിന്നും. അവൾക്കതാവില്ലല്ലോ..?

സമയവും സന്ദർഭവും നോക്കി വേണം മാജിയോട് എന്തെങ്കിലും പറയാൻ.. അവൾ മെല്ലെ മുരടനക്കി.

'അമ്മാ.. നമുക്കൊന്ന് ആശുപത്രീൽ പോയാലോ?'

'ഹായിരേ.. നീയെന്തായീ പറയുന്നേ..??'

അവരുടെ ഒച്ചകേട്ട് പെട്ടെന്നവൾ ഞെട്ടി പുറകോട്ട് മാറി. അവർ അവൾക്കഭിമുഖമായി ചാർപ്പായിമേൽ എണീറ്റിരുന്നു.

അവളതിശയിച്ചു. ഒരങ്കം നടക്കേണ്ടതാണ്. പ്രതീക്ഷിച്ചതു പോലുള്ള ബഹളമില്ല. എന്തായിരിക്കും കാരണം?

'ഉത്സവം വരുന്നു അതിനിടയ്ക്ക് ആശുപത്രിയോ..?'

'നഹീ നഹീം.. ബാത്തേ ജായേങ്കേ..!'

'പിന്നെപ്പോകാം.. നീയാ ഗോതമ്പ് കഴുകി വെയിലത്തിട്, ആട്ട തീരാറായി'

അന്നേരമാണ് അവളത് കണ്ടത്. ടെറസിലെ ടാപ്പിന് കീഴിലായി വലിയൊരു ബാൾട്ടി നിറയെ ഗോതമ്പ് വെള്ളത്തിൽ ഇട്ടു വെച്ചിരിക്കുന്നു.

അഞ്ചാം മാസത്തെ അസ്വസ്ഥതകളോടെ, ആജ്ഞകൾക്കൊത്താ മനുഷ്യയന്ത്രം നിരന്തരം ചലിച്ചു കൊണ്ടേയിരുന്നു..

വല്ലപ്പോഴുമുള്ള ഏക ആശ്വാസം 'ചുട്കീ'ന്നുള്ള ആ വിളി മാത്രമാണ്. അതിനായി അവൾക്കേറെ കാത്തിരിക്കേണ്ടിയും വരുമായിരുന്നു. ആ വിളി വരും വരെ അല്ലെങ്കില് നിഖിലിൻെറ ഫോൺ കയ്യിൽ കിട്ടുംവരെ. പിതാജിയുടെ ഊഷ്മളമായ സ്നേഹ നിറവിലാണ് അവൾ വാടാതെ, കരിയാതെ മറ്റുള്ളവർക്കായി സൗരഭ്യം പരത്തി നിൽക്കുന്നത്. കൊഴിഞ്ഞു വീഴാറായ ദലമർമരമ്മങ്ങളിൽ കാറ്റേറ്റ് പിടിക്കുമ്പോളത് കണ്ടവൾ പലപ്പോഴും ഭയപ്പെട്ടു. ആ കൈകൾ മെല്ലെ ഉദരത്തിലൊന്ന് തലോടും.

ഒരു പകൽ മുഴുവൻ തുള്ളി വെള്ളം കുടിക്കാതെയും ആഹാരം കഴിക്കാതെയും പതി–പരമേശ്വരൻെറ ദീർഘായുസ്സിനും ഐശ്വര്യത്തിനുമായ് അവൾ 'കർവാചൗത്ത്' വ്രതം നോറ്റു.

വെളുത്ത് മഞ്ഞിച്ച കൈകളില് ഹേമാദീദി ഇട്ടു കൊടുത്ത മെഹന്ദി ഡിസൈൻ കണ്ടവൾ വിശപ്പും ദാഹവും ഒക്കെ മറന്നു.

സന്ധ്യയ്ക്ക് മാജി കൊടുത്ത വിലക്കുറഞ്ഞ ചുവന്ന സാരി ചുറ്റി ഉടുത്തൊരുങ്ങി. പിതാജി തന്ന ആഭരണങ്ങളൊക്കെയും ഇതുപോലുള്ള വിശേഷാവസരങ്ങളിൽ മാത്രമാണ് അവൾക്ക് അണിയാനായി കിട്ടിയിരുന്നത്.

അന്ന്, നിഖിലും നേരത്തെ എത്തി.

ഒക്ടോബറിന്റെ കുളിരിൽ പൂക്കുന്ന ഹർസിംഗാർ ചില്ലകൾക്ക് ഇടയിലൂടെ ചന്ദ്രബിംബം പതി

യെവളെ തൊട്ടു വിളിച്ചു.വെളുത്ത് നറുമണമേകിയ കുഞ്ഞിപ്പൂക്കളുമായി പവിഴമല്ലിയും ആ രാവിൽ നമ്രമുഖിയായി പൂത്തുലഞ്ഞു നിന്നു. ടെറസ്സിൽ ചെരാത് തെളിയിച്ച് നേർത്ത അരിപ്പയിലൂടെ പൂർണ്ണചന്ദ്രനെയും കണവനെയും യഥാവിധി പൂജിച്ച് നോക്കി കണ്ടതിന് ശേഷം മാത്രമേ സുമംഗലികൾ പതി-പരമേശ്വരൻ നല്കുന്ന മധുരവും, ജലപാനവും സ്വീകരിച്ച് അന്നത്തെ കഠിനവത്രം അവസാനിപ്പിക്കുന്നത്. ആഘോഷവും ഒരുക്കങ്ങളുമായി ആ ദിനവും കടന്നുപോയി.

പിന്നെയും ഒരാഴ്ച്ച വേഗം ഓടിയകന്നു. അവൾക്ക് ദേഹാസ്വസ്ഥതകൾ പെരുകുകയാണ്. കാൽപ്പാദം നീരുവെച്ച് വീർത്തിരിക്കുന്നു. കാൽ നിലത്തു കുത്താനാവുന്നില്ല.

ആശുപത്രിയിൽ പോകുന്ന കാര്യം നിഖിലിനോട് പറഞ്ഞിട്ടൊരു കാര്യവുമില്ലെന്ന് അവൾക്കറിയാം. അതിന് മാജി തന്നെ കനിയണം. പരിഭവങ്ങളേതുമില്ലാതെ, അതിനായവൾ കാത്തിരുന്നു.

ദിവസങ്ങൾ ചെല്ലുന്തോറും അവൾക്ക് അസ്വസ്ഥതകളേറി വന്നു. കാത്ത് കാത്തിരുന്ന് ഒരുനാൾ പിതാജി അവളെ വിളിച്ചു.

'ചുഡ്കി ബേട്ടാ കൈസീ ഹോ ?'

'അച്ഛീ ഹും.. പിതാജി'

ഉത്സാഹത്തോടെയവൾ പറഞ്ഞു.

മറുഭാഗത്തെ മധുരം കിനിയുന്ന സ്വരത്തിനായവൾ കാതോർത്തു. താനിതുവരെ ഡോക്ടറെ കാണാൻ പോയില്ലെന്ന് പിതാജിയോട് എങ്ങനെ പറയും? അവൾ സംശയിച്ചു. കടലോളം സ്നേഹം ഘനീഭവിച്ചൊരു പെരുമഴയായി അവളിലേക്ക് പെയ്തിറങ്ങി.

നനഞ്ഞൊരു പൂച്ചകുഞ്ഞിനെപോലെ അവൾ അരുമയോടെ ആ സ്നേഹവാത്സല്യത്തിനായ് കാതോർത്തു നിന്നു. 'മോളെന്താ... സന്തോഷവാർത്ത അറിഞ്ഞിട്ട് പിതാജിയെ വിളിക്കാഞ്ഞത്..?' അദ്ദേഹം അവളോട് പരിഭവിച്ചു

അവൾ സന്ദേഹിച്ചു. സന്തോഷ വാർത്തയോ..?

അതെന്താണെന്ന് അവൾ സ്വയം ചോദിച്ചു. ഉദരത്തിലുള്ളത് അല്ലാതെ പുതുതായൊന്നും തൻെറ ജീവിതത്തിലിപ്പോൾ സംഭവിച്ചിട്ടില്ല. അതും.. സന്തോഷ വാർത്ത..? അതിനിയൊട്ട് ഉണ്ടാവുമെന്നും തോന്നുന്നില്ല..

അവളുടെ മൗനം പിതാജിയിൽ ആകാംക്ഷയുളവാക്കി 'എന്താ മോളേ.. അവിടെ കുഴപ്പമൊന്നുമില്ലല്ലോ..? സുഖം തന്നെയല്ലേ??'

'ജീ പിതാജി...' അവളുടെ സ്വരം നേർത്തു വന്നു.

'നിനക്കൊരു സന്തോഷവാർത്ത ആകട്ടേന്ന് വിചാരിച്ചാണ് ഞാനാ അപ്പോയ്മെൻറ് ഓർഡർ

**ജീവിതരേഖ**

ആലപ്പുഴയിലെ മാവേലിക്കരയിലാണ് ജനനം. ഇപ്പോൾ കുടുംബസമേതം അലഹബാദിൽ സ്ഥിരതാമസം. ഒരു പ്രൈവെറ്റ് ഇൻകം-ടാക്സ് അഡ്വക്കേറ്റ്സ് ചേംബറിൽ അസോസിയേറ്റായി ജോലി ചെയ്യുന്നു. ആദ്യ കഥാസമാഹാരം 'കഥപറയും ചിത്രങ്ങൾ' ഭാഷ ബുക്സ് പ്രസിദ്ധീകരിച്ചു. രണ്ടാമത്തെ കഥാസമാഹാരം 'സ്നേഹനിരാസങ്ങൾ' ആമസോൺ കിൻഡിലിൽ പ്രസിദ്ധീകരിച്ചു.
2021-ൽ മികച്ച കഥയ്ക്കുള്ള അക്ഷരദീപം മാസികയുടെ പുരസ്കാരം ലഭിച്ചു. 2022 -ൽ പ്രതിലിപിയിൽ ഗോൾഡൻ ബാഡ്ജിനും അർഹയായി.

കൈപ്പറ്റാതെ അങ്ങോട്ടത്തെ അഡ്രസ്സിലേക്ക് അയച്ചത്. പാണ്ഡേജിയോടും വിളിച്ചു വിവരം പറഞ്ഞിരുന്നു...'

അവളുടെ ഉള്ളിലൂടെയൊരു മിന്നൽപ്പിണർ പാഞ്ഞുപോയി. ഹൃദയം അതിവേഗം പെരുമ്പറ കൊട്ടാൻ തുടങ്ങി.

'ബേട്ടാ.. നിനക്കോർമ്മയുണ്ടോ? ഇന്റർമീഡിയറ്റ് കഴിഞ്ഞു നിന്നെയും കൊണ്ട് ഞാനൊരു പരീക്ഷയെഴുതിക്കാൻ പോയത്?.. എൻെറ ബേട്ടിക്ക് പോസ്റ്റോഫീസിലാ ജോലി. മോള് വിഷമിക്കണ്ടാട്ടോ, നമുക്ക് പിന്നീട് സ്ഥലം മാറ്റിയെടുക്കാം..'

ആവേശം നിറഞ്ഞ പിതാജിയുടെ ശബ്ദം കേട്ടവൾ വീണു പോകാതെ ഭിത്തിയരുകിലേക്ക് ചേർന്ന് നിന്നു.

'സുമൻ യാദവ്!'

സ്വത്വം മറന്നവൾ

എങ്ങനെ ഓർമ്മിക്കാൻ..?

താനിവിടെ ബഹുവും ചോട്ടു കീ മമ്മിയുമായി നിറഞ്ഞാടുകയല്ലേ..?

അങ്ങനെയൊരു പേര് തനിക്കുണ്ടായിരുന്നോ..??

കൈയ്യിൽ നിന്നെപ്പോഴോ, ഫോൺ വഴുതി നിലത്തേക്ക് വീണു പോയിരുന്നു..

ഉള്ളിലൊരു മഹാസമുദ്രം ആർത്തിരമ്പുന്നുണ്ട്. അതെവിടെയെങ്കിലും ചിന്നിച്ചിതറി നാമാവശേഷം ആയിരുന്നെങ്കിൽ ...!

ഉള്ളിൽ നിന്നുയരുന്ന വിസ്ഫോടനങ്ങളമർത്തി ഗുങ്കട്ടും വായിലേക്ക് തിരുകിയവൾ ശിലപോലെ ഭിത്തിയിലേക്ക ചാരിയിരുന്നു...

ഇ-മലയാളി കഥാമത്സരം 2022

മൂന്നാം സ്ഥാനത്തെ ശ്രദ്ധേയ രചനകൾ



എ എൻ സാബു

# പ്രകാശേട്ടന്റെ മുയലുകൾ

അടുക്കളയിൽ എത്ര പണിത്തിരക്കുണ്ടെങ്കിലും തിമിർത്തു പെയ്യുന്ന മഴയും നോക്കി അല്പനേരം വരാന്തയിലിരിക്കുക ഒരു സുഖം തന്നെയാണ്. കാറ്റിൽ ആടിയുലയുന്ന വൃക്ഷത്തലപ്പുകൾക്കു മുകളിലൂടെ മഴയുടെ ഹുങ്കാരം അകന്നു പോവുന്നുണ്ടാവും. ഉച്ചത്തോർച്ചയിൽ ഒഴുകുന്ന മേഘത്തിനു കീഴെ, അടുത്ത പെയ്ത്തിനു മുന്നെ  പൊട്ടു പോലെ പറന്നകലുന്ന   പക്ഷികൾ. അതിനിടയിൽ സ്വന്തം പണിത്തിരക്കിനിടയിലും പ്രകാശൻ അരികെ വന്നിരിക്കും. കുട്ടികളില്ലാത്ത ഇടവേളകളിൽ കൊച്ചു കുസൃതികളുമൊപ്പിക്കും. 'അപ്പൂപ്പനായെങ്കിലും ..........' എന്നു പറഞ്ഞ് കള്ളനോട്ടവുമെറിഞ്ഞ് കുറച്ചു കൂടി അകന്ന് മാറിയിരിക്കുകയാണ് പതിവ്..

പിള്ളേരെ രണ്ടു പേരെയും കെട്ടിച്ചു വിട്ട ശേഷം അയാൾ കൂടുതൽ സ്വാതന്ത്ര്യത്തോടെയായിരുന്നു, അടുത്തു വന്നിരുന്നത്. അപ്പോഴൊക്കെ അകന്നു മാറാൻ ഒട്ടും തോന്നിയിട്ടില്ലെന്ന് സുമ ഓർത്തു.

ഇപ്പോൾ ,പ്രകാശേട്ടൻ പോയതിനു ശേഷമുള്ള ഈ ആദ്യ  മഴക്കാലം സുമക്ക് ഒട്ടും ആസ്വാദ്യകരമായി തോന്നിയില്ല. ടൈൽ പാകിയ  മുറ്റത്ത് മഴനൂലുകൾ വീണു ചിതറി, ചാലിട്ടൊഴുകി മൂലയിലെ പൈപ്പിലൂടെ ഒഴുകി മറയുന്നു. അരമതിലിനുമപ്പുറം പറമ്പിൽ,  പെയ്ത്തു വെള്ളം ചെറിയ തടാകം തീർത്തിരിക്കുന്നു.

മരിക്കുന്നതിന് മൂന്നു വർഷം മുമ്പാണ് മുയൽ വളർത്തൽ തലക്കു പിടിക്കുന്നത്. എന്തെങ്കിലും ഒന്നു മനസിൽ വീണാൽ പിന്നെ അത് നടത്തി എടുക്കുന്ന വരെ ഊണും ഉറക്കോം വിട്ടുള്ള ശ്രമം, അതാണ് പ്രകാശേട്ടൻ .





കുറഞ്ഞ സമയം കൊണ്ടു തന്നെ മുയൽ കൃഷി ലാഭകരമായ വിധത്തിലാക്കി.

എന്തുകൊണ്ടോ തനിക്ക് ആ സാധനങ്ങളെ കാണുന്നതേ കലിയായിരുന്നു. തീറ്റയായി കൊടുക്കുന്ന മുരിക്കിലയുടെ മത്ത് പിടിച്ച ഗന്ധം കേട്ടാൽ ഛർദി വരും. മുയൽക്കൂടിന്റെ പരിസരത്തെ കാബേജ് ചീഞ്ഞ ,ആ വെടക്ക് മണവും സുമക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു.

മുയലിന്റെ പ്രസവത്തിൽ അഞ്ചെട്ട് കുഞ്ഞുങ്ങളുണ്ടാവും, പ്രസവിച്ച ഉടനെ അവയെ അമ്മ മുയലിൽ നിന്നും മാറ്റി കിടത്തണമത്രേ. ചുണ്ടെലികളെപ്പോലുള്ള മുയൽ കുഞ്ഞുങ്ങളെ ഉണങ്ങിയ ചാക്കിന്മേൽ കിടത്തി താലോലിക്കുന്ന കണ്ടാൽ അറപ്പു വരും. എന്തായാലും അടുക്കളക്ക് പുറത്തെ ഇളംതിണ്ണക്കിപ്പുറം കൊണ്ടുവരാൻ സമ്മതിച്ചിട്ടില്ല.

മിണ്ടാപ്രാണികളായ മുയൽ കുട്ടികളോടുള്ള തന്റെ സമീപനം പ്രകേശട്ടന് അത്ര തൃപ്തിയല്ലായിരുന്നു, എങ്കിലും ഒന്നും എതിർത്തു പറഞ്ഞിരുന്നില്ലാന്നു മാത്രം.

കൂട്ടിൽ ഇനി തള്ളയും രണ്ടു കുട്ടികളും മാത്രം , ഒക്കെത്തിനേയും കൊടുത്തു കഴിഞ്ഞു. ഇതു തന്നെ പിള്ളേർ സമ്മതിക്കാത്തതു കൊണ്ടാണ്. അച്ഛന്റെ സ്നേഹഭാജനങ്ങളെ മൊത്തമായി കൈയൊഴിയാൻ മക്കൾക്ക് ഒരു മടി.

മഴ ഒന്നു ശമിച്ചിരിക്കുന്നു. കുടയും ടോർച്ചുമായി പറമ്പു മുഴുവൻ നടന്ന് ഒന്നു നോക്കുക തന്നെ , ഏതോ മരം ഒടിഞ്ഞു വീഴുന്ന ശബ്ദം കേട്ടിരുന്നു.

പുറത്തേക്കിറങ്ങാൻ കാത്തിരുന്ന പോലെ, അതുവരെ ചന്നം പിന്നം പെയ്തു കൊണ്ടിരുന്ന മഴ കുറച്ചു കൂടി ശക്തി പ്രാപിച്ചു. വീശിയടിച്ച കാറ്റ് നൈറ്റിയെ നനച്ചു, ചെരുപ്പിൽ നിന്ന് തെറിക്കുന്ന മണ്ണ് കണങ്കാലിന് പുറകിൽ പറ്റിപ്പിടിച്ചിരുന്നു.

കുളത്തിനു സമീപമെത്തി ടോർച്ചടിച്ചപ്പോൾ മഞ്ഞ നിറത്തിൽ പഴുത്ത കുടംപുളികൾ വെള്ളത്തിനു മീതെ പമ്പി നടക്കുന്നു, കാറ്റിന്റെ ശക്തിക്കനു സരിച്ച് വീണ്ടും പാകമായ പുളികൾ ഗ്ലും ശബ്ദത്തോടെ മരത്തിൽ നിന്നും വീണുകൊണ്ടിരുന്നു.

അറ്റത്ത് വലകെട്ടിയ തോട്ടി കൊണ്ട് നാളെ എല്ലാം കോരിയെടുക്കണം .

കഴിഞ്ഞ വർഷം അമ്പത് കിലോയോളം ഉണങ്ങിയ പുളിയാണ് പ്രകാശേട്ടൻ വിറ്റത്. ഇത്തവണ തന്റെ ശ്രമം അത്രക്കങ്ങ് ആവുന്നില്ല.

അരികെ തന്നെ പന്തലിട്ടു പടർത്തിയിട്ടുള്ള പാഷൻ ഫ്രൂട്ട് വള്ളിയിൽ നിന്നും പഴുത്ത കായകൾ കാറ്റിൽ താഴെ വീണു കിടക്കുന്നു. കുടയും പിടിച്ച് അതൊന്നും ഇപ്പോൾ എടുക്കാൻ പറ്റില്ല, രാവിലെ തന്നെ എല്ലാം പെറുക്കി വക്കണം, മൂത്തവളുടെ കുട്ടികൾക്ക് പ്രിയപ്പെട്ടവയാണ്.

മുയൽ കൃഷി തുടങ്ങിയ ഉടനെ, അവക്ക് തീറ്റ നൽകാനായി നട്ടുവളർത്തിയ മുരിക്ക് മരമാണ് ഒടിഞ്ഞു വീണിരിക്കുന്നത്, മൂന്ന് വർഷം കൊണ്ട് വലിയ മരമായി കഴിഞ്ഞിരുന്നു, അത്.

മുരിക്ക് ഒടിഞ്ഞു വീണിട്ടുള്ളത് മുയലിൻ കൂടിന്റെ പുറത്തേക്കാണ് , കൂട് തകർന്നിരിക്കുന്നു.

ആ മൂന്ന് മുയലുകൾക്ക് എന്തെങ്കിലും പറ്റിയോ ആവോ ?. സുമ, തകർന്നു കിടക്കുന്ന മുയൽക്കൂടിനടുത്ത് ചെന്ന് ടോർച്ചടിച്ചു നോക്കി.

മരത്തിന്റെ വീഴ്ചയിൽ പൂർണമായും തകർന്ന കൂട് മഴയിൽ നനഞ്ഞുകുതിർന്ന് കിടന്നു . കൂടിനകത്ത് വച്ചിരുന്ന പാത്രങ്ങളിൽ മഴവെള്ളം നിറഞ്ഞിരിക്കുന്നു. മൊത്തം നോക്കിയെങ്കിലും മുയലിനെയോ കുഞ്ഞുങ്ങളേയോ എങ്ങും കാണാനില്ലായിരുന്നു.

ചുറ്റിനും ടോർച്ചടിച്ച് പരിശോധിച്ച് വേലിയുടെ അടുത്തു വരെ ചെന്നു. വേലിയോട് ചേർന്ന് വളർന്നു നിന്ന പുൽക്കാട്ടിലേക്ക് എന്തോ ഓടി മറയുന്ന ശബ്ദം സുമയെ വല്ലാതെ പേടിപ്പിച്ചു. അവൾ തിരികെ നടന്നു

തുടങ്ങി .

മുയൽക്കൂടിനടുത്ത് കുറുക്കന്റെ പോക്കുവരവിനെ കുറിച്ച് പ്രകാശേട്ടൻ പറയാറുള്ളത് സുമ ഓർത്തു. കഷ്ടം , മരം ഒടിഞ്ഞു വീഴുന്ന കേട്ടപ്പോ തന്നെ വന്നു നോക്കേണ്ടതായിരുന്നു. ആ അമ്മയുടെയും കുഞ്ഞുങ്ങളുടെയും ദൈന്യാവസ്ഥയോർത്ത് സുമയുടെ ഉള്ള് നീറി. പ്രകാശേട്ടനുള്ളപ്പോൾ മഴക്കിടെ എത്ര തവണ കൂടു പരിശോധിക്കുമായിരുന്നു. രാത്രിയിൽ ഒരുറക്കം കഴിഞ്ഞിട്ടു പോലും ടോർച്ചുമായി ഇറങ്ങി പോവുന്നത് കാണാം. സുമയുടെ ഉള്ളിൽ നിന്ന് ഒരു ദീർഘനിശ്വാസം പുറത്തു വന്നു.

ഇളം തിണ്ണയിലേക്ക് കയറുമ്പോൾ ഇറയത്ത് എന്തോ അനങ്ങുന്നതായി തോന്നി. ടോർച്ച് അങ്ങോട്ട് തെളിച്ചപ്പോൾ അമ്മയും കുഞ്ഞുങ്ങളും തണുത്തു വിറച്ചിരിക്കുന്നു. പെട്ടെന്ന് മനസിൽ സമാധാനത്തിന്റ ഒരു കണിക വന്നു വീണു. തണുപ്പിൽ നിന്ന് രക്ഷക്കായി പരസ്പരം ഒട്ടിച്ചേർന്നിരിക്കുന്നതു കണ്ടതും ഉള്ളിൽ ഒരു വിഷമം . പ്രകാശേട്ടനാണെങ്കിൽ എത്ര സങ്കടപ്പെടുമായിരുന്നു.

ഇറയത്തേക്കിറങ്ങി കൈ കാണിച്ചപ്പോൾ തന്നെ അവ ഇളം തിണ്ണയിലേക്ക് കയറി ഇരുന്നു. അടുക്കളയുടെ വാതിൽ തുറന്ന് അകത്തേക്ക് ക്ഷണിച്ചപ്പോൾ ഭാഷ മനസിലായതു പോലെ അകത്തേക്ക് കയറി അടുക്കളയുടെ ഒഴിഞ്ഞ മൂലയിൽ പോയിരുന്നു.

എന്ത് അനുസരണയുള്ള ജീവികൾ, ഇവയെയാണല്ലോ താൻ നികൃഷ്ടജീവികൾ എന്നാക്ഷേപിച്ചിരുന്നത്. കൂട് തകർന്നപ്പോൾ നല്ലതുപോലെ നനഞ്ഞു കാണണം.

തണുപ്പകറ്റാൻ പരസ്പരം മുട്ടിയുരുമ്മിയാണ് ഇവിടെയും അവയുടെ ഇരുപ്പ് .

നേരത്തേ ചെന്നു നോക്കാത്തതിൽ വല്ലാത്ത കുറ്റബോധം തോന്നി. സ്റ്റോർ റൂമിൽ നിന്ന് രണ്ട് ഉണങ്ങിയ ചാക്കുകൾ കൊണ്ടുവന്നു സമീപത്ത് വിരിച്ചിട്ടയുടൻ മൂന്നു പേരും ചാക്കിന്മേൽ കയറിയിരുന്നു.

ഇന്ന് തീറ്റയായി ഒന്നും കൊടുത്തിട്ടില്ല എന്ന് അപ്പോഴാണ് ഓർത്തത്.

വാതിൽ തുറന്ന് കുടയും ടോർച്ചുമായി വീണു കിടക്കുന്ന മുരിക്ക് മരത്തിനടുത്തേക്കു നടന്നു. പെട്ടെന്ന് വന്ന കാറ്റ് മഴത്തുള്ളികളെക്കൊണ്ട് ദേഹമാസകലം നനച്ചു. തണുപ്പിന്റെ സൂചികൾ ദേഹമാസകലം കുത്തിക്കയറി.

അടർത്തിയെടുത്ത മുരിക്കിലത്തണ്ടുകൾ അവർക്കു മുന്നിൽ വച്ചപ്പോൾ ക്ഷമയോടെ കരു കരാ ശബ്ദമുണ്ടാക്കി തിന്നു തുടങ്ങി . മുയലുകൾ തീറ്റ തിന്നുന്നത് ഇത്രയും അടുത്തിരുന്നു കാണുന്നത് ആദ്യം. കൂർത്ത ചുണ്ടുകൾ ക്കിടയിലൂടെ, പല്ലുകൾക്കിടയിലൂടെ ഇലകൾ കരുകരാ അപ്രത്യക്ഷമാവുന്നു . ഒന്നു തീരുമ്പോൾ അടുത്തത് എന്ന രീതിയിൽ അവ തിന്നു കൊണ്ടിരുന്നു. ഇടക്കിടെ തന്റെ മുഖത്തേക്കും നോക്കും . എത്ര മനോഹര കാഴ്ച, ഇത്രയുംനാൾ താൻ ഇതൊന്നും ശ്രദ്ധിച്ചില്ലല്ലോ?

സമീപത്തുതന്നെ തറയിൽ ഇരുന്നു, കുഞ്ഞുങ്ങളുടെ മേൽ തലോടി. തീറ്റ നിർത്തി അവ സുമയെ ശ്രദ്ധിച്ചു തുടങ്ങി. മെല്ലെ അവളുടെ മടിയിലേക്ക് കയറിയിരുന്നു.

പ്രകാശേട്ടന്റെ വാക്കുകളാണോർ ത്തത് ,മുയലുകൾ വൃത്തിയുള്ള പാവം ജീവികളാണ്. തലോടുമ്പോൾ അനങ്ങാതെ ആസ്വദിച്ചിരിക്കുന്ന പൈക്കിടാങ്ങളെ പോലെയായിരുന്നു. അവയുടെ ജീവന്റെ വിറയൽ സുമക്ക് തന്റെ തുടയിൽ അനുഭവപ്പെട്ടത് ഒരു അനുഭൂതിയായി. ഇതാണ് പ്രകാശേട്ടൻ പറയുന്ന നിർവൃതി. ഏട്ടൻ ജീവിച്ചിരുന്ന കാലം ഇതൊന്നും അനുഭവിക്കാൻ കഴിഞ്ഞില്ല.

മുയൽക്കുട്ടികൾ തലോടലിൽ മയങ്ങി അനങ്ങാതെ മടിയിലിരുന്നു. അനസരണയോടെ അവ , മടിയിൽ മയങ്ങുമ്പോൾ ഭൂതകാലത്ത് പലതും നഷ്ടമാക്കി എന്നു തോന്നി. പ്രകാശേട്ടൻ ഈ ലോകത്തേക്കല്ലേ തന്നെ ക്ഷണിച്ചു കൊണ്ടിരുന്നത്.

ഇപ്പോൾ ഏട്ടൻ സമീപത്തു തന്നെ നിന്ന് സന്തോഷിക്കുന്നുണ്ടാവും. അല്ലെങ്കിലും നിനക്ക് ബുദ്ധി അൽപം പതുക്കെയാണല്ലോ? പ്രകാശേട്ടന്റെ പതിവു ശബ്ദം മുഴങ്ങിക്കേട്ടു .

സുമ ചുറ്റിനും നോക്കി. അടുക്കളയിലെ തെളിഞ്ഞു നിന്ന ബൾബിനുചുറ്റും പ്രാണികൾ പറന്നു കൊണ്ടിരുന്നു.

കണ്ണിൽ ഉരുണ്ടുകൂടിയ രണ്ടുതുള്ളികൾ അടർന്ന് മുയൽക്കുട്ടിയുടെ ദേഹത്തെ രോമക്കാട്ടിൽ വീണ് അപ്രത്യക്ഷമായി.

പുറത്ത് മഴ വീണ്ടും ശക്തി പ്രാപിച്ചു.

**ജീവിതരേഖ**

തൃപ്പൂണിത്തുറക്കടുത്ത് ഉദയംപേരൂരാണ് താമസം. സോഷ്യൽ മീഡിയയിലും ആനുകാലികങ്ങളിലും കഥകൾ എഴുതി വരുന്നു. പുറമ്പോക്കിലെ പേര എന്ന പേരിൽ കഥാസമാഹാരംപ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറോളം കൂട്ടായ്മ സമാഹാരങ്ങളിലും സൃഷ്ടികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ansabu2003@gmail.com

ഇ-മലയാളി കഥാമത്സരം 2022

പ്രത്യേക സമ്മാനം

അതിജീവനത്തിൻറെ അവസാന പാഠവും ചൊല്ലി അഞ്ജു അരുൺ വിട വാങ്ങി. കഥാമത്സരത്തിൽ പങ്കെടുത്തു ഫലത്തിന് കാത്തു നിൽക്കാതെ ജീവിതത്തിൽ നിന്ന് തന്നെ വിടവാങ്ങിയ പ്രിയ കഥാകാരിയുടെ ഈ രചന അവർക്കുള്ള ആദരാഞ്ജലി കൂടിയാണ്



അഞ്ജു അരുൺ

# അതിജീവനം

അനു... മോളെ..... നീ ശരിക്കും ആലോചിച്ചിട്ടാണോ ഇങ്ങനെ ഒരു തീരുമാനമെടുത്തത്..

അതെ പപ്പാ ... ഞാൻ ശരിക്കും ദിവസങ്ങൾ ആലോചിച്ചെടുത്ത തീരുമാനമാണിത്...

അനു... ഞാൻ പറയുന്നത്.... ഇവിടിപ്പോ നിനക്കു താഴെ ഒരാളുകൂടിയുണ്ടെന്നു നി ഓർക്കണം.... നാളെ.... നീ കാരണം അവൾക്ക് നല്ലൊരു ബന്ധം കിട്ടാതിരിക്കരുത്.

അതുമാത്രമല്ല, ഇനി ജീവിതകാലം മുഴവൻ ഇവിടെ തന്നെ നിൽക്കാനാണോ നിന്റെ തീരുമാനം?..

അങ്ങനെയാണെങ്കിൽ നമ്മുടെ ബന്ധുക്കളും നാട്ടുകാരുമൊക്കെ എന്തു വിചാരിക്കും....

വിചാരിക്കുന്നതാണോ.... നിന്റെ കുറ്റം കൊണ്ടാണന്നല്ലേ അവര് പറയുള്ളൂ......

* * * * *

ഇത് പൂമറ്റം വീട്. പൂമറ്റം വീട്ടിലെ ജോൺസനും ഭാര്യ സിസിലിക്കും രണ്ടു മക്കൾ. അനുവും സോനയും...

അത്ര വലിയ സമ്പന്നകുടുംബമൊന്നുമല്ലെങ്കിലും അല്ലലില്ലാതെ കഴിയുവാനുള്ള ആദായമൊക്കെ പറമ്പിൽ നിന്നും ലഭിച്ചിരുന്നു. പിന്നെ ജോൺസന് ടൗണിൽ സ്വന്തമായി ഒരു ബേക്കറി ഷോപ്പ് ഉണ്ട്. അതിൽ നിന്നുമുള്ള വരുമാനവും കൂടി ആവുമ്പോൾ ആ കുടുംബം സസന്തോഷം ഓരോ ദിനവും ദൈവവിശ്വാസത്തിൽ അടിയുറച്ചു ജീവിച്ചുപോന്നു .

തങ്ങളുടെ മക്കളുടെ ഇഷ്ടങ്ങളെക്കാൾ മറ്റുള്ളവരെക്കൊണ്ട് കൊണ്ട് നല്ലതെന്നു പറയിപ്പിക്കുവാനും, മറ്റുള്ളവരെക്കാൾ ഒരു പടിയെങ്കിലും മുന്നിൽ തന്റെ മക്കൾ നിൽക്കണം എന്നും ആഗ്രഹിക്കുന്നവരായിരുന്നു ജോൺസനും സിസിലിയും.

പഠനത്തിനും കലാരംഗത്തും മികവ് പുലർത്തിയിരുന്നവരാമായിരുന്നു അനുവും സോനയും.

അനു ബിബിഎ കഴിഞ്ഞു എംബിഎക്ക് ചേർന്ന ഏകദേശം രണ്ടുമാസം കഴിഞ്ഞപ്പോഴാണ് അവൾക്ക് സാമിന്റെ വിവാഹാലോചന വന്നത് ...

കണ്ടാൽ ആരും കുറ്റം പറയാത്തവിധം സൗന്ദര്യമുള്ള സുമുഖനായ ചെറുപ്പക്കാരൻ... സാം.... കാനറാ ബാങ്ക് അസിസ്റ്റന്റ് മാനേജർ... മൂന്നാറിൽ നാലഞ്ച് ഏക്കറോളം വരുന്ന ഏലത്തോട്ടത്തിന്റെ ഏക അവകാശി... എന്തു കൊണ്ടും നല്ല ബന്ധം....

അതുകൊണ്ടാവാം തനിക്കിപ്പോ ഒരു വിവാഹം വേണ്ടന്നും, തനിക്ക് പഠിച്ചു ഒരു ജോലി വാങ്ങി സ്വന്തം കാലിൽ നിന്നിട്ട് മതി വിവാഹമെന്നുപറഞ്ഞു കരഞ്ഞ അനുവിന്റെ വാക്കുകൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ ജോൺസൻ സാമുമായുള്ള വിവാഹം അത്യാർഭാടാമായിത്തന്നെ നടത്തി.

വിവാഹം കഴിഞ്ഞ ആദ്യ നാളുകളിൽ അനുവിനെ സ്നേഹം കൊണ്ട് വിർപ്പുമുട്ടിച്ചവർ പതിയെ പതിയെ അവരുടെ തനിനിറം പുറത്തെടുത്തു...

അനു ചെയ്യുന്ന എന്തിലും കുറ്റങ്ങൾ മാത്രം കണ്ടെത്തുന്നവർ, നിസാര കാര്യങ്ങൾക്ക് പോലും ദേഹോപദ്രവും അനുവിന് അവിടെ ഏൽക്കേണ്ടതായി വന്നു. കൂടാതെ സാമിന്റെ മദ്യപാനവും... ഒപ്പം സാമിന്റെ സംശയരോഗം മൂലം ഓരോ ദിനവും അനു എൽക്കേണ്ടി വന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ വേറെയും...

അവർക്ക് അവരുടെ വീട്ടിലെ ശമ്പളമില്ലാത്ത ഒരു ജോലിക്കാരി മാത്രമായിരുന്നു അനു ... സാമിനെ സംബന്ധിച്ചിടത്തോളം അവൾ അവന്റെ താല്പര്യങ്ങൾ തീർക്കുവാനും മറ്റുമുള്ള വെറുമൊരു ഉപകരണം മാത്രമായിരുന്നു.

ആരോടും ഒരു പരാതിയും പറയാതെ, തന്റെ സങ്കടങ്ങൾ ഉള്ളിലൊതുക്കി അവൾ പരമാവധി അവിടെ പിടിച്ചു നിന്നു. പക്ഷെ ഒടുവിൽ സാമിന്റെ കൂട്ടുകാർക്കു വേണ്ടിയും കിടക്ക വിരിക്കേണ്ടി വന്നപ്പോൾ അവി

ടെ നിന്നും പടിയിറങ്ങി.

അതിന്റെ ഭാഗമായുള്ള സംസാരമാണ് മുകളിൽ കണ്ടതും ഇനി കാണാനിരിക്കുന്നതും ...

* * * * *

പ്ലീസ് പപ്പാ..... മതി... നിർത്ത്... ബന്ധുക്കളെന്തു വിചാരിക്കും

നാട്ടുകാരെന്തു പറയും.... ഇതൊക്കെയാണ് അപ്പൊ പപ്പയുടെ പ്രശ്നം...ല്ലേ....

അപ്പൊ.... ഞാനവിടെയനുഭവിച്ച വേദനയും ദുരിതവുമെന്നും പപ്പയ്ക്ക് ഒരു വിഷയമല്ല ല്ലേ.... ഓരോ ദിനവും നീറി നീറിയാ ഞാനവിടെ കഴിഞ്ഞിരുന്നതെന്നു പറഞ്ഞിട്ടും.... പപ്പാ ഇപ്പോഴും സാമിനെയും വീട്ടുകാരെയുമാ ന്യായീകരിക്കുന്നത്....

അല്ല.... മമ്മിക്കും പപ്പയുടെ അഭിപ്രായം തന്നെയാണോ.... ഞാൻ കാരണം ബന്ധുക്കളിൽ നിന്നും നാട്ടുകാരിൽ നിന്നും ഉണ്ടാവുന്ന ചോദ്യങ്ങളെയും പരിഹാസങ്ങളെയും മമ്മിയും പേടിക്കുന്നുണ്ടോ...

അനു.... മോളെ നമ്മൾ പെണ്ണുങ്ങൾ കുറച്ചൊക്കെ കണ്ടിട്ടും കാണാത്തപോലെയും, കേട്ടിട്ടും കേൾക്കാത്തപോലെയും നടിക്കണം.... ... ഒരു പെൺകുട്ടിയുടെ വിവാഹം കഴിഞ്ഞാൽ പിന്നെ, അവൾ വലതുകാൽ വച്ച് കയറി ചെല്ലുന്നതാണ് പിന്നെ അവളുടെ വീട്.... അവിടെ പല വിധത്തിലുള്ള പ്രശ്നങ്ങളുണ്ടായാലും അതെല്ലാം സഹിച്ചു ഭർതൃഗൃഹത്തിൽ കഴിയാൻ വിധിക്കപ്പെട്ടവളാണ് ഓരോ പെൺകുട്ടിയും.... അത് ഇനിയെങ്കിലും എന്റെ മോള് മനസ്സിലാക്കണം....

കൊള്ളാം... മമ്മി.... കൊള്ളാം.... നന്നായിട്ടുണ്ട്.......

എന്നെക്കുറിച്ചെന്താ ആരും ഒരല്പം പോലും ചിന്തിക്കാത്തെ. അവിടെ ഓരോ ദിവസവും ഞാൻ അനുഭവിച്ച വേദനകളെക്കുറിച്ചെന്താ ആരും ഓർക്കാത്തെ... .... അതാ എനിക്കിനിയും മനസിലാവാത്തത്....

നോക്ക് പപ്പാ.... കെട്ടുപ്രായമായ മകളെ ആണൊരുത്തന്റെ കയ്യിൽ ഏൽപ്പിക്കുക എന്നത് അവളുടെ മാതാപിതാക്കളുടെ കടമയാണ്.

പക്ഷേ ഒരിക്കലും കല്യാണമല്ല ഒരു പെൺകുട്ടിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടത്.... അതെന്നാ നിങ്ങളൊക്കെ മനസിലാക്കുന്ന.

ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ ഏറ്റവും പ്രധാനം അവളുടെ വിദ്യാഭ്യാസമാണ്.

ഒരു ജോലി നേടി സ്വന്തം കാലിൽ നിൽക്കുകയെന്നതാണ് .....

പഠനത്തെയും ജോലിയെയും കുറിച്ച് നിറമുള്ള ഒരുപാട് സ്വപ്നങ്ങൾ കണ്ടിരുന്ന എന്നെ ഒരു വിവാഹത്തിന്റെ പേരിൽ ഒരു ദുരിതത്തിന്റെ നിലയില്ലാക്കയത്തിലേക്ക് നിങ്ങളെല്ലാവരും കൂടി തള്ളിവിട്ടത് എന്തിനായിരുന്നു ???

ഞാൻ സന്തോഷത്തോടെ ജീവിക്കാൻ വേണ്ടി.... പെട്ടന്ന് തന്നെ എന്റെ ഭാവി സുരക്ഷിതമാക്കാൻ വേണ്ടി. ന്നിട്ട്.... എന്നിട്ടിപ്പോൾ എന്തായി പപ്പാ...

അനുവിന്റെ ചോദ്യങ്ങൾക്കൊന്നും ജോൺസന്റെ മുമ്പിൽ ഉത്തരമില്ലായിരുന്നു...

അനു സിസിലിയോടായി തുടർന്നു...

മമ്മി പറഞ്ഞു... നമ്മൾ പെണ്ണുങ്ങൾ കുറെയൊക്കെ സ്നേഹിക്കുകയും ക്ഷമിക്കുകയും വേണമെന്ന്...

എന്തൊക്കെയായിരുന്നു ഞാൻ അഡ്ജസ്റ്റ് ചെയ്യേണ്ടിയിരുന്നത്.... എന്തൊക്കെയായിരുന്നു ഞാൻ സഹിക്കേണ്ടിയിരുന്നതും ക്ഷമിക്കേണ്ടിയിരുന്നതും.... ....

സാമിന്റെ മദ്യപാനമോ.... അതെ തുടർന്നുള്ള ദേഹോപദ്രവാമോ.... അതോ സാമിന്റെ അമിതമായ ചീത്തകൂട്ട്കെട്ടോ... ........

ഇനി സാമിന്റെ ഒടുക്കത്തെ സംശയരോഗമോ... ....

ഇതെല്ലാം കുറെയൊക്കെ സഹിച്ചു.... പരമാവധി അഡ്ജസ്റ്റ് ചെയ്തു....

ഒക്കെ പോട്ടെ..... ഞാനും വേദനകളും ക്ഷീണവുമൊക്കെയുള്ള ഒരു മനുഷ്യജീവിയാണെന്നുള്ള പരിഗണന..... അതെങ്കിലും എനിക്ക് തന്നുടെ ..... അതോ മമ്മി പറഞ്ഞതുപോലെ പെണ്ണായത് കൊണ്ട് ആ പരിഗണനയും എനിക്ക് വേണ്ട എന്നാണോ.... പെണ്ണിന് ഒരു പരിഗണനയ്ക്കും അർഹതയില്ലെന്നാണോ ഹ...

ഒടുവിൽ അയാളുടെ കൂട്ടുകാർക്ക് വേണ്ടിയും ഞാൻ കിടപ്പറ പങ്കിടണമെന്നുള്ള അവസ്ഥ വന്നപ്പോ ഒരുമുഴം കയറിൽ ഈ നശിച്ച ജീവിതം തന്നെയങ്ങ് അവസാനിപ്പിക്കാൻ ഒരുങ്ങിയതാ ഞാൻ...

പക്ഷെ.. അതിന് മുൻപ് ഞാനറിഞ്ഞു... എന്റെ ഉള്ളിൽ ഒരു കുരുന്നു ജീവൻ കൂടി തുടിക്കുന്നുണ്ടെന്ന്.... ആ സത്യം തിരിച്ചറിഞ്ഞപ്പോൾ തോന്നി... നിറമുള്ള ഈ ലോകം കാണാൻ കൊതിച്ചു കഴിയുന്ന ആ കുരുന്നിനെക്കൂടി മരണത്തിന്റെ വായിലേക്ക് എറിഞ്ഞു കൊടുക്കേണ്ടന്ന്... അവനു വേണ്ടി... അല്ലെങ്കിൽ അവൾക്ക് വേണ്ടി എനിക്ക് ഇനിയും ജീവിക്കണമെന്ന്...

മോളെ... നീ പറഞ്ഞു വരുന്നത്... വിശ്വസിക്കുവാൻ ആവാതെ സിസിലി മകളുടെ മുഖത്തേക്ക് നോക്കി.

അതെ മമ്മി... ഞാൻ പ്രെഗ്നന്റ് ആണ്... എന്റെ ഉള്ളിൽ ഒരു കുരുന്നു ജീവൻ തുടിക്കുന്നുണ്ട്.. ആ കുഞ്ഞിന് വേണ്ടി എനിക്ക് ജീവിക്കണം...

അതിന്... ഇനിയും..... ഇനിയും.... അവിടെ തുടർന്നാൽ പറ്റില്ലന്ന് എനിക്ക് ബോധ്യമായി.... അതുകൊണ്ടാ ഞാൻ അവിടെ നിന്നും ഇറങ്ങിയത്.... ഇനി... അവിടേക്ക് ഒരു തിരിച്ചുപോകില്ല.... ആ നശിച്ച വീട്ടിലേക്കും... അയാളുടെ ജീവിതത്തിലേക്കും....

അനു..

ഒരു കിതപ്പോടെ പറഞ്ഞു നിർത്തി....

പിന്നെ.... പപ്പായും മമ്മിയും പേടിക്കുന്നത് പോലെ ഇനിയുള്ള കാലം മുഴുവൻ ഞാൻ ഇവിടെ നിൽക്കാ

നൊന്നും പോകുന്നില്ല.... ഒരിക്കലും ഞാനും എന്റെ കുഞ്ഞും നിങ്ങൾക്കൊന്നും ഒരു ബാധ്യതയാവില്ല.... അതുപോലെ നാളെ സോനയ്ക്ക് ഒരു നല്ല ജീവിതം ഉണ്ടാകുന്നതിന് ഞാനൊരിക്കലും ഒരു തടസ്സമാവില്ല....

ഒന്നുരണ്ടാഴ്ച ഇവിടെ നിങ്ങളോടെല്ലാരോടുമൊപ്പം സന്തോഷത്തോടെ കഴിയണമെന്നും മനഃസമാമാദാനത്തോടെ ഒന്നുറങ്ങണമെന്നുമുള്ള അതിയായ ആഗ്രഹത്തോടെയാ ഞാനിവിടേക്ക് വന്നത്....

പക്ഷെ ഇനി.. ഇനി ഞാനിവിടെ തുടരുന്നില്ല.. പോവുകയാണ്....

എവിടേക്ക്.... ഈയൊരാവസ്ഥയിൽ നീ എവിടേക്ക് പോകാനാ മോളെ...

സിസിലി ആദിയോടെ ചോദിച്ചു...

മമ്മി പേടിക്കണ്ട.... ഞാൻ എറണാകുളത്തേക്ക് ആണ് പോകുന്നത്. എന്റെ കൂടെ ബിബിഎ പഠിച്ച നിമിഷ അവിടെ ഒരു കമ്പനിയിലാണ് വർക്ക് ചെയ്യുന്നത്... അവിടെത്തന്നെ എനിക്കും ഒരു ചെറിയ ജോലിയും അവൾ ശരിയായിട്ടുണ്ട്...

അവൾ പെയിഗ് ഗസ്റ്റ് ആയി താമസിക്കുന്ന വീട്ടിൽ തന്നെ എനിക്ക്  താമസ സൗകര്യവും ഒരുക്കിയിട്ടുണ്ട്. തൽക്കാലം അവിടെ കൂടാം. പിന്നെ ഡെലിവറിക്ക് അടുക്കുമ്പോഴേക്കും എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കാം. ദൈവം അങ്ങനെയൊന്നും എന്നെ കൈവിടില്ല.

അനു പറഞ്ഞു നിർത്തി.

എന്നാലും മോളെ ഈ ഒരു സമയത്ത് അമ്മയുടെ കരുതലും സാമിപ്യവും  അത്യാവശ്യമാണ് അപ്പോൾ നീ പോയാൽ...

സിസിലിയുടെ വാക്കുകളിൽ മകളോടുള്ള സ്നേഹവും കരുതലും നിറഞ്ഞു നിന്നിരുന്നു.

വേണ്ട മമ്മി.... ഇനിയും ഞാൻ ഇവിടെ നിന്നാൽ ശരിയാവില്ല... മമ്മി ഒന്നുകൊണ്ടും പേടിക്കേണ്ട..  ഈ അനു.... ഇനി ആരുടെ മുന്നിലും തോറ്റു കൊടുക്കാൻ തയ്യാറല്ല. എനിക്ക് ജീവിക്കണം കുഞ്ഞിനുവേണ്ടി....

തുടർന്ന് അനു മുറിയിലേക്ക് പോയി, ബാഗുമെടുത്ത് പെട്ടെന്നുതന്നെ പുറത്തേക്കുവന്നു ആരോടും യാത്ര ചോദിക്കാതെ അവൾ പൂമറ്റം വീടിന്റെ പടിയിറങ്ങി.. ആ സമയം അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നുവോ....

ഇല്ല.....  ആ കണ്ണുകൾ  ഇനി.... നിറയില്ല എന്നവൾ ദൃഢപ്രതിജ്ഞ എടുത്തിരുന്നു.

* * * * *

നാളുകൾ പോയിമറഞ്ഞു... അനു... ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ഇതിനിടയിൽ അനുവും സാമുമായുള്ള   വിവാഹമോചനവും നടന്നു. അനേകരെ സാക്ഷിനിർത്തി സാം തന്റെ കഴുത്തിൽ ചാർത്തിയ മിന്നും, തന്റെ കയ്യിൽ സാം അണിയിച്ച മോതിരവും സാമിന് ഊരി തിരികെ നൽകുമ്പോൾ തന്റെ കണ്ണുകൾ അനുസരണക്കേട് കാട്ടിയേക്കുമോയെന്നവൾ ഭയപ്പെട്ടു... പക്ഷെ അവളുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ അവളുടെ കണ്ണുകളും അവളോടൊപ്പം നിന്നു.

ആരുടെയും സഹായമില്ലാതെ, യാതൊരു അല്ലലുമറിയിക്കാതെ തന്നെ അനു തന്റെ മകളെ  വളർത്തി . ഇതിനിടയിൽ അനു, ഡിസ്റ്റൻന്റ് എഡ്യൂക്കേഷൻ വഴി മുടങ്ങിപ്പോയ തന്റെ പിജി പഠനം പൂർത്തിയാക്കുകയും, psc  എഴുതി നല്ലൊരു സർക്കാർ ജോലി നേടിയെടുക്കുകയും ചെയ്തു..... എല്ലാത്തിനും നിശബ്ദ പിന്തുണയെന്നോണം നിമിഷ അവൾക്കൊപ്പമുണ്ടായിരുന്നു.

ഇന്ന് അനുവിന്റെ മകൾ അനുസാന്ദ്രയെന്ന സാന്ദ്രയുടെ കോൺവൊക്കേഷൻ ചടങ്ങ് ആണ്.... ആരുടേയും സഹായമില്ലാതെ അനു തന്റെ മകളെ പഠിപ്പിച്ചു ഡോക്ടറാക്കി... ഇന്ന് സാന്ദ്ര ഒരു ഡോക്ടറായി പ്രതിജ്ഞ ചെയ്തുകൊണ്ട് ഡോക്ടർസ് ഡിഗ്രി മേടിക്കുന്ന ചടങ്ങ്...

ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തിയിൽ നിന്നും ആ കോളേജിലേ റാങ്ക് ഹോൾഡറായി ഡോക്ടർസ് ഡിഗ്രി ഏറ്റുവാങ്ങുന്ന മകളെ നോക്കിയിരിക്കെ അനുവിന്റെ കണ്ണുകളിൽ ഒരു തുള്ളി കണ്ണുനീർ പൊടിഞ്ഞു.

പക്ഷെ ആ കണ്ണുനീർ വിജയത്തിന്റെ,   സന്തോഷത്തിന്റെ  കണ്ണുനീരാണ്..... വിജയത്തിന്റെ തിളക്കമാണ് ചുണ്ടുകളിൽ നിറഞ്ഞുനിൽക്കുന്ന ആ പുഞ്ചിരി.  അതിജീവനത്തിന്റെ പുഞ്ചിരി....

തളർന്നു പോകുമ്പോൾ തോറ്റു കൊടുക്കാനുള്ളതല്ല ജീവിതം എന്ന് ഏതൊരു പെണ്ണിനേയും ഓർമ്മിപ്പിക്കുന്ന അതിജീവനത്തിന്റെ പുഞ്ചിരി.

ഇത് അനുവിന്റെ മാത്രം കഥയല്ല...  നമ്മുടെ സമൂഹത്തിൽ ഓരോ ദിനവും സ്ത്രീധനത്തിന്റെയും മറ്റും പേരിൽ നാം കാണുന്ന പല പെൺകുട്ടികളുടെ കഥ.. പക്ഷേ അവിടെയെല്ലാം ആ പെൺകുട്ടികൾ  ഒരു മുഴം കയറിലോ ഒരു കുപ്പി വിഷത്തിലോ ആശ്രയം കണ്ടെത്തുമ്പോൾ, ഓർക്കണം അനുവിനെ പോലെ അതിജീവനത്തിന്റെ പാതയിൽ മുന്നോട്ടു നീങ്ങിയ അനുവിനെ...


ഇന്നത്തെ സമൂഹത്തിലെ ഓരോ പെൺകുട്ടിക്കും അനു ഒരു പാഠമാകട്ടെ.  ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ തോറ്റുപോകാതെ, തളർന്നുവീഴാതെ അതിജീവനത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങുവാൻ ഓരോ പെൺകുട്ടിക്കും അനു ഒരു മാതൃകയാകട്ടെ..

സ്നേഹപൂർവ്വം
അഞ്ജു അരുൺ
(കണ്ണൂരിന്റെ മകൾ. കോട്ടയത്തിന്റെ മരുമകൾ. ഒരു ഭിന്നശേഷിക്കാരി. സോഷ്യൽ മീഡിയയിൽ എഴുതുന്നു.)


Now everything on your fingertip!
ഇനി എല്ലാം
വിരൽ തുമ്പിൽ
A FREE APP
where you can watch
TV CHANNELS
VIDEO ON DEMAND
MOVIES
WATCH LIVE EVENTS
BREAKING NEWS
- ONLINE NEWS PORTALS
PHOTOS OF EVENTS
BOOK TICKETS
TO EVENTS
Introducing for the first time
TELEVISION CHANNELS
NEWS PORTALS
VIDEO ON DEMAND
PHOTOS | LIVE
MediaAppUSA
Visit Android Store or Google Store
Download on the App Store
ANDROID APP ON Google play
or Scan this QR Code and Download for FREE!
More Info: 1-917-900-2123 or www.mediaappusa.com

കവിത

സീന ശ്രീവത്സൻ



# മണം

ബസ്സിലെ വഴിക്കാഴ്ചകളിലേയ്ക്ക്
ഞാനെന്നെ ഒഴുക്കിവിടുമ്പോഴും
നിന്നെ മണക്കുന്നൊരു കാറ്റ്
എന്നെഞെക്കിപ്പഴുപ്പിക്കാറുണ്ട്.

പഴുത്ത് പഴുത്ത്
ഞാൻ
ഞെട്ടറ്റ്  തുടങ്ങുമ്പോൾ
നിന്റെ കള്ള് മണക്കുന്ന ചുണ്ടുകൾ
എന്നെ ചുറ്റിവരിഞ്ഞു നിർത്താറുണ്ട്

മേൽ വിലാസമെഴുതിയ കടലാസു കളഞ്ഞുപോയ
ഒരു വഴിയാത്രക്കാരിയെപ്പോലെ
ഞാനവിടെയിവിടെ പരതി നിൽക്കാറുണ്ട്.

നിന്റേതെന്ന് തോന്നുന്ന ചില വാക്കുകളെ
മനസ്സിൽ നിന്ന് മായ്ചുകളയാറുണ്ട്.

നീയുപേക്ഷിച്ച
കുപ്പായങ്ങളിലെ വിയർപ്പ് ചുട്ടുകളഞ്ഞിട്ടുണ്ട്.

വിരൽതൊട്ടയിടമെല്ലാം
അണുനാശിനിയിൽ മുക്കി
തുടച്ചുനീക്കിയിട്ടുണ്ട്.

പാലപ്പൂവിന്റെ മണമുള്ളൊരു
കുപ്പിമുഴുവനും
ഞാനെന്നിലേയ്ക്ക്
വിതറിയിട്ടുണ്ട്.

എന്നിട്ടും ഉറക്കത്തിലും ഉണർവ്വിലും
നിന്റെ കള്ള് മണക്കുന്ന
ചുണ്ടുകൾ
ചൂളം വിളിച്ചുകൊണ്ടിരിക്കുന്നു.

പറന്നുപോകാൻ മടിച്ചൊരു മണം
എന്നിൽ കുറുകി നിൽക്കുന്നു.



# കൂട്ടത്തിൽക്കൂട്ടാൻ പറ്റാത്തോൻ

കവിത

ബക്കർ അബ്ദുള്ള



തീൻമേശാ മര്യാദകൾ
അക്ഷരംപ്രതി
പാലിക്കുന്നതിനിടയിൽ
വല്ലപ്പോഴുമെങ്കിലും
അടുത്തിരിക്കുന്നവരുടെ
വിഹിതത്തിൽ നിന്ന്
ഒരു നുള്ള് ഉപ്പേരിയോ,
അച്ചാറിൽ നിന്നൊരു കഷ്ണമോ
എടുത്ത് വായിലിടണം.

അത്രമേൽ വൃത്തിയുള്ള
ഭക്ഷണപ്പുരകൾ തേടി പായുന്നതിനിടയിൽ
ചിലപ്പോഴൊക്കെ
തട്ടുകടയിൽ നിന്നൊരു
നാടൻ രുചിയുടെ കപ്പക്കഷ്ണം
ചാളക്കൊളുമ്പിൽ മുക്കി വിഴുങ്ങണം.

വിജയിച്ചവരനങ്ങാതിരുന്ന്
പതു പതുപ്പേറിയ ഇരിപ്പിടങ്ങൾ
ചിയേഴ്സ് പറയുന്ന
മുന്തിയ സന്ധ്യകളിൽ നിന്നിറങ്ങിപ്പോയി
തോറ്റ യുദ്ധം നയിച്ചവരുടെ
ബഞ്ചിലിരുന്ന്
അന്തിക്കള്ളിൽ സ്നാനം ചെയ്യണം.

ഹസ്ത ദാനം ചെയ്തതിന്റെ
ഗന്ധം മാറ്റാൻ ഹാൻഡ് വാഷ്
തിരയുന്ന, ഉടയാത്ത ഉടുപ്പുകളുടെ
മട്ടുപ്പാവിൽ നിന്ന് ഇടയ്ക്കൊന്ന്
താഴോട്ടിറങ്ങി
തെരുവിൽ വീണ് പോയ
പൈതങ്ങളുടെ വായിൽ
ഉരുളകൾ വച്ചുകൊടുത്തൂട്ടണം.
കൈകൾ ഉടുപ്പിൽ അമർത്തിത്തുടച്ച്
വെട്ടിത്തിളങ്ങുന്ന വെൺമയുടെ
അശ്ലീലത്തെ മായ്ച്ചു കളയണം.

അങ്ങനെയാണ്
കൂട്ടത്തിൽ കൂട്ടാൻ പറ്റാത്തോനാവുന്നത്,
ആയത്.

അങ്ങനെയാണ്
കൂടെക്കൂട്ടാൻ പറ്റുന്ന കൂട്ടത്തെ
കണ്ടെത്തുന്നത്,
കണ്ടെത്തിയത്.

# സന്തോഷമുള്ള മനുഷ്യൻ

കവിത

ബി ഷിഹാബ്



സന്തോഷമുള്ള മൃഗങ്ങൾ
അതിലേറെ പക്ഷിക്കൂട്ടം
മത്സ്യങ്ങളും ചെടികളും
പ്രകൃതിയാനന്ദരൂപി

സന്തോഷമുള്ള മനുഷ്യൻ
മാത്രമെവിടെ? കാണുക
സന്തതം തിരയുന്നു ഞാൻ
സങ്കടം, കാണുന്നില്ലെങ്ങും!

നദീത്തീരത്തെ മാനിനു
തീറ്റയുണ്ടോ? ചക്രവർത്തി
ക്കൊട്ടുമേ സന്തോഷമില്ല!
രാത്രിയിലുറക്കമില്ല

ചക്രവർത്തിക്കു സന്തോഷ
മില്ലാത്തതിനാൽ മന്ത്രിയും
മസ്വസ്തനാണ് നാടു നീളെ
പ്രജകളും വിഷമത്തിൽ
നൂലു കോർക്കാൻ പറ്റിണില്ല
അന്ധ സൂചിയിൽ കുഴങ്ങി
കീറിപോയത്തുണി തുന്നാൻ
വയ്യ കളയാനും വയ്യ

നമ്പ്യാർ പറഞ്ഞതു പോലെ
പത്തും പോരാ നൂറും പോരാ,
ആയിരം, പതിനായിരം,
പിന്നെയും പിന്നെയും വേണം

പൂമാനെപ്പോഴുമാർത്തിയാണ്
പുഴമത്സ്യം വേണമുണ്ണാൻ
തിന്നുമ്പോഴേവർക്കും നാവിൽ
നൂറു രുചികൾ നിറയും

അറിവുകൂടി വരുമ്പോൾ
അപ്പുറത്തപ്പുറത്തെന്താ
ദിയുമന്തവും മില്ലല്ലോ
ആധിയും വ്യാധിയും കൂടും

അറിവ് കുറവായ് വരുമ്പോൾ
ഇന്ദ്രിയ പരിമിതികൾ
ദൃശ്യാതീതങ്ങൾ കുഴക്കും
ഒട്ടുമാർത്തിതീരുന്നില്ല

അലിവ് കുറഞ്ഞു വരുമ്പോൾ
അരികിലാരുമില്ലാതെ
നിസ്സഹായ വൃദ്ധൻ കേഴും
ചലനമറ്റുനിൽക്കും കാലം


സന്തോഷമുള്ള മനുഷ്യൻ
മാത്രമെവിടെ? കാണുക
സന്തതം തിരയുന്നു ഞാൻ
സങ്കടം, കാണുന്നില്ലെങ്ങും

കവിത

പരിഭാഷ:
കുര്യൻ കെ തോമസ്



# കോട്ടയം



(ഇത് കോട്ടയത്തത്തെ കുറിച്ച് പ്രിയ സുഹൃത്ത് പി എസ് ജോസഫ് 2015 ൽ ഇംഗ്ലീഷിൽ എഴുതിയ കവിതയും ഞാൻ തയ്യാറാക്കിയ സ്വതന്ത്ര പരിഭാഷയും. ജോസഫും ഞാനും സമപ്രായക്കാർ. അടിയന്തിരാവസ്ഥ കാലത്തതും അതിനു തൊട്ടുമുമ്പും പിമ്പും കോട്ടയം സിഎം എസ് കോളേജിൽ ഒരുമിച്ചുണ്ടായിരുന്നവർ.)

1
കോട്ടയം
വലിയ റോമാപട്ടണംപോലെ
കുറെ കുന്നുകളുടെ
മറ്റൊരു കുഞ്ഞുനഗരം
കാണാമറയത്തെന്നും
വെള്ളത്തിന്റെയും വള്ളത്തിന്റെയും(1) കോട്ടചുറ്റിയ(2)
കോട്ടയം.
കിഴക്കിന്റെ സുഗന്ധദ്രവ്യങ്ങൽ മണക്കുന്ന
ഒരു നാട്...
ചുറ്റിവളഞ്ഞ റോഡുകൾക്കുള്ളിൽ വളഞ്ഞുപുളഞ്ഞ
ഒരു നാട്ടിടം...
കിഴക്കൻ വെനീസിലേക്ക്
വെള്ളപ്പരപ്പിലെ ജലപാതകളിലൂടെ
കാലത്തിലൂടെ
പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് കപ്പലോട്ട കഥകൾ...

2
വേട്ടയാടുന്നു
എന്റെയീ നാടും കൂട്ടിടങ്ങളും
ഓർമ്മയായി
ബോധപ്രവാഹമായി
ഗോത്രസ്മൃതിയായി
നിത്യം നിരന്തരം.
മഴനൊമ്പരങ്ങളിൽ പനിപീഡകളിൽ
മണ്ണടിഞ്ഞു തടഞ്ഞു
അവരിലേറെയും,
കിഴക്കോട്ടുള്ള നിതാന്ത സഞ്ചാരങ്ങളിൽ.

3
തെളിഞ്ഞു പതിറ്റാണ്ടുകൾ പഴയൊരു
മഞ്ഞുപൊടിഞ്ഞ ശിശിരകാലരാത്രി(3)
അലഞ്ഞു ഞങ്ങൾ.
തെളിഞ്ഞ രാത്രി.
വിജനമായ കെ കെ റോഡ്.
കൂറ്റൻ കാൽടെക്സ്, ബർമ്മഷെൽ ബോർഡുകൾ.
അകലെ നിയോൺ വെളിച്ചത്തിൽ
പാർത്ഥാസും ശീമാട്ടിയും.
ആളൊഴിഞ്ഞ ആകാശം.
ചന്ദ്രനില്ല, നക്ഷത്രങ്ങളില്ല,
ഒരു ഞരക്കം പോലുമില്ല.

4
നഗര പ്രഭാതങ്ങൾക്ക്
തെരുവോരങ്ങളിൽ മലം നിറച്ച തോട്ടിവണ്ടികളുടെ
മനംപുരട്ടുന്ന മണമാണ്.
രാത്രിക്ക് നഗര ചെരിക്കുടിലുകളുടെ ദുർഗന്ധവും
എല്ലാറ്റിനും ഒരുതരം വൃത്തികെട്ട നാറ്റമാണ്.
എന്നും എന്നോടൊപ്പം എന്നെ പിന്തുടരുന്ന
തുളവീണ ലോഹകപ്പിൽ നിറയുന്ന
ഇന്നലെകളുടെ അറപ്പുളവാക്കുന്ന ദുർഗന്ധം
അതിൽ തകര്ന്നകടിയാൻ എനിക്ക് മനസ്സില്ല.
ഈ ദുർഗന്ധംപോലെ
പാപപങ്കില വികാരങ്ങൾ ദിനരാത്രങ്ങൾ
ദേവാലയാവശിഷ്ടങ്ങൾ
തകർക്കപ്പെട്ട പാവന അൾത്താരകൾ
നിരപരാധി ഹത്യകൾ
ചോരപ്പാട്ടുകൾ

കണ്ണീർച്ചാലുകൾ
എല്ലാമെന്റെ വഴിക്കുട്ടിടങ്ങൾ.

5
എന്റെ സ്വപ്നങ്ങളുടെ ശവപ്പറമ്പായ നഗരം
എന്റെ യൗവ്വനത്തെ മുറിപ്പെടുത്തിയ നഗരം
നഗര നിയോൺവിളക്കുകൾ എന്റെ കണ്ണുകൾ
ഈ വളഞ്ഞ ഇടവഴികൾ
എന്റെ നടവഴികൾ
എന്റെ മുറിവേറ്റ ധമനികൾ
പൊടുന്നനെ ജീവിതം കണ്ണീരിലൊടുങ്ങുന്നൊരു ചോരക്കഥ...

6
ഭ്രാന്തമായ വഞ്ചനകളിൽ
വിശ്വാസരാഹിത്യത്തിൽ
ഇന്നലെകളിൽ നെറ്റിയിൽ പൂശിയ വിഭൂതിച്ചാരവുമായി (4)
പെസഹായ്ക്കായി ഞാൻ കാത്തിരുന്നു...
പൂക്കൾ വിരിയാൻ ഞാൻകാത്ത കോട്ടയത്ത്
എന്റെ സ്വപ്നങ്ങളുടെ ഈ ശ്മശാനഭൂമിയിൽ
മിശിഹാ എന്നെങ്കിലും വന്നെത്തുമോ...?

7
ഞാൻ പഠിച്ച കോളേജ്
സദാ കാറ്റിലാടുന്ന ചൂളമരച്ചില്ലകൾ
പുതിയ പഥികർക്കായി കാത്തിരിക്കുന്ന തുറന്നിട്ട വാതിലുകൾ
ഭൂതഭ്രാന്തമനസ്സിൽ നടന്നളന്ന പ്രണയ ഇരുളിടവഴികൾ(5)
നൊമ്പരങ്ങൾ നനച്ച കോളേജ് ദിനാന്ത്യക്കുറിപ്പുകൾ
ഭ്രാന്തമായി സ്നേഹിച്ച മുഖങ്ങൾ
സാന്ത്വനശബ്ദങ്ങൾ.

8
പതിറ്റാണ്ടുകൾ.
ഭ്രാന്തനായെങ്കിലും
എന്നെ മെരുക്കിയ പതിറ്റാണ്ടുകൾ
എന്റെ സ്വപ്നങ്ങളുടെ രക്തംകുടിച്ച വേതാളങ്ങളെ
എന്നിൽ നിറച്ച പതിറ്റാണ്ടുകൾ.
ഓരോ യാത്രയും
ഓരോ ചുവടും
കാല ഉലയിൽ ഉരുകാനായ നടത്തം.
ഏതോ സാന്ത്വന വലയിലമരാൻ
സ്നേഹവെളിച്ചത്തിലലിയാൻ നിതാന്ത നിയോഗം.
പാടാം, (6)പെയിൽ ഹാൻഡ്സ് ഐ ലൗ
ബിസൈഡ് ഷാലിമാർ...."

9
കോട്ടയം
എന്റെ സ്വപ്നങ്ങളെ
പരിപോഷിപ്പിച്ച നഗരം.
ആകാശനീല സമചതുരമേശകളിൽ തിമിർത്ത(7)
കോഫി ഹൗസ് സായാഹ്നങ്ങൾ.
ഒത്തിരി പേരുകൾ
ഒരുപാട് സ്വപ്നങ്ങൾ
പതിഞ്ഞ സ്വരത്തിൽ മാടിവിളിക്കുന്ന മരണതീരങ്ങൾ.
നിങ്ങളുടെ പേരുകളാണ് ഈ തെരുവുകൾ.
പ്രഘോഷിക്കപ്പെട്ട കാലത്തിന്റെ പുരാവൃത്തമാണ് നഗരം.

10
നാൽപ്പതാണ്ട് മുമ്പത്തെ എന്റെ നാട്ടുപാട്ടുകൂട്ടങ്ങൾ.
ആകാശ വെളിച്ചവുമായ ഞാൻ കുറിച്ച ഉടമ്പടികൾ.
വർഷങ്ങൾ
നൂറ്റാണ്ടുകൾ
സഹസ്രാബ്ദങ്ങൾ
ദൈവത്തിന്റെ പുസ്തകത്തിലെന്നപോലെ
മനസിന്റെ പഞ്ചാംഗത്തിലും
എപ്പോഴും ഒരു കുഞ്ഞിടവേള.

11
കാല ചിത്രങ്ങൾ
മുഖങ്ങൾ
ആകസ്മികതകൾ
നിയോൺ വിളക്കുകൾ
പുത്തൻ സൈൻ ബോർഡുകൾ
നവ നാഴികക്കല്ലുകൾ
ഞാൻ എന്തിനു പേടിക്കണം.?
നാം എന്തിനു മറക്കണം, മറക്കാതിരിക്കണം ??

12

കോട്ടയം
എന്റെ പൂർവികരുടെ സ്വന്തം നാട്.
ഈ തെരുവുകളിൽ ചിന്തിതെറിച്ചത് അവരുടെ ചോരയാണ്.
ഓരോ നഗരവും
ഓരോ നാഗരികതയുംപോലെ
ദുരന്തകഥകൽ പേറുന്ന സുന്ദരനാട്.

കോട്ടയം
ഇവിടെ ഞങ്ങൾ ദൈവത്തെയും മദ്യത്തെയും ആരാധിക്കുന്നു.
ഇവിടെ വിജാതീയരെ തുരത്തി ഞങ്ങൾ
ദൈവരാജ്യം സൃഷ്ടിക്കുന്നു.

മരിച്ചവർക്കും ജീവിക്കുന്നവർക്കുംവേണ്ടി കുടീരങ്ങൾ സൂക്ഷിക്കുന്നു.

കോട്ടയം
എപ്പോഴും സുഗന്ധവിളകളുടെ പരിമളം പൂശി
എപ്പോഴും കാറ്റിലും മഴയിലും ആറടി
നിത്യം തണുത്ത വെള്ളത്തിൽ ആണ്ടിറങ്ങി
എപ്പോഴും കുഞ്ഞുമോഹങ്ങളുടെ മനക്കോട്ടയിൽ
ചിത്രവേലകളുള്ള പൂക്കുലപോലെ
കുന്നുകളുടെ മുകളിൽ ഉറങ്ങി ഉയരുന്ന നഗരം.

**അടിക്കുറിപ്പുകൾ**
(1) വഞ്ചി തിരുനക്കര തന്നെ എന്ന പ്രയോഗം
(2) കോട്ടയകം
(3) 197580 കാലത്തെ കോട്ടയം നഗരം
(4) വലിയ നോമ്പുതുടക്ക ദിനത്തിലെ ഒരു കത്തോലിക്ക ആചാരം
(5) സി എം എസ് കോളേജിലെ പ്രശസ്തമായ ലവേഴ്സ് പാത്ത്
(6) വയലറ്റ് നിക്കോൾസന്റെ (ലോറൻസ് ഹോപ്പ്) കവിതയെ അടിസ്ഥാനമാക്കി 1902- ൽ ആമി വുഡ്ഫോർഡ് -ഫിൻഡൻ രചിച്ച ഗാനം
(7) സി കെ ജീവന്റെ ഓർമ്മ

# KOTTAYAM

from Fassbinder,Kottayam and Nymphomaniac published by Amazon Kindle)

**P S Joseph**

Like Rome
It is a small city built on several hills
Surrounded by an invisible fort of waters

A land
Zig zag
Around the roads so sharply bend

Cruise
Around the waters that spread
To the eastern Venice
Spread
Across the time
Portuguese, Dutch and English

2
It was always there
As a haunting memory
A stream of consciousness
Gothrasmruthi
My land ,my people
How many perished in the flight to the east
In rain, pain and fever

3
Decades ago in a wintry night
We roamed through the deserted K K Road
Caltex and Burma shell boards glittered
Night was bright
Away in the neon lights
Parthas and Seematti glow bright
We were watching the deserted night sky
No stars , no moon
Not even a whimper

4
Morning
Faeces laden carts around the corner
The urban smell
The nightly shades
The smell of all that is ugly
It has followed me always
The stench of yesterdays loaded up in a cup of base metals
Which I refused to accept as my end
It has always been with me

The stench
The feeling of desecrated days and nights
The ruin of the temple
The smashing of altars sacred
The killing of innocents
Blood and tears have always been my companions

5
The city which has been the graveyard of my dreams
The city which has wounded me in my first life
Its neon lights were my eyes

Its curvy lanes where I have led my watch for years have been my wounded arteries
Life was a suddenly a gory saga
Always a tearful ending

6
In frantic betrayals
Faithlessness
I have worn the ashes of yesterdays on my forehead
Waited for the passover
Would the messiah ever come
In Kottayam
In the graveyard of my dreams
Where I thought flowers would bloom

7
The college I studied
The serene branches of casuarinas always dancing in the wind
Its gates always open waiting for new passengers
The college of painful itinerary
Where I have strode with phantoms in the mind
The faces which I have loved frantically
The sounds and the comforting voice I have heard

8
Decades have made me mad but mellowed
Decades have taken my dreams and deposited life less phantoms
Every ride
Every step
A walk into the crucible of time
Always on an errand to reach some hands which have loved me
To seek the comfort of the light and love
Let us sing...
Pale hands I loved beside Shalimar

9
Kottayam
Where I have nurtured my dreams
The evenings at coffee house tables
Laid out in vintage sky blue colours
The post glitterati

Many names
Many dreams
Silent voices calling me from the deaths unwritten shores
The streets are names of you
The city is a chronicle of years foretold

10
Forty years ago it bustled with songs old and new
I have made my pact with the heaven's fire
Years centuries millenniums
Always a short break in the god's almanack
In the minds almanack too

11
The images of years
Faces
Incidents
The neon lights
The new sign boards
New landmarks
Why should I fear?
Why should we forget?
Why should we not forget?

12
Kottayam
The land my forefathers owned
Whose blood spilled in the roads
It is a beautiful land with sad tales
Like every city
Every civilization

Kottayam
Where we worshipped Lord and spirit
Where we drove heathens
And created our godly country
Kept mausoleums for dead and alive

Kottayam
It is a city of hills
It is a land surrounded by water
Always in perfumes of spice
Always in the wind and rain
Always in waters cool and deep

From the nocturnal dreams of various hues
The city wakes up over the pristine hills
Like a bouquet of flowers blooming
With warm desires, fresh and beautiful
An unnatural burst of kaleidoscopic images



**രാഷ്ട്രീയ പുതുവത്സര ഫലം 2023**

# ഗുളികൻ വിളയാട്ടങ്ങൾ സ്വർണ അപഹാരങ്ങൾ വിഘ്നങ്ങൾ, അപകീർത്തി...

**പി.ആർ. കൃഷ്ണൻ കുട്ടി**

**മേടക്കൂറ്** : കോൺഗ്രസ്സിലെ ഏ ഗ്രൂപ്പും ഐ ഗ്രൂപ്പും സുധാകരൻ ഗ്രൂപ്പും വേണുഗോപാൽ ഗ്രൂപ്പും ചേർന്ന രാശിയാണ് മേടക്കൂറ്. മേടക്കൂറുകാർക്ക് ഈ വർഷം വ്യാഴദശയാണ്... അപ്രതീക്ഷിത വിജയം, ഉന്നത സ്ഥാന ലബ്ധി, ലോക ബഹുമാനാദി ഗുണം എന്നിവയ്ക്ക് യോഗം കാണുന്നു. ലഗ്നത്തിൽ വിഘ്നമായി നിൽക്കുന്ന ലഗ്നാധിപന്റെ നാവിന്റെ നീളം പ്രശ്നങ്ങൾ സൃഷ്ടിക്കും. ലഗ്നാധിപന്റെ നാവിലെ ഗുളികൻ വിളയാട്ടം വിമർശനങ്ങൾ ക്ഷണിച്ചു വരുത്തും... പരിഹാരമായി സോണിയാജിയെ മനസ്സിൽ വിചാരിച്ച് ഹൈക്കമാന്റായ ജയ: എന്ന മന്ത്രം ദിവസവും മൂന്നു നേരം ഉരുവിട്ടാൽ കഷ്ടതകൾ ഒഴിഞ്ഞു പോകുന്നതാണ് . തരൂരിന്റെ ജനസമ്മതിയിൽ കെ.സിയുടെ അപഹാരം കാണുന്നുണ്ടെങ്കിലും ഏ ഗ്രൂപ്പിന്റെ ഒരു ദൃഷ്ടിയുള്ളതിനാൽ എതിർപ്പുകളെ അതിജീവിക്കും.. സതീശനും ചെന്നിത്തലയ്ക്കും തരൂരിന്റെ ഉച്ചസ്ഥിതി മന:ക്ലേശങ്ങൾക്ക് വഴിയൊരുക്കും..

**ഇടവക്കൂറ്** : സി പി എമ്മിലെ പിണറായി,, ഐസക്, സുധാകരൻ ഗ്രൂപ്പുകൾ ചേർന്ന രാശിയാണ് ഇടവം രാശി. ഇടവം രാശിക്കാർക്ക് ഈ വർഷം അത്ര നല്ല ഫലങ്ങളല്ല കാണുന്നത്... ലഗ്നാധിപന്റെ സ്ഥാനാരോഹണം അനുകൂല ഫലങ്ങൾ സൃഷ്ടിക്കുമെങ്കിലും, അനവസരത്തിലുള്ള പ്രതിപക്ഷ ഘടകകക്ഷികളെ പ്രീണിപ്പിക്കാനുള്ള ശ്രമം മുന്നണിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും.. ഒന്നാം ഭാവത്തിലുള്ള മുഖ്യനിൽ ഗവർണ്ണറുടെ പ്രതികൂല സ്ഥിതി മൂലം പല വിധ വിഘ്നങ്ങൾ നേരിടേണ്ടതായി വരും. കൂടാതെ മുഖ്യന് ലാവ് ലിൻ, സ്വർണ്ണക്കടത്ത്, ലൈഫ്മിഷൻ, എന്നിവയുടെ അപഹാരം ഈ വർഷവും കാണുന്നുണ്ട്. വ്യാഴത്തിന്റെ വക്രഗതി ഒന്നാം ഭാവാധിപന്റെ കെ റെയിൽ പദ്ധതിക്ക് വിഘ്നമുണ്ടാക്കും. ഒന്നാം ഭാവാധിപൻ മുൻകാലങ്ങളിൽ ചെയ്ത സൽപ്രവൃത്തികളെല്ലാം വിശ്വസ്തസേവകരുടെ ബന്ധുജന പ്രീണനം മൂലം ഉദിഷ്ട ഫലം ലഭിക്കാതെ പോകാൻ സാദ്ധ്യതയുണ്ട്. പരിഹാരമായി മൂന്നു നേരവും ക്യാപ്സ്യൂളുകൾ മുടങ്ങാതെ സേവിച്ചാൽ ദോഷഫലങ്ങൾ ഒഴിഞ്ഞു പോകുന്നതാണ്

**മിഥുനക്കൂറ്** : കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ കാനം, ഇസ്മയിൽ , പ്രകാശ് ബാബു ഗ്രൂപ്പുകൾ ചേർന്ന രാശിയാണ് മിഥുനം രാശി. ഈ വർഷം മിഥുനം രാശിക്കാർക്ക് ലഗ്നാധിപന് മൗഢ്യം, 'സംസർഗേ ദോഷ ഗുണാ ഭവന്തു' ഇതി പ്രമാണേന ചില ദോഷാനുഭവങ്ങളും കാണുന്നു. ലഗ്നാധിപനിൽ മുഖ്യന്റെ ഒരു ദൃഷ്ടി പതിക്കുന്നതിനാൽ പല കാര്യങ്ങളിലും സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ സാധിക്കാതെ വരും. മാസത്തിലൊരിക്കൽ കേന്ദ്ര

കമ്മിറ്റി പൂജ നടത്തുന്നത് പാർട്ടിക്കുള്ളിലെ വിമതശബ്ദം ഒഴിവാക്കാൻ സഹായിക്കും . പാർട്ടിയിലെ മന്ത്രിപുംഗവ ന്മാരുടെ പ്രവർത്തനം ശ്ളാഘനീയമെങ്കിലും ഗുണഫലം അനുഭവിക്കാനുള്ള യോഗം കാണുന്നില്ല.

**കർക്കിടകം** : ലീഗിന്റെ കുഞ്ഞാലിക്കുട്ടി,മുനീർ വിഭാ ഗങ്ങൾ ചേർന്ന രാശിയാണ് കർക്കിടകക്കൂറ്..., കർക്കി ടക്കൂറുകാർക്ക് ഈ വർഷം ഗുണദോഷസമ്മിശ്രമാണ്. സി പി എം ലഗ്നാധിപന്റെ അനുകൂല സ്ഥിതി സ്വന്തം മുന്നണിയിൽ . ലീഗിന്റെ ശ്രേയസ് വർദ്ധിക്കാനിടയാക്കും. അധികാര മോഹം മൂലം മുന്നണിയിൽ തുടരണമോ വേ ണ്ടയോ എന്ന ചിന്ത സദാ നേതാക്കന്മാരെ അലട്ടിക്കൊ ണ്ടിരിക്കും.. .എന്നാൽ ഇഡിയുടെ അപഹാരത്തിൽ പെട്ട ഒരു എം എൽ ഏ യും, സാമ്പത്തികക്കേസിൽ കുടുങ്ങിയ മറ്റൊരു എം എൽ എയും ദുഷ്ട ഗ്രഹങ്ങളോട് ചേർന്ന് നിൽക്കുന്നതിനാൽ അപകീർത്തിക്ക് യോഗം ഈ വർഷ വും കാണുന്നുണ്ട്..

**ചിങ്ങക്കൂറ്** : കേരളാ കോൺഗ്രസിലെ ജോസഫ് ഗ്രൂപ്പും ജോസ് മാണി ഗ്രൂപ്പും ചേർന്ന രാശിയാണ് ചിങ്ങക്കൂറ് .. ചിങ്ങക്കൂറുകാർക്ക് ഈ വർഷം ഗുണദോഷ സമ്മിശ്ര ഫലങ്ങളാണ് കാണുന്നത്... രാശിയിലെ ജോസ് മാണി ഗ്രൂപ്പുകാർക്ക് പൊതുവെ നേട്ടങ്ങളുടെ ഒരു വർഷമാ യി തോന്നാമെങ്കിലും മത്സ്യത്തൊഴിലാളി സമരത്തിലെ അവ്യക്തമായ നിലപാട് മൂലം മുന്നണിയിൽ തുടരാനും ഉപേക്ഷിക്കാനും കഴിയാത്ത അവസ്ഥയിലെത്തിച്ചേരും... ജോസഫ് ഗ്രൂപ്പ് നേതാക്കൾക്ക് ജളത്വം.. ശത്രുഭയം,മാന ഹാനി എന്നിവയ്ക്ക് യോഗം കാണുന്നു... ജോസ് വിഭാ ഗത്തിന് പാലാ മുനിസിപ്പാലിറ്റിയിൽ സി പി എമ്മിന്റെ പ്രതികൂല സ്ഥിതി മൂലം അധികാര നഷ്ടത്തിന് സാദ്ധ്യത കാണുതിനാൽ ഭരണങ്ങാനം പള്ളിയിൽ മുട്ടിപ്പായി പ്രാർ ത്ഥിക്കുന്നത് ഗുണഫലങ്ങൾ ഉളവാക്കും...

**കന്നിക്കൂറ്** :ജനതാ ദൾ- എസ്, എൽ ജെഡി എന്നീ ഗ്രൂപ്പു കൾ ചേർന്ന രാശിയാണ് കന്നിക്കൂറ്.. ഈ രാശിക്കാർക്ക് പതിവ് പോലെ ലയിച്ച് ഒന്നാകാനും തുടർന്ന് പഴയത് പോലെ പിളർന്ന് നിൽക്കാനും ഈ വർഷവും യോഗം കാണുന്നു. .. ലയനത്തിന് രണ്ടു ഗ്രൂപ്പുകാരും തയ്യാറാണെ ങ്കിലും കണ്ടകശ്ശനി കാലമായതിനാൽ ലയനം മംഗളമാ യി ഭവിക്കാൻ സാദ്ധ്യത കാണുന്നില്ല. രണ്ടു ഘടകങ്ങളും ഒരേ മുന്നണിയിൽ തുടരുന്നതിനാൽ രണ്ടു ഗ്രൂപ്പുകാരും മുന്നണി പറയുന്നത് അനുസരിച്ച് കഴിയേണ്ട സാഹചര്യം ഉളവാകും. ദിവസേന ജെഡിഎസുകാർ ദേവഗൗഡയെ യും എൽ ജെഡിക്കാർ ശ്രേയാംസ് കുമാറിനെയും ഉ പാസിച്ചാൽ ദോഷഫലങ്ങൾ അകന്നു പോകുന്നതാണ്.

**തുലാക്കൂറ്** :ബിജെപിയിലെ സുരേന്ദ്രൻ, കൃഷ്ണദാസ് ഗ്രൂപ്പുകൾ ചേർന്ന രാശിയാണ് തുലാം രാശി. തുലാം രാശിക്കാർക്ക് ജാതകവശാൽ ശുക്രദശയാണെങ്കിലും ഗു ണഫലങ്ങൾ അനുഭവയോഗ്യമാകാനുള്ള സാദ്ധ്യതകൾ സ്വയം നഷ്ടപ്പെടുത്തും. രണ്ടാം ഭാവത്തിലെ ഇടഞ്ഞു നിൽക്കുന്ന വനിതാ നേതാവിന്റെ ദൃഷ്ടി തിരഞ്ഞെടുപ്പിൽ പ്രതികൂലമായി ഭവിക്കാൻ സാദ്ധ്യത കാണുന്നു. ലഗ് നാധിപൻ ശക്തനാണെങ്കിലും ഗ്രൂപ്പുകളുടെ അപഹാര ത്താൽ പ്രവർത്തനത്തിൽ മാന്ദ്യം അനുഭവപ്പെടും. പരി ഹാരമായി അമിത്ഷായെ മനസ്സിൽ ധ്യാനിച്ച് നദ്ദയുമായി ഫോണിൽ മൂന്നു നേരം ബന്ധപ്പെട്ടാൽ ദോഷഫലങ്ങൾ അകന്നു പോകുന്നതാണ്

**വൃശ്ചികക്കൂറ്** :എൻ സി പി, കോൺഗ്രസ്- എസ് എന്നീ കക്ഷികൾ ചേർന്ന രാശിയാണ് വൃശ്ചികക്കൂറ്. എൻസി പി യ്ക്ക്, ഈ വർഷം സമ്മിശ്ര ഫലങ്ങളാണ് കാണുന്നത്. ലഗ്നാധിപന് സ്വക്ഷേത്രത്തിൽ ശക്തനായ ശശീന്ദ്രന്റെ പിന്തുണ മൂലം തോമസ് ചാണ്ടി വിഭാഗത്തിന് ബലക്ഷയ മുണ്ടാകാൻ സാദ്ധ്യത കാണുന്നു. പവാറിന്റെ അനുകൂല സ്ഥിതി ലഗ്നാധിപനെ കൂടുതൽ ശക്തനാക്കും. കോൺ ഗ്രസ് എസ്... ഏകാംഗ പാർട്ടിയായതിനാൽ ആഭ്യന്തര പ്രശ്നങ്ങൾക്കോ പിളർപ്പിനോ ഈ വർഷം സാദ്ധ്യത കാണുന്നില്ല

**ധനുക്കൂറ്** :ആർ എസ് പിയിലെ അസീസ് , ഷിബു ബേ ബി ജോൺ ഗ്രൂപ്പുകൾ ചേർന്ന രാശിയാണ് ധനുക്കൂറ്. ധനുക്കൂറുകാരിൽ അസീസ് ഗ്രൂപ്പിന് ഈ വർഷം പൊതു വെ അനുകൂലമാണ്.. മത്സരങ്ങളിൽ വിജയം, ഉന്നത സ്ഥാ നലബ്ധി, രാജയോഗം എന്നീ ഫലങ്ങൾ കാണുന്നു. രണ്ടാം ഭാവത്തിലെ ഷിബു ബേബി ജോണിന് ഈ വർഷവും അനുകൂല ഫലങ്ങൾ അനുഭവയോഗ്യമാകാൻ സാദ്ധ്യത കാണുന്നില്ല

**മകരക്കൂറ്** : പി സി ജോർജ്ജിന്റെ ജനപക്ഷം, ജനാധിപ ത്യ കേരളാ കോൺഗ്രസ് വിഭാഗങ്ങൾ ചേർന്ന രാശിയാ ണ് മകരക്കൂറ്.. ജനപക്ഷത്തിന് ലഗ്നാധിപന്റെ നാവിലെ ഗുളികൻ മൂലം ഒരു മുന്നണിയിലും സ്ഥിരമായി നിൽക്കാനുള്ള യോഗം കാണുന്നില്ല. ജനാധിപത്യ കേ രളാ കോൺഗ്രസിന് മത്സ്യത്തൊഴിലാളികളുടെ പ്രതി ഷേധ സമരങ്ങൾ മൂലം ഭരണമുന്നണിയിൽ തുടരാനും തുടരാതിരിക്കാൻ വയ്യ എന്ന അവസ്ഥ സൃഷ്ടിക്കും. മന്ത്രി പരിശുദ്ധ ബാവാ തിരുമേനിയുടെ കൈ മുത്തി ദോഷഫല ങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കും...

**കുംഭക്കൂറ്** : കേരളാ കോൺഗ്രസിലെ ഗണേശ് കുമാർ, അനൂപ് ജേക്കബ് ഗ്രൂപ്പുകളും ഐ എൻ എലും ചേർന്ന രാശിയാണ് കുംഭക്കൂറ്.. കുംഭക്കൂറുകാർക്ക് ഈ വർഷം സമ്മിശ്ര ഫലങ്ങളാണ്... ഗണേശ് കുമാറിന് സഹോദരി യുടെ അപഹാരമുള്ളതിനാൽ അധികാര ലബ്ധിക്കുള്ള യോഗം ഈ വർഷവും കാണുന്നില്ല . അനൂപ് ജേക്കബ് ഗ്രൂപ്പിന് മാതാവിന്റെ പ്രതികൂല നിലപാട് ഈ വർഷം പാർട്ടിയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം . ഐ എൻ എലിൽ വഹാബ് പക്ഷത്തിന്റെ പ്രതികൂല സ്ഥിതി ദേവർ കോവിൽ വിഭാഗത്തിന് അധികാരത്തിൽ തുടരുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം.. ഇനി പിളരണമെങ്കിൽ മന്ത്രി നെടുകെ പിളരണമെന്നതിനാൽ സമീപ ഭാവിയിൽ പാർട്ടി യിൽ പിളർപ്പ് ഭീഷണി കാണുന്നില്ല

**മീനക്കൂറ്** : കേരളത്തിലെ അവശേഷിക്കുന്ന എല്ലാ രാ ഷ്ട്രീയ പാർട്ടികളും ചേർന്ന സർവ്വാണി ഗ്രൂപ്പാണ് മീനക്കൂ റ്... ഈ കക്ഷികൾക്കെല്ലാം ഇലക്ഷനിൽ ഏതെങ്കിലും മുന്നണിയുടെ ഭാഗമായോ അല്ലാതെയോ മത്സരിക്കാനും നോട്ടയുടെ മുന്നിലെത്താനും അതോടൊപ്പം കെട്ടിവെച്ച കാശ് ഖജനാവിലേക്ക് രാഷ്ട്രക്ഷേമത്തിനായി നൽകാനും യോഗം കാണുന്നുണ്ട്..



# പ്രകാശം പരത്തുന്ന സംവിധായകൻ

നാല്പതു വർഷങ്ങൾക്കു മുൻപാണ് സത്യൻ അന്തിക്കാട് തൻറെ ആദ്യചിത്രമായ കുറുക്കന്റെ കല്യാണം തിരശീലയിൽ എത്തിക്കുന്നത് അന്ന് സൂപ്പർ താരപദവിയിക്ക് കുതിച്ചു കൊണ്ടിരുന്ന മമ്മൂട്ടിയുടെ ഒരു സർപ്രൈസ് എൻട്രി ആയിരുന്നു ആ ചിത്രത്തിൻറെ ഹൈലൈറ്റ് . സത്യൻ അന്തിക്കാട് എന്ന ജനപ്രിയസംവിധായകന്റെ ജനനം കൂടിയായിരുന്നു ആ ചിത്രം . മലയാളിഭാവുകത്വത്തെ മാറ്റിമറിച്ച,നമ്മുടെ ഭാഷയിലും ചിന്തയിലും കാലികമായ പ്രകാശം ചൊരിഞ്ഞ സിനിമകൾ ആയിരുന്നു അദ്ദേഹത്തിൻറെ മുഖമുദ്ര. മാഞ്ഞുപോയികൊണ്ടിരിക്കുന്ന നാട്ടിന്പുറത്തിന്റെയും അതുവഴി നമ്മുടെ സമൂഹത്തിന്റെയും പച്ചയായ മുഖം ഒരു മാന്ത്രികനെ പോലെ അദ്ദേഹം ചിത്രീകരിച്ചു . ചിരിയുടെ രസക്കൂട്ടു നമുക്ക് പകർന്നു തന്ന സംവിധായകൻ. കറുത്ത ഒരു ലോകത്തിലും പ്രകാശത്തിന്റെ കണികകൾ എപ്പോഴും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന സത്യൻ അന്തിക്കാട് ആ സിനിമകൾ വഴി ഒരു സാമൂഹിക വിപ്ലവം തന്നെയാണ് നടത്തിയത് . കോവിഡിന്റെ വരവ് അദ്ദേഹത്തെ തെല്ലു തളർത്തിയെങ്കിലും വറ്റാത്ത ഉറവ പോലെ ആ കയ്യിൽ നിന്ന് ഇനിയും മലയാളിയെ ചിന്തിപ്പിക്കുന്ന ,അതിലേറെ ചിരിപ്പിക്കുന്ന ചിത്രങ്ങൾ വരുമെന്ന് ഞാൻ പ്രകാശനും മകളും തെളിയിക്കുന്നു  സത്യൻ അന്തിക്കാടുമായി  വിജയ് സി എച്ച് സംസാരിക്കുന്നു



## വിജയ് സി. എച്ച്

കോവിഡെത്തും മുമ്പെ (2018) പ്രദർശനത്തിയ 'ഞാൻ പ്രകാശനു' ശേഷം, തന്റെ പുതിയ സംരംഭമായ മകൾ എന്ന സിനിമയിലൂടെ നല്ല തിരിച്ചു വരവാണ് സംവിധായകൻ സത്യൻ അന്തിക്കാട് നടത്തിയിരിയ്ക്കുന്നത്! സത്യസന്ധമായ ചിന്തകളുമായി, ഇതാ നാട്ടിൻപുറത്തെ നിഷ്കളങ്കമായ കുടുംബ പ്രശ്നങ്ങളും, ജീവിതഗന്ധിയായ വിഷയങ്ങളും, ശുദ്ധമായ ഹാസ്യവും പത്തറുപതു പടങ്ങളിൽ ചിത്രീകരിച്ചു, പ്രേക്ഷക ഹൃദയങ്ങളിൽ കയറിയിരിപ്പായ സത്യൻ അന്തിക്കാട്

**നന്മനിറഞ്ഞൊരു കുടുംബ ജീവിതത്തിനു യോജിക്കാത്തതായി ഒന്നും പറയില്ല, കാണിക്കില്ല, സൂചിപ്പിക്കുക പോലുമില്ല. അവസാനം ഒരു സന്ദേശവും വേണം. നമ്മുടെ പരിസരങ്ങളിൽ നിന്നു തന്നെ കണ്ടെത്തിയ സ്വാഭാവികമായ കഥാപാത്രങ്ങളുമാകണം. ഇതൊക്കെയാണ് എന്റെ ഇഷ്ട സിനിമയുടെ ഏകദേശ വ്യാകരണം.**

### വീണ്ടും ഒരു തുടക്കം !

ഏപ്രിൽ ഒടുവിലായിരുന്നു 'മകളു'ടെ പ്രാഥമിക തിയേറ്റർ റിലീസ്. മീരാ ജാസ്മിൻ 13 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് എന്റെ പടത്തിൽ വീണ്ടും അഭിനയിച്ചത്. ജൂലിയെറ്റെന്ന കേന്ദ്ര കഥാപാത്രമാണ് മീരയുടെത്. പതിനൊന്നു വർഷത്തിനു ശേഷം ജയറാമും എന്റെ പടത്തിലെത്തി. ശുഭാപ്തി വിശ്വാസം കൈമുതലായുള്ള പ്രവാസി നന്ദൻ എന്ന കഥാപാത്രമാണ് ജയറാം. ശ്രീനിവാസനും, ഇന്നസെന്റും, സിദ്ദിഖുമെല്ലാമുണ്ട് പടത്തിൽ. 'കുടുംബപുരാണ'ത്തിനും, 'ഒരു ഇന്ത്യൻ പ്രണയകഥ'യ്ക്കുമൊക്കെ പണം മുടക്കിയവർ തന്നെയാണ് 'മകളു'ടെയും നിർമ്മാതാക്കൾ. രചന ഇക്ബാൽ കുറ്റിപ്പുറത്തിന്റെയാണ്. അഭ്രപാളിയിൽ മനോഹാരിതകൾ മാത്രം പകർത്തുന്ന എസ്. കുമാറിന്റെ ഛായാഗ്രഹണം. സംഗീതം നൽകിയത് വിഷ്ണു വിജയ്.







### അശാന്തിയിൽ മൂന്നു വർഷം

അപ്രതീക്ഷിതമായി വന്നൊരു വിപത്താണ് കോവിഡ്-19. അനിയന്ത്രിതമായി വ്യാപിച്ചുകൊണ്ടിരുന്ന മഹാമാരി സിനിമയെ മാത്രമല്ല, സകല മേഖലകളെയും സാരമായി ബാധിച്ചു. ഇതുവരെ നാം അനുഭവിച്ചിട്ടില്ലാത്ത തരത്തിൽ നമ്മുടെ ജീവിതം അസഹനീയമായി. കോവിഡ് ഇന്ത്യയിൽ പിടിമുറുക്കിയിട്ട് മൂന്നു വർഷമാകുന്നു. 2020, ജനുവരിയിലാണ് സംസ്ഥാനത്തെ ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്തത്. മഹാമാരിമൂലം പൂർണ്ണമായും തകർന്നു പോയത് മലയാളം സിനിമയാണ്. സാമൂഹിക അകലം പാലിച്ചുകൊണ്ട് തിയേറ്ററുകളിൽ ചലച്ചിത്ര പ്രദർശനം പ്രായോഗികമായിരുന്നില്ല. സിനിമാ ശാലകൾക്ക് ഒരു ബദൽ സംവിധാനമാകാൻ ഒ.ടി.ടി പ്ലേറ്റുഫോമിന് ഒരു കാലത്തും കഴിയുകയുമില്ല. തിയേറ്ററുകളിൽ പോയി സിനിമ കാണുന്ന സാധാരണ പ്രേക്ഷകരാണ് ചലച്ചിത്ര വ്യവസായത്തിന്റെ നെടും തൂൺ. എന്നാൽ, കോവിഡിന്റെ



പുതിയ വകഭേദങ്ങൾ ഇനിയും വന്നേയ്ക്കാമെന്നാണ് ലോകാരോഗ്യസംഘടനയുടെ നിഗമനം. കുരങ്ങു പനി, പന്നിപ്പനി മുതലായവയുടെ വ്യാപനവും അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. പകർച്ചവ്യാധിയെക്കുറിച്ച് മുന്നെയുണ്ടായിരുന്ന ഭീതി മാത്രമാണ് ഇപ്പോൾ കുറഞ്ഞത്.

എന്നിരുന്നാലും, മാസ്ക് വെയ്ക്കുന്നതൊരു അസ്കിതയായി തോന്നിയിരുന്ന കാലത്തു നിന്ന് അതില്ലാതെ വെളിയിൽ പോകാൻ തോന്നാത്തൊരു മാനസികാവസ്ഥയിലേക്ക് നാം വ്യവഹരിച്ചു! സമാനതകളില്ലാത്തൊരു ഇരുണ്ട കാലഗതിയായി ഈ മൂന്നു കൊല്ലത്തെ ഈ ലോകത്ത് ഇന്ന് ജീവിയ്ക്കുന്നവരെല്ലാം ഓർക്കും. ഇവയിൽ നിന്നൊക്കെ പൂർണ്ണമായും മോചനം ലഭിച്ചു, പ്രേക്ഷകരെ ഭയരഹിതരായി പഴയതു പോലെ തിയേറ്ററുകളിൽ എന്ന് എത്തിയ്ക്കാൻ സാധിക്കുമെന്ന് ഇപ്പോഴും പറയാൻ കഴിയില്ല.

### കേട്ടുകേൾവിയില്ലാത്ത വെല്ലുവിളികൾ

പ്രശസ്ത സംവിധായകൻ പി. ചന്ദ്രകുമാറിന്റെ 'അഗ്നി പർവ്വതം' (1979) എന്ന പടത്തിന്റെ സഹസംവിധായകനായി രംഗത്തെത്തിയതു മുതൽ ഞാൻ സിനിമയിൽ സജീവമാണ്. നാൽപ്പത്തിമൂന്നു വർഷമായി ഇവിടെയുണ്ട്. എന്നാൽ, ചലച്ചിത്ര നിർമ്മാണവും അതിന്റെ പ്രദർശനവും മുമ്പൊരിക്കലും കേട്ടുകേൾവിയില്ലാത്ത വെല്ലുവിളികളാണ് നേരിട്ടത്. കോവിഡ് പ്രോട്ടൊക്കോളിന്റെ ഭാഗമായി തിയേറ്ററുകൾ അടച്ചിടപ്പെട്ടു. സാമൂഹിക അകലം പാലിച്ചുകൊണ്ട് ചിത്രീകരണവും എളുപ്പമല്ലായിരുന്നു. സിനിമ ഒരു അവശ്യവസ്തുവല്ല എന്നതാണ് ഈ മാധ്യമത്തിന്റെ നിലനിൽപ്പിനെ ശരിയ്ക്കും അപകടത്തിലാക്കിയത്. ഭക്ഷണമോ പാർപ്പിടമോ പോലെയല്ലല്ലോ സിനിമ. മനുഷ്യന് സിനിമയില്ലാതെയും കഴിയാം എന്നതിനാൽ ചലച്ചിത്രത്തിന്റെ നിലനിൽപ്പിന് പ്രത്യേക പരിഗണനകളൊന്നും ലഭിച്ചില്ല.

### ഇടവേള കോവിഡ് തട്ടിയെടുത്തു


ഞാൻ ഒരു പടം കഴിഞ്ഞാൽ അൽപം വിശ്രമിച്ചതിനു ശേഷമാണ് പുതിയതിന് തയ്യാറെടുക്കുന്നത്. ഈ ഇടവേള മാത്രമാണ് എനിയ്ക്ക് വായിക്കാനും എഴുതാനും ലഭിയ്ക്കുന്ന അവസരം. അങ്ങനെ ഇത്തിരി വായനയിലും എഴുത്തിലും മുഴുകിയിരിക്കുന്ന സമയത്താണ് രാജ്യത്തെ ആദ്യത്തെ കൊറോണ കേസ് തൃശ്ശൂരിലെന്ന് വാർത്തകൾ വന്നത്. 2020, ജനുവരി അവസാനത്തിൽ. കൂടിയാൽ രണ്ടോ മൂന്നോ മാസത്തെ പ്രശ്നമേയുള്ളൂവെന്നാണ് തുടക്കത്തിൽ കരുതിയത്. എന്നാൽ, ആളിപ്പടർന്ന സാംക്രമിക രോഗം എനിയ്ക്കു തന്നത് അശാന്തിയുടെ ദിനരാത്രങ്ങളാണ്. വായിക്കുവാനും എഴുതുവാനുമുള്ള എന്റെ മനോനില കോവിഡ് തട്ടിയെടുത്തു.

**പൊന്മുട്ടയിടുന്ന താറാവ് എന്റെ മാസ്റ്റർപീസാണെന്നു വിലയിരുത്തുന്നവരുണ്ട്. വിശാലമായ കേൻവാസിൽ വേറെ പടങ്ങളും ചെയ്തിട്ടുണ്ടെങ്കിലും, താറാവ്, പ്രേക്ഷകരെപ്പോലെ എനിക്കും വേറിട്ടൊരു അനുഭവമായിരുന്നു. പൊന്മുട്ടയിടുന്ന തട്ടാൻ എന്നായിരുന്നു വാസ്തവത്തിൽ അതിന്റെ പേര്. തട്ടാനും സ്വർണ്ണവും തമ്മിലുള്ള ഇടതൂർന്ന ബന്ധം!**



### മമ്മൂട്ടിപ്പടം നഷ്ടമായി

2020-ലെ ഓണം റിലീസ് നഷ്ടമായത് മറക്കാനാവാത്തൊരു അപചയമാണ്. മമ്മൂട്ടിയെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ടുള്ള തിരക്കഥ നിരവധി ചർച്ചകൾക്കും, മിനുക്കു പണികൾക്കുമൊടുവിൽ അന്ത്യരൂപം കൊണ്ടു. ഞാൻ അവസാനം സംവിധാനം ചെയ്ത മമ്മൂട്ടിയുടെ പടം 'ഒരാൾ മാത്രം' ആയിരുന്നു. ഇരുപത്തിമൂന്നു വർഷങ്ങൾക്കു മുന്നെ. അതുകൊണ്ടാണ് 2020-ലെ ഓണം റിലീസിന് മമ്മൂട്ടി വേണമെന്ന് ആഗ്രഹിച്ചത്. ജനുവരിയിൽ തന്നെ മുന്നൊരുക്കങ്ങൾ തുടങ്ങിയിരുന്നു. ഏപ്രിൽ 10-ന് ഷൂട്ട് തുടങ്ങാനായിരുന്നു ഉദ്ദേശ്യം. ഏപ്രിൽ-മേയ് ആണല്ലോ സിനിമയുടെ കൊയ്ത്തുകാലം. ഷൂട്ട് അൽപം വൈകിയാൽ പോലും, യുദ്ധകാലാടിസ്ഥാനത്തിൽ രാവും പകലും പണിയെടുത്താൽ, പടം ഓണത്തിന് തിയേറ്ററുകളിൽ എത്തിക്കാമെന്നും കണക്കുകൂട്ടി. കൊറോണക്കാലം അന്ന് ലോക്ക്ഡൗണിൽ



എത്തിയിട്ടില്ലായിരുന്നു. എങ്ങനെയെങ്കിലും ഷൂട്ടുമായി മുമ്പോട്ടു പോകാമെന്നുതന്നെയാണ് അവസാനം വരെ കരുതിയത്. പക്ഷെ, കോവിഡ് വ്യാപനം കുതിച്ചുയർന്നു. എല്ലാ സ്വപ്നങ്ങളും തകർന്ന് തരിപ്പണമായി. ആ സ്ക്രിപ്റ്റ് ഇപ്പോൾ ഉപയോഗിക്കാൻ കഴിയില്ല. അതാണ് ഏറ്റവും വലിയ ഖേദം. സമയത്തിനും കഥാപാത്രത്തിനും പ്രസക്തിയുള്ള കഥയായിരുന്നു അത്. മഹാമാരിയുടെ നീരാളിപ്പിടുത്തത്തിൽ സകല നഷ്ടങ്ങളും ഏറ്റുവാങ്ങേണ്ടിവന്നു. മമ്മൂട്ടിയെ നായകനാക്കി ഞാൻ മുന്നെ സംവിധാനം ചെയ്തിട്ടുള്ള 'കളിക്കളം', 'അർത്ഥം', 'ഗോളാന്തര വാർത്തകൾ', 'നമ്പർ വൺ സ്നേഹതീരം ബാംഗ്ലൂർ നോർത്ത്', 'കനൽക്കാറ്റ്' മുതലായവയെല്ലാം വലിയ വിജയങ്ങളായിരുന്നു. 'ശ്രീധരന്റെ ഒന്നാം തിരുമുറിവ്' വിജയിക്കാതിരുന്നതിന്റെ കാരണം മമ്മൂട്ടിയല്ല. അദ്ദേഹത്തിന് കോമഡി ചേരില്ലെന്ന നിഗമനത്തിലൊന്നും എത്തിച്ചേരുന്നത് ശരിയല്ല. ഞാനും ശ്രീനിവാസനും ആ പരാജയം ഏറ്റെടുക്കുന്നു. എന്റെ കഥയും ശ്രീനിയുടെ തിരക്കഥയുമാണ് 'ശ്രീധരന്റെ ഒന്നാം തിരുമുറിവ്'.

### കൊറോണ പഠിപ്പിച്ച പാഠങ്ങൾ

എല്ലാ രാജ്യങ്ങളിലെയും എല്ലാ തട്ടിൽ പെട്ടവരെയും ഏറ്റക്കുറച്ചിലില്ലാതെ രോഗഗ്രസ്തരാക്കിയ കൊറോണ വൈറസ് നമ്മെ പഠിപ്പിച്ച ആദ്യത്തെ പാഠം എല്ലാവരും തുല്യരെന്നാണ്. ഉള്ളവനെയും ഇല്ലാത്തവനെയും കോവിഡ്-19 ഒരു പോലെ പിടികൂടി. അഹങ്കരിക്കാനായി ഒന്നുമില്ലെന്നു തെളിയിച്ചു. ഒരു നിമിഷം മതി എല്ലാം തലകീഴായ് മറിയാൻ. പണമെത്ര ഉണ്ടായാലും കൊച്ചു കാര്യങ്ങൾ വരെ നടക്കില്ലെന്നു കൊറോണ നമ്മെ ബോദ്ധ്യപ്പെടുത്തി. രണ്ടാമത്തെ പാഠം, പരാശ്രയം കൂടാതെ ജീവിക്കാൻ നമ്മളെ പാകപ്പെടുത്തിയെടുത്തതാണ്. അതിഥി തൊഴിലാളികളെ ആശ്രയിക്കാതെ എങ്ങനെ ജീവിക്കാമെന്ന് കൊറോണക്കാലം നമ്മെ പഠിപ്പിച്ചു. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി, അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയ ജോലിക്കാരെ തിരിച്ചയച്ചതാണ് പരസഹായമില്ലാതെ കഴിഞ്ഞുകൂടാൻ നമ്മെ പ്രേരിപ്പിച്ചത്. സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ മൗലികമായ മാറ്റങ്ങൾക്ക് കൊറോണ കാരണമായി. മഹാമാരിയുടെ പകർന്നാട്ടങ്ങൾ ജീവിതത്തിന്റെ താളം തന്നെ തെറ്റിച്ചു കളഞ്ഞു. ഇനി നാം കാണാൻ പോകുന്ന ലോകം ഇത് വരെ നാം കണ്ടതിൽ നിന്ന് വിഭിന്നമായിരിയ്ക്കും.

### 'ഞാൻ പ്രകാശൻ' ആശ്വാസം

കോവിഡിനു മുന്നെ ചെയ്ത 'ഞാൻ പ്രകാശൻ' 2018 ഡിസംബർ അവസാനമാണ് റിലീസ് ചെയ്തത്. എന്റെ അമ്പത്തിയെട്ടാമത്തെ പടം. ശ്രീനിവാസന്റെ രചന

ജനപ്രിയമാണെന്ന് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടു. ഏതിലും തൽക്ഷണം നേട്ടം കാംക്ഷിക്കുന്ന പുതിയ തലമുറയെ പ്രതിനിധീകരിച്ചു പ്രകാശന്റെ വേഷമിട്ട ഫഹദ് ഫാസിലിനെ ജനം ഹർഷാരവത്തോടെ സ്വീകരിച്ചു. 2013-ലെ 'ഒരു ഇന്ത്യൻ പ്രണയകഥ'യ്ക്കു ശേഷം, ഫഹദിനെ വീണ്ടും നായകനാക്കുകയായിരുന്നു. ബോക്സ് ഓഫീസിൽ വലിയ വിജയം തന്നെയായിരുന്നു 'ഞാൻ പ്രകാശൻ'. നൂറു ദിവസം പിന്നിട്ടതിനെ തുടർന്ന് ആഘോഷ പരിപാടികളും നടത്താൻ കഴിഞ്ഞു. കൂടാതെ, ഈ പടത്തിന്റെ തിരക്കഥ പുസ്തകമാക്കി പ്രസിദ്ധീകരിച്ചു. കാലൻ കൊറോണ ഇങ്ങെത്തും മുന്നെ ഇതെല്ലാം സാധിച്ചല്ലോയെന്ന് ഓർക്കുമ്പോൾ വലിയ ആശ്വാസം തോന്നുന്നു. പുതിയ പടം ചെയ്ത് തിയേറ്റർ -റിലീസ് എന്നു നടത്തുവാൻ കഴിയുമെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ലാതെ കഴിച്ചുകൂട്ടിയ മഹാമാരി ക്കാലത്ത്, ഒടുവിൽ സംവിധാനം ചെയ്തു വിജയമായി ത്തീർന്ന 'ഞാൻ പ്രകാശ'ന് പ്രാധാന്യം വളരെ വർദ്ധിച്ചു.

### ഒ.ടി.ടി പ്ലേറ്റുഫോം പകരമാവില്ല

കോവിഡിൽ നിന്ന് മുക്തി നേടി, തീയേറ്ററുകൾ ഉടനെ തുറക്കാൻ സാധ്യതയില്ലെന്ന ആശങ്കയിൽ സിനിമാ റിലീസും പ്രദർശനവും ഒ.ടി.ടി പ്ലേറ്റുഫോമിലേക്ക് (O.T.T: 'Over-The-Top' media service) മാറുന്നതിനെക്കുറിച്ച് ചർച്ചകൾ സജീവമായിരുന്നു. ഏതെങ്കിലുമൊരു പ്ലേറ്റുഫോമിന്റെ വരിക്കാരായി, വീട്ടിലിരുന്നു ഇന്റർനെറ്റുവഴി പുതിയ സിനിമകൾ കാണാനുള്ള സൗകര്യമാണിത്. പക്ഷെ, ഒ.ടി.ടി-യ്ക്ക് ഒരുപാട് പരിമിതികളും പ്രതിബന്ധങ്ങളുമുണ്ട്.

പോസ്റ്റർ ഡിസൈൻ മുതൽ ചിത്രീകരണ രീതി വരെ സ്വകാര്യ പ്ലേറ്റുഫോം ഉടമസ്ഥരുടെ നിയന്ത്രണത്തിലാകും നടക്കുക. ആർട്ടിസ്റ്റ് വാല്യൂ, ബിഗ് ബജറ്റ്-സ്മാൾ ബജറ്റ് മുതലായ കാര്യങ്ങളൊക്കെ അവർക്ക് സ്വീകാര്യമാണെങ്കിൽ മാത്രമേ അവർ പടം എടുക്കുകയുള്ളൂ. ഒ.ടി. ടി-യിൽ പ്രതിഭാശാലികളായ പുതുമുഖങ്ങളെ അഭിനയിപ്പിക്കുന്നതിനുവരെ കടമ്പകൾ കടക്കേണ്ടിവരും. തീയേറ്ററിലാണ് റിലീസ് ചെയ്യുന്നതെങ്കിൽ ആരെയും ഒന്നും ബോധിപ്പിക്കേണ്ടതില്ല. ചലച്ചിത്രനിർമ്മാണവും പ്രദർശനവും ഒ.ടി.ടി പ്ലേറ്റുഫോമിൽ തളച്ചിടേണ്ട ഒരു കലയല്ല. അൽപം വൈകിയാലും ഈ ആപൽഘട്ടം അതിജീവിച്ച് മലയാള സിനിമ ശക്തമായ തിരിച്ചുവരവ് നടത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ സൂചനകളാണ് ഇപ്പോൾ കണ്ടുവരുന്നത്.

### 'താറാവ്' മാസ്റ്റർപീസ് -- വീണ്ടും ചെയ്യും!



'പൊന്മുട്ടയിടുന്ന താറാവ്' എന്റെ മാസ്റ്റർപീസാണെന്നു വിലയിരുത്തുന്നവരുണ്ട്. വിശാലമായ കേൻവാസിൽ വേറെ പടങ്ങളും ചെയ്തിട്ടുണ്ടെങ്കിലും, 'താറാവ്', പ്രേക്ഷകരെപ്പോലെ എനിക്കും വേറിട്ടൊരു അനുഭവമായിരുന്നു. 'പൊന്മുട്ടയിടുന്ന തട്ടാൻ' എന്നായിരുന്നു വാസ്തവത്തിൽ അതിന്റെ പേര്. തട്ടാനും സ്വർണ്ണവും തമ്മിലുള്ള ഇടതൂർന്ന ബന്ധം! തട്ടാൻ തനിയ്ക്കു പ്രിയം തോന്നുന്നവൾക്ക് ഇത്തിരി വല്ല്യേ ഒരു പണ്ടം ഉണ്ടാക്കിക്കൊടുക്കുന്നതും നാട്ടുനടപ്പ്. വിവാദങ്ങളൊഴിവാക്കാനാണ്, പേര് പിന്നീട് 'പൊന്മുട്ടയിടുന്ന താറാവ്' എന്നാക്കി മാറ്റിയത്. തട്ടാൻ ഭാസ്കരനും, സ്നേഹലതയും, വെളിച്ചപ്പാടും, 'പശുപോയ' പാപ്പിയും മുതൽ, അതിഥി വേഷം ചെയ്ത ഹാജിയാരുടെ ബീവിവരെയുള്ള എല്ലാ കഥാപാത്രങ്ങൾക്കും പ്രേക്ഷകർക്കൊരു സന്ദേശം കൊടുക്കാനുണ്ടായിരുന്നു. ഇതിന്റെ ക്രെഡിറ്റ് രഘുവിനാണ് (തിരക്കഥാകൃത്ത്, രഘുനാഥ് പലേരി). രഘുവിന്റെ മനോഹരമായൊരു ഭാവനയായിരുന്നു ഈ കഥ. രഘുവും, ഞാനും, ശ്രീനിയും (ശ്രീനിവാസൻ) പലവട്ടം കൂടിയാലോചിച്ചാണ് കഥയ്ക്കും, കഥാരംഗങ്ങൾക്കും അന്തിമ രൂപം നൽകിയത്. പൊതു സമൂഹത്തിലെ സത്യമായ സംഗതികൾ ഹാസ്യാത്മകമായി വരച്ചുകാട്ടുന്ന 'താറാവ്' പോലെയുള്ള വിപുലമായ തിരക്കഥ ഇനിയും ചെയ്യും. സമാനമായ സാമൂഹിക പ്രമേയമുള്ള സിനിമകൾ ഇന്നും ഏറെ പ്രസക്തിയുള്ളവ തന്നെയാണ്. കാലത്തിനനുസരിച്ച് അവതരണ രീതിയിൽ പരിഷ്ക്കാരങ്ങൾ വരുത്തണമെന്നേയുള്ളൂ. മറ്റു കാര്യങ്ങൾ യോജിച്ചു വന്നാൽ 'താറാവ്' പോലെ മറ്റൊന്നിനെക്കുറിച്ച് ആലോചിയ്ക്കും.

> **ഞാൻ സംവിധാനം ചെയ്യുന്നു, ശ്രീനി എഴുതുകയും അഭിനയിക്കുകയും ചെയ്യുന്നു. സാമൂഹികമായി ഞങ്ങളുടെ കുടുംബപശ്ചാത്തലം ഒരുപോലെയാണ്. അതുകൊണ്ട് പലകാര്യങ്ങളിലും ഞങ്ങൾക്ക് ഒരുപോലെ ചിന്തിയ്ക്കാൻ കഴിയുന്നുണ്ട്.**

### ഇഷ്ട സിനിമയുടെ വ്യാകരണം

നന്മനിറഞ്ഞൊരു കുടുംബ ജീവിതത്തിനു യോജിക്കാത്തതായി ഒന്നും പറയില്ല, കാണിക്കില്ല, സൂചിപ്പി

> എഴുപതുകളിലെ തീപ്പൊരി സുകുമാരൻ മുതൽ, മമ്മൂട്ടിയും മകൻ ദുൽഖർ സൽമാനും, ജയറാമും മകൻ കാളിദാസനും വരെയുള്ള നായകന്മാർക്കും, അറുപതുകളിലെ താരം ഷീല മുതൽ ഇന്നിന്റെ നാഡിമിടിപ്പ് അമലാ പോൾ വരെയുള്ള നായികമാർക്കും കേമറയ്ക്കു മുന്നിൽ നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിച്ചു!

ക്കുക പോലുമില്ല. അവസാനം ഒരു സന്ദേശവും വേണം. നമ്മുടെ പരിസരങ്ങളിൽ നിന്നു തന്നെ കണ്ടെത്തിയ സ്വാഭാവികമായ കഥാപാത്രങ്ങളുമാകണം. ഇതൊക്കെയാണ് എന്റെ ഇഷ്ട സിനിമയുടെ ഏകദേശ വ്യാകരണം. ഞാനൊരു ഇടത്തരം കുടുംബത്തിൽ ജനിച്ചുവളർന്ന ആളാണ്. സാധാരണക്കാരന്റെ പ്രശ്നങ്ങളാണ് എനിയ്ക്കു കൂടുതൽ മനസ്സിലാകുന്നത്. എനിയ്ക്ക് ഏറ്റവും നന്നായി ചെയ്യാൻ സാധിക്കുന്നത് എനിയ്ക്കു നേരിട്ടറിയാവുന്ന വിഷയങ്ങളാണ്. വിദേശ നോവലുകളും, അവയുടെ നാടൻ വിവർത്തനങ്ങളും, മലയാളിയ്ക്കു മനസ്സിലാകാത്ത അവയിലെ കഥാപാത്രങ്ങളും എന്റെ കേൻവാസിൽ കാണില്ല. മൊഴിമാറ്റം ചെയ്ത മറ്റു ഇന്ത്യൻ ഭാഷകളിലെ പുസ്തകങ്ങളിലേയ്ക്കും ഞാൻ കേമറ തിരിച്ചിട്ടില്ല. നമ്മുടെ പ്രേക്ഷകർ എന്നിൽ നിന്നു പ്രതീക്ഷിക്കുന്നതും നാടൻ വിഷയങ്ങളാണ്. 'ടി.പി. ബാലഗോപാലൻ എം.എ'-യും, 'സന്മനസ്സുള്ളവർക്കു സമാധാന'വും, 'ഗാന്ധി നഗർ സെക്കൻഡ് സ്ട്രീറ്റും' ആരംഭകാലത്തെ ചില ഉദാഹരണങ്ങളാണ്. 'വരവേൽപ്പ്', 'സന്ദേശം' മുതലായവ നാട്ടിലെ സമകാലിക സംഭവങ്ങളുടെ ആവിഷ്ക്കാരങ്ങളുമായിരുന്നു. ഞാൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത 'കൊച്ചു കൊച്ചു സന്തോഷങ്ങ'ളും 'രസതന്ത്ര'വും അതുപോലെയുള്ള മറ്റു പടങ്ങളും തന്നെയാണ് എൻറെ ചലചിത്ര ഭാഷയുടെയും അതിന്റെ വ്യാകരണത്തിന്റെയും സാക്ഷ്യപത്രങ്ങൾ! 'കൊച്ചു കൊച്ചു സന്തോഷങ്ങൾ'ക്ക് മികച്ച മലയാളം സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചിരുന്നു.

### ? സത്യൻ-ശ്രീനിവാസൻ കൂട്ടുകെട്ട്

ഞാൻ സംവിധാനം ചെയ്യുന്നു, ശ്രീനി എഴുതുകയും അഭിനയിക്കുകയും ചെയ്യുന്നു. സാമൂഹികമായി ഞങ്ങളുടെ കുടുംബപശ്ചാത്തലം ഒരുപോലെയാണ്. അതുകൊണ്ട് പലകാര്യങ്ങളിലും ഞങ്ങൾക്ക് ഒരുപോലെ ചിന്തിയ്ക്കാൻ കഴിയുന്നുണ്ട്. ഞങ്ങളുടെ തിരക്കഥകളിൽ നർമ്മമാണ് പൊതുവായുള്ളത്. പുതിയ പ്രോജക്റ്റുകൾക്കായുള്ള തിരക്കഥകളുടെ കാര്യത്തിലും ഈ സമചിന്തകൾ വളരെ സഹായകരമാണ്. എല്ലാം ഞങ്ങൾ ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നു. 'നാടോടിക്കാറ്റ്', 'പട്ടണപ്രവേശം', 'സന്ദേശം', 'വരവേൽപ്പ്', 'തലയണമന്ത്രം', 'നരേന്ദ്രൻ മകൻ ജയകാന്തൻ വക', 'യാത്രക്കാരുടെ ശ്രദ്ധയ്ക്ക്' മുതലായ പടങ്ങളുടെ വിജയകാരണം ഈ യോജിപ്പാണ്. ചികിത്സയിലായിരുന്ന ശ്രീനി ഇപ്പോൾ സുഖപ്പെട്ടു വരുന്നു.



### ? സംവിധായകൻ എന്ന നിലയിലെ നേട്ടം

എഴുപതുകളിലെ തീപ്പൊരി സുകുമാരൻ മുതൽ, മമ്മൂട്ടിയും മകൻ ദുൽഖർ സൽമാനും, ജയറാമും മകൻ കാളിദാസനും വരെയുള്ള നായകന്മാർക്കും, അറുപതുകളിലെ താരം ഷീല മുതൽ ഇന്നിന്റെ നാഡിമിടിപ്പ് അമലാ പോൾ വരെയുള്ള നായികമാർക്കും കേമറയ്ക്കു മുന്നിൽ നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിച്ചു!

### ? ഇനി ഗാനങ്ങളില്ലേ?

സിനിമാ രംഗത്ത് തുടക്കക്കാരനായിരുന്ന കാലത്താണ് കൂടുതൽ ഗാനങ്ങൾ രചിച്ചിട്ടുള്ളത്. അന്ന് എഴുത്തിന് കൂടുതൽ സമയം കണ്ടെത്താൻ കഴിയുമായിരുന്നു. കാലത്തെ അതിജീവിച്ച് ഇന്നും എല്ലാവരും മൂളുന്ന 'ഒരു നിമിഷം തരൂ, നിന്നിലലിയാൻ...', അല്ലെങ്കിൽ, 'ഓ, മൃദുലേ...' മുതലായ ഗാനങ്ങളൊക്കെ അക്കാലങ്ങളിലാണ് എഴുതപ്പെട്ടത്. പത്തുപതിനെട്ടു സിനിമകൾക്കു വേണ്ടി പാട്ടുകൾ എഴുതിയിട്ടുണ്ടെങ്കിലും, സംവിധാനമാണ് എനിയ്ക്ക് ഏറ്റവും പ്രിയപ്പെട്ടത്. പാട്ടെഴുത്തിൽ ശ്രദ്ധിച്ചിരുന്ന കാലങ്ങളിൽ ഞാൻ തനിയെ പടങ്ങൾ ചെയ്യാൻ തുടങ്ങിയിട്ടില്ല. സ്വതന്ത്രമായി ഞാൻ ചെയ്ത ആദ്യ പടം 'കുറുക്കന്റെ കല്യാണ'മാണ്. ഡോ. ബാലകൃഷ്ണൻ രചിച്ച ഈ ഹാസ്യചിത്രം 1982-ലാണ് ഇറങ്ങിയത്. 'സിന്ദൂര'ത്തിനുവേണ്ടി 'ഒരു നിമിഷം തരൂ, നിന്നിലലിയാൻ...' എഴുതിയത് 1976-ൽ ആയിരുന്നു. എന്റെ തന്നെ പടമായ 'തൂവൽ കൊട്ടാര'ത്തിനു വേണ്ടിയാണ് ഒടുവിൽ ഗാനമെഴുതിയത്. ദാസേട്ടൻ ആലപിച്ച 'തങ്കനൂപുരമോ ഒഴുകും മന്ത്രമധുമൊഴിയോ...' എന്നു തുടങ്ങുന്ന ഗാനം. 1996-ൽ ആയിരുന്നു അത്. ഇനി പാട്ടെഴുതുന്നില്ലെന്നു പറയുന്നില്ല, കൊറോണ പൂർണമായും ഒഴിഞ്ഞ് സർഗശക്തിയുള്ളൊരു ചിന്താമണ്ഡലം ലഭിക്കട്ടെ!

# US PROFILES



**SUNIL THYMATTAM**
PRESIDENT



**RAJU PALLATHU**
SECRETARY



**SHIJO PAULOSE**
TREASURER



**BIJU KIZHAKKEKUTTU**
ADV. BOARD CHAIRMAN



**SUNIL TRISTAR**
ADV. BOARD VICE CHAIR
PRESIDENT ELECT

# മാധ്യമ ശ്രീ, മാറുന്ന മാധ്യമ രംഗം: ഇന്ത്യ പ്രസ് ക്ലബ് സാരഥികൾ മനസ് തുറക്കുന്നു

# മാധ്യമ ശ്രീ, മാറുന്ന മാധ്യമ രംഗം: ഇന്ത്യ പ്രസ് ക്ലബ് സാരഥികൾ മനസ് തുറക്കുന്നു

അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ മുഖശ്രീ ആണ് ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി. എൻ.എ). ഇവിടെയുള്ള മാധ്യമ പ്രവർത്തകർക്ക് ഒത്തുകൂടാനും സൗഹൃദം പുലർത്താനും ഒരു വേദി. അതിനു പുറമെ പ്രൊഫഷണൽ രംഗത്തു കൂടുതൽ മികവ് നേടാനും പ്രസ് ക്ലബ് സഹായ ഹസ്തവുമായി മുന്നിലുണ്ട്.

ഭിന്നതകളോ പടല പിണക്കങ്ങളോ താൻ പോരിമയോ ഇല്ലാതെ മാധ്യമരംഗത്തു മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന

പ്രസ് ക്ലബിന്റെ സിഗ്നേച്ചർ പദ്ധതിയായ മാധ്യമശ്രീ അവാർഡ് ജനുവരി ആറിന് കൊച്ചി ബോൾഗാട്ടി പാലസിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ സമ്മാനിക്കുന്നു. മലയാള മാധ്യമരംഗത്തെ ഏറ്റവും വലിയ അവാർഡായ മാധ്യമശ്രീക്കു പുറമെ പ്രമുഖ പത്രക്കാരെ ആദരിക്കുകയും ചെയ്യുന്നു. രൂപമെടുത്ത നാൾ മുതൽ മുൻനിരയിലെത്തിയ മാധ്യമശ്രീ പുരസ്കാരം ഒന്നര ദശാബ്ദം പിന്നിടുമ്പോഴും അതിന്റെ മേന്മക്ക് ഉടവു തട്ടാതെ നിലകൊള്ളുന്നു.

മാധ്യമ ശ്രീ പുരസ്കാര ചടങ്ങിനുള്ള ഒരുക്കത്തിലാണ് പ്രസിഡന്റ് സുനിൽ തൈമറ്റത്തിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ. ഈ പശ്ചാത്തലത്തിൽ പ്രസ് ക്ലബിനെപ്പറ്റിയും പുരസ്കാരത്തെപ്പറ്റിയും അമേരിക്കയിലെ മാധ്യമരംഗത്തെപ്പറ്റിയും പ്രസിഡന്റ് സുനിൽ തൈമറ്റം, ജനറൽ സെക്രട്ടറി രാജു പള്ളത്ത്, ട്രഷറർ ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർ ബിജു കിഴക്കേക്കുറ്റ്, അഡ്വൈസറി ബോർഡ് വൈസ്-ചെയറും, നിയുക്ത പ്രസിഡന്റുമായ സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) എന്നിവർ മനസ് തുറക്കുന്നു.

## സുനിൽ തൈമറ്റം, പ്രസിഡന്റ്



**രൂപീകൃതമായതുമുതൽ താങ്കൾ പ്രസ് ക്ലബ്ബിൽ സജീവമായിരുന്നോ?**

2006-ൽ ന്യൂയോർക്കിൽ വച്ച് വെറും എട്ടുപേർ ചേർന്നാണ് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) രൂപീകൃതമായത്. രണ്ട് വർഷങ്ങൾക്ക് ശേഷമാണ് വിവിധ ചാപ്റ്ററുകൾ ആരംഭിച്ചത്. നിലവിൽ സംഘടനയ്ക്ക് ഒൻപത് ചാപ്റ്ററുകളിലായി നൂറ്റി ഇരുപതോളം അംഗങ്ങളുണ്ട്. ഫ്ലോറിഡ ചാപ്റ്ററിലൂടെയാണ് ഞാൻ പ്രസ് ക്ലബ്ബിന്റെ ഭാഗമായത്.

**ഇപ്പോൾ താങ്കൾ ഐപിസിഎൻഎയുടെ പ്രസിഡന്റാണല്ലോ, ഭാരവാഹിത്വത്തിന്റെ വിവിധ ഘട്ടങ്ങൾ ഓർത്തെടുക്കാമോ?**

2008 ൽ ഫ്ലോറിഡ ചാപ്റ്ററിന്റെ സെക്രട്ടറിയായാണ് തുടക്കം. പിന്നീട് ചാപ്റ്ററിന്റെ പ്രസിഡന്റായി. രണ്ടുവർഷമാണ് കാലാവധി. പിന്നീട് നാഷണൽ ലെവലിൽ ജോയിന്റ് ട്രഷറർ, ട്രഷറർ, സെക്രട്ടറി എന്നിങ്ങനെ ഘട്ടം ഘട്ടമായാണ് പല ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്തിയത്. 14 വർഷത്തെ പ്രവർത്തനാനുഭവം പ്രസിഡന്റ് പദവി കൈകാര്യം ചെയ്യാൻ വളരെയധികം സഹായകമായിട്ടുണ്ട്.

**നാട്ടിൽ വച്ചുതന്നെ മാധ്യമരംഗത്ത് കാലുറപ്പിച്ചിരുന്നോ?**

പാലക്കാട് കേരള കൗമുദിയിൽ നിന്നായിരുന്നു എന്റെ തുടക്കം. അമേരിക്കയിലെത്തിയ ശേഷം 2006 ൽ കേരള ന്യൂസ് എന്നൊരു മാഗസിന് ആരംഭംകുറിച്ചു. 2008 ൽ ഓൺലൈൻ ന്യൂസ് ആരംഭിച്ചു. 2018 ൽ അത് മലയാളി എക്സ്പ്രസ് എന്ന പേരിലേക്ക് മാറ്റി.

**പ്രസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി തോന്നിയ അനുഭവങ്ങൾ?**

കേരളത്തിലുള്ള മാധ്യമപ്രവർത്തകർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകാൻ സാധിച്ചു എന്നതാണ് സംഘടനയുടെ ഭാഗമായ ശേഷം ലഭിച്ച ഏറ്റവും വലിയ സന്തോഷം. ആലപ്പുഴയിൽ പ്രളയം റിപ്പോർട്ട് ചെയ്യാൻ മാതൃഭൂമിയിൽ നിന്നുപോയ രണ്ടു മാധ്യമപ്രവർത്തകർ ബോട്ടപകടത്തിൽ മരണപ്പെട്ടപ്പോൾ അവരുടെ കുടുംബത്തിന് സഹായ ഹസ്തം നീട്ടാൻ പ്രസ് ക്ലബിന് സാധിച്ചു. തിരുവനന്തപുരത്ത് കൊല്ലപ്പെട്ട കെ.എം ബഷീറിന്റെ കുടുംബത്തെയും സഹായിച്ചു.

കേരളത്തിലെ മാധ്യമപ്രവർത്തകരുടെ സാമ്പത്തിക സ്ഥിതി നമുക്ക് ഊഹിക്കാം. അപകടം മൂലമോ അസുഖം ബാധിച്ചോ അവർക്ക് ജോലിയിൽ തുടരാൻ സാധിക്കാതെ വരുന്നവർക്ക് സഹായം എത്തിക്കാൻ സംഘടന സദാ സന്നദ്ധമാണ്. അമേരിക്കയിൽ മുഴുവൻ സമയ മാധ്യമപ്രവർത്തനം നടത്തുന്നവർ കുറവായതുകൊണ്ടുതന്നെ, സാമ്പത്തികമായി മിക്കവാറും എല്ലാവരും നല്ല നിലയിലാണ്. അമേരിക്കൻ മലയാളി കുടുംബങ്ങൾക്കും പ്രസ് ക്ലബ് മുഖാന്തിരം ഒട്ടേറെ സഹായങ്ങൾ ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലാകാലങ്ങളായി പ്രസ് ക്ലബ്ബിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും പിന്തുണ നല്കുന്നതുമായ നിരവധി വ്യക്തികളും സംഘടനകളുമുണ്ട്.

**സമൂഹമാധ്യമങ്ങൾ ശക്തിപ്രാപിക്കുന്നത് അമേരിക്കയിലെ പ്രാദേശിക പത്രമാധ്യമങ്ങളുടെ പ്രസക്തി കുറച്ചിട്ടുണ്ടോ?**

സോഷ്യൽ മീഡിയ എത്ര ശക്തിപ്രാപിച്ചാലും, മാധ്യമങ്ങളുടെ പ്രസക്തി ഒരിക്കലും ഇല്ലാതാകുന്നില്ല. മരണവാർത്തകളായാലും ഔദ്യോഗിക രംഗത്തെ മുന്നേറ്റങ്ങളായാലും മറ്റ് അമേരിക്കൻ മലയാളികളുമായി പങ്കുവയ്ക്കുന്നതിന് ഇവിടുത്തെ മലയാളം മാധ്യമങ്ങളെ ആശ്രയിച്ചേ തീരൂ.

ഓൺലൈൻ പത്രങ്ങൾ കോവിഡ് പോലെയുള്ള സാഹചര്യങ്ങളിലും ജനങ്ങളെ വിവരങ്ങൾ അറിയിക്കാൻ കാണിച്ച ആർജ്ജവം വിസ്മരിക്കാനാവില്ല. അമേരിക്കപോലെ വിസ്തൃതിയുള്ളൊരു രാജ്യത്ത്, എല്ലാ സംസ്ഥാനങ്ങളിലെ ആളുകളിലേക്കും ഒരു വാർത്ത എത്തിക്കാൻ പ്രചാരമുള്ള മാധ്യമങ്ങൾക്ക് മാത്രമേ കഴിയൂ. സമൂഹമാധ്യമങ്ങൾക്ക് അവിടെ പരിമിതിയുണ്ട്. ഉദാഹരണത്തിന് ഒരു സംഘടനയുടെ വാർത്ത ഫേസ്ബുക്കിൽ പങ്കുവച്ചാൽ, അവരുടെ ഫോളോവർസ് മാത്രമേ അത് കാണൂ. കൂടുതൽ പേരിലേക്ക് എത്തിക്കാൻ മാധ്യമങ്ങൾ തന്നെ വേണം.

രണ്ടുവർഷം കൂടുമ്പോൾ സംഘടിപ്പിക്കുന്ന പ്രസ് ക്ലബിന്റെ കോൺഫറൻസിൽ കേരളത്തിൽ നിന്നുള്ള മാധ്യപ്രവർത്തകരെയും പങ്കെടുപ്പിക്കാറുണ്ട്. അതിലൂടെ അവരുമായി നല്ലൊരുബന്ധം സ്ഥാപിക്കാൻ അമേരിക്കയിലെ മാധ്യമപ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്. രാഷ്ട്രീയരംഗത്തുള്ള പ്രമുഖർക്കും പ്രസ് ക്ലബ്ബുമായി ഊഷ്മളമായ ബന്ധമാണുള്ളത്.

**മാധ്യമശ്രീ അവാർഡും പ്രസ് ക്ലബ്ബിന്റെ പൊൻതൂവലുകളിൽ ഒന്നാണല്ലോ?**

2010 ലാണ് മാധ്യമശ്രീ അവാർഡ് ആരംഭിച്ചത്. ഇനി നടക്കാനിരിക്കുന്നത് ഏഴാമത്തെ പുരസ്കാര വിതരണമാണ്. എറണാകുളം ബോൾഗാട്ടി പാലസിൽ വച്ച് നടക്കാനിരിക്കുന്ന ആ ചടങ്ങിന്റെ ഒരുക്കങ്ങളിലാണ് ഞങ്ങളിപ്പോൾ. മുതിർന്ന മാധ്യമപ്രവർത്തകരെയും വേദിയിൽ വച്ച് ആദരിക്കും. ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) നൽകുന്ന അവാർഡ് തുക കേരളത്തിലെ മാധ്യമപ്രവർത്തകർക്ക് സർക്കാർ തലത്തിലും അല്ലാതെയും ലഭിക്കുന്ന പുരസ്കാരങ്ങളെ അപേക്ഷിച്ച് വളരെക്കൂടുതലാണ്. കഴിഞ്ഞ പതിനഞ്ചാം തീയതിക്കുള്ളിൽ ലഭിച്ച നോമിഷനുകളിൽ നിന്ന് ഏറ്റവും അർഹരായവരെ കണ്ടെത്തുന്നതിന് നിഷ്പക്ഷരും ഈ രംഗത്തെ പ്രഗത്ഭരും

അടങ്ങുന്ന ജൂറിയും സജ്ജമാണ്. എട്ട് കാറ്റഗറിയിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിഭകൾക്ക് പുരസ്കാരം സമ്മാനിക്കുമ്പോൾ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റേയും മാധ്യമരംഗത്തെയും സാമൂഹികരംഗത്തെയും പ്രമുഖരുടെയും സാന്നിദ്ധ്യം സദസ്സിന് മിഴിവേകും.

**പ്രസ് ക്ലബ്ബിൽ അംഗത്വം നേടാനുള്ള മാനദണ്ഡം?**

മാധ്യമപ്രവർത്തകർ അവർ പ്രവർത്തിക്കുന്ന മീഡിയയിൽ നിന്നുള്ള ലെറ്ററുമായാണ് അംഗത്വത്തിന് അപേക്ഷ നൽകുന്നത്. പ്രാഥമിക അംഗത്വം ലഭിച്ചാലും പിന്നീടുള്ള രണ്ടുവർഷങ്ങളിലെ അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ പൂർണമായ അംഗത്വം നൽകൂ.

**ഉപദേശകസമിതിയുടെ പങ്ക്?**

പ്രസ് ക്ലബ്ബിന്റെ കെട്ടുറപ്പെന്നു പറയുന്നത് അതിന്റെ അഡ്വൈസറി ബോർഡാണ്. സംഘടനയെ സംബന്ധിച്ച എല്ലാ വിഷയങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും ശരിയായ രീതിയിൽ മുന്നോട്ടു നയിക്കുന്നതും ഉപദേശക സമിതി അംഗങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. മുൻ കാലങ്ങളിലെ പ്രസിഡന്റുമാർ അഡ്വൈസറി ബോർഡിലുണ്ട്. സംഘടനയിൽ പ്രവർത്തിച്ചുതന്നെ തഴക്കവും പഴക്കവുമുള്ളവരാണ് അവർ. ബിജു കിഴക്കേക്കുറ്റാണ് നിലവിലെ അഡ്വൈസറി ബോർഡ് ചെയർമാൻ.

സംഘടനയിൽ പ്രവർത്തിച്ചുവന്നവർക്ക് മാത്രമേ ഭാരവാഹിത്വം ഏറ്റെടുക്കാൻ സാധിക്കൂ എന്നതും പോസിറ്റീവായ ഒരുവശമാണ്.

**പ്രസ് ക്ലബ്ബിന്റെ ഭാവിപരിപാടികൾ?**

2023 ൽ മയാമിയിൽ വച്ച് ഇന്റർനാഷണൽ മീഡിയ കോൺഫറൻസ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എക്സ്ക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ പിന്തുണകൊണ്ട് അതിന്റെ പ്രവർത്തനങ്ങളും മികച്ചരീതിയിൽ മുന്നോട്ടു പോകുന്നു.

ഓരോ കോൺഫറൻസ് കഴിയുമ്പോഴും, സംഘടന വിപുലീകരിക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കോവിഡ് പ്രതിസന്ധിക്കിടയിലും ഷിക്കാഗോ കൺവൻഷൻ വൻവിജയമായത്, പ്രസ് ക്ലബ്ബിന് കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള കരുത്ത് പകർന്നിട്ടുണ്ട്. ദേശീയ സംഘടനകൾ പോലെ തന്നെ, പ്രസ് ക്ലബ്ബിന്റെ അഡ്വൈസറി ബോർഡിനും ഏത് സ്റ്റേറ്റിലും ഏത് വിഷയത്തിലും ഒരു മീഡിയേറ്ററുടെ റോളിൽ ഇടപെടാനാകുന്നുണ്ട്. കോൺസുലേറ്റിലും എംബസ്സിയിലെ ഇടപെട്ട് പല പ്രശ്നങ്ങളും പരിഹരിക്കാനായിട്ടുണ്ട്. വരുംകാലങ്ങളിൽ, ഇത് കൂടുതൽ ആളുകൾക്ക് പ്രയോജനപ്രദമാകും. മലയാളഭാഷ എഴുതാൻപോലും മടിക്കുന്ന പുതുതലമുറയെ പ്രസ് ക്ലബ്ബിലേക്ക് കൊണ്ടുവരാനും ആലോചനയുണ്ട്.

**മലയാള ഭാഷ ആവശ്യം വരാത്ത അമേരിക്കൻ ജീവിതത്തിനിടെ പുതുതലമുറ മാതൃഭാഷയിൽ നിന്ന് അകന്നുപോകുന്നതിൽ തെറ്റുപറയാനാകുമോ?**

2022 ൽ ഹൂസ്റ്റണിൽ വച്ചായിരുന്നു പ്രസ് ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം. കേരള സ്പീക്കറായിരുന്ന എം.ബി.രാജേഷായിരുന്നു ഉദ്ഘാടകൻ. അദ്ദേഹത്തോടൊപ്പം ടെക്സസ് യൂണിവേഴ്സിറ്റി സന്ദർശിച്ചിരുന്നു. അവിടെ ഏഷ്യൻ സ്റ്റഡീസ് എന്ന ഡിപ്പാർട്മെന്റിന്റെ മേധാവിയെ പരിചയപ്പെട്ടു. ഡോൺ ഡേവിസ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. കേരളത്തിൽ വന്നുതാമസിച്ച് മലയാളം പഠിച്ച് വളരെ സ്ഫുടതയോടെ നമ്മുടെ ഭാഷ കൈകാര്യം ചെയ്യുന്ന അമേരിക്കക്കാരനെക്കണ്ട് അക്ഷരാർത്ഥത്തിൽ അത്ഭുതംതോന്നി. 32 വിദ്യാർത്ഥികളെവച്ച് അവിടെയൊരു മലയാളം വിഭാഗം ആരംഭിക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം. അതുമായി സഹകരിക്കാൻ പ്രസ് ക്ലബ്ബ് സന്നദ്ധത അറിയിച്ചിട്ടുണ്ട്. നോൺ-പ്രോഫിറ്റ് സ്റ്റാറ്റസ് ലഭിക്കാനുള്ള കാത്തിരിപ്പിലാണ്. ഒരു അമേരിക്കക്കാരൻ നമ്മുടെ ഭാഷയെ ഇത്രത്തോളം സ്നേഹിക്കുന്നുവെങ്കിൽ, മാതൃഭാഷയിൽ നിന്ന് അകന്നുപോകുന്ന പുതുതലമുറയെ തിരിച്ചുവിളിക്കാൻ നമുക്ക് ബാധ്യതയില്ലേ? മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ പ്രസ് ക്ലബ്ബിന് സാധ്യമായതൊക്കെ ഇനിയുള്ള കാലത്ത് ചെയ്യും.

## രാജു പള്ളത്ത്, സെക്രട്ടറി



**എങ്ങനെയാണ് താങ്കൾ അമേരിക്കയിൽ എത്തിയത്?**

ജനിച്ചുവളർന്നത് മാവേലിക്കരയിലാണ്. ഡൽഹിയിൽ നിന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പഠിച്ച ശേഷം, സിംഗപ്പൂരിലെ പാനസോണിക്കിൽ ജോലി ലഭിച്ചു. മീഡിയ ഡിവിഷനിലായിരുന്നു പ്രധാനമായും വർക്ക് ചെയ്തിരുന്നത്. അവിടെ നിന്ന് കമ്പനി തന്നെയാണ് എന്നെ അമേരിക്കയിലേക്ക് അയച്ചത്. എന്റെ അങ്കിളായ ഫാ. ജോൺ മാത്യൂസ്, വർഷങ്ങളോളം യു

എസിൽ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായിരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ പിന്തുണകൊണ്ടുകൂടിയാണ് ഇവിടെ തുടർന്നത്. എൺപതുകളിൽ, ഇന്ത്യയിൽ നിന്നെടുത്ത വീഡിയോ അമേരിക്കയിൽ കാണുക ശ്രമകരമായിരുന്നു. അതിനൊരു പരിഹാരമെന്നോണം 'പള്ളത്ത് വീഡിയോസ്' എന്നപേരിൽ ഒരു ഓഡിയോ-വീഡിയോ കൺവെർഷൻ ലാബ് ആരംഭിച്ചു. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഞങ്ങളുടെ സ്ഥാപനത്തെ ആശ്രയിച്ചിരുന്നു. പിന്നീട് 'ജെ ആൻഡ് ജെ' എന്നൊരു ഇമ്പോർട്ട്-എക്സ്പോർട് ബിസിനസ് തുടങ്ങി. ആറു വർഷത്തോളം അത് തുടർന്നു.

**മാധ്യമപ്രവർത്തനത്തിലേക്ക് തിരിയാനുണ്ടായ സാഹചര്യം?**

വീഡിയോ എഡിറ്റിംഗിലൂടെയാണ് മാധ്യമരംഗത്ത് കാലുറപ്പിച്ചത്.

കഴിഞ്ഞ ഇരുപതുവർഷങ്ങളായി ഏഷ്യാനെറ്റിലെ യുഎസ് വീക്ക്‌ലി റൗണ്ടപ്പ് എന്ന പരിപാടിയുടെ പ്രൊഡ്യൂസറും ഡയറക്ടറുമാണ്. 15 വർഷങ്ങളായി ഡിഷ് നെറ്റ്വർക്കിന്റെ റീടെയ്‌ലറായും പ്രവർത്തിച്ചുവരുന്നു.

ഏഷ്യാനെറ്റ് ന്യൂസിൽ അമേരിക്കൻ കാഴ്ചകൾ എന്ന പ്രോഗ്രാം മൂന്നുവർഷം ചെയ്തു. മാധ്യമരംഗത്തേക്ക് എന്നെ തള്ളിവിട്ടത് സുഹൃത്തായ മധു കൊട്ടാരക്കരയാണ്. അദ്ദേഹം ഇപ്പോൾ 24 യുഎസ്എ യുടെ ഹെഡ്ഡാണ്.

**ഈ രംഗത്ത് ഏറ്റവുമധികം കടപ്പാട് ആരോടാണ്?**

യുഎസ് വീക്ക്‌ലി റൗണ്ടപ്പ് എന്ന പരിപാടി തുടങ്ങണമെന്ന് ഏറ്റവുമധികം നിർബന്ധം പിടിച്ചതും അതിനുവേണ്ട സഹായങ്ങൾ ചെയ്തു തന്നതും ഏഷ്യാനെറ്റിന്റെ കെ.മാധവൻ സാറാണ്. നോർത്ത് അമേരിക്കയിൽ നിന്നൊരു മലയാളം പ്രോഗ്രാം എന്ന ആശയം അതുവരെ ആർക്കും തോന്നിയിരുന്നില്ല. അദ്ദേഹത്തോട് അങ്ങേയറ്റം കടപ്പാടുണ്ട്. ഇപ്പോൾ അദ്ദേഹം വാൾട്ട് ഡിസ്നി കമ്പനി ഇന്ത്യയുടെ ഹെഡ്ഡാണ്.

**പ്രസ് ക്ലബ്ബുമായുള്ള ബന്ധം?**

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്ററിലാണ് ഞാൻ അംഗത്വം എടുത്തത്. പിന്നീട് ആ ചാപ്റ്ററിന്റെ പ്രസിഡന്റ് പദവി അലങ്കരിച്ചു. ദേശീയ തലത്തിൽ വൈസ്-പ്രസിഡന്റ് സ്ഥാനത്ത് പ്രവർത്തിച്ച ശേഷമാണ് ഇപ്പോൾ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത്.

**നോർത്ത് അമേരിക്കയിൽ ഇങ്ങനൊരു പ്രസ് ക്ലബ്ബിന്റെ പ്രസക്തി?**

അമേരിക്കയിലെയും കാനഡയിലെയും മാധ്യമപ്രവർത്തകർക്കുവേണ്ടിയാണ് ഈ പ്രസ്ഥാനം നിലകൊള്ളുന്നത്. നോർത്ത് അമേരിക്കയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മലയാളികളുടെ പ്രശ്നങ്ങളും കേരളത്തിൽ നടക്കുന്ന വിഷയങ്ങളും ആളുകളിലേക്ക് എത്തിക്കുന്നത് ഇവിടുത്തെ മാധ്യമങ്ങളാണ്. മലയാളികളെ തമ്മിൽ ചേർത്തുനിർത്താൻ മാധ്യമസമൂഹം വഹിക്കുന്ന പങ്ക് ചെറുതല്ല. ഡൽഹിയിൽ ആയിരുന്നതുകൊണ്ടുതന്നെ മാധ്യമരംഗത്തുള്ള ഒട്ടേറെ നോർത്ത്-ഇന്ത്യൻ സുഹൃത്തുക്കൾ എനിക്കുണ്ട്. അവരുമായുള്ള ബന്ധമാണ് മാധ്യമപ്രവർത്തന രീതികൾ കൂടുതൽ മെച്ചപ്പെടുത്താൻ കാരണമായത്. പ്രഗത്ഭരായ വ്യക്തികളുമായുള്ള ആശയവിനിമയം പുതുതായി പലകാര്യങ്ങളും പഠിക്കാൻ അവസരമൊരുക്കും. സാങ്കേതികവിദ്യകളുടെയും ആശയങ്ങളുടെയും കൈമാറ്റം സാധ്യമാകുന്നതോടൊപ്പം ഏറ്റവും നൂതനമായത് അറിയാനുള്ള സാഹചര്യവും ഇതിലൂടെ ഉണ്ടാകുന്നുണ്ട്. ഓരോ നിമിഷത്തെയും മാറ്റങ്ങൾ മനസ്സിലാക്കി നവീകരണത്തിന് തയ്യാറായാൽ മാത്രമേ ഈ രംഗത്ത് ശോഭിക്കാനാകൂ.

**മാധ്യമരംഗത്തെ മറക്കാൻ പറ്റാത്ത അനുഭവം?**

കോവിഡ് സമയത്ത് നോർത്ത് അമേരിക്കയിൽ നിന്ന് പൂർണമായും വിഷ്വൽ പ്രൊഡക്ഷൻ നിർത്തിവച്ച സമയത്തുപോലും ഏഷ്യാനെറ്റ് യുഎസ് വീക്ക്‌ലി റൗണ്ടപ്പ് ഒരു എപ്പിസോഡ് പോലും മുടങ്ങാതെ സംപ്രേഷണം ചെയ്യാൻ സാധിച്ചു. ഷോയുടെ ചീഫ് പ്രൊഡ്യൂസർ എം.ആർ.രാജൻ സാറും എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സുരേഷ് ബാബു ചെറിയത്തും റിസ്ക് എടുക്കേണ്ടെന്ന് സ്നേഹപൂർവ്വം വിലക്കിയെങ്കിലും ഞാൻ പിന്മാറാൻ കൂട്ടാക്കിയില്ല. വെർചൽ സ്റ്റുഡിയോ എന്ന സാങ്കേതികവിദ്യയുടെ വലിയ സാധ്യതയാണ് അവിടെ പ്രയോജനപ്പെടുത്തിയത്. ഓപ്പറേഷൻ മാനേജർ മാത്യു വർഗീസിന്റെ പിന്തുണയും ഈ അവസരത്തിൽ ഓർക്കുന്നു.

ന്യൂയോർക്കിൽ ഇരുന്നുകൊണ്ട് മറ്റു സ്റ്റേറ്റുകളിലുള്ള അവതാരകൻ, ന്യൂസ് എഡിറ്റർ എന്നിങ്ങനെയുള്ള സഹപ്രവർത്തകരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിയാണ് നാല് സെഗ്മെന്റുകളുള്ള പ്രോഗ്രാം ഞങ്ങൾ സംപ്രേഷണം ചെയ്തത്. ലൈഫ് ആൻഡ് ഹെൽത്ത് എന്നുള്ള സെഗ്മെന്റിൽ ആരോഗ്യരംഗത്ത് കയ്യൊപ്പ് ചാർത്തിയ നിരവധി അമേരിക്കൽ മല

യാളികൾ പങ്കെടുക്കുകയും പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ലൈവായി ഷൂട്ട് ചെയ്തതല്ലെന്ന് പ്രേക്ഷകർക്ക് തോന്നാത്ത രീതിയിലായിരുന്നു അവതരണം. മികച്ച പ്രതികരണം നേടിക്കൊണ്ട് ഇപ്പോഴും ആ സെഗ്മെന്റ് തുടരുന്നുണ്ട്. സംവിധായകരായ വിനയൻ സാറിന്റെയും അഞ്ജലി മേനോന്റെയും നടി ആശാ ശരത്തിന്റെയും അഭിമുഖങ്ങൾ എടുത്തതും ഈ സാങ്കേതികവിദ്യ ഉപയോഗിച്ചാണ്. അമേരിക്കൻ കിച്ചൻ എന്ന സെഗ്മെന്റിനും നല്ല സ്വീകാര്യതയുണ്ട്.

**പ്രസ് ക്ലബ്ബിന് മുൻപും ശേഷവുമുള്ള മാധ്യമലോകത്ത് പ്രവർത്തിച്ചപ്പോൾ അനുഭവപ്പെട്ട വ്യത്യാസങ്ങൾ?**

അമേരിക്കയിലെ മാധ്യമപ്രവർത്തകർക്കിടയിലൊരു സ്നേഹബന്ധം സ്ഥാപിക്കാൻ വേണ്ടി മാത്രമാണ് പ്രസ് ക്ലബ് രൂപീകരിച്ചത്. എന്നാൽ, ഇന്നത് പടർന്നുപന്തലിച്ചു. പ്രസ് ക്ലബ്ബിൽ സജീവമാകുന്നതിന് മുൻപ് നമ്മുടെ പ്രവർത്തനങ്ങൾ ചെറിയൊരു ലോകത്ത് മാത്രമേ അറിയപ്പെട്ടിരുന്നുള്ളു എന്നതാണ് ഞാൻ കാണുന്ന പ്രധാന വ്യത്യാസം. സംഘടനയിൽ വന്നതോടെ കൂടുതൽ പേരിലേക്ക് കാര്യങ്ങൾ എത്തിക്കാൻ ഏതുവിധത്തിലെ പിന്തുണയും നൽകുന്നൊരു സൗഹൃദവലയം ലഭിച്ചു. ആ കൊടുക്കൽ വാങ്ങലുകൾ എപ്പോഴും ഗുണകരമാണ്. ലോകമെമ്പാടുമുള്ള മലയാളി മാധ്യമപ്രവർത്തകരുമായും അത്തരം സഹായ സഹകരണങ്ങൾ ലഭ്യമായത് സംഘടനയിൽ ചേർന്ന ശേഷമാണ്. ഭാഷയോടുള്ള സ്നേഹത്തിന്റെയും പാഷന്റെയും പുറത്താണ് നോർത്ത് അമേരിക്കയിലുള്ളവർ മാധ്യമപ്രവർത്തനവുമായി മുന്നോട്ട് നീങ്ങുന്നത്. മിക്കവരും ബിസിനസ്സിലൂടെയോ സ്ഥിരവരുമാനമുള്ള ജോലിയിലൂടെയോ ഭാവി ജീവിതം സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തിയവരാണ്. കേരളത്തിലെ മാധ്യമപ്രവർത്തകരുടെ സ്ഥിതി അതല്ല. അവരുടെ പ്രശ്നങ്ങൾ അറിയാനും പരിഹരിക്കാനും അവസരം ലഭിച്ചതും പ്രസ് ക്ലബ്ബിന്റെ ഭാഗമായ ശേഷമാണ്. ലോകത്തെവിടെയുള്ള മാധ്യമപ്രവർത്തകരെയും ഒരു കുടുംബത്തിലെ അംഗത്തെപ്പോലെയാണ് ഞങ്ങൾ കാണുന്നത്. അതുകൊണ്ടുതന്നെ കൂട്ടത്തിൽ ഒരാളുടെ വിഷമഘട്ടത്തിൽ ഒപ്പം നിൽക്കേണ്ട ധാർമ്മീകതയുണ്ട്.

**യുവതലമുറയിലെ മാധ്യമപ്രവർത്തകരെ എങ്ങനെ വിലയിരുത്തുന്നു?**

റീന നൈനാൻ എന്ന അമേരിക്കൻ മലയാളിയായ മാധ്യമപ്രവർത്തക എന്റെ ബന്ധുവാണ്. യുവതലമുറയിൽ അതുപോലെ ഭാവിയുടെ വാഗ്ദാനം എന്നുവിശേഷിപ്പിക്കാവുന്ന നിരവധിപേരുണ്ട്. അവർ സംസാരിക്കുന്ന ഭാഷ ഇംഗ്ലീഷാണെങ്കിലും, അവർ പ്രവർത്തിക്കുന്നത് ഇംഗ്ലീഷ് ചാനലിലാണെങ്കിലും, അത് മലയാളിയുടെ നേട്ടമായി തന്നെയാണ് ഞാൻ കാണുന്നത്. പ്രസ് ക്ലബ്ബിലെ ആവശ്യങ്ങൾക്ക് ക്ഷണിച്ചാൽ നിറഞ്ഞ മനസ്സോടെ മെയിൻസ്ട്രീമിൽ ജോലി ചെയ്യുന്ന യുവതലമുറയിലെ മാധ്യമപ്രവർത്തകർ എത്താറുണ്ട്. ആ പിന്തുണ വളരെ പോസിറ്റീവായി കരുതാം.

അവരെ ഉപദേശിക്കുന്നതിനേക്കാൾ, അവരിൽ നിന്നും എന്തൊക്കെ പകർത്താമെന്നാണ് ചിന്തിക്കേണ്ടത്. ഓരോ നിമിഷവും പുതിയ കാര്യങ്ങൾ പഠിച്ചുകൊണ്ടേയിരിക്കണം.

**സാമ്പത്തിക ക്ലേശങ്ങളെ അതിജീവിച്ച് അമേരിക്കയിൽ മാധ്യമപ്രവർത്തനം സാധ്യമാകുന്നത് എങ്ങനെയാണ്?**

എന്റെ കാര്യം പറഞ്ഞാൽ, ഞാനൊരു ഫെഡറൽ എംപ്ലോയി ആണ്. പാഷൻ കൊണ്ടാണ് മാധ്യമപ്രവർത്തനവുമായി മുന്നോട്ടുപോകുന്നത്. എന്റെ പ്രോഗ്രാമിനൊപ്പം പ്രവർത്തിക്കുന്ന അൻപത് പേരും മറ്റ് ജോലികൾ ഉള്ളവരായതുകൊണ്ട് ഇതിൽ നിന്നൊരു ശമ്പളം പ്രതീക്ഷിക്കാതെയാണ് അവർ ജോലി ചെയ്യുന്നത്. ഈ രംഗത്തെ അത്രത്തോളം സ്നേഹിക്കുന്നവർ ഒപ്പമുള്ളതുകൊണ്ടാണ് എല്ലാക്ലേശങ്ങളെയും അതിജീവിച്ച് മുന്നോട്ടുപോകുന്നത്. നല്ല മനസ്സുള്ള സ്പോൺസർമാർ പരസ്യം തന്നും പിന്തുണയ്ക്കുന്നുണ്ട്.

**കുടുംബത്തിൽ നിന്നുള്ള പിന്തുണ?**

ആഴ്ചയിൽ നാല്പത് മണിക്കൂറെങ്കിലും പ്രോഗ്രാമുമായി ബന്ധപ്പെട്ട് നീക്കി വയ്ക്കുമ്പോൾ കുടുംബവുമൊത്ത് ചിലവിടേണ്ട സമയമാണ് വെട്ടിച്ചുരുക്കുന്നത്. വീട്ടുകാർ നമ്മളെ മനസ്സിലാക്കി ഒപ്പം നിൽക്കുന്നതുകൊണ്ടാണിത് സാധ്യമാകുന്നത്.

ഭാര്യ ജെസി ജോണിന്റെ പിന്തുണ എടുത്തു പറയണം. ഞങ്ങൾക്ക് മൂന്ന് പെൺമക്കളാണ്. മൂത്തമകൾ ജെൻസി വിവാഹം കഴിഞ്ഞ് മരുമകൻ കെവിനുമൊത്ത് ഷിക്കാഗോയിലാണ്. ബയോമെഡിക്കൽ എഞ്ചിനീയറായതുകൊണ്ട് സാങ്കേതികവിദ്യയെക്കുറിച്ച് അവളുമായി ചർച്ചചെയ്യാറുണ്ട്.

രണ്ടാമത്തെയാൾ ഡോ. പ്രിൻസി, ഇളയയാൾ പ്രീതി (വിദ്യാർത്ഥിനി). പരിപാടിയെക്കുറിച്ചുള്ള കൃത്യമായ അഭിപ്രായങ്ങൾ വീട്ടിൽ നിന്ന് തന്നെ ലഭിക്കാറുണ്ട്.

## ഷിജോ പൗലോസ്, ട്രഷറർ

**കേരളവുമായുള്ള ബന്ധം?**

എറണാകുളം ജില്ലയിൽ കാലടി കൊറ്റമമാണ് സ്വദേശം. അപ്പച്ചൻ പൗലോസ്, അമ്മച്ചി മേരിയും രണ്ട് അനിയന്മാരും അടങ്ങുന്ന കുടുംബത്തിലാണ് വളർന്നത്. അപ്പച്ചൻ ജീവിച്ചിരിപ്പില്ല. നാട്ടിൽ സ്പൈസസ് എക്സ്പോർട്ടിങ് ബിസിനസായിരുന്നു ചെയ്തിരുന്നത്. നഴ്സായ ഭാര്യ ബിൻസിക്ക് അമേരിക്കയിൽ ജോലി ലഭിച്ചതോടെയാണ് ജീവിതം ഇങ്ങോട്ട് പറിച്ചുനട്ടത്.



**മാധ്യമരംഗത്തേക്ക്?**

പത്ത് വർഷമായി മാധ്യമരംഗത്തുണ്ട്. ലിന്റോ എന്ന സുഹൃത്ത് ക്യാമറ വാങ്ങാൻ പറഞ്ഞതാണ് മാധ്യമലോകത്തേക്ക് കടന്നുവരാൻ നിമിത്തമായത്. എംസിഎൻ ആണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന മലയാളം ലോക്കൽ ചാനൽ. അതിലും ശാലോം ടിവിയിലും പ്രവർത്തിച്ചുകൊണ്ട് വിഷ്വൽ മീഡിയയിലെ ആദ്യാക്ഷരങ്ങൾ കുറിച്ചു. ഏഷ്യാനെറ്റിൽ എട്ടുവർഷമായി പ്രവർത്തിച്ചുവരുന്നു. ഏഷ്യാനെറ്റ് യുഎസ് വീക്ക്‌ലി റൗണ്ടപ്പ് കോ-ഓർഡിനേറ്ററായി തുടങ്ങിയതാണ്. ഇപ്പോൾ ഏഷ്യാനെറ്റ് ന്യൂസിൽ അമേരിക്ക ഈ ആഴ്ച എന്ന പരിപാടിയുടെ പ്രൊഡക്ഷൻ കോ-ഓർഡിനേറ്റർ. പ്രേക്ഷകസ്വീകാര്യത മാനിച്ച്, ആ പരിപാടി ഒന്നിലധികം തവണ ടെലികാസ്റ്റ് ചെയ്യുന്നുണ്ട്. സ്ലോട്ട് വാങ്ങിയാണ് അധികം പേരും ഏഷ്യാനെറ്റിൽ പ്രോഗ്രാം ചെയ്യുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി, ചാനൽ സ്വയം നിർമ്മിക്കുന്ന പ്രോഗ്രാമാണ് ഡോ. കൃഷ്ണ കിഷോറിന്റെ നേതൃത്വത്തിൽ ഞങ്ങൾ ചെയ്യുന്നത്. അമേരിക്കയിലുള്ള ഏതൊരു മലയാളിയും നമ്മെ തിരിച്ചറിയുന്നു എന്നതാണ് ഇതിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ സന്തോഷം. ഫേസ്ബുക്കിലെ എന്റെ ഏഴോളം വീഡിയോകൾ വൺ മില്യൺ വ്യൂസ് കടന്നു.

ഷിജോസ് ട്രാവൽ ഡയറി എന്ന യൂട്യൂബ് ചാനലുണ്ട്. നൂറോളം വീഡിയോകൾ അപ്ലോഡ് ചെയ്തുകഴിഞ്ഞു. അമേരിക്കയിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് അറിയപ്പെടാതെ കിടക്കുന്ന വേറിട്ട കാഴ്ചകളും കൗതുകം ജനിപ്പിക്കുന്ന ജീവിതങ്ങളും ക്യാമറയിൽ ഒപ്പിയെടുത്ത് പ്രേക്ഷകസമക്ഷം എത്തിക്കുന്ന ഈ ഉദ്യമത്തിന് മികച്ച സ്വീകാര്യതയുണ്ട്.

ട്വൈലൈറ്റ് മീഡിയ പ്രൊഡക്ഷൻ എന്നൊരു കമ്പനിയും നടത്തുന്നുണ്ട്. സ്റ്റേജ് പ്രോഗ്രാമുകൾ, വിവാഹങ്ങൾ, ഇവന്റുകൾ എന്നിവയുടെ ഫോട്ടോ-വീഡിയോ വർക്കുകളാണ് ഞങ്ങളുടെ കമ്പനി പ്രധാനമായും ചെയ്യുന്നത്. അമേരിക്കയുടെ എല്ലാഭാഗത്തും ബിസിനസ് ഉള്ളതുകൊണ്ടുതന്നെ ധാരാളം യാത്ര ചെയ്യാറുണ്ട്.

എനിക്ക് രണ്ടു പെൺമക്കളാണ്- മരിയാ ഷിജോ,മരീസ ഷിജോ. കുടുംബസമേതം മലയാളികൾക്ക് ആസ്വദിക്കാവുന്ന കണ്ടന്റാണ് എപ്പോഴും കണ്ടെത്തുന്നത്.

**പ്രസ് ക്ലബിൽ എത്ര വർഷമായി ? ട്രഷറർ എന്ന നിലയിലുള്ള ഉത്തരവാദിത്തം?**

പ്രസ് ക്ലബുമായി എനിക്ക് കഴിഞ്ഞ ഏഴ് വർഷത്തെ ബന്ധമാണുള്ളത്.കഴിഞ്ഞ തവണ പ്രസ് ക്ലബിന്റെ ജോയിന്റ് ട്രഷററായിരുന്നു ആ അനുഭവസമ്പത്ത് ട്രഷറർ എന്നനിലയിലും ഏറെ ഗുണംചെയ്യുന്നുണ്ട്. പ്രസ് ക്ലബിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഫണ്ട് കണ്ടെത്തുക എന്നുള്ളതാണ് പ്രധാന ഉത്തരവാദിത്തം. കേരളത്തിലെ ഇത്തവണത്തെ മാധ്യമശ്രീ അവാർഡിന്റെ നടത്തിപ്പിന് പതിനേഴുലക്ഷം രൂപയോളം വേണ്ടിവരും. കോൺഫറൻസ് ആണ് പ്രസ് ക്ലബിന്റെ മറ്റൊരു പ്രധാന പരിപാടി. അതിന് 100,000 ഡോളർ വേണ്ടിവരും. ഇതൊക്കെ കണ്ടെത്താൻ നമ്മളെക്കൊണ്ട് സാധിക്കുമെന്ന വിശ്വാസംകൊണ്ടാണല്ലോ ഇങ്ങനൊരു സ്ഥാനം നൽകുന്നത്?

**അംഗീകാരങ്ങൾ?**

പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അവാർഡ്, ന്യൂജേഴ്സി ബർഗൻ കൗണ്ടിയുടെ പുരസ്കാരം, ഫോമായുടെ അവാർഡ് എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**സംതൃപ്തി തോന്നിയ അനുഭവങ്ങൾ?**

ന്യൂയോർക്കിലും ഹൂസ്റ്റണിലും പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ സന്ദർശനങ്ങൾ റിപ്പോർട്ട് ചെയ്യാൻ സാധിച്ചു. ട്രംപ് ഇലക്ഷൻ വിജയിച്ച സമയത്ത് ലൈവായിട്ട് ടെലികാസ്റ്റ് ചെയ്യുമ്പോൾ അതിലും പ്രധാനപങ്ക് വഹിക്കാൻ സാധിച്ചു. അമേരിക്കൻ മലയാളികൾ ചെയ്യുന്ന നിരവധി വലിയ സംഭവങ്ങൾ ആളുകൾ അറിയാതെ പോകുന്നുണ്ട്. ആയിരത്തിലധികം ഏക്കറിൽ ഓറഞ്ച് കൃഷി ചെയ്ത് വിജയിപ്പിച്ച ഡോ. മാണി സ്കറിയയെക്കുറിച്ചും 12 ഏക്കർ തരിശുഭൂമി ഏറ്റെടുത്ത് വൈവിധ്യമാർന്ന

ഫലവൃക്ഷങ്ങൾ കായ്ചുകിടക്കുന്ന മണ്ണാക്കി മാറ്റിയ മലയാളി വനിതയെപ്പറ്റിയും പ്രേക്ഷക സമക്ഷം എത്തിക്കാൻ കഴിഞ്ഞത് മാധ്യമപ്രവർത്തകനെന്ന നിലയിൽ സംതൃപ്തി നൽകിയ അനുഭവങ്ങളാണ്. ഷിക്കാഗോയിലെ ഉൾഗ്രാമങ്ങളിലെ കർഷകരെക്കുറിച്ചു ചെയ്ത പ്രോഗ്രാമിനും മികച്ച പ്രതികരണമാണ് ലഭിച്ചത്. ന്യൂയോർക്ക് പൊലീസിന്റെയും യുഎന്നിന്റെയും അക്രെഡിറ്റേഷൻ ഉള്ളതുകൊണ്ട്, സിഎൻഎൻ പോലുള്ള ഇവിടത്തെ ചാനലുകൾക്ക് എവിടെയൊക്കെ പ്രവേശിച്ച് ഏതൊക്കെ കാഴ്ചകൾ പകർത്താമോ, അവയൊക്കെ എനിക്കും പകർത്താൻ സാധിക്കും. മലയാളികളിൽ വിരലിലെണ്ണാവുന്നവർക്കേ ആ ഭാഗ്യമുള്ളൂ.

7000 കിലോമീറ്ററുകളോളം തുടർച്ചയായി യാത്രചെയ്ത്, ആ പ്രദേശത്തുനിന്ന് അൻപതോളം സ്റ്റോറികൾ കണ്ടെത്താനായി. മാധ്യമപ്രവർത്തകന്റെ അകക്കണ്ണ് എപ്പോഴും അത്തരം കണ്ടന്റിന് പിറകേ ആയിരിക്കണം. പുതുതലമുറയോടും എനിക്ക് അതാണ് പറയാനുള്ളത്. അടുത്തയാഴ്ച പ്രേക്ഷകരെ പിടിച്ചിരുത്താൻ എന്തുചെയ്യുമെന്ന് ആലോചിച്ചിരിക്കേണ്ടി വരാറില്ല. ചുറ്റുപാടും നോക്കിയാൽ, അവ നമ്മെത്തേടിയെത്തും.

## ബിജു കിഴക്കേക്കുറ്റ്
### അഡ്വൈസറി ബോർഡ് ചെയർമാൻ

**മാധ്യമലോകത്തേക്കുള്ള അരങ്ങേറ്റം?**

1987 ൽ ആണ് അമേരിക്കയിൽ എത്തുന്നത്. മൂന്നു പതിറ്റാണ്ടോളമായി ചിക്കാഗോയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മാസപ്പുലരി മാസികയാണ് മാധ്യമലോകത്തേക്ക് എന്നെ കൈപിടിച്ചുനടത്തിയത്. അമേരിക്കയിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളിൽ ഒന്നാണത്. ബിസിനസ് രംഗത്തെ വിജയങ്ങളോളം തന്നെ അക്ഷരങ്ങളോടുള്ള സ്നേഹവും ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന വ്യക്തിയാണ് ഞാൻ. തൊണ്ണൂറുകളിൽ കഥകളും കവിതകളും വാർത്തകളും ഉൾപ്പെടെ മലയാള മനസ്സുകളുടെ അഭിരുചിക്ക് ഇണങ്ങുന്നൊരു മാസിക രൂപകൽപന ചെയ്യുമ്പോഴും, ആളുകൾക്ക് പ്രയോജനപ്രദമായ പരസ്യങ്ങളുടെ പേരിലാണത് കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. ഇന്ത്യൻ സ്റ്റോറുകളെക്കുറിച്ചും റിയൽ എസ്റ്റേറ്റിനെക്കുറിച്ചും ഇന്ത്യക്കാർ ഇവിടെ നടത്തുന്ന വ്യവസായങ്ങളെയും സംരംഭങ്ങളെയും കുറിച്ചുമുള്ള കൃത്യമായ വിവരങ്ങൾ അറിയാൻ ഞങ്ങളുടെ മാസിക ആളുകൾ തേടിപ്പിടിച്ച് വായിക്കാൻ തുടങ്ങി. അമേരിക്കയിലെ സാധാരണക്കാർക്ക് ഗുണപ്രദമായി തീർന്നു എന്നതാണ് സാമ്പത്തിക നേട്ടങ്ങൾക്കപ്പുറം ഈ രംഗത്തുനിന്ന് ലഭിക്കുന്ന സംതൃപ്തി. പ്രിന്റ് ആയിരുന്ന മാസിക, ഇപ്പോൾ ഓൺലൈനായാണ് പ്രസിദ്ധീകരിക്കുന്നത്.



**മലയാള പ്രസിദ്ധീകരണങ്ങളോട് അമേരിക്കൻ മലയാളികളുടെ മനോഭാവം എങ്ങനെയാണ്?**

ഗ്രോസറി സ്റ്റോറും ഗ്യാസ് സ്റ്റേഷനും ഉൾപ്പെടെയുള്ള ബിസിനസാണ് ഞാൻ ചെയ്യുന്നത്. മാസിക നടത്തുന്നത് വരുമാനം പ്രതീക്ഷിച്ചല്ല. അക്ഷരങ്ങൾ ചേർത്ത് വാക്കുകളും, വാക്കുകൾ ചേർത്ത് വാക്യങ്ങളും, അവ സമന്വയിപ്പിച്ച് വാർത്തകളും ലേഖനങ്ങളും കഥകളും തയ്യാറാക്കുന്നത് നിസാര കാര്യമല്ല. എഴുതാനും ടൈപ്പ് ചെയ്യാനും പ്രൂഫ് നോക്കാനും എന്നിങ്ങനെ പല ഘട്ടങ്ങളിൽ നിരവധിപേരുടെ അധ്വാനവും സമയവും ഇതിനു പിന്നിൽ വേണ്ടിവരുന്നുണ്ട്. അമേരിക്കൻ മലയാളികൾ എല്ലാവരും ഒരുകുടുംബത്തിലെ അംഗമാണെന്ന കാഴ്ചപ്പാടോടെ, ഒരാളുടെ നേട്ടം അവരുടെ ഫോട്ടോ സഹിതം സന്തോഷത്തോടെ നമ്മൾ വാർത്തയായി പ്രസിദ്ധീകരിക്കുമ്പോൾ തിരിച്ച് ഒന്നും പ്രതീക്ഷിക്കുന്നില്ല. എന്നാൽ, അവർ അതൊന്ന് മറിച്ചുനോക്കി നല്ല രണ്ടുവാക്ക് പറയുകയാണെങ്കിൽ അത് വലിയ പ്രോത്സാഹനമാകും. അത്തരമൊരു പിന്തുണയോ നന്ദിവാക്കോ മാത്രമേ ഇവിടുത്തെ മാധ്യമലോകം ആളുകളിൽ നിന്ന് ആഗ്രഹിക്കുന്നുള്ളൂ. അങ്ങനെയുള്ള കുറച്ചുപേരെങ്കിലും ഉള്ളതുകൊണ്ടാണ് മാധ്യമങ്ങൾ നിലനിൽക്കുന്നതും, മനസ്സുമടുക്കാതെ അതിനു വേണ്ടി പ്രവർത്തിക്കുന്നതും.

**പ്രസ് ക്ലബ്ബുമായി ബന്ധപ്പെട്ട് സംതൃപ്തി തോന്നുന്ന ഒരനുഭവം?**

കോവിഡ് മഹാമാരിക്കിടെ നിശ്ചയിച്ചതുപോലെ കൺവൻഷൻ നടക്കുമെന്ന് യാതൊരു ഉറപ്പുമുണ്ടായിരുന്നില്ല. കേരളത്തിൽ നിന്നുള്ള ക്ഷണിക്കപ്പെട്ട അതിഥികൾക്ക് എത്തിച്ചേരാനാകുമോ എന്നതും വലിയൊരു ചോദ്യചിഹ്നമായി മുന്നിൽനിന്നു. കൊറോണമൂലം അടച്ചുപൂട്ടി ഇട്ടിരുന്ന ചെന്നൈയിലെ അമേരിക്കൻ കോൺസുലേറ്റ് വീണ്ടും വിസ കൊടുക്കാൻ തുടങ്ങിയിരുന്നേയുള്ളൂ. ലക്ഷക്കണക്കിന് വിസ

അപേക്ഷകൾ കെട്ടിക്കിടക്കുന്ന ആ സാഹചര്യത്തിൽ ഇന്റർവ്യൂവിന് ആരെ എപ്പോൾ വിളിക്കുമെന്ന് യാതൊരു ധാരണയുമുണ്ടായിരുന്നില്ല. എന്നാൽ, അപേക്ഷ സമർപ്പിച്ച പിറ്റേ ദിവസം തന്നെ കൺവൻഷന് വരാനുള്ള അഞ്ച് മാധ്യമപ്രവർത്തകരേ ഇന്റർവ്യൂവിനു വിളിച്ചു. ചോദ്യമൊന്നും ഇല്ലാതെതന്നെ എല്ലാവർക്കും വിസ അടിച്ചു കൊടുത്തു. പ്രസ് ക്ലബിന്റെ വിശ്വാസ്യതയുടെ തെളിവായാണ് ഞാൻ ഈ അനുഭവത്തെ കാണുന്നത്.

**പ്രസ് ക്ലബ്ബുമായുള്ള ബന്ധം?**

പ്രസ് ക്ലബിന്റെ തുടക്കം മുതൽ ഒപ്പമുള്ള വ്യക്തിയാണ് ഞാൻ. ഷിക്കാഗോ ചാപ്റ്റർ ട്രഷറർ, പ്രസിഡന്റ്, നാഷണൽ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ച ശേഷമാണ് ഇപ്പോൾ അഡ്വൈസറി ബോർഡ് ചെയർമാനായി പ്രവർത്തിക്കുന്നത്.

**ഐപിസിഎൻഎ യുടെ വിജയരഹസ്യം?**

മുൻ പ്രസിഡന്റുമാർ ഈ സംഘടനയിൽ നിന്ന് പടിയിറങ്ങുന്നില്ലെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. അഡ്വൈസറി ബോർഡിൽ ഇരുന്നുകൊണ്ട് തങ്ങളുടെ അനുഭവപരിജ്ഞാനംവച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അതാത് ഭരണസമിതിക്ക് നൽകാറുണ്ട്. ഓരോ തവണ ഭാരവാഹിത്വം ഏറ്റെടുക്കുന്നവരും തങ്ങളേക്കാൾ മികച്ച രീതിയിൽ പ്രസ് ക്ലബ്ബിനെ മുന്നോട്ട് നയിക്കണമെന്നാണ് ഞാനുൾപ്പെടെ ഓരോരുത്തരും ആഗ്രഹിക്കുന്നത്.

അതുതന്നെയാണ് സംഘടനയുടെ വിജയരഹസ്യം. നമ്മൾ ചെയ്തതിനപ്പുറമൊന്നും പിന്നീട് വരുന്നവർ ചെയ്യരുതെന്നോ കൂടുതൽ നല്ല പേര് സ്വന്തമാക്കരുതെന്നോ കരുതുന്നവർ വരുമ്പോഴാണ് സംഘടനകൾ പ്രശ്നത്തിലാകുന്നത്.

**മറ്റു സംഘടനാപ്രവർത്തനങ്ങൾ?**

സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച് നിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കാൻ സാധിച്ചു. കെ.സി.സി.എൻ.എ നാഷണൽ കമ്മിറ്റി അംഗം, കെ.സി.എസ് ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു. ഇല്ലിനോയി മലയാളി അസോസിയേഷൻ സ്ഥാപകാംഗമാണ്. കൂടാതെ, കോൺഗ്രസ് അംഗം ഡാനി ഡേവിസിന്റെ മൾട്ടി എത്നിക്ക് ടാസ്ക് ഫോഴ്സ് അംഗമായും പ്രവർത്തിക്കുന്നുണ്ട്.

# സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ)

## അഡ്വൈസറി ബോർഡ് വൈസ്- ചെയർ, നിയുക്ത പ്രസിഡന്റ് 2024 - 25



**മാധ്യമരംഗത്തേക്ക് വരാനുള്ള താല്പര്യം?**

കുട്ടിക്കാലം മുതൽക്കെ സംഗീതത്തോടു താല്പര്യം ഉണ്ടായിരുന്നു. 1986 ൽ അമേരിക്കയിൽ വന്ന ശേഷം കുറെ വർഷങ്ങൾ മറ്റു ജോലികൾ ചെയ്തെങ്കിലും ഓഡിയോ വിഷ്വൽ രംഗത്തോടുള്ള അഭിനിവേശം കൂടിക്കൂടി വന്നു. ഒടുവിൽ വീഡിയോ-ടെലിവിഷൻ പരസ്യങ്ങളിലൂടെ ആണ് മാധ്യമ രംഗത്തേക്കുള്ള ചുവടു വയ്പ്. ആദ്യത്തെ ടെലിവിഷൻ വീഡിയോ പരസ്യം സിത്താർ പാലസ് എന്ന ഇന്ത്യൻ റെസ്റ്റോറന്റിന് വേണ്ടി തയ്യാറാക്കി. പിന്നീട് വീഡിയോ പ്രോഗ്രാമുകൾ നിർമ്മിക്കാൻ തുടങ്ങിയത് മാധ്യമ രംഗത്തേക്ക് പൂർണമായും തിരിയാനുള്ള പ്രചോദനമായി. അക്കാലത്തെ ഏറ്റവും ജനശ്രദ്ധ നേടിയെടുത്ത രണ്ടു മണിക്കൂർ നീളുന്ന വീഡിയോ പ്രോഗ്രാം 'റിഥം 2000' അമേരിക്കയിൽ നിന്നുള്ള വീഡിയോ-ടെലിവിഷൻ ചരിത്രത്തിൽ ആദ്യത്തേതെന്നു പറയുന്നതിൽ ഞാൻ സന്തോഷവാനാണ്. അതിനു ശേഷം ഇതേ പേരിൽ തന്നെ 140-ൽ പരം കലാകാരന്മാരെയും കലാകാരികളെയും പങ്കെടുപ്പിച്ചു ന്യൂ യോർക്കിൽ നടത്തിയ ഒരു സ്റ്റേജ് ഷോ വൻ വിജയമായിരുന്നു. 22 വർഷത്തിന് ശേഷം ഇന്നും ആ പ്രോഗ്രാമിന്റെ വീഡിയോ ടേപ്പ് സൂക്ഷിച്ചു വെച്ചിട്ടുണ്ട്.

**ഏഷ്യാനെറ്റിലേക്കുള്ള രംഗപ്രവേശം?**

2003 ഏപ്രിൽ രണ്ടിന് മലയാളത്തിലെ ആദ്യത്തെ സാറ്റലൈറ്റ് ചാനൽ 'ഏഷ്യാനെറ്റ്' നോർത്തമേരിക്കയിൽ ലോഞ്ച് ചെയ്തപ്പോൾ അതിന്റെ അമരക്കാരനായിരുന്ന സുരേഷ് ബാബു ചെറിയത് ന്യൂ യോർക്കിലെത്തി ഞാനുമായി സംസാരിച്ചു. തുടർന്ന് ന്യൂ യോർക്ക്-ന്യൂ ജേഴ്സി-കണക്ടിക്കട്ട് സംസ്ഥാനങ്ങളുടെ ചുമതല എന്നെ ഏൽപ്പിച്ചു. പിന്നീട് പൂർണ സമയം ഏഷ്യാനെറ്റിനോടൊപ്പം നീണ്ട 8 വർഷത്തോളം ഏഷ്യാനെറ്റ് യു.എസ്.എ യുടെ പൂർണ ചുമതലയിൽ പ്രൊഡക്ഷൻ-പ്രോഗ്രാമിങ്-മാർക്കറ്റിംഗ്, കൂടാതെ വിതരണ ശൃംഖലയും സുരേഷ് ബാബുവിനൊപ്പം നിർവഹിച്ചു. ജോ

സ് ഫ്ലോറിഡയും (മാത്യു വർഗീസ്) കൂടാതെ നോർത്തമേരിക്കയിൽ വിവിധ ഭാഗങ്ങളിലുള്ള റീജിയണൽ ഭാരവാഹികളോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചത് മാധ്യമ ജീവിതത്തിലെ ഏറ്റവും സന്തോഷകരവും എന്നാൽ അതോടൊപ്പം സമ്മർദങ്ങൾ നിറഞ്ഞതുമായ കാലമായിരുന്നു. നോർത്തമേരിക്കയിലെ ഏറ്റവും പ്രമുഖ പ്രൊമോട്ടർ താര ആർട്സ് സി.വിജയനും ഏഷ്യാനെറ്റിലേക്കുള്ള വഴി ഒരുക്കാൻ സഹായകമായിരുന്നു.

**അക്കാലത്തെ മറക്കാനാവാത്ത അനുഭവം?**

ഏഷ്യാനെറ്റിനു വേണ്ടി നൂറു കണക്കിന് പ്രോഗ്രാമുകൾ അമേരിക്കയിൽ നിന്ന് എല്ലാ ആഴ്ചയിലും തയാറാക്കിയിരുന്നു. അന്ന് തുടങ്ങിയ 'യു.എസ്. വീക്കിലി റൗണ്ടപ്' ഇപ്പോഴും വിജയകരമായി തുടരുന്നു. ആദ്യ കാലങ്ങളിൽ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് പ്രോഗ്രാമുകൾ നാട്ടിൽ എത്തിക്കാനുള്ള വിഷമതയായിരുന്നു. ന്യൂ ജേഴ്സിയിൽ നിന്ന് ന്യൂയോർക്കിലെ കെന്നഡി എയർപോർട്ടിൽ ടേപ്പുമായി പോയി തിരുവനന്തപുരത്തേക്ക് പോകുന്ന യാത്രക്കാരെ തേടി പിടിച്ചു അവരുടെ പക്കൽ ടേപ്പ് കൊടുത്തയക്കുന്നതായിരുന്നു ഏറ്റവും നൽകിയ വെല്ലുവിളിയും മറക്കാനാവാത്ത അനുഭവവും. നോർത്ത് അമേരിക്കയിലെ ഏഷ്യാനെറ്റ് പ്രേക്ഷകർ പ്രോഗ്രാം കാണാൻ കാത്തിരിക്കുകയാണല്ലോ എന്ന് ചിന്തിക്കുമ്പോൾ ഈ വിഷമങ്ങൾ എല്ലാം മറക്കുമായിരുന്നു. നാല് വർഷത്തോളം ഈ സ്ഥിതി തുടർന്നു. ഇന്റർനെറ്റ് ട്രാൻസ്ഫർ സെർവിസിലൂടെ ഫയൽ അയയ്ക്കാനുള്ള സൗകര്യം വന്നതോടെയാണ് ഈ പ്രയാസങ്ങൾ നീങ്ങിയത്.

**ദൃശ്യമാധ്യമത്തിനൊപ്പം ഓൺലൈൻ മാധ്യമം ഇ-മലയാളിയിലേക്കെങ്ങനെ എത്തി?**

അച്ചടി, ദൃശ്യ മാധ്യമങ്ങൾക്ക് കൂടുതൽ പ്രചാരമുള്ള ഒരു സമയത്തായിരുന്നു ഇ-മലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ് എന്നോട് ഇ-മലയാളിയെ കുറിച്ച് പറഞ്ഞത്. എപ്പോഴും പുതിയതും, നൂതനവുമായ മാധ്യമരംഗത്തെ മുന്നേറ്റങ്ങളും, അതെ പോലെ തന്നെ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള എന്റെ താല്പര്യവുമാണ് എന്നെ ഇ-മലയാളിയുടെ പാർട്ണർ ആകാൻ പ്രേരിപ്പിച്ചത്. ഇ-മലയാളിയിൽ തുടങ്ങി പിന്നീട് ഇന്ത്യലൈഫ് ആൻഡ് ടൈംസ് ഓൺലൈൻ ന്യൂസ് പോർട്ടൽ, മാഗസിൻ, കൂടാതെ ഇന്ത്യലൈഫ് ടിവി വരെ കാര്യങ്ങൾ എത്തിച്ചു.

**അമേരിക്കയിൽ നിന്ന് 24 മണിക്കൂർ പ്രവർത്തിക്കുന്ന മലയാളം ചാനൽ തുടങ്ങിയത് എങ്ങനെ?**

ആദ്യം മലയാളം ഐ.പി.ടി.വി വിതരണ ശൃംഖല വർക്കി എബ്രഹാം, ബേബി ഊരാളിൽ, ജോൺ ടൈറ്റസ്, ജോയ് നേടിയകാലയിൽ എന്നിവരോടൊപ്പം തുടങ്ങിയതിനു ശേഷം പിന്നീട് 2011-ലാണ് മലയാളം ടെലിവിഷൻ യു.എസ്.എ എന്ന പേരിൽ 24 മണിക്കൂർ ചാനൽ തുടങ്ങിയത്. പിന്നീടത് പ്രവാസി ചാനൽ ആയി. ചുരുക്കം പ്രോഗ്രാമുകളിൽ നിന്ന് നിരവധി വർഷത്തെ കഠിന പ്രയത്നത്തിലൂടെ ആണ് ഈ പതിനൊന്നു വർഷവും ചാനൽ മുടങ്ങാതെ വിജയകരമായി പ്രക്ഷേപണം തുടരുന്നത്. പ്രവാസി ചാനലിന്റെ ഗ്ലോബൽ ലോഞ്ച് 2021 ൽ കൊച്ചി ബോൾഗാട്ടി പാലസിൽ വച്ച് ബഹു. മുഖ്യമന്ത്രി പിണറായി വിജയനാണ് നടത്തിയത്. ചാനലിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി 11 വർഷത്തിന് ശേഷം ആദ്യമായി നോർത്തമേരിക്കയിലും കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും പ്രവാസി ചാനലിന്റെ റീജിയണൽ ഡിറക്ടർമാരെ ഔദോഗികമായി പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നു.

**ഇന്ത്യ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക സ്ഥാപക അംഗം, മുൻ ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ്, കഴിഞ്ഞ വർഷത്തെ നാഷണൽ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച താങ്കൾക്ക് പ്രസ് ക്ലബ്ബിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?**

പ്രസ് ക്ലബ് എന്ന ആശയം ഉടലെടുക്കുന്ന ആദ്യദിനം മുതൽ ഒപ്പം നിന്ന വ്യക്തിയെന്ന നിലയിൽ അഭിമാനമുണ്ട്. ദൃശ്യമാധ്യമങ്ങൾക്ക് വേണ്ടിയാണ് പ്രസ് ക്ലബ്ബ് എന്ന ആശയം തുടങ്ങിയത്. പ്രോഗ്രാമുകളുടെ വിഷൽസ് കവർ ചെയ്യാൻ സംഘടനയുടെ പിന്തുണ ആവശ്യമാണെന്ന ചിന്തയാണ് അതിലേക്ക് നയിച്ചത്. പിന്നീട്, എല്ലാ മാധ്യമങ്ങളെയും ഒരുകുടക്കീഴിൽ നിർത്തുന്ന സംഘടനയായത് രൂപാന്തരപ്പെട്ടു. പ്രസ് ക്ലബ്ബിൽ ഏവരും ഉറ്റുനോക്കുന്നത് മാധ്യമശ്രീ, മാധ്യമ രത്ന അവാർഡു ചടങ്ങുകൾ, കോൺഫറൻസ് എന്നിവയാണ്.

മുഖ്യധാര മാധ്യമപ്രവർത്തകരുമായി സംവദിക്കാനുള്ള അവസരമാണ് അതിലൂടെ ലഭിക്കുന്നത്. കഴിഞ്ഞ വർഷം ഞാൻ സെക്രട്ടറിയായിരിക്കെ ഷിക്കാഗോയിൽ വച്ചുനടന്ന കോൺഫറൻസിന് വമ്പൻ സ്വീകാര്യതയാണ് ലഭിച്ചത്. കോവിഡിനെത്തുടർന്ന് നാട്ടിൽ നിന്നുള്ളവർക്ക് എത്തിച്ചേരാനാകുമോ എന്ന ആശങ്ക വകഞ്ഞുമാറ്റിയാണ് ആ സമ്മേളനം വിജയിച്ചത്.

വ്യക്തമായ കാഴ്ചപ്പാടോടെ ഈ സംഘടന

യെ നടത്താനുള്ള പാടവമുള്ളവരാണ് ഇന്നേ വരെ ഇതിന്റെ തലപ്പത്തു വന്നിട്ടുള്ളത്. ഇപ്പോഴത്തെ പ്രസിഡന്റ് സുനിൽ തൈമറ്റം, സെക്രട്ടറി രാജു പള്ളത്ത്, ട്രെഷറർ ഷിജോ പൗലോസ് എന്നിവരും നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും വളരെ നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റും വൈസ് ചെയർ ആയ ഞാനും എല്ലാത്തിനും പ്രസ് ക്ലബ് ഭാരവാഹികൾക്കൊപ്പം ഒന്നിച്ചു പ്രവർത്തിക്കുന്നു.

**2024 –2025 എന്തൊക്കെയാണ് പ്ലാനുകൾ?**

2023 കോൺഫറൻസ് കഴിഞ്ഞാൽ മാത്രമേ അടുത്ത 2 വർഷത്തേക്കുള്ള ഭാവി പരിപാടികൾ എക്സിക്യൂട്ടീവ് കമ്മിറ്റി, അഡ്വൈസറി ബോർഡ് എന്നിവരോടൊലാചിച്ചു തയ്യാറാക്കൂ. എങ്കിലും, മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്താനുള്ള ശ്രമം തീർച്ചയായും നടത്തും എന്ന് ഉറച്ചു പറയുന്നു. അതിന്റെ തുടക്കമായി കഴിഞ്ഞ വർഷം തന്നെ ഏകീകൃതമായുള്ള ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കുകയും അത് വഴി കൂടുതൽ മാധ്യമ പ്രവർത്തകരെ പ്രസ് ക്ലബ്ബിന്റെ സജീവമായ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള ശ്രമങ്ങൾ ഇപ്പോൾ നടക്കുകായും ചെയ്യുന്നു എന്ന് പറയുന്നതിൽ കൃതാർഥത ഉണ്ട്. കേരളത്തിലെ മാധ്യമ പ്രവർത്തകരുമായി കൂടുതൽ ഇടപഴകാനും അറിവ് പ്രദാനം ചെയ്യുന്നതിനായി ഓൺലൈൻ ട്രെയിനിങ് സെഷനുകൾ നടത്താനുള്ള ശ്രമങ്ങളും നടത്തും. അമേരിക്കയിലെ മലയാള മാധ്യമ സ്ഥാപനങ്ങൾ എല്ലാം തന്നെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പരസ്യങ്ങളുടെ അഭാവമാണ്. എന്റെ കാഴ്ചപ്പാടിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മുൻ കയ്യെടുത്തു അമേരിക്കയിലെ മലയാള മാധ്യമ സ്ഥാപനങ്ങളുടെ ഈ പ്രശ്നത്തിൽ ഇടപെടാനുള്ള ശ്രമങ്ങൾ നടത്തേണം. ഇന്നത്തെ സാഹചര്യത്തിൽ നിരവധി ഇന്ത്യക്കാരും പ്രത്യേകിച്ചു മലയാളികളും മുഖ്യധാരാ രാഷ്ട്രീയത്തിലുണ്ട്, അവരുമായി സംഭാഷണങ്ങളിൽ ഏർപ്പെടുവാനും നമ്മുടെ ആശങ്കകൾ അവരെ അറിയിക്കാനും അതോടൊപ്പം തന്നെ വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ഉള്ള ഇന്ത്യക്കാരുമായി സംവദിക്കാനും ശ്രമം നടത്തും.

**മീഡിയ ആപ്പ് യു എ.സ്.എ. എന്ന നൂതന ആശയത്തിന് പിന്നിൽ?**

ഭാവിയുടെ മാധ്യമമാണ് ഓവർ ദ് ടോപ് (ഒ ടി ടി ) പ്ലാറ്റ്ഫോമുകൾ. കോവിഡ് കാലമാണ് നമ്മുടെ ആളുകളെ ഒടിടി-യിലേക്ക് കൂടുതൽ അടുപ്പിച്ചത്. ജനങ്ങളുടെ ആസ്വാദന രീതിയിൽ വിപ്ലവകരമായ മാറ്റമാണ് ഒടിടി കൊണ്ടുവന്നിട്ടുള്ളത്. വീഡിയോ ഓൺ ഡിമാൻഡ് (വിഡിഒ) എന്ന പുത്തൻ ട്രെൻഡിനോട് ഏറ്റവും ചേർന്നുനിൽക്കുന്ന വിധത്തിലാണ് മീഡിയ ആപ്പിന്റെ രൂപകല്പന. മീഡിയ ആപ്പ് യുഎസ്എയുടെ ലോഞ്ചിങ് ഫ്ലോറിഡയിൽ വച്ച് പ്രമുഖ മാധ്യമപ്രവർത്തകനും രാജ്യസഭാ അംഗവുമായ ജോൺ ബ്രിട്ടാസിന്റെ സാന്നിദ്ധ്യത്തിൽ ജോസ് കെ.മാണി എം.പിയാണ് നിർവ്വഹിച്ചത്. ലൈവ് ഇവന്റുകൾ തത്സമയം കാണുന്നതിനും പ്രേക്ഷകരുടെ സമയത്തിനും സൗകര്യത്തിനും അനുയോജ്യമായ രീതിയിൽ ഏത് നേരത്തും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും ആപ്പ് ഒരുപോലെ സഹായകമാകും. മലയാളികൾ അടക്കം അമേരിക്കയിലെ ഇന്ത്യൻ കമ്മ്യൂണിറ്റി നടത്തുന്ന ഇവന്റുകൾ ലൈവ് സ്ട്രീമിങ്ങും വിഡിഒ-യും മീഡിയ ആപ്പ് യുഎസ്എ-യിലൂടെ ആസ്വദിക്കാം. ഇവന്റുകളുടെ ചിത്രങ്ങൾ ഞൊടിയിടയിൽ കാണാനും ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**ശ്രദ്ധേയമായ പുരസ്കാരങ്ങൾ?**

ലോക കേരള സഭയോടനുബന്ധിച്ചു ബഹു. മുഖ്യമന്ത്രി ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരം, നോർത്തമേരിക്കയിലെ ഏറ്റവും പ്രെസ്റ്റീജിയസ് ആയി കരുതുന്ന കേരള സെന്റർ ന്യൂയോർക്കിന്റെ മാധ്യമരംഗത്തെ (ഏഷ്യാനെറ്റ്) മികച്ച പ്രവർത്തനത്തിനുള്ള അവാർഡ്, ന്യൂ യോർക്ക് നാസാ കൗണ്ടി ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരം, ന്യൂ ജേഴ്‌സി ബെർഗെൻ കൗണ്ടി ഏർപ്പെടുത്തിയ എക്സെലൻസ് ഇൻ മീഡിയ അവാർഡ്, നമ്മളെ വിട്ടു പോയ മുൻ ആഭ്യന്തര മന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണനിൽ നിന്നും തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ വച്ച് 'അമേരിക്ക ടുഡേ' എന്ന പ്രോഗ്രാമിന് പ്രത്യേക പുരസ്കാരം, നിരവധി തവണ ഫൊക്കാന, ഫോമാ, വേൾഡ് മലയാളി കൗൺസിൽ എന്നീ ദേശീയ സംഘടനകളുടെ പുരസ്കാരങ്ങൾ എന്നിവ ലഭിച്ചിരുന്നു. കൂടാതെ ചെറുതും വലുതുമായി നിരവധി അംഗീകാരങ്ങൾ തേടി എത്തി. അതിനെല്ലാം നന്ദിയും കടപ്പാടും എല്ലാ പ്രവാസി മലയാളികളോടും അറിയിക്കുന്നു

**കുടുംബം?**

ഭാര്യ ആൻസി വേണി ഈശോ, അമ്മ അച്ചാമ്മ ഈശോ, മക്കൾ ജിതിൻ, ജെലിണ്ട, ജോനാഥൻ എന്നിവരോടൊപ്പം ന്യൂ ജേഴ്‌സി ബെർഗെൻഫീഡിൽ താമസിക്കുന്നു., സഹോദരങ്ങൾ എല്ലാരും അമേരിക്കയിൽ തന്നെ.




- IGI Certified Diamonds • Buyback Guarantee
- Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

NEW JERSEY: **1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916**
CHICAGO: **2652 W DEVON AVENUE, IL 60659, TEL: 773 465 5755**

MALABAR
GOLD & DIAMONDS

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA